IVH47
2576

# ബലിയും വിരുന്നും

By

The New Priests of Trichur

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
ആലുവ—3
1965

# ബലിയും വിരുന്നും

രചയിതാക്കൾ:

ജോർജ്ജ് അക്കര
ജേക്കബ്ബ് ചെറയത്തു്
സിൽവെസ്റ്റർ എഴമല
സെബാസ്റ്റ്യൻ ഇരുമ്പൻ
തോമസ് കീഴൂർ
ചാക്കോ പാറയിൽ
ജോസ് പഴയാററിൽ
ജോസ് തെക്കേത്തല

DHARMARAM COLLEGE LIBRARY BANGALORE-29

ACHARYA PALACKAL JEEVA... LIBRARY 2576

SACRED HEART PROVINCIAL LIBRARY No. 2576

IV-11-97

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
ആലുവ—3
1965

**Nihil obstat:**

FR. MICHAEL ANGEL, O. C. D.,
*Rector, Pontifical Seminary,*
*Alwaye, 3—7—1965.*

**Imprimatur:**

† JOSEPH PAREKATTIL,
*Archbishop of Ernakulam,*
*Ernakulam, 16—7—1965.*

# പ്രസ്താവന

ക്രൂദാശകൾ നമുക്കു വരപ്രസാദം തരുന്നു. ദിവ്യകാരുണ്യം വരപ്രസാദത്തോടൊപ്പം, വരപ്രസാദനാഥനായ ദൈവത്തേയും നമുക്കു പ്രദാനം ചെയ്യുന്നു. ഇക്കാരണത്താൽ, ക്രൂദാശകളിൽവച്ചു പരമോന്നതമായ ക്രൂദാശയാണു ദിവ്യകാരുണ്യം. ഇതരക്രൂദാശകൾ ദിവ്യകാരുണ്യത്തിൽ സംപൂൎത്തി നേടുന്നു. വരപ്രസാദജീവിതത്തിന്റെ ഉറവിടമായി, ആരാധനക്രമത്തിന്റെ കേന്ദ്രമായി ദിവ്യകാരുണ്യം പരിലസിക്കുന്നു. എന്നേക്കും അൎപ്പിതമായ ബലിയും, ദൈവത്തിനു മനുഷ്യവൎഗ്ഗത്തോടുള്ള സ്നേഹത്തിന്റെ അനുസ്യൂതപ്രകാശനമായ ക്രൂദാശയുമാണിതു്. കുരിശിലൎപ്പിക്കപ്പെട്ട ബലിതന്നെ ഇന്നും അൾത്താരയിലാവൎത്തിക്കപ്പെടുന്നു. നമ്മെ സ്നേഹിച്ച ആ ദിവ്യഹൃദയംതന്നെ അൾത്താരയിലേ ദിവ്യക്രൂദാശയിലെഴുന്നെള്ളിയിരിക്കുന്നു.

മനുഷ്യവൎഗ്ഗത്തോടു ദൈവം കാണിച്ച അനന്തസ്നേഹത്തിന്റെ പരമോജ്ജ്വലപ്രകടനമാണു ദിവ്യകാരുണ്യം. ഈ സ്നേഹത്തിനു കൃതജ്ഞതയായി മനുഷ്യഹൃദയങ്ങളിൽനിന്നുള്ള സ്നേഹത്തിന്റെ ഒരു പ്രതിപ്രവാഹം അവിടുന്നഭിലഷിക്കുന്നു. ആരാധനയും പ്രതിഷ്ഠയും നമ്മോടാവശ്യപ്പെടുന്നു.

കേവലം ഭക്തിപരമെന്നതിനെക്കാൾ, തത്വപരവും ചരിത്രപരവുമായ ഒരു വിശകലനമാണിപ്പുസ്തകം.

ഉറച്ച ബോധ്യത്തിൽ നിന്നുവേണം ഭക്തിയുറവെടുക്കാൻ വികാരപരമായ ഭക്തി പെട്ടെന്നാളിപ്പടരുന്നതുപോലെ, പെട്ടെന്നാറിത്തണുക്കുകയും ചെയ്യും. ഞങ്ങളുടെ ഉദ്ദേശ്യം ഈ പുസ്തകംവഴി കുറെയെങ്കിലും സഫലമാകുമെന്നാശിക്കുന്നു.

ഇതിൻെറ രചനയിൽ മാർഗ്ഗദർശനം നല്കിയ റവ. ഡോ. ജെയിംസ് ചാവേലി അവർകൾക്കും, ഇതിൻെറ കൈയ്യെഴുത്തുപ്രതിയിൽ വേണ്ട തിരുത്തലുകൾ ചെയ്തും മററും സഹായിച്ച റവ: ജോർജ്ജ് പാനികുളത്തിനും ഞങ്ങൾ നന്ദിപറയുന്നു.

രചയിതാക്കൾ.

1964 ഡിസംബർ 1–നു്

ബോംബെയിൽ അഖിലലോക

ദിവ്യകാരുണ്യകോൺഗ്രസിൽവച്ചു്,

ഞങ്ങൾ വൈദികാഭിഷിക്തരായതിൻെറ

പാവനസ്മരണയ്ക്കു്

രചയിതാക്കൾ

# ഉള്ളടക്കം


| | | |
|---|---|---|
| I | ദിവ്യകാരുണ്യത്തിലെ ദിവ്യസാന്നിദ്ധ്യം | 1- 40 |
| II | ദിവ്യകാരുണ്യബലി | 41- 66 |
| III | ബലിയിലെ സജീവഭാഗഭാഗിത്വം | 67- 87 |
| IV | ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഫലങ്ങൾ | 88-107 |
| V | കുർബാന—ബലിയും കൂദാശയും | 108-136 |
| VI | വി. കുർബാന കലയിലൂടെ | 137-149 |
| VII | കുർബാന സ്ഥാപനവും വികാസവും | 150-206 |
| VIII | ദിവ്യകാരുണ്യഭക്തിപ്രകടനങ്ങൾ | 207-236 |
| IX | പരിശുദ്ധ കുർബാനയും പുണ്യപരിപൂർണ്ണതയും | 237-255 |
| X | ദിവ്യകാരുണ്യം സാമൂഹ്യജീവിതത്തിൽ | 256-270 |

# I

# ദിവ്യകാരുണ്യത്തിലേ ദിവ്യസാന്നിധ്യം

## "ഇതെങ്ങനെ സംഭവിക്കും"

ദൈവമാതൃസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു എന്ന മംഗളവാർത്ത മാലാഖ വന്നറിയിച്ചപ്പോൾ കന്യകയായ മറിയം ചോദിച്ചു: "ഇതെങ്ങനെ സംഭവിക്കും—ഒരേസമയം കന്യകയും മാതാവുമാവുക?" മാലാഖ പറഞ്ഞു: "ദൈവത്തിനൊന്നും അസാധ്യമല്ല". ഏതാണ്ടിതുപോലെയുള്ള ഒരുത്തരമാണു ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യം ഉണ്ട്—അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ ക്രിസ്തു യഥാർത്ഥമായി ജീവിക്കുന്നു—എന്നു വിശ്വസിക്കുന്നതിനു നമ്മെ ശക്തരാക്കുന്നത്. എന്നുവെച്ചാൽ, ദിവ്യകാരുണ്യത്തെ

സംബന്ധിച്ച എല്ലാത്തിൻേറയും വിശദീകരണം നമുക്കു ലഭിക്കുക, ഇല്ലാത്തതിനെ ഉണ്ടാക്കാനും ഉള്ളതിനെ മറുരൂപപ്പെടുത്തുവാനും കഴിവുള്ള ക്രിസ്തു അവസാനയത്താഴത്തിൽവച്ച് അപ്പത്തെ തൻെറ ശരീരമായും വീഞ്ഞിനെ രക്തമായും മാററിക്കൊണ്ട് അതിനെ സ്ഥാപിക്കുകയും അപ്രകാരം ചെയ്യുവാൻ തൻെറ അനുഗാമികളോടു കല്പിക്കുകയും അവരെ അധികാരപ്പെടുത്തുകയും ചെയ്തു എന്നതിൽനിന്നാണ്(1). ഇതു നാം അറിയുന്നതു ബൈബിളിൽനിന്നും. മാത്യു, മാർക്ക്, ലൂക്ക് എന്നീ സുവിശേഷകന്മാരുംസെൻറ് പോളുംദിവ്യകാരുണ്യസ്ഥാപനത്തെപ്പററി എഴുതിയിട്ടുണ്ട്. ദിവ്യകാരുണ്യം ക്രിസ്തു മുൻകൂട്ടി വാഗ്ദാനംചെയ്തു എന്ന വസ്തുത സെൻറ് ജോണിൻെറ സുവിശേഷത്തിലും നമുക്കു കാണാം. അതുകൊണ്ട് ആ സുവിശേഷഭാഗങ്ങൾ പരിശോധിച്ച് അവിടെ തൻെറ ശരീരത്തെ ഭക്ഷണമായും രക്തത്തെ പാനീയമായും മനുഷ്യർക്കു നല്കുമെന്നു ക്രിസ്തുചെയ്ത വാഗ്ദാനത്തിൻെറ വാസ്തവികത നമുക്കാരായണം. അതുപോലെതന്നെ അവസാനയത്താഴത്തിൽവച്ച തൻെറ ശരീരത്തെ അപ്പത്തിൻെറ സാദൃശ്യത്തിൽ ഭക്ഷണമായും രക്തത്തെ വീഞ്ഞിൻെറ സാദൃശ്യത്തിൽ പാനീയമായും ക്രിസ്തു തൻെറ ശിഷ്യന്മാർക്കു നല്കിയതും നമ്മുടെ പരിശോധനാവിഷയമാകണം. ഒന്നുകൂടി. അവസാനയത്താഴത്തിൽവച്ച് താൻ ചെയ്തുകാണിച്ചതു്

---

(1) Cf. MARIE JOSEPH NICOLAS, O. P., *What is the Eucharist?*, Faith and Fact No. 52 (London, 1960) p. 13.

(അപ്പത്തെ ക്രിസ്തുശരീരമായും വീഞ്ഞിനെ ക്രിസ്തുവി ൻെറ രക്തമായും മാററുക എന്ന പ്രവൃത്തി) ആവർത്തി ക്കാനുള്ള അധികാരം ശിഷ്യന്മാർക്കും അവരുടെ പിൻ ഗാമികൾക്കും അവിടുന്നു നല്കി എന്നതു നമ്മുടെ പഠ നവിഷയമാകണം.

## 1. ദിവ്യകാരുണ്യവാഗ്ദാനം

മലാക്കിയാസ് പ്രവചിച്ച "വിശുദ്ധബലി (clean oblation)"(1) യും മൽക്കിസെദെക്ക് അർപ്പിച്ച നീര ക്തബലി(2)യും ദിവ്യകാരുണ്യത്തിൻെറ പരോക്ഷവാ ഗ്ദാനങ്ങളായാണു കരുതപ്പെടുക. എന്നാൽ, ക്രിസ്തു തന്നെ നേരിട്ടു പ്രത്യക്ഷമായി ചെയ്ത വാഗ്ദാനംമാത്രമാ ണ് ഇവിടെ പഠനവിഷയം.

സെൻറ് ജോൺ എഴുതിയ സുവിശേഷത്തിലെ ആറാമദ്ധ്യായം ഏതാണ്ടു മുഴുവനും ഇതെപ്പററിയാണ്. ക്രിസ്തു അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ തീററിതൃപ്ത രാക്കുകയും വെള്ളത്തിൻെറമീതെ നടക്കുകയും ചെയ്ത് തനിക്കു പ്രകൃതിവസ്തുക്കളിന്മേലും ശക്തികളിന്മേലുമുള്ള അധികാരം പ്രകടമാക്കിയതിൻെറ പിറേറദിവസമാ

---

(1) Mal. 1: 10...
(2) Gen. 14: 18...

ണ്ട് ഈ വാഗ്ദാനം(1). ക്രിസ്തുവിനെ അന്വേഷിച്ച് ഒരു വലിയക്കൂട്ടം ആളുകൾ അന്നും വന്നുകൂടിയിട്ടുണ്ടായിരുന്നു. ക്രിസ്തു അന്ന് അപ്പം വർദ്ധിപ്പിച്ചില്ല. പകരം അവിടുന്നു പറഞ്ഞു: "ഉപയോഗിക്കവേ നശിച്ചുപോകുന്ന ഭക്ഷണത്തിനുവേണ്ടി അദ്ധ്വാനിക്കരുത്. പ്രത്യുത, നിരന്തരം നിത്യജീവൻ നല്കുന്ന ആഹാരത്തിനുവേണ്ടി യത്നിക്കുവിൻ. അതു നല്കുവാൻ മനുഷ്യപുത്രനു കഴിയും"(2). ഈ ആമുഖത്തോടെ നിത്യജീവൻ നല്കുന്ന ആഹാരം മനുഷ്യപുത്രന്റെ ശരീരരക്തങ്ങളാണെന്നും അതാണു താൻ നല്കാൻപോകുന്നതെന്നും ക്രിസ്തു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. മാത്രമല്ല, മനുഷ്യപുത്രന്റെ മാംസരക്തങ്ങളാഹരിക്കാത്തവൻ നിത്യമായി നശിക്കുമെന്ന് അവിടുന്നു താക്കീതു ചെയ്യുകയും ചെയ്തു(3).

സെൻറ് ജോൺ എഴുതിയ സുവിശേഷം ആറാമദ്ധ്യായം 22–71 വാക്യങ്ങളിലായി നീണ്ടുകിടക്കുന്ന പ്രഭാഷണത്തിൽ ക്രിസ്തു തന്റെ ശരീരരക്തങ്ങളെ

---

(1) ദിവ്യകാരുണ്യം പ്രകൃത്യതീതമായ ഒരു ദാനമാകയാൽ അതു നല്കുവാൻ പ്രകൃതിനാഥനേ സാധിക്കൂ. ദിവ്യകാരുണ്യവിശ്വാസത്തിനു നമ്മെ ശക്തരാക്കുന്നതു് ക്രിസ്തു അതു വാഗ്ദാനം ചെയ്തു എന്നതാണതാനും. Cf. ARTHUR PREUSS, *The Sacraments* v. 2. *The Holy Eucharist*, (1948, London,· Herder Book Co.) II.

(2) Jn. 6: 27.

(3) സെൻറ് ജോണിന്റെ സുവിശേഷം ആറാമദ്ധ്യായം 22 മുതൽ 71 വരെയുള്ള വാക്യങ്ങൾ വായിക്കുക.

മനുഷ്യർക്കു ഭക്ഷണമായി വാഗ്ദാനംചെയ്യുന്നു. ഈ പ്രസ്താവത്തെ എല്ലാവരും അംഗീകരിക്കുന്നുണ്ടെന്നു പറയുക വയ്യ. കാരണം, അങ്ങനെ ഒരു നിഗമനത്തിൽ എത്തണമെങ്കിൽ ആ പ്രഭാഷണത്തെ വാച്യാർത്ഥത്തിൽ സ്വീകരിക്കണം. അതിനു് എല്ലാവരും ഒരുക്കമല്ല. പ്രൊട്ടസ്റ്റൻറുകാരുൾപ്പെട്ട ഒരുക്കൂട്ടം ആളുകൾ ആ സുവിശേഷഭാഗം മുഴുവൻ ആലങ്കാരികാർത്ഥത്തിലേ മനസ്സിലാക്കേണ്ടു എന്നു വാദിക്കുന്നു. ജീവൻെറ അപ്പമാണു താനെന്നു ക്രിസ്തു പറഞ്ഞതു രൂപകാർത്ഥത്തിൽ (figuratively) മാത്രമാണത്രേ! തൻെറ ശരീരവും രക്തവും മനുഷ്യർ അനുഭവിക്കണമെന്നു പറഞ്ഞപ്പോൾ ക്രിസ്തു ഉദ്ദേശിച്ചതു തന്നിലുള്ള വിശ്വാസം മാത്രമാണത്രേ(1).

പ്രസ്തുതസുവിശേഷപാഠത്തെ രണ്ടു വ്യത്യസ്ത ഭാഗങ്ങളായി തിരിക്കാം(2). 35 മുതൽ 51 വരെ ഒന്നാം ഭാഗം. 52 മുതൽ 71 വരെ രണ്ടാംഭാഗം. ആദ്യത്തേതിൽ ചർച്ചാവിഷയം ക്രിസ്തുവിലുള്ള വിശ്വാസംമാത്രമാണു്. അവിടെ പറഞ്ഞിട്ടുള്ളവ അക്ഷരാർത്ഥത്തിൽ സ്വീകരിക്കേണ്ടആവശ്യമില്ല. അവതീർണ്ണനായ ദൈവവചനം വിശ്വാസികളുടെ ഭക്ഷണമാണെന്നു് അവിടെ പറയുന്നു. രണ്ടാംഭാഗം മാത്രമാണു ദിവ്യകാരുണ്യത്തെ

---

(1) Cf. ARTHUR PREUSS, op. cit. p. 12-13.

(2) സെൻറ് ജോണിൻെറ ആറാമദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളവ ക്രിസ്തു രണ്ടു വ്യത്യസ്തസമയങ്ങളിലായി പറഞ്ഞിട്ടുള്ളവയാണെന്നു് അനുമാനിക്കുന്നതിനു കാരണങ്ങളുണ്ടു്.

നേരിട്ടു പരാമർശിക്കുന്നതു്. അവിടെ ക്രിസ്തുവിൻെറ ശരീരരക്തങ്ങൾ മനുഷ്യർക്കു ഭക്ഷണമായി വാഗ്ദാനം ചെയ്യുന്നു. ആ വാഗ്ദാനം അക്ഷരശ: സ്വീകരിക്കുകയും വേണം. അതിനു പല ന്യായങ്ങളും അവതരിപ്പിക്കാൻ സാധിക്കും.

ഒന്നു്: ക്രിസ്തുവിൻെറ വാക്കുകകൾക്കു് എന്തെങ്കിലും അത്ഥം (sense) വേണമെങ്കിൽ അവ അതേപടി സ്വീകരിക്കണം. അവിടെ അലങ്കാരത്തിൻെറ പ്രശ്നമേയില്ല. അത്ര വിശദമാണു് അവിടുത്തെ പദപ്രയോഗം. മൂന്നുതരത്തിലുള്ള അപ്പത്തെപ്പററി ക്രിസ്തുനാഥൻ പറയുന്നുണ്ടു്: പണ്ടു മോസസ് കൊടുത്ത മന്നായും(1) ദൈവപിതാവു നല്കുന്ന ജീവൻെറ അപ്പവും(2) ക്രിസ്തുനാഥൻെറ മാംസരക്തങ്ങളും. അതിനാൽ, ക്രിസ്തു നല്കാൻപോകുന്നതു മററുതരത്തിൽനിന്നു വ്യത്യസ്തമായ ഒന്നാണെന്നു സിദ്ധിക്കുന്നു. ആ വ്യത്യാസം ക്രിസ്തുതന്നെ എടുത്തു പറയുന്നു(3). അതും 'ജീവൻെറ അപ്പം'പോലെ വെറും രൂപകം (figure) മാത്രമാണെങ്കിൽ പിന്നെ അതു വീണ്ടുമെടുത്തുപറയേണ്ട ആവശ്യമില്ലല്ലോ(4). മാത്രമല്ല, ക്രിസ്തു ഉപയോഗിക്കുന്ന പദങ്ങൾ അത്ര വിശദങ്ങളാണു്. "തിന്നുക", "കുടിക്കുക", "ഭക്ഷണം", "പാനീയം", "മാംസം", "രക്തം" എന്നൊക്കെ എടുത്തു

---

(1) Jn. 6: 31, 49.
(2) Jn. 6: 33.
(3) Jn. 6: 49-52, 59.
(4) ARTHUR PREUSS, op. cit. 14-15.

പറയുന്ന(1) 54-ഉം 65-ഉം വാക്യങ്ങളിൽ ക്രിസ്തുവിൻെറ മാംസരക്തങ്ങൾ ഭക്ഷിക്കുന്നവർക്ക്—അവർക്കു മാത്രം—നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു. അതായതു്, നിത്യജീവൻ സമ്പാദിക്കുന്നതിനു ക്രിസ്തുവിൻെറ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യണമെന്നു്. നിത്യജീവനെത്തന്നെ നേടിത്തരുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുന്ന ഈ സംഗതി വെറും പ്രസംഗശൈലിയായി കണക്കാക്കുക വിഷമം. ഇസ്രായേൽ ജനം ഭക്ഷിച്ച മന്ന യഥാർത്ഥഭക്ഷണമായിരുന്നല്ലോ. ആ മന്നപോലെ (in its physical nature) തന്നെയുള്ള ഭക്ഷണമാണു് തൻെറ ശരീരരക്തങ്ങൾവഴി നല്കുന്നതെന്നു ക്രിസ്തു പറയുമ്പോൾ അതു യഥാർത്ഥഭക്ഷണം തന്നെയാകണം.

രണ്ടു്: "എൻെറ മാംസം ഭക്ഷിക്കുക", "എൻെറ രക്തം പാനം ചെയ്യുക" എന്നു പറയുമ്പോൾ വാച്യാർത്ഥത്തിലല്ലാതെ എങ്ങനെയാണതു മനസ്സിലാക്കുക. ആ പദപ്രയോഗത്തിനു് അന്നത്തെ കാലത്തു് ഒരു രൂപകാർത്ഥമുണ്ടായിരുന്നതു "മർദ്ദിക്കുക", "വെറുക്കുക" എന്നൊക്കെ മാത്രമാണു്(2). തന്നെ മർദ്ദിക്കുന്നവർക്കും വെറുക്കുന്നവർക്കും — അവർക്കുമാത്രമേ — നിത്യജീവൻ ഉണ്ടാവുകയുള്ളൂ എന്നു ക്രിസ്തു ഉദ്ദേശിച്ചുകാണുകയില്ലല്ലോ!

മൂന്നു്: ഈ സുവിശേഷവാക്യങ്ങളുടെ 'യഥാർത്ഥ

---

(1) Jn. 6: 55-58.

(2) Cf. Ps. 26; Jb. 31: 31...

PALACKAL JEEVASS ... LIBRARY 2576



വ്യാഖ്യാന'(real interpretation) ത്തിന് ഏററവും ശക്തിയായ ന്യായം അന്നത്തെ ശ്രോതാക്കളിൽ അതുളവാക്കിയ പ്രതികരണവും അപ്പോഠം ക്രിസ്തു സ്വീകരിച്ച നിലപാടുമാണ്. ഇവ രണ്ടുമാണ് മററുവിധത്തിലുണ്ടാകാമായിരുന്ന വ്യാഖ്യാനങ്ങളെയെല്ലാം ബഹിഷ്കരിക്കുന്നത്.

മൂന്നുതരത്തിലുള്ള ആളുകളാണു ക്രിസ്തുവിൻെറ ഈ പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്നത്: ക്രിസ്തുവിൻെറ ശത്രുക്കളായ യൂദന്മാർ, അവിടുത്തെ അനുഭാവികഠം, അവിടുത്തെ ശിഷ്യന്മാർ. ഈ മൂന്നു തരക്കാരും ക്രിസ്തുവിൻെറ വാക്കുകളെ വാച്യാൎത്ഥത്തിലാണു മനസ്സിലാക്കിയത്. യൂദന്മാർ പറയുന്നു: "ഈ മനുഷ്യൻ എങ്ങിനെ തൻെറ മാംസം നമുക്കു ഭക്ഷിക്കുവാൻ തരും?" (1) അവർക്കൊരെത്തുംപിടിയും കിട്ടുന്നില്ല. ക്രിസ്തുവിൻെറ വാക്കുകളെ വാച്യാർത്ഥത്തിൽ അവർ മനസ്സിലാക്കി എന്നതിനു തെളിവാണല്ലോ ഈ സംശയം. ഇനി അജ്ഞതകൊണ്ടാണ് അവരങ്ങനെ മനസ്സിലാക്കിയത് എന്നു അനുമാനിക്കുക സാധ്യമല്ല. കാരണം, തൻെറ വാക്കുകഠം തെററിദ്ധരിക്കപ്പെടുന്നു എന്നു കാണുമ്പോഠം തിരുത്താറുള്ള ക്രിസ്തു(2) ഇവിടെ എന്താണു ചെയ്യുന്നത്? അവരുടെ ധാരണ മാററാനല്ല, ആ ധാരണയിൽ അവരെ ഉറപ്പിക്കാനാണു ശ്രമിക്കുന്നത്. അതിനു വേറൊരൎത്ഥമില്ല. അവിടുന്നു ഉറപ്പിച്ചു പറയുന്നു: "സത്യമായി ഞാൻ പറയുന്നു, പുത്രൻെറ മാംസം

(1) Jn. 6: 53. (2) Jn. 3: 3; 4: 32; 7: 39; 8: 57.

ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യില്ലെങ്കിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടാവുകയില്ല''(1). ഒരു പ്രാവശ്യമല്ല, ആറു പ്രാവശ്യമാണു ക്രിസ്തു ഈ പ്രസ്താവം ആവർത്തിക്കുന്നതു്; ക്രിസ്തു അവരുടെ തെററിദ്ധാരണയെ ഗൗനിക്കാതെ വിട്ടതാവാം എന്നു വിചാരിക്കുക വിഷമം. കാരണം, ആ ധാരണ അവരുടെ നിത്യജീവനെ ബാധിക്കുന്നതാണു്(2). മാത്രമല്ല. ക്രിസ്തു വ്യക്തമായി പ്രസ്താവിക്കുന്നു, "എൻെറ മാംസം സാക്ഷാൽ ഭക്ഷ്യവും എൻെറ രക്തം സാക്ഷാത്തായ പാനീയവുമാണു്''(3). യൂദന്മാർ മനസ്സിലാക്കിയതും അതു തന്നെ.

ഇനി, അവിടത്തെ അനുഗാമികളുടെ പ്രതികരണം. അവർക്കു ക്രിസ്തുവിൻെറ വാക്കുകൾ അഗ്രാഹ്യങ്ങളും ഉതപ്പു വരുത്തുന്നവയുമായി തോന്നി. "ഈ പ്രസ്താവനകൾ ദുർഗ്രഹങ്ങളാണു്; ആർക്കു് ഇവയൊക്കെ കേട്ടുകൊണ്ടിരിപ്പാൻ കഴിയും''(4) വാച്യാർത്ഥത്തിൽ മനസ്സിലാക്കിയതുകൊണ്ടാണല്ലോ അവരങ്ങനെ പറഞ്ഞതു്. എന്നാൽ, ക്രിസ്തുവിനു തൻെറ പ്രസ്താവത്തെ കൂടുതൽ വ്യക്തമാക്കാനില്ല. അവർക്കതു് ഉതപ്പു ജനിപ്പിക്കുന്നതാണെങ്കിൽ അതു ക്രിസ്തുവിൻെറ കുററമല്ല(5), 'ജീവൻ പ്രദാനംചെയ്യുന്ന ആത്മാവു്' അവർ

---

(1) Jn. 6: 54. (2) Ibidem.
(3) Jn. 6: 56.
(4) Jn. 6: 61. (5) Jn. 6: 64.

ക്ക് ഇല്ലാത്തതിനാലാണ്. "ഫലശൂന്യമായ ജഡം"(1) മാത്രമേയുള്ളൂ, അവർക്ക്. അതിനാൽ, "തന്റെ ശിഷ്യരിൽ വളരെപ്പേർ തന്നെ വിട്ടുപേക്ഷിച്ചു"(2) പോയിട്ടും—"പിന്നീടൊരിക്കലും അവർ തന്നെ അനുഗമിക്കുക"(3)യില്ലെന്നറിഞ്ഞിട്ടും—ക്രിസ്തു തന്റെ വാക്കുകളെ വ്യത്യാസപ്പെടുത്താനോ ഉപേക്ഷിക്കാനോ തുനിയുന്നില്ല.

ക്രിസ്തുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാരുടെ പ്രതികരണവും ഈവിധംതന്നെ. അവരും ക്രിസ്തുവിന്റെ വാക്കുകളെ വാച്യാർത്ഥത്തിൽത്തന്നെയാണ ഗ്രഹിച്ചതു്. അവർക്കും ആ വാക്കുകൾ ദുർഗ്രഹങ്ങളായിരുന്നു; പക്ഷേ, ഉതപ്പുവരുത്തുന്നവയായിരുന്നില്ല. അതുകൊണ്ടാണ "നിങ്ങളും പോകയാണോ?" എന്നു നാഥൻ ചോദിച്ചപ്പോൾ "നാഥാ, എവിടേക്കാണു ഞങ്ങൾ പോകേണ്ടതു്? അങ്ങയുടെ വചനങ്ങൾ നിത്യജീവന്റെ വചനങ്ങളാണ്. അങ്ങ് ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നുവെന്നു ഞങ്ങൾക്കു ബോധം വന്നിരിക്കുന്നു. ഞങ്ങളതു വിശ്വസിക്കുന്നു"(4) എന്നു പീററർ മറുപടി പറഞ്ഞതു്. അവിടേയും ക്രിസ്തുവിന്റെ പ്രതികരണം നോക്കുക. തന്റെ തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാർ തന്നെ ഉപേക്ഷിച്ചു പോയാലും തന്റെ പ്രസ്താവനയിൽ മാററംവരുത്താനില്ല. അവ ഉച്ച

(1) Jn. 6: 64. (2) Jn. 6: 67.
(3) Jn. 6: 67. (4) Jn. 6: 68-70.

രിച്ചപോലെതന്നെ മനസ്സിലാക്കേണ്ടവയാണ്. അവയ്ക്കു വേറൊരർത്ഥം കൊടുക്കാനില്ല. ആരെയെങ്കിലും തൃപ്തനാക്കാൻ അവിടുത്തെ വാക്കുകളിൽ ഒരു പുള്ളിയോ വരയോ മാററാൻ അവിടുന്ന് ഒരുക്കമല്ല.

ശ്ലീഹന്മാർക്കു പ്രചോദനമരുളിയ ആ തത്വംതന്നെയാണ് ഇന്നു ക്രിസ്തുവിൻെറ ഈ വാഗ്ദാനത്തെ അക്ഷരശ: സ്വീകരിക്കാൻ നമ്മെ ശക്തരാക്കുന്നതു്— ക്രിസ്തുവിൻെറ ദൈവത്വത്തിലുള്ള വിശ്വാസം.

## ആദ്യത്തെ കുർബാന (ദിവ്യകാരുണ്യദാനം)

ക്രിസ്തു തൻെറ മാംസരക്തങ്ങൾ മനുഷ്യർക്കു ഭക്ഷ്യപേയങ്ങളായി നല്കുമെന്നു വാഗ്ദാനംചെയ്തു. ക്രിസ്തു ദൈവമായിരിക്കെ ആ വാഗ്ദാനം നിറവേറുകതന്നെ വേണം. അന്തിമഭോജനവേളയിൽ അപ്പത്തെ തൻെറ ശരീരമായും വീഞ്ഞിനെ തൻെറ രക്തമായുംമാററി ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് ആ വാഗ്ദാനം നിറവേററുകയാണ്, ക്രിസ്തുനാഥൻ. ഈ സംഭവത്തെപ്പററി മാത്യൂ, മാർക്കു്, ലൂക്കു് എന്നീ സുവിശേഷകന്മാരും സെൻറ് പോളും രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ വാക്കുകൾ അതേപടി ഇവിടെ പകർത്താം.

(മാത്യൂ 28: 26–28)

"അവർ അത്താഴംകഴിച്ചുകൊണ്ടിരിക്കവെ, ഈശോ അപ്പമെടുത്തു വാഴ്ത്തി മുറിച്ചു ശിഷ്യർക്കു

കൊടുത്തുകൊണ്ടു കല്പിച്ചരുളി: 'ഇതു വാങ്ങി നിങ്ങൾ ഭക്ഷിക്കുവിൻ; ഇതെന്റെ ശരീരമാകുന്നു.' അനന്തരം, പാനപാത്രവും എടുത്തു സ്തോത്രംചൊല്ലി അവർക്കു കൊടുത്തുകൊണ്ടു കല്പിച്ചു: നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ; അനേകരുടെ പാപപരിഹാരാർത്ഥം ചിന്തുന്ന പുതിയ ഉടമ്പടിയിലേ എന്റെ രക്തമാണിതു്."

(മാർക്കു് 14: 22–24)

"അവർ ഭക്ഷിച്ചുകൊണ്ടിരിക്കവേ, ഈശോ അപ്പമെടുത്തു വാഴ്ത്തി മുറിച്ചു്, 'ഇതു വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ ശരീരമാകുന്നു' എന്നു കല്പിച്ചു് അവർക്കു കൊടുത്തു. പാനപാത്രമെടുത്തു സ്തോത്രംചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും അതിൽനിന്നു കുടിച്ചു. അവിടുന്നു് അന്നേരം അരുളിച്ചെയ്തു: 'ഇതെന്റെ രക്തമാണു്—അനേകർക്കുവേണ്ടി ചിന്തുന്ന പുതിയ ഉടമ്പടിയുടെ രക്തം'."

(ലൂക്കു് 22: 19–20)

"പിന്നീടു് അപ്പമെടുത്തു വാഴ്ത്തിയശേഷം മുറിച്ചു് അവർക്കു കൊടുത്തുകൊണ്ടു് ഇപ്രകാരം കല്പിച്ചു: 'ഇതു നിങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു; എന്റെ ഓർമ്മക്കായി നിങ്ങളിതു ചെയ്യുവിൻ 'അത്താഴം കഴിഞ്ഞശേഷം പാനപാത്രമെടുത്തു് അവർക്കു കൊടുത്തുകൊണ്ടു് ഇങ്ങനെ കല്പിച്ചു: 'ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തുവാനിരിക്കുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയ ഉടമ്പടിയാണു്'."

(സെൻറ് പോൾ *1Cor.* 11: 23–26)

"കാരണം, ഞാൻ കർത്താവിൽനിന്നു സ്വീകരിച്ചതു്, അതുപോലെ നിങ്ങളെ ഞാൻ ഏല്പിച്ചു. കർത്താവായ ഈശോ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ അപ്പമെടുത്തു സ്തോത്രം ചൊല്ലി മുറിച്ചു് ഇങ്ങനെ അരുളിച്ചെയ്തു: 'ഇതു നിങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്ന എൻെറ ശരീരമാണു്. എൻെറ സ്മരണക്കു നിങ്ങളിതു ചെയ്യുവിൻ.' അതുപോലെ അത്താഴംകഴിഞ്ഞു പാനപാത്രമെടുത്തുകൊണ്ടു് അരുളിച്ചെയ്തു. 'ഈ പാനപാത്രം എൻെറ രക്തത്താലുള്ള നവ്യയുടമ്പടിയാണു്. ഇതിൽനിന്നു കുടിക്കുമ്പോഴൊക്കെ എൻെറ സ്മരണക്കായി ഇപ്രകാരം ചെയ്യുവിൻ'."

ഇവിടെ ഒരു പ്രത്യേകത. ദിവ്യകാരുണ്യവാഗ്ദാനത്തെപ്പററി സവിസ്തരം പ്രസ്താവിച്ചിട്ടുള്ള സെൻറ് ജോൺ, തിരുവത്താഴത്തിൽ ക്രിസ്തുവിനോട്ട് ഏററവും അട്ടത്തിരുന്ന ക്രിസ്തുവിൻെറ പ്രിയശിഷ്യനായ ആ സുവിശേഷകൻ, തൻെറ സുവിശേഷത്തിൽ ദിവ്യകാരുണ്യസ്ഥാപനത്തെപ്പററി ഉരിയാടിക്കാണുന്നില്ല(1). സെൻറ് ജോണിൻെറ ഈ മൗനത്തിനു പലരും പല കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്. ദൈവമായ ക്രിസ്തു ഒന്നു വാഗ്ദാനംചെയ്തു എന്നു പറഞ്ഞാൽ, അതു നിറവേററിയിട്ടുണ്ടു് എന്നതിൽ സംശയത്തിനു സ്ഥാനമില്ല. അതുകൊണ്ടായിരിക്കാം

(1) 'അത്താഴത്തിനിടക്കു്' എന്ന ഒരു പരാമർശമുണ്ടു്, Jn. 13: 2.

ദിവ്യകാരുണ്യദാനത്തെപ്പററി പറയാൻ സ്ഥലംകളയാതെ, ദിവ്യകാരുണ്യസ്വീകരണാനന്തരം ക്രിസ്തുവുമായുണ്ടാകേണ്ട ബന്ധത്തെ കാണിക്കാൻ ക്രിസ്തുവിൻെറ അന്തിമപ്രഭാഷണത്തെപ്പററി ദീർഘദീർഘം വിവരിക്കുന്നതു്(1).

മേലുദ്ധരിച്ച സുവിശേഷവാക്യങ്ങളിൽനിന്നു നിഷ്പക്ഷരായ ആർക്കും ഗ്രഹിക്കാം, അവിടെ ക്രിസ്തു അപ്പത്തെ തൻെറ ശരീരമായും വീഞ്ഞിനെ തൻെറ രക്തമായും പകർത്തി എന്നു്. അപ്പം കൈയിലെടുത്തുകൊണ്ടു് അതിനെ നോക്കി "ഇതു് (എൻെറ കൈയിലിരിക്കുന്ന ഈ അപ്പം, ഞാൻ ഭക്ഷണമായി കൊടുക്കാൻപോകുന്ന ഈ വസ്തു) എൻെറ ശരീരമാകുന്നു" എന്നു പറഞ്ഞപ്പോൾ, ആ അപ്പത്തെ യഥാർത്ഥത്തിൽ തൻെറ ശരീരമാക്കി മാററുകയായിരുന്നു അവിടുന്നു്. എങ്കിൽമാത്രമേ ക്രിസ്തുവിൻെറ ആ വാക്കുകൾക്കു് അർത്ഥമുള്ളു. കാരണം, അപ്പത്തെ ശരീരം എന്നു വിളിക്കാൻ വേറെ ഒരു ന്യായവും കാണുന്നില്ല. മഹാത്മഗാന്ധിയുടെ പ്രതിമ കണ്ടു് "അതു മഹാത്മഗാന്ധിയാണു്" എന്നു പറഞ്ഞാൽ അതിനർത്ഥമുണ്ടു്. നൂറുരൂപയുടെ ഒരു ചെക്കെടുത്തു് "ഇതാ നൂറുരൂപ" എന്നു പറഞ്ഞു കൊടുത്താൽ ആരും അതു നൂറുരൂപയായിത്തന്നെ സ്വീകരിക്കും. ഭൂമിശാസ്ത്രാദ്ധ്യാപകൻ ഒരു ചോക്കുകഷണമെടുത്തു വിദ്യാർത്ഥികളോടു പറയുന്നു: 'ഇതു് ഭൂമിയാണെന്നു സങ്കല്പിക്കുക'. അനന്തരം അയാൾ

---

(1) J. MARIE JOSEPH NICHOLAS op. cit. 20.

ചോക്കിനെ ചൂണ്ടി 'ഇതു ദിവസവും ഒരു പ്രാവശ്യം സൂര്യനെ ചുററുന്നു' എന്നു പറഞ്ഞാൽ വിദ്യാൎത്ഥികൾക്കു് അതിൽ ആക്ഷേപമില്ല. ഇവിടെ പ്രതിമയെ മഹാത്മഗാന്ധിയെന്നു വിളിക്കുന്നു. കടലാസുകഷണത്തെ നൂറുരൂപ എന്നും ചോക്കുകഷണത്തെ ഭൂമിയെന്നും വിളിക്കുന്നു. ഇതിലൊന്നിലും ഒരു പിശകുള്ളതായി ആരും കാണുകയില്ല, ആ സാധനങ്ങൾ അവ കുറിക്കുന്ന വസ്തുക്കളായി പകരുന്നില്ലെങ്കിലും. എന്നാൽ, ഒരപ്പമെടുത്തു് 'ഇതു് എന്റെ ശരീരമാണു്' എന്നു പറഞ്ഞാൽ അങ്ങനെയൊരു അംഗീകരണം ലഭിക്കുകയില്ല. അതിന്നു് അപ്പം ശരീരമായി പകരുകതന്നെ വേണം. കാരണം, നേരത്തേ പറഞ്ഞ വസ്തുക്കൾതമ്മിലുള്ളതുപോലെ ഒരു ബന്ധം അപ്പത്തിനും ശരീരത്തിനും തമ്മിലില്ല. പ്രതിമക്കു് അതു സൂചിപ്പിക്കുന്ന ആളിനോടുണ്ടൊരു സാദൃശ്യം. ചെക്കു രൂപയെ കുറിക്കുന്നു എന്നതു സർവ്വസമ്മതമാണു്. ചോക്കു ഭൂമിയാകുന്നതു് അദ്ധ്യാപകൻ നേരത്തേ പറഞ്ഞതുകൊണ്ടും. ഇത്തരം മുൻനിർദ്ദേശമൊന്നും കൊടുത്തിട്ടല്ല, ക്രിസ്തു അപ്പത്തെ തന്റെ ശരീരമെന്നു വിളിച്ചതു്. അപ്പത്തിനും ശരീരത്തിനും തമ്മിൽ എന്തു സാദൃശ്യമുണ്ടു്? ഇതുവരെ ആരും സമ്മതിച്ചിട്ടില്ല, ശരീരമെന്നു പറഞ്ഞാൽ അപ്പമെന്നു വിവക്ഷയുണ്ടെന്നു്. ക്രിസ്തു ശിഷ്യന്മാരോടു മുൻകൂട്ടി പറഞ്ഞില്ല, 'അപ്പം എന്റെ ശരീരമാണെന്നു ഞാൻ പറയുമ്പോൾ അതു് എന്റെ ശരീരത്തിനു പ്രാതിനിധ്യം വഹിക്കുന്നു എന്നു

മനസ്സിലാക്കിയാൽ മതി' എന്നു(1). അതിനാൽ, അപ്പ മെടുത്തു ക്രിസ്തു ഇതെൻെറ ശരീരമാണെന്നു പറഞ്ഞതു വെറും സിംബലാ(പ്രതീക)ണെന്നു മനസ്സിലാക്കിയാൽ ക്രിസ്തു ഒരു വിഡ്ഢിത്തം പറഞ്ഞെന്നു കരുതേണ്ടി വരും.

ക്രിസ്തുവിൻെറ ആ വാക്കുകൾ ശ്രവിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർ മനസ്സിലാക്കിയതും വാച്യാർത്ഥമാണല്ലോ. ഈ സംഭവം രേഖപ്പെടുത്തിയവരെല്ലാവരും ആ വാചകങ്ങളെ ഒരേവിധത്തിൽ എഴുതിയിരിക്കുന്നു. വേറൊരർത്ഥം ആ വാക്കുകൾക്കുണ്ടായിരുന്നെങ്കിൽ വ്യത്യസ്തസമയങ്ങളിൽ, വ്യത്യസ്തസ്ഥലങ്ങളിൽവച്ചെഴുതപ്പെട്ട ആ രേഖകളിൽ ഇത്രമാത്രം സമാനത(identity)കാണുക വിഷമമാണ്. മാത്രമല്ല, ഈ സംഭവം രേഖപ്പെടുത്തിക്കഴിഞ്ഞിട്ട സെൻറ് പോൾ കൂട്ടിച്ചേർക്കുന്നു: "ആകയാൽ, അയോഗ്യമായി ആരെങ്കിലും ഈ അപ്പം ഭക്ഷിക്കുകയോ കർത്താവിൻെറ പാനപാത്രത്തിൽനിന്നു കുടിക്കുകയോ ചെയ്യുന്നപക്ഷം അവൻ കർത്താവിൻെറ തിരുശരീരത്തേയും തിരുരക്തത്തേയും സംബന്ധിച്ച് കുറക്കാരനാകും"(2).

അപ്പോൾ ശ്ലീഹന്മാർക്കു് അഗ്രാഹ്യമായ ഒരർത്ഥത്തിലാണു ക്രിസ്തു അപ്പത്തെ ശരീരമെന്നു വിളിച്ചതു് എന്നു പറയുക വയ്യ. ക്രിസ്തു ദൈവമായിരിക്കെ, തന്നെ ശ്രവിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർ തൻെറ വാക്കുകളെ

(1) ARTHUR PREUSS, op. cit, 28.
(2) I Cor. 11: 27.

എങ്ങനെയാണു മനസ്സിലാക്കിയതെന്നു ധരിച്ചിരുന്നു. അവർ ആ വാക്കുകളെ അതേപടി വിശ്വസിച്ച് അതനുസരിച്ചു പ്രവത്തിക്കുകയും മററുള്ളവരെക്കൊണ്ടു പ്രവത്തിപ്പിക്കുകയും ചെയ്യുമെന്ന് അവിടുത്തേക്കറിയാമായിരുന്നു. അന്നു ക്രിസ്തു ആ വാക്കുകൾക്ക് ഇന്നു നാം കൊടുക്കുന്ന അത്ഥം ഉദ്ദേശിച്ചില്ലായിരുന്നുവെങ്കിൽ കൂടുതൽ വ്യക്തമായി അവിടുന്നുതന്നെ അക്കാര്യം പറയുമായിരുന്നു. അല്ലെങ്കിൽ ക്രിസ്തു നമ്മെ വഞ്ചിക്കുകയായിരിക്കും ചെയ്യുക[1]. പക്ഷേ, വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ പാടില്ലാത്തവനാണു ക്രിസ്തു.

അതിനാൽ, അപ്പമെടുത്ത് "ഇതെന്റെ ശരീരം ആകുന്നു" എന്നും വീഞ്ഞെടുത്ത് "ഇതെന്റെ രക്തം" ആകുന്നു" എന്നും ക്രിസ്തുപറഞ്ഞപ്പോൾ ആ വാക്കുകളുടെ ശക്തിയാൽ ആ ഉച്ചാരണത്തോടൊപ്പംതന്നെ അപ്പമായിരുന്നതു ശരീരമായും വീഞ്ഞായിരുന്നതു രക്തമായും രൂപാന്തരപ്പെട്ടു. അവിടെ ഒരു പുതിയ "സൃഷ്ടി" നടന്നു. ഒരു വസ്തുഭേദം സംഭവിച്ചു[2]. ഒരേസമയത്തു പ്രസ്താവനയും കല്പനയുമാണ്, ആ വാക്യങ്ങൾ.

---

(1) "I have never been able to believe that Jesus, Truth and Goodness itself, has allowed his spouse, the Church to adore a piece of bread in place of himself for so many centuries." Erasmus, quoted in Piolanti, op. cit p. 44.

(2) Cf. ARTHUR PREUSS, op. cit. p. 42.

## ദിവ്യകാരുണ്യസ്ഥാപനം

ഇതുവരെയുള്ള വിശകലനത്തിൽനിന്ന് ഇത്രയു മാണ് നമുക്കു ലഭിക്കുന്നത്. ക്രിസ്തു തൻെറ അവസാന യത്താഴത്തിൽ അപ്പത്തെ യഥാത്ഥത്തിൽ തൻെറ ശരീരമായും വീഞ്ഞിനെ യഥാത്ഥത്തിൽ തൻെറ രക്തമായും മാററി ശിഷ്യന്മാർക്കു ഭക്ഷിക്കുവാനും പാനംചെയ്യുവാനും നല്കി. പക്ഷേ, അതുകൊണ്ടായില്ല. അന്നു ക്രിസ്തുവാണ് അപ്രകാരംചെയ്തത്. എന്നാൽ, ഇന്നോ? ഇന്ന് അപ്പത്തെ ക്രിസ്തുവിൻെറ ശരീരമായും വീഞ്ഞിനെ ക്രിസ്തുവിൻെറരക്തമായും മാററാൻ അധികാരം നിലവിലുണ്ടോ?

ഉവ്വ എന്നാണ് ഉത്തരം. നാം മുമ്പു കണ്ട സുവിശേഷഭാഗത്തുതന്നെയുണ്ടിത്. അപ്പത്തെ തൻെറ ശരീരമായും വീഞ്ഞിനെ തൻെറ രക്തമായും പകത്തിയിട്ടു ക്രിസ്തുകല്പിക്കുന്നു: "ഇതു് എൻെറ ഓർമ്മക്കായി ചെയ്യുവിൻ." ഒരധികാരദാനവും ഒരു കല്പനയും(1). എന്തിനാണ്? അപ്പത്തെ ക്രിസ്തുവിൻെറ ശരീരമായും വീഞ്ഞിനെ അവിടുത്തെ രക്തമായും മാററാൻ. അങ്ങിനെ മനുഷ്യവഗ്ഗത്തിനു അവിടുത്തെ മാംസരക്തങ്ങൾ ഭക്ഷണമാ

(1) I. A. DE ALDAMA, "Chrstus in ultima coena Apostolis eorumque succesoribus mandatum et potestatem dedit consecrandi, offerendi, et ministrandi corpus et sanguinem suum, prout ipse fecerat" Sacrae Theologiae Summa (4) BAC, (Madrid, 1962) 232.

യി നല്കാൻ. അങ്ങിനെ എന്നും ക്രിസ്തുവിന്റെ ദിവ്യകാരുണ്യത്തിൽ യഥാർത്ഥമായി സന്നിഹിതനാവാൻ(1). ആ കല്പനയനുസരിച്ച്, ആ അധികാരമുപയോഗിച്ചു ശിഷ്യന്മാരും അവരുടെ പിൻഗാമികളും അപ്പമെടുത്ത് 'ഇതു് എന്റെ ശരീരം ആകുന്നു' എന്നും വീഞ്ഞെടുത്ത് 'ഇതു് എന്റെ രക്തം ആകുന്നു' എന്നും പറയുമ്പോഴും അവസാനത്താഴത്തിൽ സംഭവിച്ചതുതന്നെ സംഭവിക്കുന്നു. അപ്പം യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ശരീരമായും വീഞ്ഞു യഥാർത്ഥത്തിൽ അവിടുത്തെ രക്തമായും മാറുന്നു. "ഇതു് എന്റെ ഓർമ്മക്കായി ചെയ്യുവിൻ" എന്നു പറഞ്ഞപ്പോഴും ആ അധികാരമാണു ശിഷ്യന്മാർക്കും അവരുടെ പിൻഗാമികൾക്കുമായി അവിടുന്നു നല്കിയതു്.

പക്ഷേ, കുഴപ്പക്കാർ ഇവിടേയും തലപൊക്കുന്നുണ്ടു്. ഈ അധികാരദാനത്തേയും കല്പനയേയുംപററി സെൻറു് പോളും അദ്ദേഹത്തിന്റെ ശിഷ്യനായ ലൂക്കും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതുകൊണ്ടു് ഈ കല്പന ക്രിസ്തുവിന്റേതല്ല "സെൻറു് പോളിന്റേതാണു്" എന്നത്രേ അവർ വാദിക്കുന്നതു്. പക്ഷേ, ഒരടിസ്ഥാനവുമില്ലാത്ത വാദമാണിതെന്നു് ആദ്യസഭയുടെ നടപടി വായിച്ചാൽ മനസ്സിലാകും. സെൻറ് പോളോ സെൻറ് ലൂക്കോ എഴുതുന്നതിനു് എത്രയോ മുമ്പു്—

(1) Cf. "In coena novissima...corpus et sanguinem ...apostolis...et eisdem eorumque sacerdotii tradidit successoribus, ut offerent praecepit per haec verba hoc facite in meam commemorationem." D. 938.

സെൻറ് പോഠം ഒരു ക്രിസ്ത്യാനിയാകുന്നതിനുമുമ്പു തന്നെ—ക്രിസ്ത്യാനികഠം 'നാഥൻെറ അത്താഴം' കഴിച്ചിരുന്നു(1). നാഥൻെറ കല്പനയനുസരിച്ചാണ് അതെന്നും നാഥൻെറ യഥാർത്ഥസാന്നിധ്യം അതിൽ ഉണ്ടെന്നും അവർ വിശ്വസിച്ചിരുന്നു. മാത്രമല്ല, സെൻറ് പോഠം ദിവ്യകാരുണ്യത്തെപ്പററി എഴുതുമ്പോഠം പ്രഖ്യാപിക്കുന്നു അതു തൻെറ സ്വന്തമായൊരു സിദ്ധാന്തമല്ല, അന്നു നിലവിലിരുന്ന ക്രിസ്തീയപാരമ്പര്യത്തിൽ നിന്നു സ്വീകരിച്ചതും നാഥനിൽനിന്നുതന്നെ കിട്ടിയതുമാണ് എന്ന്(2).

## യഥാർത്ഥസാന്നിധ്യവിരുദ്ധർ

ക്രിസ്തു ദിവ്യകാരുണ്യം വാഗ്ദാനംചെയ്ത ആ ദിവസംതന്നെ അതിനെ ചോദ്യംചെയ്യാൻ ആളുകളുണ്ടായിരുന്നു. "ഈ മനുഷ്യൻ എങ്ങനെ തൻെറ മാംസം നമുക്കു ഭക്ഷണമായിത്തരും?"(3) "ഇതു ദുർഗ്രഹമാണ്"(4). ഇന്നും അവരുടെ വംശം നിലനില്ക്കുന്നുണ്ട്. അന്നു യഹൂദർക്കു ദിവ്യകാരുണ്യം ദുർഗ്രഹമായി തോന്നിയതു ക്രിസ്തുവിൻെറ ദൈവത്വത്തിലുള്ള വിശ്വാസക്കുറവുകൊണ്ടാണ്. ഇന്നും അതേ കാരണമാണു ദി

---

(1) Acts 2: 42-47; Cf. I. A. DE ALDAMA, op. cit. 237.

(2) I Cor. 11: 23; cf. also I. A DE ALDAMA, op. cit. 234.

(3) Jn. 6: 53. (4) Jn. 6: 61.

വ്യകാരുണ്യത്തിലെ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിധ്യം നിഷേധിക്കാൻ ചിലരെ പ്രേരിപ്പിക്കുന്നതു്. "ഒരപ്പമെങ്ങനെ ക്രിസ്തുവിൻെറ യഥാർത്ഥശരീരമാവും? അതസംഭവ്യമാണു്." അതുകൊണ്ടാണു പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന ബെറങ്കാരിയൂസ്(1) ദിവ്യകാരുണ്യത്തിൽ ക്രിസ്തു യഥാർത്ഥമായി, ശാരീരികമായി (really and physically) സന്നിഹിതനാകുന്നില്ലെന്നു വാദിച്ചതു്. അപ്പത്തിൻെറ സാദൃശ്യത്തിലുള്ള ക്രിസ്തുവിൻെറ സാന്നിധ്യം യുക്തിക്കു് ഉത്തരം നല്കുവാനാവാത്ത പല പ്രശ്നങ്ങളും പുറപ്പെടുവിക്കുന്നുണ്ടല്ലോ. ഈ പ്രശ്നങ്ങളിൽനിന്നെല്ലാം കൈകഴുകി മാറാനാണു മററെല്ലാ "വിരുദ്ധചിന്തകന്മാരും"—പ്രത്യേകിച്ചു പതിനാറാംനൂററാണ്ടിലെ 'വിപ്ലവകാരികൾ'—പരിശ്രമിച്ചിട്ടുള്ളതു്. കൂദാശചെയ്യപ്പെട്ട അപ്പം ക്രിസ്തുവിൻെറ ശരീരമല്ല, ശരീരത്തിൻെറ സിംബൽമാത്രമാണു് എന്നു സ്വിംഗ്ലിയെ(2)ക്കൊണ്ടു പറയിച്ചതും 'ഇതു് എൻെറ ശരീരമാകുന്നു' എന്ന കൂദാശവചനത്തെ 'ഇതു് എൻെറ ശരീരത്തെ കുറിക്കുന്നു' എന്നു കാൾസ്റ്റാർട്ടി (Carlstadt)(3)നെക്കൊണ്ടു വിവർത്തനം ചെയ്യിച്ചതും ഈ ഒഴിഞ്ഞുമാറൽനയമാണു്. ചിലർ പറയുന്നു: "ഇതു് എൻെറ ശരീരമാകുന്നു" എന്നതിലെ "ഇതു്" അപ്പത്തെയല്ല ക്രിസ്തുവിനെത്തന്നെ

---

(1) Cf. ANTONIO PIOLANTI, op. cit. 37-38.
(2) Ibidem p. 39.
(3) Ibidem

യാണു സൂചിപ്പിക്കുന്നതെന്നു്. അപ്പം കൈയിൽ പിടിച്ചു തന്നെത്തന്നെ ചൂണ്ടിക്കൊണ്ടാണു ക്രിസ്തു "ഇതു് എന്റെ ശരീരമാകുന്നു" എന്നു പറഞ്ഞതു്(1). കാൽവിൻ വേറൊരുതരത്തിലാണു് ഒഴിഞ്ഞുമാറുക. സ്വർഗ്ഗത്തിൽ വാഴുന്ന ക്രിസ്തുവിന്റെ ശരീരത്തിൽനിന്നു ചില കിരണങ്ങൾ കൂദാശവചനവേളയിൽ അപ്പത്തിന്മേൽ പതിക്കുന്നു. അങ്ങനെ അതു 'വിശുദ്ധയപ്പ'മായിത്തീരുന്നു. ഒരിക്കലും അതു് ക്രിസ്തുശരീരമാകുന്നില്ല(2).

നമ്മുടെതന്നെ നൂററാണ്ടിലേക്കു തിരിച്ചുവരുമ്പോൾ ഇത്തരക്കാരെ ധാരാളമായി കാണാം. പ്രകൃത്യതീതമായതെന്തും അസംഭവ്യമെന്നും യുക്ത്യതീതമായതെന്തും നിരാസ്സദമെന്നും വാദിക്കുന്ന ഒരുക്കൂട്ടം ചിന്തകന്മാർ ഇന്നു ധാരാളമായി രംഗത്തിറങ്ങിയിട്ടുണ്ടല്ലോ. അവർക്കു ദിവ്യകാരുണ്യവും അതിലെ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിധ്യവുമൊക്കെ ഒരെത്തും പിടിയും കിട്ടാത്ത പ്രശ്നങ്ങളാണുപോലും. അതിനാൽ, കൂദാശവചനങ്ങളുടെ ചരിത്രവസ്തുത സമ്മതിക്കുന്നുണ്ടെങ്കിലും അവരാരും ആ വാക്കുകളിൽ, ഇതുവരെയുള്ള വിശകലനത്തിൽ നാം കണ്ട അർത്ഥത്തിൽ ദിവ്യകാരുണ്യം വിവക്ഷിതമായിട്ടുണ്ടെന്നു സമ്മതിക്കുന്നില്ല. ക്രിസ്തുവി

---

(1) ANTONIO PIOLANTI, op. cit. 39.

(2) Ibidem. 16-ാം നൂററാണ്ടിലെ യഥാർത്ഥസാന്നിദ്ധ്യവിരുദ്ധ ചിന്താഗതി ഇതാണു്: ദിവ്യകാരുണ്യത്തിൽ ക്രിസ്തു vere, realiter et substantialiter സന്നിഹിതനാവുന്നില്ല; symbolice, figurative et virtualiter മാത്രം. Cf. ALDAMA op. cit. p. 259-60.

ന്റെ സ്നേഹസ്മാരകം എന്നതിൽക്കവിഞ്ഞു് അവർ ദിവ്യകാരുണ്യത്തെ കണക്കാക്കുന്നില്ല. കാരണം, മററൊന്നും ക്രിസ്തു ഉദ്ദേശിച്ചില്ലപോലും!

ക്രിസ്തു ആ വാക്കുകൾ ഉച്ചരിച്ചപ്പോൾ അപ്പത്തെ ശരീരമായും വീഞ്ഞിനെ രക്തമായും മാറുന്ന കാര്യം ഉദ്ദേശിച്ചില്ലെങ്കിൽ, അന്നവിടെ കൂടിയിരുന്ന ശിഷ്യന്മാർ അതു ധരിച്ചില്ലെങ്കിൽ, പിന്നെ എങ്ങനെ ആദ്യസഭയിൽ — സഭയിലിന്നോളം — ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിധ്യത്തിൽ വിശ്വാസം ഉണ്ടായി? അധികാരപ്പെടുത്തപ്പെട്ടവർ (വൈദികർ) അപ്പമെടുത്തു് "ഇതെൻെറ ശരീരമാകുന്നു"എന്നും വീഞ്ഞെടുത്തു് "ഇതു് എൻെറ രക്തമാകുന്നു"എന്നും പറയുമ്പോൾ തദ്ക്ഷണം അപ്പം ക്രിസ്തുവിൻെറ ശരീരവും വീഞ്ഞു രക്തവുമായി മാറുന്നു എന്നു ക്രിസ്ത്യാനികളെ വിശ്വസിപ്പിച്ചതാരാണു്?

വിരുദ്ധന്മാർക്കു് ഉത്തരം റെഡിയാണു്. അതെല്ലാം സെൻറ് പോളിൻെറ പണിയാണത്രേ! ക്രിസ്തു അതൊന്നും ഉദ്ദേശിച്ചതേ ഇല്ല. അതുകൊണ്ടാണല്ലോ അവരുടെ വിശ്വാസപ്രമാണത്തിൽ "സെൻറ് പോൾ പറഞ്ഞതു മുഴുവനും ചരിത്രമാണെന്നു പറയുക വയ്യ"(1) എന്നൊരു പോയിൻറു ചേർത്തിരിക്കുന്നതു്(2).

---

(1) മോഡണിസ്ററുകളുടെ ഈ പ്രസ്താവത്തെ വി. പത്താം പിയൂസ് പാപ്പ ശപിച്ചിട്ടുണ്ടു്.

(2) ഇവരുടെ വാദഗതിയുടെ പൂർണ്ണരൂപത്തിനു്
Cf. I. A. DEALDAMA, op. cit. 218-19.
PIOLANTi, op. cit. 17-24.
J. M. NICHOL AS, op. cit. 21-24.

എന്നാൽ, ഈ വാദഗതിയുടെ പൊള്ളത്തരം ബൈബിളിൽനിന്നുതന്നെ വ്യക്തമാണ്. വാസ്തവത്തിൽ സെൻറ് പോളും ക്രുട്ടരും ദിവ്യകാരുണ്യത്തെപ്പററി എഴുതുന്നതിനുമുമ്പുതന്നെ "അപ്പംമുറിക്കലും" "അഗാപ്പേ" യുമൊക്കെ, ദിവ്യകാരുണ്യത്തിനു ഇന്നു നാം കൊടുക്കുന്ന അത്ഥത്തിൽത്തന്നെ, ആദ്യക്രിസ്ത്യാനികളുടെയിടയിൽ നടപ്പിലിരുന്നു. "ഇതു് എൻെറ ഓമ്മക്കായി ചെയ്യുവിൻ" എന്ന കല്പന ക്രിസ്തുശിഷ്യർ നിറവേററിയിരുന്നു. സെൻറ് പോാം ഇതേപ്പററി എഴുതുന്നിടത്തു പറയുന്നതു് ഇതെല്ലാം തൻെറ നാഥനിൽനിന്നു സ്വീകരിച്ചുവെന്നാണ്(1). ഇതു നാഥനിൽനിന്നു നേരിട്ടു ലഭിച്ചതായിരിക്കയില്ല. അതുവരെ ക്രിസ്തുസഭയിൽ നിലനിന്നുപോന്ന പാരമ്പര്യത്തിൽനിന്നാണു സെൻറ് പോളിനിതു ലഭിച്ചതു്. സെൻറ് പോാം ദിവ്യകാരുണ്യത്തെപ്പററി എഴുതുന്നതിൻെറ സന്ദർഭം നോക്കുക. ആദ്യക്രിസ്ത്യാനികാം ദിവ്യകാരുണ്യവിരുന്നിൽ കാണിച്ചിരുന്ന അനാചാരങ്ങളെ അപലപിച്ചുകൊണ്ടാണ്, ദിവ്യകാരുണ്യം അർഹിക്കുന്നവിധത്തിൽ ബഹുമാനിക്കപ്പെട്ടുന്നില്ല എന്നു് അവരെ കുററപ്പെടുത്തിക്കൊണ്ടാണ്(2), അദ്ദേഹം എഴുതുന്നതു്. അപ്പോാം സെൻറ് പോളിൻെറ വിവരണത്തിനു മുമ്പുതന്നെ ദിവ്യകാരുണ്യം സഭയുടെ ക്രുദാശയും കർബാനയുമായിരുന്നു.

---

(1) I Cor. 11: 23.
(2) I Cor. 11: 16.

## സഭയുടെ നിലപാട്

ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിൻെറ യഥാത്ഥ സാന്നിധ്യമുണ്ടെന്ന വിശ്വാസത്തിനാധാരമായി ഇതുവരെ എടുത്തുകാട്ടിയതു ബൈബിൾ രേഖകൾമാത്രമാണ്—അവയുടെ സ്വതന്ത്രമായ, യഥാതഥമായ വ്യാഖ്യാനം. ആ വ്യാഖ്യാനത്തിൻെറ വാസ്തവികതയ്ക്കു ഒരു ഘടകംകൂടി ആവശ്യകമാണ്. സഭയുടെ ഇംപ്രിമാത്തുരാണതു്. സഭ ഇന്നോളം ആ വാക്യങ്ങളെ എങ്ങനെ മനസ്സിലാക്കി? സഭയുടെ പാരമ്പര്യം ഇക്കാര്യത്തിൽ വിശേഷിച്ച പ്രാധാന്യമുള്ളതാണ്(1) കാരണം, തിരുവത്താഴത്തെപ്പററി എഴുതിവെക്കുന്നതിനു് എത്രയോമുമ്പു തന്നെ "ദിവ്യകാരുണ്യവിരുന്നു" സഭയിൽ നടപ്പിലിരുന്നു(2).

അത്തരം വിരുന്നുകളിൽ തിരുവത്താഴത്തിൻെറ ആവത്തനവും ക്രിസ്തുവിൻെറ ശരീരരക്തങ്ങളുടെ സാന്നിധ്യവും ആദിമക്രിസ്ത്യാനികൾ സമ്മതിച്ചിരുന്നു. അതുകൊണ്ടാണല്ലോ ആ ചടങ്ങുകളിൽ അനാചാരങ്ങൾ കടന്നുകൂടിയപ്പോൾ സെൻറ് പോൾ ശക്തിയായ ഭാഷയിൽ അവരെ കുററപ്പെടുത്തിയതു്(3). അത്തരം സ്നേഹവിരുന്നുകളിൽ ക്രിസ്തുവിൻെറ യഥാർത്ഥ

---

(1) Cf. JOSEPH MARIE NICHOLAS, op. cit. 13.

(2) ജറുസലം (Act. 2: 42), ട്രോസ് (Act. 20: 7-11), കോറിന്തു് (I Cor. 11: 17-30) എന്നീ സ്ഥലങ്ങളിൽ,

(3) Cf. I Cor. 11: 16.

സാന്നിധ്യമുണ്ടെന്ന വിശ്വാസമാണല്ലോ പേഗൻജന ത്തിനു് 'ഈ ക്രിസ്ത്യാനികൾ രഹസ്യത്തിൽ ഒന്നിച്ചു കൂടി കുട്ടികളെ കൊന്നു തിന്നുന്നു' എന്നു തെററിദ്ധരിക്കുവാൻ ഇടം കൊടുത്തതു്. ഇതാണു്, ദിവ്യകാരുണ്യത്തെസ്സംബന്ധിച്ചിടത്തോളം ഒന്നാംനൂററാണ്ടിൽ സഭയുടെ നിലപാടു്.

രണ്ടാംനൂററാണ്ടിലെ സഭാചരിത്രം പരിശോധിച്ചാലും ഈ നിലപാടു തുടർന്നുപോന്നതായി കാണാം. രക്തസാക്ഷിയായ ജസ്റ്റിൻ ചക്രവർത്തിക്കു് എഴുതുകയാണു്, "ദിവ്യകാരുണ്യവിരുന്നു് അവതീർണ്ണനായ യേശുവിന്റെ മാംസരക്തങ്ങളാണെന്നു ഞങ്ങൾ പഠിച്ചിട്ടുണ്ടു്"(1). ജസ്റ്റിന്റെ ഈ പ്രസ്താവന രണ്ടാംനൂററാണ്ടിന്റെ മദ്ധ്യദശയിലാണു്. സഭയുടെ ആദ്യകാലത്തെ ഈ വിശ്വാസം അന്നത്തെ സഭാപ്രബോധനങ്ങളിലെല്ലാം കാണാവുന്നതാണു്. ആരാധനക്രമത്തെസ്സംബന്ധിച്ച വിവരണങ്ങൾ, ചില പ്രത്യേക സഭകൾക്കയച്ച കത്തുകൾ, നവാഗതർക്കുള്ള (Neophytes) വേദപാഠങ്ങൾ, ശവക്കല്ലറകളിലെ സ്മാരകശിലകളിന്മേലുള്ള ചിത്രങ്ങൾ തുടങ്ങിയവയിലെല്ലാം അന്നത്തെ വിശ്വാസം തെളിഞ്ഞുകാണാം(2).

ആദ്യനൂററാണ്ടുകളിൽ വൈദികൻ തിരുവോസ്തിയെടുത്തുകാണിച്ചു "ക്രിസ്തുശരീരം" (Corpus Christi)

---

(1) JUSTIN THE MARTYR: "We have learnt that the Eucharistic food is the flesh and blood of Jesus Incarnate", Apologia I: 66; quoted in Piolanti, op. cit. 40.

(2) ANTONIO PIOLANTI, op. cit. 46.

എന്നു പറഞ്ഞുകൊണ്ടാണു വിശ്വാസികൾക്കു ദിവ്യകാരുണ്യം നല്കിയിരുന്നതു്. വിശ്വാസികൾ 'ആമ്മേൻ' പറഞ്ഞാണു സ്വീകരിച്ചിരുന്നതും. 'അനുകൂലിക്കുന്നു' എന്നു് അർത്ഥംവരുന്ന ആ 'ആമ്മേനി'ലൂടെ ദിവ്യകാരുണ്യത്തിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തെയാണു് അവർ ഏററുപറഞ്ഞതെന്നു് സെൻറ് അഗസ്റ്റിൻ പറയുന്നു(1).

എന്നാൽ, സഭയുടെ പാവനവും പുരാതനവുമായ പാരമ്പര്യങ്ങൾക്കും വിശ്വാസങ്ങൾക്കുമെതിരായി പതിനാറാംനൂററാണ്ടിലേ "വിപ്ലവകാരികൾ" ദിവ്യകാരുണ്യത്തെ തരംതാഴ്ത്താൻ സംഘടിതശ്രമം നടത്തിയതു നാം കണ്ടതാണല്ലോ. അവരുടെ അബദ്ധസിദ്ധാന്തങ്ങളാൽ സാമാന്യജനങ്ങൾ വഴിതെററിക്കപ്പെടാതിരിക്കുവാനും തന്റെ അമൂല്യവിശ്വാസത്തെ അഭംഗുരം സംരക്ഷിക്കുവാനുമായി സഭ മുന്നോട്ടിറങ്ങി. ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിന്റെ യഥാത്ഥസാന്നിധ്യം ഉണ്ടെന്നു ട്രെൻറു് കൗൺസിൽ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. അങ്ങനെ ബൈബിളിലും പാരമ്പര്യത്തിലും മാത്രമായിരുന്നതു സഭയുടെ വിശ്വാസപ്രമാണത്തിലേയും ഒരു വകുപ്പായി(2). 1551 ഒക്ടോബർ 11-ാംതീയതി കൂടിയ സമ്മേളനത്തിൽ പ്രഖ്യാപിക്കപ്പെട്ട ഡിക്രി ഇങ്ങനെ, സംക്ഷേപിക്കാം: ദിവ്യകാരുണ്യത്തിൽ ക്രിസ്തു

---

(1) Cf. ST. AUGUSTINE, *Contra Faustinum* 12; 10, quoted in Piolanti, op. cit. 47.

(2) Cf. JOSEPH MARIE NICHOLAS, op. cit. p. 30-31.

വിൻെറ യഥാൎത്ഥസാന്നിധ്യമുണ്ട് —ക്രിസ്തുവിൻെറ ശരീരവും രക്തവും മാത്രമല്ല, അഭേദ്യങ്ങളായ ആത്മാവും ദൈവസ്വഭാവവും. അപ്പത്തിൻേറയും വീഞ്ഞിൻേറയും അതേ സ്ഥാനത്താണു് — അവയുടെ ബാഹ്യരൂപങ്ങൾ മാറാതെതന്നെ—ക്രിസ്തുവിൻെറ സാന്നിധ്യം. അതിനാൽ, ആ സാന്നിധ്യം അപ്പത്തിൻേറയും വീഞ്ഞിൻേറയും സത്തയെ മാററിക്കളയുന്നു. സത്തയെ മാത്രം. അപ്പത്തിൻേറയും വീഞ്ഞിൻേറയും നിറവും മണവുമെല്ലാം നിലനില്ക്കുന്നു. അങ്ങനെ പ്രകൃതിയിൽ ഒററപ്പെട്ട ഒരു മാററം അവിടെനടക്കുന്നു. ഇതിനെ വസ്തുഭേദ (transubstantiation)മെന്നു വിളിക്കാം. ഈ വസ്തുഭേദം എങ്ങനെ നടക്കുന്നുവെന്നോ, വസ്തുഭേദം വരുത്തിവെക്കുന്ന 'പ്രശ്നങ്ങളെ' എങ്ങനെ പരിഹരിക്കാമെന്നോ കൗൺസിൽ പറയുന്നില്ല. എന്നാൽ, ഈ വസ്തുഭേദം എപ്പോൾ നടക്കുന്നു എന്നതു കൗൺസിൽ വ്യക്തമാക്കുന്നുണ്ട്. ക്രിസ്തു അവസാനയത്താഴത്തിൽവെച്ച് അപ്പത്തെ ശരീരവും വീഞ്ഞിനെ രക്തവും ആയി പകൎത്തിക്കൊണ്ട് ഉച്ചരിച്ച അതേ വാക്കുകൾ അതേപടി ഉച്ചരിക്കപ്പെട്ടപ്പോളാണു വസ്തുഭേദം നടക്കുന്നതും ക്രിസ്തുവിൻെറ സാന്നിധ്യം ഉണ്ടാകുന്നതും(1). പ്രോട്ടസ്റ്റൻറുകാർ പറയുന്നതുപോലെ 'ദിവ്യകാരുണ്യമനുഭവിക്കുന്നവൻെറ വിശ്വാസംമൂലം സ്വീകരണവേളയിൽ (in usu)അല്ല.

---

(1) Cf. JOSEPH MARIE NICHOLAS, op. cit. 33-34; ALDAMA op. cit. 258-59.

പിന്നീട് മോഡേണിസ്ററുകളും റാഷണലിസ്ററുകളും ദിവ്യകാരുണ്യത്തിനെതിരായി സ്വരമുയർത്തിയപ്പോൾ തിരുസ്സഭ തന്റെ നിലപാട് ഒന്നുകൂടി ഉറപ്പിച്ചുപ്രഖ്യാപിച്ചു(2).

## ദിവ്യകാരുണ്യത്തിന്റെ തിയോളജി

ദിവ്യകാരുണ്യംവഴിയായി ജീവിക്കുന്ന ക്രിസ്തുവിനെ കാണണമെങ്കിൽ വിശ്വാസത്തിന്റെ കണ്ണുകൾ ധരിച്ചേ പററൂ. അതു തികച്ചും ഒരു വിശ്വാസവിഷയമാണ്. എന്നാൽ, ആ ജീവിതം അസംഭവ്യമെന്നു പറയാൻ ആരും മുതിരരുതു്. ക്രിസ്തു ഒരപ്പത്തിന്റെ സാദൃശ്യത്തിൽ ആത്മശരീരങ്ങളോടെ എങ്ങനെ മുഴുവനായും ജീവിക്കുന്നു എന്നതു് അഗ്രാഹ്യവും പ്രകൃതിനിയമങ്ങൾക്കതീതവുമാണെന്നിരുന്നാലും അതിൽ യാതൊരു അസംഭവ്യതയുമില്ലെന്നു് എടുത്തുകാട്ടാൻ മനുഷ്യബുദ്ധിക്കു സാധിക്കും. ഇതാണു ദിവ്യകാരുണ്യത്തിന്റെ തിയോളജി സാധിക്കുക.

### അപ്പം ക്രിസ്തുവായി മാറുന്നു

ദിവ്യകാരുണ്യത്തെസ്സംബന്ധിച്ചിടത്തോളം രഹസ്യമിതാണ്: എങ്ങനെ അപ്പത്തിന്റേയും വീഞ്ഞിന്റേയും ബാഹ്യരൂപങ്ങൾക്കുള്ളിൽ ക്രിസ്തുവിന്റെ ശ

---

(2) PIUS XII, *Humani Generis*, D. 3018.

രീരരക്തങ്ങൾ സന്നിഹിതങ്ങളാകുന്നു? ഉത്തരമിതാണു്. അവിടെ ഒരു മാററം നടക്കുന്നു. അപ്പം ക്രിസ്തുവായി മാറുന്നു. കൂദാശവചനോച്ചാരണം ക്രിസ്തുവിനെ സ്വർഗ്ഗത്തിൽനിന്നു വിളിച്ചുവരുത്തുന്ന പ്രാർത്ഥനയല്ല; മറിച്ചു്, അപ്പത്തെ ക്രിസ്തുവിൻെറ ശരീരമാക്കിപ്പകർത്തുന്ന കല്പനയാണു്. എന്നാൽ, അതു നാം സാധാരണ പരിചയിച്ചിട്ടുള്ളതരം ഒരു മാററമല്ല. ഒരു വസ്തു മറെറാന്നായി മാറുമ്പോൾ അതിൻെറ ബാഹ്യഗുണങ്ങൾ ആദ്യം മാറുന്നു; മൂലപദാത്ഥം മാററമില്ലാതെയുമിരിക്കുന്നു. വെള്ളം നീരാവിയാകുമ്പോൾ ഇതാണു സംഭവിക്കുക. വെള്ളം വീഞ്ഞായി പകരുമ്പോഴോ?—വെള്ളത്തിൻെറ സത്തയും ഗുണങ്ങളും മാറുന്നു. ഇതൊന്നുമല്ല കൂദാശവചനോച്ചാരണത്തിൽ സംഭവിക്കുന്നതു്. അവിടെ സത്ത മാറുന്നു; ഗുണങ്ങൾ മാററമില്ലാതെ നില്ക്കുന്നു. തന്നെയുമല്ല, മാററമില്ലാത്ത ഗുണങ്ങൾ മാറിയ സത്തയുടേതൊട്ടാകുന്നുമില്ല. അവ ഒന്നിലും ആശ്രയിക്കാതെ അങ്ങനെ നില്ക്കുന്നു. അപ്പോൾ ഇതൊരു പ്രത്യേക മാററമാണു്. ഇതിനെയാണു്, ദൈവശാസ്ത്രത്തിൽ "വസ്തുഭേദം' എന്നു വിളിക്കുക.

എന്താണു വസ്തുഭേദം? ഒരു സാധനത്തിൻെറ വസ്തു (substance) മറെറാന്നിൻെറ വസ്തുവിനു വഴിമാറിക്കൊടുക്കുന്നു. 'വസ്തു' എന്നു പറയുമ്പോൾ ഇവിടെ ഉദ്ദേശിക്കുക ഒരു സാധനത്തെ അതാക്കുന്നതെന്തോ അതാണു്. അല്ലാതെ, അതിൻെറ നിറമോ രുചിയോ ആകൃതിയോ അല്ല.

ഇങ്ങനെ ഒരു മാററം സംഭവ്യമോ? തൊണ്ടുപൊളിക്കാതെ കാമ്പുതിന്നുന്നതുപോലെയാണല്ലോ ഇത്. അങ്ങനെതന്നെ. പക്ഷേ, കതകു തുറക്കാതെ അകത്തു കടന്നവന്(1) അതും സാധിക്കും. വസ്തുഭേദസിദ്ധാന്തത്തിൻെറ ഉപജ്ഞാതാവായ സെൻററ് തോമസ് പറയുന്നു: "Through the power of a finite agent no one form can be changed into another form; no one matter can be changed into another matter; but such a change can be effected through the power of an infinite agent, whose action extends over the whole realm of being"(2).

ദിവ്യകാരുണ്യത്തിലേ ക്രിസ്തുവിൻെറ യഥാൎത്ഥ സാന്നിധ്യത്തെ വിശദമാക്കാൻ ഏററവും പററിയ ഒന്നായി 'വസ്തുഭേദസിദ്ധാന്തം' സഭയുടെ ഔദ്യോഗിക പ്രബോധനത്തിൽ സ്ഥലംപിടിച്ചുകഴിഞ്ഞിട്ടുണ്ട്. ട്രെൻററ് കൗൺസിൽ പറയുന്നു: "അപ്പത്തിൻേറയും വീഞ്ഞിൻേറയും കൂദാശീകരണംകൊണ്ട് (consecration) അപ്പത്തിൻെറ മുഴുവൻ സത്തയും ക്രിസ്തുവിൻെറ ശരീരമായും വീഞ്ഞിൻെറ മുഴുവൻ സത്തയും അവിടുത്തെ രക്തമായും മാറുന്നു. ഈ മാററത്തിനു കത്തോലിക്കതിരുസ്സഭ നല്കുന്ന ഏററവും ശരിയായ പേർ "വസ്തുഭേദ"മെന്നാണ്(3). മാത്രമല്ല, കൂദാശവചനങ്ങളുടെ അൎത്ഥം (sense) ആവശ്യപ്പെടുന്നതും ഇങ്ങനെ ഒരു

(1) Jn. 20: 19.
(2) S. T. 3: 75: 2.
(3) D. 877.

മാററമാണല്ലോ. "ഇതു് എന്റെ ശരീരമാകുന്നു." അതായതു് അപ്പം ക്രിസ്തുവിന്റെ ശരീരമാകുന്നു. ആ വാക്യം ഉച്ചരിക്കുന്നതിനുമുമ്പു് വെറും അപ്പമായിരുന്നതു് ഉച്ചാരണത്തോടെ ക്രിസ്തുനാഥന്റെ ശരീരമാകുന്നു. അപ്പോഠം അപ്പംതന്നെ ശരീരമായി മാറണമല്ലോ. അപ്പത്തെ ചൂണ്ടിക്കൊണ്ടു് "ഇവിടെ എന്റെ ശരീരമുണ്ടു്" എന്നോ "ഇതിൽ എന്റെ ശരീരമുണ്ടു്" എന്നോ അല്ല ക്രിസ്തു പറഞ്ഞതു്. "ഇതു് എന്റെ ശരീരമാകുന്നു." അപ്പം ക്രിസ്തുവായിത്തീരുന്നു. അതേ, തീർച്ചയായും ഇവിടെ ഒരു വസ്തുഭേദമാണു സംഭവിക്കുന്നതു്(1).

## ദിവ്യകാരുണ്യത്തിലേ ക്രിസ്തുസാന്നിധ്യസ്വഭാവം

ദിവ്യകാരുണ്യത്തിൽ അപ്പത്തിന്റെ സാദൃശ്യത്തിൽ ക്രിസ്തു സന്നിഹിതനായിരിക്കുന്നു. എങ്ങനെയാണു സശരീരനായ ക്രിസ്തുവിനു് ഇതു സാധിക്കുക? വസ്തുഭേദതത്വമനുസരിച്ചു് അപ്പത്തിന്റെ സത്തക്കു മാററം വന്നിട്ടാണു ദിവ്യകാരുണ്യത്തിൽ ക്രിസ്തുസാന്നിധ്യമുണ്ടാകുന്നതെന്നു നാം കണ്ടു. അതിനാൽ ക്രിസ്തുവിന്റെ സാന്നിധ്യം ആ സത്തയുടെ സ്ഥാനത്തും ആ സത്തയുടേതുപോലെയും ആകുന്നു(2). മനുഷ്യശരീരത്തിൽ

---

(1) JOSEPH MARIE NICHOLAS, op. cit, p. 46.

(2) "A thing must *be* such as it was in *becoming*.' S. T. 3: 76: 4.

ആത്മാവെന്നപോലെ, അല്ലെങ്കിൽ അപ്പത്തിൽ അതിൻെറ സത്തയെന്നപോലെ, അപ്പത്തിൻെറ ബാഹ്യരൂപത്തിൽ ക്രിസ്തു ആയിരിക്കുന്നു. മുഴുവൻ ഓസ്തിയിലും ഓസ്തിയുടെ ഓരോ ഭാഗത്തിലും ക്രിസ്തു മുഴുവനായി സന്നിഹിതനാവുന്നു (Totus in toto et totus in qualibet parte) ക്രിസ്തുവിൻെറ ഈ സാന്നിധ്യത്തെ സത്താപരമായ സാന്നിധ്യമെന്നു വിളക്കാം (Per modum substantiae).

ഈ പ്രശ്നത്തെ ഡോം വോണിയേ (Dom Anscar Vonier) വേറൊരുതരത്തിൽ വിശദമാക്കുന്നു: ക്രിസ്തു ദിവ്യകാരുണ്യത്തിലായിരിക്കുന്നതു് അവിടുന്നു സ്വർഗ്ഗത്തിലായിരിക്കുന്നതുപോലെയല്ല; ആളൊന്നുതന്നെ: പക്ഷേ, സാന്നിധ്യസ്വഭാവത്തിൽ വ്യത്യാസമുണ്ടു്(1). സ്വർഗ്ഗത്തിൽ ക്രിസ്തു സ്വാഭാവികമായി വസിക്കുന്നു; ദിവ്യകാരുണ്യത്തിൽ കൂദാശപരമായും. കൂദാശപരമായ സാന്നിധ്യം (Sacramental presence) എന്നു പറഞ്ഞാൽ ഇതാണു്: ശിരസ്സിൽ വെള്ളമൊഴിച്ചു കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ ജ്ഞാനസ്നാനമെന്ന കൂദാശയാകുന്നു. ജ്ഞാനസ്നാനത്തിനു് അവിടെ അസ്തിത്വം ഉണ്ടാകുന്നു. അതു കൂദാശപരമായ അസ്തിത്വമാണു്. അതുപോലെ ദിവ്യകാരുണ്യവും

---

(1) "Christ cannot be present in his natural reality both in heaven and on earth; one natural and the other sacramental" *Dom Anscar Vonier*, The Key to the Doctrine of the Eucharist, London, Burns Oates.

ഒരു ക്രൂദാശയാണ്. അതിനാൽ, അപ്പവും വീഞ്ഞും ക്രൂദാശചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന ക്രിസ്തുസാന്നിധ്യം ക്രൂദാശപരമായ സാന്നിധ്യമാണ്(1).

ക്രിസ്തു ഒരേസമയം സ്വർഗ്ഗത്തിലും ദിവ്യകാരുണ്യത്തിലും ആയിരിക്കുന്നു; ഒരേസമയം പല തിരുവോസ്തികളിലും. ഇതെങ്ങനെ സാധിക്കും? ദൈവത്തിൻെറ സർവ്വവ്യാപിത്വംകൊണ്ടാണതെന്നു പറയുക വയ്യ. ദൈവത്തിൻെറ സർവ്വവ്യാപിത്വംകൊണ്ടുള്ളതിനെക്കാൾ മഹത്തരമായ ഒരു സാന്നിധ്യമാണല്ലോ ദിവ്യകാരുണ്യത്തിൽ.

ക്രിസ്തു ഒരേസമയം പല സ്ഥലങ്ങളിലായിരിക്കുന്നതു് അവിടെയെല്ലാം പോയിട്ടല്ല. ക്രിസ്തു ആദ്യം അപ്പത്തെ തൻെറ ശരീരമാക്കിപ്പകർത്തിയപ്പോൾ അവിടുന്നു തൻെറ സ്ഥാനത്തുനിന്നു് അപ്പത്തിൻെറ സാദൃശ്യങ്ങളിലേക്കു മാറിയില്ലല്ലോ. ദിവ്യകാരുണ്യത്തിൽ ക്രിസ്തുസാന്നിധ്യമുണ്ടാകുന്നതു ക്രിസ്തു സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നിട്ടല്ല, അപ്പം ക്രിസ്തുവായി മാറിയിട്ടാണു് ഓരോ അപ്പവും ക്രൂദാശവചനത്തിൻെറ ശക്തിയാൽ ക്രിസ്തുവായി മാറുന്നു. ഓരോ ക്രിസ്തുവായിട്ടല്ല, ഒരു ക്രിസ്തുവിൻെറ പലസാന്നിധ്യങ്ങളായിട്ട്. ഓരോ അപ്പവും ക്രിസ്തുവിൻെറ പല സാന്നിധ്യങ്ങളായിട്ട്. ഓരോ അപ്പവും ക്രിസ്തുവിൻെറ സത്താപരമായ ഒരു സാന്നിധ്യത്തിനു്—ക്രൂദാശപരമായ ഒരു

---

(1) Cf. DOM VONIER, op. cit.

സാന്നിധ്യത്തിന്—വഴിമാറിക്കൊടുക്കുന്നു. ഒരേസമയം പല മാമോദീസകൾ നടത്തുമ്പോൾ അവിടെല്ലാം മാമ്മോദീസാ ഉണ്ടല്ലോ. അതുപോലെ ദിവ്യകാരുണ്യ ക്രൂദാശയിലും.

വസ്തുഭേദംവഴി അപ്പത്തിൻെറ സത്തക്കുമാത്രമേ മാററമുണ്ടാകുന്നുള്ളൂ. അപ്പത്തിൻെറ ബാഹ്യരൂപങ്ങൾക്കു മാററമൊന്നും വരുന്നില്ല. ഈ ബാഹ്യരൂപങ്ങൾ വെറും ഗുണങ്ങളാണ്. ഗുണങ്ങൾക്കു നിലനില്ക്കാൻ സത്തയിന്മേൽ പിടിച്ചുനില്ക്കണം. അപ്പത്തിൻെറ സത്തയുമായുള്ള ബന്ധം വിടുമ്പോൾ എങ്ങനെ അവ നിലനില്ക്കുന്നു? ക്രിസ്തു അവയെ സ്വന്തമാക്കുന്നില്ല—ക്രിസ്തു വെളുത്തതല്ല; കനത്തതല്ല; വട്ടത്തിലുള്ളതുമല്ല. ആ ഗുണങ്ങൾ ദൈവശക്തിയാൽ അത്ഭുതകരമായി നിലനില്ക്കുന്നു.

എന്നാൽ, ക്രിസ്തുസാന്നിധ്യവുമായി അവയ്ക്കൊരു ബന്ധമുണ്ട്. അവ ക്രിസ്തുവിൻെറ സാന്നിധ്യത്തെ പ്രകടമാക്കുന്നു. അവ അപ്പത്തിൻേറതായിരുന്നപ്പോൾ അപ്പത്തിൻെറ സത്തയെ എങ്ങനെയോ അതുപോലെ ആ സത്തയുടെ സ്ഥാനത്തുവന്ന ക്രിസ്തുസാന്നിധ്യത്തെ ഒരു പ്രത്യേകസ്ഥാനത്തു പ്രതിഷ്ഠിക്കുന്നു. അങ്ങനെ, തിരുവോസ്തി എവിടെയോ അവിടെ ക്രിസ്തുവും എന്നു നാം ഗ്രഹിക്കുന്നു സക്രാരിയിൽ വെച്ചു പൂട്ടിയാൽ അതിനുള്ളിൽ (സ്നേഹത്തടവുകാരൻ); അരുളിക്കായിൽ വച്ചു പ്രതിഷ്ഠിച്ചാൽ അവിടെ; ഭക്ഷണമായി സ്വീകരിച്ചാൽ സ്വീകർത്താവിൽ.

## ദിവ്യകാരുണ്യത്തിൽ

### ക്രിസ്തു മുഴുവനായും വസിക്കുന്നു

ക്രൂദാശവചനങ്ങളാൽ അപ്പം ക്രിസ്തുവിൻെറ ശരീരമായും വീഞ്ഞ് അവിടുത്തെ രക്തമായുമല്ലേ മാറുന്നുള്ളൂ. പിന്നെ ദിവ്യകാരുണ്യത്തിൽ ക്രിസ്തു മുഴുവനായും വസിക്കുന്നതെങ്ങനെ? പറയാം. വസ്തുഭേദസിദ്ധാന്തമനുസരിച്ച്, അല്ലെങ്കിൽ, ക്രൂദാശവചനത്തിൻെറ ശക്തികൊണ്ട് (vi verborum) ക്രിസ്തുശരീരംമാത്രമേ സന്നിഹിതമാവുന്നുള്ളൂ. എന്നാൽ, സംയുക്തസാന്നിധ്യസിദ്ധാന്തമനുസരിച്ച (vi concomitantiae) ക്രിസ്തു മുഴുവനായും ദിവ്യകാരുണ്യത്തിൽ സന്നിധിചെയ്യുന്നുണ്ട്. ജീവിക്കുന്ന ശരീരത്തിൽ സത്ത എവിടെയോ അവിടെ അതിൻെറ ഗുണങ്ങളും ആയിരിക്കും. ശരീരം എവിടെയോ അവിടെ അതിൻെറ ആത്മാവും. ഇങ്ങനെ സംയുക്തമായ രണ്ടു വസ്തുക്കളിൽ ഒന്നെവിടെയോ അവിടെ മററതും ആയിരിക്കും എന്നതാണു സംയുക്തസാന്നിധ്യസിദ്ധാന്തം. ക്രിസ്തുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും അഭേദ്യമായി(1) (hypostatically) ബന്ധപ്പെട്ടിരിക്കുന്നതിനാൽ മനുഷ്യസ്വഭാവമുള്ളിടത്തു ദൈവസ്വഭാവവും ഉണ്ടായിരിക്കും. ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിൻെറ മാംസവും

---

(1) അഭേദ്യമായ ബന്ധം (hypostatic union) ഇല്ലാത്തതുകൊണ്ടാണു പിതാവും പരിശുദ്ധാത്മാവും ഈ സിദ്ധാന്തമനുസരിച്ചു സന്നിഹിതരാവാത്തതു്. Cf. PREUSS, op. cit. p. 92,

രക്തവുംമാത്രമല്ല, ശരീരവും ആത്മാവും ദൈവസ്വഭാവവും ഉണ്ടെന്നു പറയുന്നതു്. "ക്രിസ്തുവിൻെറ വ്യക്തിത്വത്തെ പൂർണ്ണമാക്കുന്നതെല്ലാം ശരീരത്തോടൊത്തു സന്നിധിചെയ്യുന്നു"(1). മനുഷ്യശരീരത്തിനു് അവശ്യം വേണ്ടതെല്ലാംആത്മാവിനു ചേർന്നതെല്ലാം, ക്രിസ്തുവിനെ വ്യക്തിയാക്കുന്നതെല്ലാം, ദൈവപുത്രനും മനുഷ്യപുത്രനും എന്ന നിലക്കു ക്രിസ്തുവിലുള്ളതെല്ലാം ദിവ്യകാരുണ്യത്തിലേ ക്രിസ്തുവിനും ഉണ്ടു്. കന്യകാമറിയത്തിൽനിന്നു ജനിച്ച അതേ ക്രിസ്തുതന്നെയാണു്, സ്വർഗ്ഗീയപിതാവിൻെറ വലത്തുഭാഗത്തു മഹത്വപൂർണ്ണനായി വാഴുന്ന അതേ ക്രിസ്തുതന്നെയാണു ദിവ്യകാരുണ്യത്തിലും വാഴുന്നതു്.

അപ്പോൾ അപ്പത്തേയും വീഞ്ഞിനേയും ശരീരരക്തങ്ങളായിമാത്രമേ മാററുന്നുള്ളു എങ്കിലും ക്രിസ്തു മുഴുവനായും അവിടെയുണ്ടു്. ഈ മുഴുവൻസാന്നിധ്യം അപ്പത്തിൻെറ സാദൃശ്യത്തിലുള്ള മാംസവും വീഞ്ഞിൻെറ രൂപത്തിലുള്ള രക്തവും കൂട്ടിവെച്ചാൽ മാത്രമല്ല ഉണ്ടാവുക. ക്രിസ്തു മുഴുവനായി തിരുവോസ്തിയിലും കാസായിലുംഉണ്ടു്(2). തിരുവോസ്തിമാത്രമെടുത്താൽ അതിൽ ക്രിസ്തു മുഴുവനുമുണ്ടു്. കാസമാത്രമെടുത്താലും അതിലും ക്രിസ്തു മുഴുവനായും സന്നിഹിതനാണു്. അതുകൊണ്ടു് അപ്പത്തിൻെറയോ വീഞ്ഞിൻേറയോ രൂപത്തിൽ ദിവ്യ

(1) THOMAS MERTON, *Living Bread* p. 63.
(2) D. 698.

കാരുണ്യം സ്വീകരിച്ചാൽമതി എന്നു സഭ പറയുന്നതു്. രണ്ടു രൂപങ്ങളിലും ദിവ്യകാരുണ്യം സ്വീകരിക്കാൻ സഭ അനുവദിക്കുന്നുണ്ടെങ്കിൽ, പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിൽ അതു് ദിവ്യകാരുണ്യത്തിനുള്ള വിരുന്നിന്റെ സ്വഭാവം വ്യക്തമാക്കാനാണു്. ആദ്യ ദിവ്യകാരുണ്യസ്വീകരണം രണ്ടു രൂപങ്ങളിലും ആയിരുന്നല്ലോ.

ഇനി, കൂദാശചെയ്ത അപ്പം പല കഷണങ്ങളായി ഭാഗിച്ചാൽ ഓരോ ഭാഗത്തിലും ക്രിസ്തു മുഴുവനായും ഉണ്ടോ? കൂദാശചെയ്ത വീഞ്ഞിൽനിന്നു വേർതിരിച്ചെടുത്ത ഓരോ തുള്ളിയിലും മുഴുവൻ ക്രിസ്തുവുമുണ്ടോ? ഉണ്ടെന്നാണുത്തരം. എത്രതന്നെ ചെറുതാകട്ടെ അപ്പത്തിന്റെയോ വീഞ്ഞിന്റെയോ അംശം, ക്രിസ്തു മുഴുവനായുമുണ്ടതിൽ(1). ക്രിസ്തുവിനു് ഒരിടത്തിരിക്കാൻ പ്രത്യേകസ്ഥലം ആവശ്യമില്ല. പരിമാണ (quantity) മുണ്ടെങ്കിലും ക്രിസ്തു ശരീരത്തിനു ദിവ്യകാരുണ്യത്തിൽ കൂദാശപരമായ സാന്നിധ്യമാണുള്ളതു്. അപ്പവും വീഞ്ഞുമാണു ശരീരരക്തങ്ങളായി മാറുന്നതു്. തിരുവോസ്തിയിൽനിന്നു വീണ തരികൾ അപ്പത്തിന്റേതാണെന്നു പറയാൻ സാധിക്കുമെങ്കിൽ തീർച്ചയായും അവയിൽ ക്രിസ്തു സാന്നിധ്യം—മുഴുവനായും—ഉണ്ടാകും.

അതുകൊണ്ടാണല്ലോ കൂദാശചെയ്ത അപ്പത്തിൽ

---

(1) D. 698.

നിന്നു വീഴുന്ന പൊടിയേയും കാസായിൽനിന്നു ചിതറുന്ന തുള്ളികളേയുമൊക്കെസ്സംബന്ധിച്ചു തിരുസ്സഭ ഇത്ര നിഷ്കർഷ കാണിക്കുന്നതു്.

## യഥാൎത്ഥസാന്നിധ്യത്തിൻെറ സമയപരിധി

ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിധ്യം സമ്മതിക്കുന്ന കൂട്ടത്തിലാണു മാർട്ടിൻ ലൂതർ. പക്ഷേ, ആ സാന്നിധ്യം കൂദാശവചനോച്ചാരണംകൊണ്ടാണെന്നു പറയുക വയ്യ. കാരണം, അപ്പത്തിൽ ക്രിസ്തു സന്നിഹിതനാവുന്നതു കൂദാശവചനോച്ചാരണവേളയിലല്ല; ആ അപ്പത്തെ വിശ്വാസികൾ വിശ്വാസത്തോടുകൂടി ഭക്ഷിക്കുമ്പോൾമാത്രം—ഉപയോഗിക്കുമ്പോൾമാത്രം (in usu non extra usum)—ആണെന്നത്രേ ലൂതറിൻെറ അഭിമതം(1).

എന്നാൽ, ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിൻെറ സാന്നിധ്യം കൂദാശവചനോച്ചാരണത്തോടെ ആരംഭിക്കുന്നു. അല്ലെങ്കിൽ ഈ കൂദാശവചനങ്ങൾക്കു് അൎത്ഥമില്ല—"ഇതു് എൻെറ ശരീരമാകുന്നു." "ഇതു് ആരെങ്കിലും ഭക്ഷിക്കുമ്പോൾ എൻെറ ശരീരമാകും" എന്നല്ലല്ലോ കൂദാശവചനം. ക്രിസ്തു അവസാനയത്താഴത്തിൽ വച്ചു് അപ്പം കൂദാശചെയ്തു കുറച്ചുസമയം കഴിഞ്ഞതിനശേഷമാണു ശ്ലീഹന്മാർ അതു ഭക്ഷിക്കുന്നതു്. അപ്പം

(1) Cf. Formula of Concord (A. D. 1577) quoted in PREUSS, op. cit. p. 129.

തൻെറ ശരീരമാണെന്നു പറഞ്ഞാണു് അവർക്കു ഭക്ഷിക്കാൻകൊടുത്തതു്. ശ്ലീഹന്മാർ കരുതിയതും അതാണു്. ഭക്ഷിക്കുമ്പോൾ ക്രിസ്തുവിൻെറ ശരീരമായിക്കൊള്ളും എന്നല്ല. വീഞ്ഞിൻെറ കാര്യത്തിൽ ഇതു കുറേക്കൂടി വ്യക്തമാണു്. ക്രിസ്തുപറയുന്നു: "ഇതിൽനിന്നു കുടിക്കുവിൻ; എന്തുകൊണ്ടെന്നാൽ, ഇതു് എൻെറ രക്തമാകുന്നു."

കൂദാശവചനോച്ചാരണത്തോടെ ആരംഭിച്ച യഥാർത്ഥസാന്നിധ്യം എപ്പോഴെങ്കിലും ഇല്ലാതാവുമോ? ഉവ്വ. അപ്പത്തിൻെറ ബാഹ്യഗുണങ്ങൾ രൂപാന്തരപ്പെട്ടു് അപ്പത്തിൻേറതല്ലാവുമ്പോൾ, അതായതു് അപ്പമായി തോന്നിയിരുന്നതു് അപ്പമല്ല എന്നു നമ്മെക്കൊണ്ടു പറയിക്കുമ്പോൾ, ക്രിസ്തുസാന്നിധ്യം ഇല്ലാതാവുന്നു.

ഇതനുസരിച്ചാണു് ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം പതിനഞ്ചുമിനിട്ടുസമയത്തോളം ക്രിസ്തുവിൻെറ യഥാർത്ഥസാന്നിധ്യത്തിലാണു് ഒരുവൻ എന്നു പറയുക. അതുപോലെ കൂദാശചെയ്ത തിരുവോസ്തികൾ ഒരുമാസത്തിൽക്കൂടുതൽ വച്ചുസൂക്ഷിക്കുവാൻ അനുവദിക്കാത്തതിൻേറയും കാരണമിതാണു്. യഥാർത്ഥസാന്നിധ്യത്തിൻെറ പ്രസ്തുത സ്വഭാവമാണു് സഭയിൽ നിലവിലിരിക്കുന്ന ദിവ്യകാരുണ്യഭക്തിപ്രകടനങ്ങൾക്കെല്ലാം അടിസ്ഥാനം.

# II

# ദിവ്യകാരുണ്യബലി

ദൈവം സകലത്തിൻേറയും അതിനാഥനാണ്. സചേതനങ്ങളും അചേതനങ്ങളുമായ എല്ലാവസ്തുക്കളും അവിടുത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. എന്നാൽ, പ്രത്യേകമായ ഒരു ആശ്രയബന്ധമാണ് മനുഷ്യനു ദൈവത്തോടുള്ളതു്; കാരണം, അവിടുന്ന് അവനെ തൻെറ ഛായയിൽ സൃഷ്ടിച്ചു, സ്വഭാവത്തിൽ കുറെയൊക്കെ പങ്കുകാരനാക്കി(1). മനുഷ്യനെ മനുഷ്യനാക്കുന്ന അവൻെറ ആത്മാവിനു ദൈവത്തോടു പലവിധത്തിൽ സാമ്യമുണ്ടു്, ബന്ധമുണ്ടു്. വിവേചനശക്തിയുള്ളവനാകയാൽ ഈ ബന്ധത്തെക്കുറിച്ചു് അവൻ ബോധവാനാണ്.

ഇതിനെ ബാഹ്യമായി പ്രകടിപ്പിക്കുവാനുള്ള വാസനയും ആഗ്രഹവും അവനിൽ സ്വാഭാവികമായി അലിഞ്ഞുചേൎന്നിട്ടുണ്ടു്. ഈ ഉദ്ദേശാഭിനിവേശത്തിൽനിന്നുൽ

---

(1) Cfr: Gen. 1, 26.

ഭൂതമാകുന്നവയാണു മതാനുഷ്ഠാനങ്ങൾ. ഇവയിൽ ഏററവും പ്രധാനപ്പെട്ടതു് ബലിയാണു്; കാരണം, ദൈവത്തോടുള്ള മനുഷ്യൻെറ ആശ്രിതത്വം അതു് ഏററവും കൂടുതൽ വ്യക്തമാക്കുന്നു. ആദിമമനുഷ്യരായ ആദത്തിൻേറയും ഹവ്വായുടെയും മക്കൾ ആടുകളെക്കൊണ്ടും ഫലമൂലാദികളെക്കൊണ്ടും ദൈവത്തിനു ബലിയർപ്പിച്ചു എന്നു സൃഷ്ടിയുടെ പുസ്തകം പറയുന്നു(1). നോഹ് പെട്ടകത്തിൽനിന്നും ഇറങ്ങിയ ഉടനെ ബലിയർപ്പിക്കുകയാണു ചെയ്തതു്(2). ശുദ്ധിയുള്ള എല്ലാ വർഗ്ഗങ്ങളിൽനിന്നും മൃഗങ്ങളെ എടുത്താണു് നോഹ് ബലി അർപ്പിച്ചതു്. അതിൽ ദൈവം പ്രസാദിച്ചു. ജലപ്രളയത്താൽ ലോകത്തെ ഇനി നശിപ്പിക്കുകയില്ലെന്നു വാഗ്ദാനം ചെയ്തു.

യുദ്ധത്തിൽ ജയിച്ചു വന്ന അബ്രാഹത്തെ അഭിനന്ദിക്കുവാൻ, അതിനു കാരണമാക്കിയ ദൈവത്തെ സ്തുതിക്കുവാൻ, വെലോ എന്ന അയൽരാജ്യത്തെ രാജാവായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടു് അർപ്പിച്ച ബലിയാണു ബൈബിളിൽ പറയുന്ന മറെറാരു ബലി(3). രക്തം ചിന്താത്ത ആ ബലി അൾത്താരയിലെ ഇന്നത്തെ ബലിയുടെ ഒരു പൂർവ്വരൂപമാണു്.

പൂർവ്വപിതാവായ അബ്രാഹം ദൈവത്തിനു പലപ്പോഴും ബലിയർപ്പിച്ചതായി വി. ഗ്രന്ഥത്തിൽ നാം

(1) സൃഷ്ടി, iv, 3-4.
(2) „ viii, 20-21.
(3) „ xiv, 19-19.

വായിക്കുന്നു. ദൈവം ബലി ആഗ്രഹിച്ചിരുന്നുവെന്നതിന് അനേകം ഉദാഹരണങ്ങൾ നമുക്കിവിടെ കാണുവാൻ സാധിക്കും. ദൈവം നേരിട്ട് അബ്രാഹത്തോട് ഒരിക്കൽ കല്പിക്കുകയുണ്ടായി. "മൂന്നുകൊല്ലം പ്രായമുള്ള ഒരു പശു, അത്രയും വയസ്സെത്തിയ ഒരു പെണ്ണാട്, ഒരു മുട്ടാട്, ഒരു പ്രാവ് എന്നിവയെ നീ എടുക്കുക" (1). അബ്രാഹം അപ്രകാരം അവയെക്കൊണ്ടു ദൈവത്തിനു ഹോമബലിയർപ്പിച്ചു.

ഇനിയും സൃഷ്ടിയുടെ 22-ാം അധ്യായത്തിൽ നാം കാണുന്നു അബ്രാഹത്തിൻെറ അരുമസന്താനമായ ഇസഹാക്കിനെ ബലിയർപ്പിക്കുവാൻ ദൈവകല്പനയുണ്ടായി എന്നു്. ബലിപൂർത്തിയാകുന്നതിനുമുൻപ് ദൈവം അതു തടയുകയും അബ്രാഹം ഒരു മുട്ടാടിനെ പകരം ബലിയർപ്പിക്കുകയുംചെയ്തു.

എങ്ങനെയാണ് ബലിയർപ്പിക്കേണ്ടതു്, ആരാണ് ബലിയർപ്പിക്കേണ്ടതു് എന്നു ദൈവം നേരിട്ട് ഉപദേശം നല്കിയിരുന്നു. ലേവി, സംഖ്യ ഈ പുസ്തകങ്ങൾ ഇങ്ങനെയുള്ള വിവരണങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ്. അഹറോനും അദ്ദേഹത്തിൻെറ ഗോത്രത്തിൽപ്പെട്ടവരുമാണ് ദൈവം ഔദ്യോഗികമായി നിയോഗിച്ച പുരോഹിതന്മാർ. പിന്നീടു ലേവിയുടെ ഗോത്രത്തിൽപ്പെട്ടവരേയും ദൈവം തിരഞ്ഞെടുത്തു.

പലകാര്യങ്ങൾക്കുവേണ്ടിയാണ് അന്നു ബലി

(1) സൃഷ്ടി, xv, 9.

യർപ്പിച്ചിരുന്നതു്: പാപത്തിനു പൊറുതി കിട്ടുവാൻ, കൊടുങ്കാററു ശമിക്കുവാൻ, യുദ്ധത്തിൽ ജയിച്ചതിനു ദൈവത്തിനു നന്ദി പറയുവാൻ എന്നുതുടങ്ങി പലതിനും. അന്നു പ്രചാരത്തിലിരുന്ന ബലികളെ രണ്ടായി തിരിക്കാം. രക്തബലിയും നീരക്തബലിയും. ഏതെങ്കിലും മൃഗത്തെ ബലിയർപ്പിക്കുന്നതു് രക്തബലിയാണു്. ഈ ബലിക്കായിരുന്നു കൂടുതൽ പ്രചാരം. ഫലമൂലാദികളെക്കൊണ്ടും എണ്ണ, പാൽ, വീഞ്ഞു് എന്നിവയെക്കൊണ്ടും ബലിയർപ്പിച്ചിരുന്നു. രക്തബലിയോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ ചുരുക്കമായേ ഉണ്ടായിരുന്നുള്ളു.

ശ്ലോമ്മോൻെറ കാലംമുതൽ യഹൂദന്മാർക്കും ബലിയർപ്പിക്കുന്നതിനുള്ള പ്രധാനസ്ഥലം ജറൂസലം ദൈവാലമായിരുന്നു. അനേകംനൂററാണ്ടുകാലത്തേക്കു് അതങ്ങനെ തുടർന്നുപോന്നു. ക്രിസ്തുവിൻെറ ജനനത്തോടടുത്തു് യോഹന്നാൻെറ പിതാവായ സഖറി അവിടത്തെ പുരോഹിതനായിരുന്നു എന്നു വി. ലൂക്കായുടെ സുവിശേഷം ഒന്നാം അദ്ധ്യായം സാക്ഷിക്കുന്നു ദിവസേന അവിടെ ബലിയർപ്പണം ഉണ്ടായിരുന്നു. ക്രിസ്തുവിൻെറ കാലത്തും ഇതു തുടർന്നുപോന്നു. ഇങ്ങനെ, ആദിമമനുഷ്യരായ ആദത്തിൻേറയും ഹവ്വായുടേയും കാലം തുടങ്ങി ക്രിസ്തുവരെ മനുഷ്യർ നിരന്തരം ദൈവത്തിനു ബലിയർപ്പിച്ചിരുന്നു എന്നു കാണാം.

പുരാതനകാലത്തെ ഈജിപ്തുകാരുടെ ചരിത്രം പരിശോധിക്കുമ്പോൾ അവർ പരാശക്തിക്കു ബലിയർപ്പിച്ചിരുന്നു എന്നു കാണാം. നരബലിക്കായിരുന്നു അന്നു

കൂടുതൽ പ്രചാരം. അനേകായിരംകൊല്ലം പഴക്കമുള്ള ഹിന്ദുമതചരിത്രം സാക്ഷിക്കുന്ന ആദിമകാലംമുതൽ ഇന്നുവരെ ആ മതത്തിൽ ബലിയർപ്പണമുണ്ടെന്നു്. ഗ്രീക്കുകാരുടേയും റോമാക്കാരുടേയും ചരിത്രം ബലിയർപ്പണത്തെ സ്ഥിരീകരിക്കുന്നു. അതുകൊണ്ടാണു 18 നൂററാണ്ടുകൾക്കുമുൻപു ജീവിച്ചിരുന്ന ഗ്രീക്കുചരിത്രകാരനായ പ്ളൂട്ടാർക്കു് അന്നറിയപ്പെട്ടിരുന്ന ലോകം മുഴുവനും ചുററിസഞ്ചരിച്ചതിനുശേഷം ഇങ്ങനെ എഴുതിവച്ചതു്: "നിങ്ങൾ ലോകത്തിൻെറ എവിടെ പോയാലും കോട്ടകൾ, കൊട്ടാരങ്ങൾ, നാടകശാലകൾ, സാഹിത്യങ്ങൾ, ശാസ്ത്രങ്ങൾ, നാണയങ്ങൾ മുതലായവ ഒരുപക്ഷേ ദർശിച്ചില്ലെന്നു വരാം. എന്നാൽ പുരോഹിതന്മാരും അൾത്താരകളും ബലികളുമില്ലാത്ത നഗരങ്ങളോ ദേശങ്ങളോ നിങ്ങൾക്കു കാണുവാൻ സാധിക്കുകയില്ല".

ദൈനംദിനം അൾത്താരകളിൽ നാം ദർശിക്കുന്ന ബലിയാണു് ഇവിടത്തെ പ്രധാന പ്രതിപാദ്യം. അൾത്താരയിലെ ബലിയെപ്പററി സമഗ്രമായി അറിയണമെങ്കിൽ ക്രിസ്തു ആദ്യമായി അർപ്പിച്ച ബലിയെക്കുറിച്ചു ശരിയായ ധാരണയുണ്ടാകണം. അതിനു മുമ്പു എന്താണു ബലി എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

"ദൈവത്തിൻെറ പരമാധികാരത്തെ ഏററുപറയുന്നതിനു യോഗ്യനായ ശുശ്രൂഷി ഏതെങ്കിലും ദൃശ്യവസ്തുവിനെ ദൈവത്തിനു സമർപ്പിച്ചു രൂപാന്തരം വരു

ത്തുന്നതാണു ബലി". ഒരു ബലിക്കു പ്രധാനമായി നാലു ഘടകങ്ങളാണുള്ളതു്: 1) ദൃശ്യവസ്തു 2) യോഗ്യനായ ശുശ്രൂഷി 3) വസ്തുവിന്റെ രൂപാന്തരം 4) ദൈവത്തിന്റെ പരമാധികാരത്തേയും അതോടൊന്നിച്ചു് അവിടുത്തെ മഹത്വത്തേയും ഏററു പറയൽ.

## 1 ബലിവസ്തു

വി. പൌലോസ് ബലിവസ്തുവിനെപ്പററി ഇപ്രകാരം പറയുന്നു: "പ്രധാനാചാര്യനായ ഏവനും കാഴ്ചകളും ബലികളും സമർപ്പിക്കുവാനായി നിയമിക്കപ്പെടുന്നു. ഇതിനാൽ സമർപ്പിക്കുവാനായി എന്തെങ്കിലും തനിക്കു് ഉണ്ടായിരിക്കുക ഇവനും ആവശ്യകമായിരുന്നു(1). ബലിവസ്തു ദൃശ്യവും അതേസമയം കഴിയുന്നിടത്തോളം വിശിഷ്ടവുമായിരിക്കണം. സൃഷ്ടികളിൽ ഏററവും വിശിഷ്ടവസ്തുവായ മനുഷ്യനെ ബലിയിടുക സാധാരണഗതിയിൽ സാദ്ധ്യമല്ല എന്നതു വ്യക്തമാണു്. അതിനാൽ മനുഷ്യജീവനെ നിലനിറുത്തുന്നതും ശരീരത്തെ പോഷിപ്പിക്കുന്നതുമായ സാധനങ്ങൾ ബലിയർപ്പിക്കുന്ന സമ്പ്രദായം പുരാതനകാലംമുതൽ നടപ്പിൽ വന്നു.

മൃഗങ്ങൾ മനുഷ്യന്റെ ഭക്ഷണസാധനങ്ങളിൽ ഉൾപ്പെടുന്നവയാണല്ലോ; എന്നാൽ, ഭക്ഷണസാധനങ്ങൾ

(1) Heb 8, 3.

ബലിവസ്തുക്കളായതോടുകൂടി മൃഗബലി സർവ്വസാധാരണമായിത്തീർന്നു. മൃഗത്തെ ബലിയിടുവാൻ മറെറാരു കാരണംകൂടി ഉന്നയിക്കാറുണ്ടു്. ജീവനെ അടിസ്ഥാനപ്പെടുത്തി വസ്തുക്കളെ തരംതിരിക്കുമ്പോൾ മനുഷ്യജീവൻ കഴിഞ്ഞാൽ അടുത്തപടിയിൽ നില്ക്കുന്നതു് മൃഗജീവനാണു്. അതിനാൽ, മനുഷ്യൻകഴിഞ്ഞാൽ ഏററവും വൈശിഷ്ട്യമുള്ള ജീവികളായ മൃഗങ്ങളെ ദൈവത്തിനു ബലിയർപ്പിക്കുക യുക്തമെന്നു മനസ്സിലാക്കി.

അർപ്പിതവസ്തു ഏതായാലും ഒരു വ്യക്തിയുടെ കൈവശമുള്ളതിൽവച്ചു് ഏററവും വിശിഷ്ടമായതായിരിക്കണം. ദൈവത്തിൻെറ മഹത്വത്തെ പരിഗണിക്കുമ്പോൾ അതു് ആവശ്യകമാണു്. കൃഷിയിൽനിന്നു ലഭിച്ച നല്ല ഫലങ്ങളെ ദൈവത്തിനു സമർപ്പിക്കാതിരുന്നതിനാൽ കായേൻെറ ബലി ദൈവത്തിനു പ്രീതികരമായില്ല.

## 2 യോഗ്യനായ ശുശ്രൂഷി

ബലിയർപ്പിക്കുന്നതു് അതിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള വ്യക്തിയായിരിക്കണം. കാരണം, ബലി ഒരു സാമൂഹ്യ പടങ്ങാണു്. സമൂഹത്തിനുവേണ്ടിയാണു ബലിയർപ്പിക്കപ്പെടുന്നതു്. ഇസ്രായേൽവംശത്തിൽ ദൈവം നിയോഗിച്ച ആദ്യപുരോഹിതനാണു് അഹറോൻ. ജനങ്ങളുടെ മുമ്പിൽവെച്ചു്, ദൈവകല്പനപ്രകാരം മോസസ് അദ്ദേഹത്തെ അഭിഷേകം ചെയ്തതായി

ലേവിയുടെ പുസ്തകം എട്ടാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ലേവിയുടെ ഗോത്രത്തിൽപ്പെട്ടവരായിരുന്നു ദൈവത്താൽ ഔദ്യോഗികമായി നിയോഗിക്കപ്പെട്ട പുരോഹിതന്മാർ.

## 3. രൂപാന്തരം

ബലി പൂർണ്ണമാകണമെങ്കിൽ ബലിവസ്തുവിനു മാററം വരിക ആവശ്യകമാണു്. ഒരു വസ്തുവിന്റെ സമർപ്പണംമാത്രം ബലിയാകുകയില്ല. പഴയനിയമത്തിൽ ജീവനുള്ള ബലിവസ്തുക്കളെ ബലിവേദിയിൽവെച്ചു കൊന്നു തീകുണ്ഡത്തിൽ ഹോമിക്കുകയായിരുന്നു പതിവു്. ഇവിടെ മാററം ദൃശ്യമാണു്. എന്നാൽ അതു് അദൃശ്യമായവിധത്തിൽ സംഭവിച്ചാലും മതി. ബലിവസ്തു ദൃശ്യമായിരിക്കണം എന്നേയുള്ളൂ, രൂപാന്തരം ദൃശ്യമായിരിക്കണമെന്നില്ല.

## 4. ദൈവത്തിന്റെ പരമാധികാരവും ബലിയും

ബലിയുടെ സർവ്വപ്രധാനമായ ലക്ഷണമാണു് ദൈവത്തിന്റെ പരമാധികാരത്തെ ഏററുപറയുകയെന്നതു്. അതായതു് നമ്മുടെ സ്രഷ്ടാവും പരിപാലകനും അവിടുന്നാണു്. നമ്മുടെ ജീവന്റേയും മരണത്തിന്റേയും കാരണഭൂതൻ അവിടുന്നുതന്നെ. നമ്മുടെ വിധിയാളനും, സ്വർഗ്ഗമോ നരകമോ നല്കുന്നവനും ദൈവംതന്നെ. അ

തിനാൽ നമ്മുടെമേൽ പരമാധിപത്യമാണ് അവിടു ത്തേക്കുള്ളതു്. ബലിക്കു പല ഉദ്ദേശ്യങ്ങളുണ്ടു്. എ ന്നാൽ, അവയുടെയെല്ലാം അടിസ്ഥാനമായി നിലകൊ ള്ളുന്നതു പരമാധികാരം ഏററു പറയുക എന്നതാണ്. അതിനാൽ നിർവചനത്തിൽ ഇതു് എടുത്തുപറഞ്ഞി രിക്കുന്നു.

ദൈവത്തെക്കൂടാതെ മനുഷ്യനു ജീവിക്കുക സാധ്യ മല്ല. എന്തുകൊണ്ടെന്നാൽ, അവൻെറ അസ്തിത്വകാര ണംതന്നെ ദൈവമാണ്. ആകയാൽ, മനുഷ്യൻ ദൈവ ത്തെ ആശ്രയിച്ചു നിലകൊള്ളുന്നു. ഈ ആശ്രയബന്ധ മാണു ബലിയർപ്പണത്തിനടിസ്ഥാനം.

## തിരുവത്താഴത്തിലെ ബലി

അഞ്ചപ്പംകൊണ്ടു അയ്യായിരംപേരെ തീററി വിശ പ്പടക്കിയതിനുശേഷം ക്രിസ്തു താൻ കൊടുക്കാനിരിക്കുന്ന അപ്പത്തെപ്പററി സംസാരിച്ചു(1). തൻെറ ശരീരരക്ത ങ്ങൾ ഭക്ഷണമായി നല്കുമെന്നു് അവിടുന്നു് അവ രോടു വാഗ്ദാനംചെയ്തു. അവസാനയത്താഴത്തിൽവച്ചാ ണ് അവിടുന്നു് അതു നിറവേററിയതു്. സുവിശേഷ കനും തിരുവത്താഴത്തിൽ പങ്കുകാരനും ആയിരുന്ന വി. മത്തായി ആ രംഗം വിവരിക്കുന്നതു് എങ്ങനെയെന്നു മുന്നൊരദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.

---

(1) Jo. 6, 9—64.

ക്രിസ്തു ബലിയപ്പിക്കുകയാണു് ഇവിടെ ചെയ്തതു്. കാൽവരിയിലേ ബലിക്കുമുമ്പുള്ള ഒരു ബലി. ഇതിൽ ബലിയുടെ എല്ലാഘടകങ്ങളും പൂണ്ണമായി നിറവേററിയിട്ടുള്ളതായി സൂക്ഷ്മമായി പരിശോധിച്ചാൽ കാണുവാൻ സാധിക്കും.

1) അവസാനയത്താഴത്തിൽ പ്രധാന കാർമ്മികൻ ക്രിസ്തുവായിരുന്നു എന്നതു ആരുംതന്നെ ചോദ്യം ചെയ്യുകയില്ല(1). ദൈവത്തെ മഹത്വപ്പെടുത്തുകയും പരമാധികാരം ഏററു പറയുകയും ആയിരുന്നു അതിൻെറ ഉദ്ദേശ്യം. ദൈവത്തിനു സ്തോത്രം ചൊല്ലിയതായി സുവിശേഷകൻ പ്രത്യേകം എടുത്തുപറയുന്നു. 2) ഇവിടെ ഒരു ബലിസമപ്പണമാണു നടന്നിരിക്കുന്നതു്. എല്ലാ ബലികളുടേയും പരമമായ ഉദ്ദേശ്യം പരമാധികാരം ഏററുപറയലാണല്ലോ. അതിനാൽ സ്തോത്രം ചൊല്ലിയതുമാത്രമേ സുവിശേഷകൻ ഉദ്ധരിച്ചിട്ടുള്ളുവെങ്കിലും പരമാധികാരം ഏററു പറയൽ അന്തർഭവിച്ചിരിക്കുന്നു.

3) ബലിവസ്തു ക്രിസ്തുവായിരുന്നു. അപ്പത്തിൻെറ സാദൃശ്യത്തിൽ അവിടുത്തേ ശരീരവും, വീഞ്ഞിൻെറ സാദൃശ്യത്തിൽ അവിടുത്തേ രക്തവും അവിടുന്നു നല്കി. പഞ്ചേന്ദ്രിയങ്ങൾക്കഗോചരമായിരുന്നു ബലിവസ്തുവിൻെറ യഥാത്ഥരൂപം. ക്രിസ്തു ദൈവമായതിനാൽ അവിടുത്തേക്കസാദ്ധ്യമായി ഒന്നുമില്ലല്ലോ. നിഷ്കൃഷ്ടാർത്ഥത്തിൽ അവ അവിടുത്തേ ശരീരവും രക്തവുമായി സ്ഥിതിചെയ്യുന്നു വിവക്ഷ.

---

(1) Mt. 26, 26—28.

4) ബലിവസ്തുവിനു യഥാൎത്ഥരൂപാന്തരം ഇവിടെ സംഭവിച്ചിട്ടുണ്ടു്. എന്നാൽ, അതു ദൃശ്യമായിരുന്നില്ല. മൗതികമായവിധത്തിൽ (Mystical immolation) രൂപാന്തരപ്പെടുകയാണുണ്ടായതു്. അതിനാൽ അതു ക്രിസ്തുവിന്റെ ശക്തിയേറിയ വാക്കുകളാൽ ശരീരരക്തങ്ങളായി മാറി; അദൃശ്യമായ വിധത്തിൽ രക്തം ശരീരത്തിൽനിന്നു വേർതിരിഞ്ഞു എന്നും അങ്ങനെ ബലിവസ്തുവിനു മാററം വന്നിരിക്കുന്നു എന്നും സൂചിപ്പിക്കുവാനായി വിഭിന്ന വസ്തുക്കൾതന്നെ അൾത്താരയിലെ ബലിയിലും ക്രിസ്തു സ്വീകരിച്ചു.

## ഗാഗുൽത്തായിലെ ബലി

പിറേറ ദിവസം അവിടുന്നു ഗാഗുൽത്തായിൽ ബലിയൎപ്പിച്ചു; ഘോരമായ പീഡാസഹനത്തിനുശേഷം അവിടുന്നു കുരിശിൽ മരിച്ചു; "പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഏല്പിക്കുന്നു"(1) എന്നു പറഞ്ഞുകൊണ്ടു് അവിടുന്നു ജീവൻ വെടിഞ്ഞു. ഏററവും പരിപൂൎണ്ണമായ ഒരു ബലിയാണു ക്രിസ്തു അവിടെ അർപ്പിച്ചതു്. അതേവരെ ലോകം ദർശിച്ചിട്ടുള്ളതിൽവെച്ചു് ഏററവും വിശിഷ്ടമായ ബലിയും അതുതന്നെ.

---

(1) Lk. xxiii, 26.

**1. ബലിവസ്തു:** ഏററവും ഉത്തമം. മനുഷ്യത്വം സ്വീകരിച്ച ദൈവസുതൻ.

**2. അർപ്പകൻ:** ക്രിസ്തുതന്നെ. ദൈവമായ ക്രിസ്തുവിനു് അതു സാധ്യമായിരുന്നു.

**3. ബലിവസ്തുവിൻെറ രൂപാന്തരം:** ഇതു വളരെ വ്യക്തമാണിവിടെ. അവസാനത്തുള്ളി രക്തവും ക്രിസ്തുവിൻെറ ശരീരത്തിൽനിന്നു വാർന്നുപോയി. ഒടുവിൽ പിതാവിൻെറ കൈകളിൽ സ്വജീവൻ അവിടുന്നേൽപ്പിച്ചു. ഈശോയുടെ തിരുശരീരം അവിടുത്തെ സ്നേഹിതൻ സംസ്കരിച്ചതു സുവിശേഷത്തിൽനിന്നു വ്യക്തമാണു്. ഇവിടെ ബലിവസ്തുവിനും പരിപൂർണ്ണമായ രൂപാന്തരം ഉണ്ടായി. അതു ദൃശ്യവുമാണു്.

**4. ഉദ്ദേശ്യം:** ഒരു സമ്പൂർണ്ണബലിയുടെ എല്ലാ ഉദ്ദേശ്യങ്ങളും ഗാഗുൽത്തായിലെ ബലിയിൽ അടങ്ങിയിട്ടുണ്ടു്: ദൈവത്തെപ്പോലെ ആയിത്തീർന്നു ദൈവത്തിൻെറ പരമാധികാരത്തെ ചോദ്യംചെയ്യുന്നതിനാണു് ആദം കനി ഭക്ഷിച്ചതു്. ആദംചെയ്തതു തെററാണെന്നും ദൈവം സർവ്വാധിപനാണെന്നും ഏററുപറയുകയാണു ക്രിസ്തു ഈ ബലിവഴി ഉദ്ദേശിച്ചതു്. ആദത്തിൻേറയും മനുഷ്യവർഗ്ഗം മുഴുവൻേറയും പാപപരിഹാരത്തിനായി ക്രിസ്തു ആ ബലിയെ പരമപിതാവിനു സമർപ്പിച്ചു. ദൈവത്തോടുള്ള കൃതജ്ഞത വ്യക്തമാക്കുന്നതിനായി ലോകാവസാനംവരെ ഈ ബലി തുടർന്നുകൊണ്ടുപോകുവാൻ ശ്ലീഹന്മാരെ അവിടുന്നു നിയോഗിച്ചു.

# അൾത്താരയിലെ ബലി

"ദൈവത്തിന്ന നമ്മുടെമേലുള്ള പരമാധികാരത്തെ ഏററുപറയുന്നതിനും കുരിശിലെ ബലിയുടെ അനന്ത ഫലങ്ങളെ വിനിയോഗിക്കുന്നതിനുംവേണ്ടി നിയമാനു സൃതം നിയുക്തനായ വൈദികൻ അപ്പത്തിൻേറയും വീ ഞ്ഞിൻേറയും ക്രൂദാശകർമ്മംവഴി ക്രിസ്തുവിനെ ബലി യർപ്പിക്കുന്ന വിശുദ്ധമായ ശുശ്രൂഷയാണ് അൾത്താര യിലെ ബലി"(1).

ഒരു യഥാർത്ഥബലിയാണ് അൾത്താരയിൽ നട ക്കുന്നതു്. ഒരു ബലിയുടെ എല്ലാ ഘടകങ്ങളും അവിടെ നിറവേറുന്നുണ്ട്. ചില ഘടകങ്ങൾ അദൃശ്യമായതി നാൽ സൂക്ഷ്മമായ പരിശോധന ആവശ്യകമാണ്.

## 1) ബലിവസ്തു

ബലിവസ്തുവില്ലാതെ ബലിയില്ല: ക്രിസ്തുവാണു കുർബ്ബാനയിലെ ബലിവസ്തു. കാൽവരിയിൽ ബലിവസ്തു വായിത്തീർന്ന അതേ ക്രിസ്തു, ആ ദൈവമനുഷ്യൻ ഇ ന്നും സജീവനായിത്തന്നെ ബലിയർപ്പിക്കപ്പെടുകയാണ്. അപ്പത്തിൻേറയും വീഞ്ഞിൻേറയും ആഗന്തുകങ്ങളിൽ അവിടുന്നിപ്പോൾ മറയ്ക്കപ്പെട്ടിരിക്കുന്നു.

---

(1) Cfr. *Joseph de Aldama S. J.* de S. S. Euchari-stia, para 149.

ക്രിസ്തു കുർബാനയിൽ ബലിയർപ്പിക്കപ്പെടുന്നില്ല എന്നു പ്രോട്ടസ്റ്റൻറുകാർ വാദിക്കുന്നു. 16-ാംനൂററാണ്ടിൽ കൂടിയ ത്രെന്തോസ് സൂനഹദോസ് ഇവരുടെ പഠനം തെററാണെന്നു വാദിക്കുകയും ക്രിസ്തുവാണ് ബലിവസ്തു എന്നതു് ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുകയുംചെയ്തു.

ദിവ്യവിരുന്നിനു ഭാഗഭാക്കുകളാകുന്നവർ ക്രിസ്തുവിൻെറ ശരീരത്തിലും രക്തത്തിലും പങ്കുപററുന്നു എന്നാണ് വി. പൗലോസ് വ്യക്തമാക്കുന്നതു് (1). ആകയാൽ, ഇപ്രകാരം ഭാഗഭാഗിത്വം ഉണ്ടാകണമെങ്കിൽ യഥാർത്ഥക്രിസ്തുവായിരിക്കണം ഈ ബലിവസ്തു. ഇന്നത്തെ കുർബ്ബാനയുടെ ആദ്യരൂപമാണ് ഒന്നാംനൂററാണ്ടിലേ ദിവ്യവിരുന്ന്. ക്രിസ്തു ചെയ്തതുപോലെയും, അവിടുന്നു ചെയ്യുവാൻ കല്പിച്ചതുപോലെയും അധികാരമുള്ള വ്യക്തി അപ്പം ആശീർവദിച്ചു മുറിച്ച് അവിടെ കൂടിയിരുന്നവർക്കു ഭാഗിച്ചുകൊടുക്കുകയും അതേപ്രകാരം തന്നെ വീഞ്ഞു ആശീർവ്വദിച്ചു പാനംചെയ്യാൻ കൊടുക്കുകയും ആ ദിവ്യവിരുന്നിലേ പ്രധാന ചടങ്ങായിരുന്നു. ഇന്നത്തെ ദിവ്യബലിയിലും അപ്രകാരമാണു സംഭവിക്കുന്നതു്. അതിനാൽ യഥാർത്ഥ ക്രിസ്തുവാണു ബലിവസ്തു.

അവസാനയത്താഴത്തിൽവച്ച് അപ്പവും വീഞ്ഞും തൻെറ ശരീരരക്തങ്ങളാക്കിപ്പകർത്തിയതിനു

---

(1) I Cor. x, 14-22.

ശേഷം അപ്രകാരം ചെയ്യുന്നതിനുള്ള അധികാരം ക്രിസ്തു അപ്പോസ്തലന്മാർക്കു നല്കി(1). ആ കല്പനയുടെ നിർവ്വഹണമാണു ഇന്നത്തെ കുർബ്ബാന. അതിനാൽ ക്രിസ്തു തന്നെയാണ് കുർബ്ബാനയിലെ ബലിവസ്തു. പഴയനിയമത്തിൽ പല ബലിവസ്തുക്കൾ ഉണ്ടായിരുന്നു. എന്നാൽ, പുതിയനിയമത്തിൽ ഒന്നുമാത്രമേയുള്ളൂ; അതാണു ക്രിസ്തു(2). പുതിയ നിയമത്തിൽ യഥാർത്ഥമായ ഒരു ബലിമാത്രമേ ഉള്ളൂ; അതാണു പരിശുദ്ധ കുർബാന(3). ഒരു ബലിയും ഒരേ ബലിവസ്തുവും ഉള്ളസ്ഥിതിക്കു് ആ ബലിയിലെ ബലിവസ്തു ക്രിസ്തുതന്നെ ആകുക ആവശ്യകമാണു്. അതിനാൽ, കുർബാനയിലെ ബലിവസ്തു ക്രിസ്തുവാകുന്നു.

## 2. ബലിയർപ്പകൻ

ക്രിസ്തുതന്നെയാണു് അർപ്പകനും. ഗാഗുൽത്താമലയിൽ ക്രിസ്തുതന്നെയായിരുന്നു ബലിയർപ്പകൻ. അപ്രകാരംതന്നെ ഇവിടെയും. എന്നാൽ, ഇപ്പോൾ അവിടുന്നു പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരനല്ല. വൈദികനാണു് ഇന്നു് ആ സ്ഥാനത്തു നില്ക്കുക. ക്രിസ്തുവിന്റെ ആജ്ഞാനുസാരം വർത്തിക്കുകയാണു വൈദികൻ. ക്രിസ്തുവിനെ പ്രധാനാർപ്പകനെന്നും (offerens principalis)

---

(1) Lc. xxii, 19.
(2) Hebr. x, 12.
(3) Mal. 1, 11.

വൈദികനെ ശുശ്രൂഷകാർപ്പകനെന്നും (offerens ministerialis) വിളിക്കാവുന്നതാണ്. ക്രിസ്തുവാണ പ്രധാന അർപ്പകൻ എന്നതു് ഒരു വിശ്വാസസത്യമാണ്.

പുതിയനിയമത്തിൽ ഒരേ ഒരു പൗരോഹിത്യമേയുള്ളു—ക്രിസ്തുവിന്റെ പൗരോഹിത്യം(1). ഒരു ബലിമാത്രമേയുള്ളുവെന്നു് മുൻപു വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതിനാൽ ആ ബലിയുടെ അർപ്പകൻ ക്രിസ്തുവായിരിക്കാതെ നിവൃത്തിയില്ല.

കുരിശിലേ ബലിയുടെ അർപ്പകൻ ക്രിസ്തുവാണ്. കുർബാന കുരിശിലേ ബലിയുടെ നവീകരണമാണല്ലോ. ആകയാൽ ക്രിസ്തുവാണ കുർബാനയിലേയും അർപ്പകൻ.

## 3. ബലിവസ്തുവിന്റെ രൂപാന്തരം

കുർബാനയുടെ കാതലായ ഭാഗം അപ്പവും വീഞ്ഞും ക്രൂദാശ ചെയ്യുന്ന സമയമാണ്. കാൽവരിബലിയുടെ സന്നിധാനവും നവീകരണവും ഇവിടെയാണ നിറവേറുന്നതു്. ഈ വസ്തുത പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പ മേദിയാത്തോർ ദേയി (Mediator Dei) എന്ന ചാക്രികലേഖനത്തിൽ വ്യക്തമാക്കുന്നുണ്ടു്.

അപ്പവും വീഞ്ഞും ക്രൂദാശചെയ്യപ്പെടുന്നതു് ഒരേ ക്രൂദാശകർമ്മമായി കണക്കാക്കപ്പെടുന്നു. ഇതിനെ ക്രൂദാ

(1) Hebr. vii, 23, 27.

ശദ്വയം (Consecratio gemina) എന്നു വിളിക്കാം. ബലിവസ്തുവിൻെറ സമർപ്പണം, ബലിവസ്തുവിനു വരുന്ന മാററം ഇവ രണ്ടും ഈ ക്രദാശദ്വയത്തിലുണ്ട്. ഓരോന്നും വെവ്വേറെയല്ല, രണ്ടുംകൂടി ഒന്നിച്ച്. കാൽവരിയുടെ വെറും ആവർത്തനമല്ല; വസ്തുനിഷ്ഠമായ ഒരാവർത്തനം. എന്നാൽ, ഇവിടെ സംഭവിക്കുന്നതു് മൗതികമായ (Mystical level) ഒരു വിതാനത്തിലാണെന്നു മാത്രം. അതിനാൽ കാൽവരിയുടെ യഥാർത്ഥവും സജീവവുമായ ആവർത്തനമുണ്ടെങ്കിലും പഞ്ചേന്ദ്രിയങ്ങൾക്കു് അതു ഗോചരമല്ല.

## 4. കുർബാനയുടെ പരമമായ ഉദ്ദേശ്യം ദൈവത്തിൻെറ പരമാധികാരം ഏററുപറയുകഎന്നതാണു്.

പൊതുവായി, കുർബാനയുടെ ഉദ്ദേശ്യങ്ങൾ നാലാണു്—ദൈവത്തെ ആരാധിക്കുക, അവിടത്തേയ്ക്കു നന്ദി പ്രകാശിപ്പിക്കുക, പാപത്തിനു പരിഹാരം ചെയ്യുക, സർവ്വശക്തനായ അവിടത്തെ പക്കൽനിന്നു നമുക്കാവശ്യമായ ദാനങ്ങൾ യാചിക്കുക. ഇതിൽവച്ച് ഏററവും പ്രധാനപ്പെട്ടതു് ആരാധനയാണു്. ദൈവത്തിനു നമ്മുടെമേലുള്ള പരമാധികാരത്തെ ഏററു പറയുകയാണു് ആരാധനവഴി ചെയ്യുന്നതു്. ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നതു് പത്തുകല്പനകളിൽ ആദ്യത്തേതാ

ണല്ലോ(1). അതിനാൽ ദൈവത്തിനുമാത്രമേ ബലിയർപ്പിക്കുവാൻ പാടുള്ളൂ.

ഒരു വ്യക്തി നമുക്ക് ഉപകാരം ചെയ്യുമ്പോൾ ആ വ്യക്തിയോടു നന്ദിയുണ്ടാകുക സ്വാഭാവികമാണല്ലോ. നിമിഷംപ്രതി നിരവധി നന്മകൾ ദൈവം മനുഷ്യനു നല്കുന്നു. പഴയനിയമത്തിൽ അനേകം ബലികൾ ഈ ഉദ്ദേശ്യത്തെ മുൻനിറുത്തി, അർപ്പിച്ചിരുന്നതായി കാണാം. ജലപ്രളയത്തിൽനിന്നു നോഹിനേയും കൂട്ടരേയും രക്ഷിച്ചതിനു നന്ദി പ്രകാശിപ്പിക്കുവാൻ, പെട്ടകത്തിൽനിന്ന് ഇറങ്ങിയ ഉടനെ നോഹ് ദൈവത്തിനൊരു ബലിയർപ്പിച്ചു(2). ഏസാവുവിന്റെ കോപത്തിൽനിന്നു രക്ഷിച്ചതിനു നന്ദി പറയുവാൻ യാക്കോബും ദൈവത്തിനു ബലിയർപ്പിച്ചു(3).

നോഹ് പെട്ടകത്തിൽനിന്ന് ഇറങ്ങിയ ഉടനെ ബലിയർപ്പിച്ചതു് നന്ദിപ്രകാശിപ്പിക്കാനായിരുന്നു. എന്നാൽ, പാപപരിഹാരത്തിനുള്ള ബലികളെപ്പററി ലേവായക്കാരുടെ പുസ്തകം നാലും അഞ്ചും അധ്യായങ്ങളിൽ നീണ്ട വിവരണങ്ങൾ കാണാം. ഇവയെ പരിഹാരബലികൾ (Propitiatory Sacrifices) എന്നുപറയുന്നു. ഈ വീക്ഷണത്തിൽക്കൂടി ദർശിക്കുമ്പോൾ കാൽവരിബലിയിൽ പരിഹാരസ്വഭാവമാണു മുന്നിട്ടുനില്ക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. ആദംചെയ്ത പാപ

(1) Exo. 20, 5.
(2) Gen. viii, 20.
(3) Gen. xxxiii, 20.

ത്തിനു പരിഹാരം ചെയ്യുകയായിരുന്നു ഈശോ തൻെറ പീഡാനുഭവവും കുരിശുമരണവുംവഴി. എന്നാൽ, ഇക്കാരണത്താൽ അനുഗ്രഹയാചന, കൃതജ്ഞതാപ്രകടനം എന്നിവയ്ക്കു് ആനുപാതികമായി യാതൊരു കുറവും വന്നിട്ടില്ല. പക്ഷേ, പഴയനിയമത്തിൽ നന്ദിപ്രകാശനത്തിനു ബലിയർപ്പിക്കുന്നയാൾ പരിഹാരത്തിൻെറ കാര്യം കണക്കിലെടുക്കാറില്ലായിരുന്നു; ദൈവത്തിൻെറ പരമാധികാരത്തെ ഏററുപറയുകയെന്നതു് ഏതു ബലിയുടേയും സ്വഭാവമാണു്.

മോസസ് അഹറോനെ പുരോഹിതനായി ദൈവകല്പനപ്രകാരം അഭിഷേകം ചെയ്തതിനുശേഷം അഹറോൻെറമേൽ ദൈവാനുഗ്രഹം ഉണ്ടാകുന്നതിനായി ബലിയർപ്പണമാണു നടത്തിയതു്(1) ദൈവത്തെ പ്രസാദിപ്പിക്കുക, അവിടുത്തെ പക്കൽനിന്നും തനിക്കാവശ്യമുള്ള കാര്യങ്ങൾ യാചിക്കുക, അതിനായി ബലിയർപ്പിക്കുക; ഇങ്ങനെയുള്ളവയാണു് അനുഗ്രഹലബ്ധിക്കായുള്ള ബലികൾ.

പഴയനിയമത്തിലേ ബലിയേക്കാൾ ചില പ്രത്യേകതകളുണ്ടു് പുതിയനിയമത്തിലേ ബലിയായ കുർബാനക്കു്. അവിടെ ഓരോ ബലിയും ഓരോ ഉദ്ദേശ്യത്തെയാണു സൂചിപ്പിച്ചിരുന്നതു്. എന്നാൽ, ഇവിടെ ഒരു ബലിയിൽ എല്ലാ ഉദ്ദേശ്യങ്ങളും അടങ്ങിയിരിക്കുന്നതായി നമുക്കു ദർശിക്കുവാൻ സാധിക്കും. എല്ലാ ബ

(1) Cfr Exo. 29, 10.

ലികളേയും അതിലംഘിക്കുന്ന ഒരു ബലി ലോകത്തി ൻെറ എല്ലാ ഭാഗങ്ങളിലും എപ്പോഴും അർപ്പിക്കപ്പെടും എന്നു പരിശുദ്ധകുർബാനയെക്കുറിച്ചുള്ള മലാക്കിയസ് ദീർഘദർശിയുടെ പ്രവചനത്തിൽനിന്നും ഇക്കാര്യം വ്യക്തമാണു്(1). പഴയനിയമത്തിൽ ഓരോ ഉദ്ദേശ്യത്തിനുമായി പല ബലികൾ ഉണ്ടായിരുന്നു. എന്നാൽ, എല്ലാ ഉദ്ദേശ്യങ്ങളും ഉൾക്കൊള്ളുന്ന ബലികൾ ഉണ്ടായിരുന്നില്ല. കുർബാന, ബലികളുടെ ബലിയായതിനാൽ പഴയനിയമത്തിലേ ബലികളുടെ സ്വഭാവം മുഴുവനും അതിലുണ്ടായിരിക്കണം. പഴയനിയമത്തിൽ നാലുകാര്യങ്ങൾക്കായി ബലിയർപ്പിച്ചിരുന്നുവെന്നു് ആദ്യം പറഞ്ഞതിൽനിന്നു വ്യക്തമാണല്ലോ. സഭാപിതാക്കന്മാരുടെ അഭിപ്രായം കുർബാനയുടെ ഈ നാലു ഉദ്ദേശ്യങ്ങളെ സ്ഥിരീകരിക്കുന്നു. വി. അഗസ്റ്റിൻ പറയുന്നു: "ദൈവവുമായി നമുക്കുള്ള അദൃശ്യബന്ധം കുർബാന ദൃശ്യമാക്കുന്നു"(2) എന്നു്. നാമെല്ലാവരും ദൈവത്തിൽ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു എന്നാണു് വി. അഗസ്റ്റിൻ ഇവിടെ വിവക്ഷിക്കുന്നതു്. ബലിയുടെ ആരാധനാഘടകം ഇതു സൂചിപ്പിക്കുന്നു. ജറുസലമിലേ വി. സിറിൽ തുടങ്ങി അനേകം പിതാക്കന്മാർ ഇക്കാര്യം എടുത്തു പറയുന്നുണ്ടു്.

നാം ദൈവത്തോടു കൃതഘ്നരാകാതിരിക്കുന്നതിനായി അവിടുത്തേക്കു കുർബാനയർപ്പിക്കുക ആവശ്യക

(1) Malachias 1, 11
(2) R: 1744

മാണെന്നു വി. ഇഗ്നേഷ്യസ്, വി. ജസ്റ്റിൻ, തെർത്തുല്യൻ എന്നിവർ എഴുതുന്നു(1).

പാപങ്ങൾക്കു ഉചിതമായ പരിഹാരം ചെയ്യുന്നതിനായി ക്രിസ്തു കർബാനയിൽ ബലിയർപ്പിക്കപ്പെടുന്നു (2). ദൈവികസഹായം ആവശ്യമുള്ളവർക്കുവേണ്ടി കർബാനയർപ്പിക്കപ്പെടുന്നു(3). എന്നിങ്ങനെ ജറൂസലമിലെ വി. സിറിൽ, മഹാനായ വി. ഗ്രിഗരി തുടങ്ങിയവർ അഭിപ്രായപ്പെടുന്നു.

സഭയുടെ ആരാധനക്രമം പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാവും. കർബാനയിൽ ഈ നാലു കാര്യങ്ങൾക്കുവേണ്ടിയും അനേകം പ്രാർത്ഥനകൾ ഉണ്ടു്. ഏതു റീത്തിൽപ്പെട്ട കർബാനയായാലും ഇവയെല്ലാംതന്നെ കാണുവാൻ സാധിക്കും. ആദ്യനൂററാണ്ടുകളിലാണു കർബാനക്രമം രൂപം കൊണ്ടതു്. അന്നുമുതൽ ഈ ഘടകങ്ങൾ എല്ലാം ഉണ്ടായിരുന്നുവെങ്കിൽ, കർബാനയുടെ തുടക്കംമുതൽ ഇക്കാര്യങ്ങൾക്കുവേണ്ടിയാണു് ദിവ്യബലി ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നു വ്യക്തമാണു്.

പതിനാറാംനൂററാണ്ടിൽ പ്രോട്ടസ്റ്റൻറുകാർ പറഞ്ഞു, കർബാന പാപങ്ങളുടെ പരിഹാരത്തിനു് ഉതകുന്നതല്ല എന്നു്. ഉടൻതന്നെ ത്രെന്തോസ് സൂനഹദോസ് ഉറപ്പിച്ചു പറഞ്ഞു കർബാന പാപപരിഹാരത്തിനു് ഉതകുന്നതാണെന്നു്, ആരാധന പരമപ്രധാനമാണെന്നു്;

---

(1) R: 135
(2) R: 853
(3) R: 851

കൃതജ്ഞതാപ്രകാശനം, അനുഗ്രഹയാചന ഇവ ഉൾക്കൊള്ളുന്നതാണെന്ന്. ഈ നാലു കാര്യങ്ങളും വിശ്വാസസത്യമാണ്. ത്രേന്തോസ് സൂനഹദോസാണ് ഇതിനു നിർവ്വചനം നല്കിയത്.

# ദിവ്യകാരുണ്യകൂദാശയുടെ കർമ്മസാധനവും കർമ്മസ്വരൂപവും

## 1. കർമ്മസാധനം (Matter)

അപ്പവും വീഞ്ഞുമാണ് കുർബാനയിലെ കർമ്മസാധനം. ദിവ്യകാരുണ്യക്കൂദാശയുടെ വാസ്തവികതയ്ക്കും കൂദാശകർമ്മത്തിന്റെ അനുവദനീയതക്കുമായി കർമ്മസാധനങ്ങളുടെ സ്വഭാവത്തിലും ഉപയോഗത്തിലും ചില വ്യവസ്ഥകൾ സഭ നിർദ്ദേശിക്കുന്നുണ്ട്.

### *a*) *അപ്പം*

കൂദാശയുടെ വാസ്തവികതയ്ക്ക് അപ്പം കോതമ്പുമാവിൽനിന്നുണ്ടാക്കിയതായിരിക്കണമെന്ന വ്യവസ്ഥയുണ്ട്. മറേറതൊരു ധാന്യത്തിൽനിന്നായാലും ഈ കൂദാശയുടെ കർമ്മസാധനമാവില്ല. ഈ കൂദാശയുടെ സ്ഥാപനത്തിൽ ക്രിസ്തുനാഥൻ ഉപയോഗിച്ച അപ്പം കോതമ്പുകൊണ്ടുള്ളതായിരുന്നു എന്നതാണ് ഈ വ്യവസ്ഥയ്ക്കു ദൃശ്യമായ ആധാരം. ലോകത്തിൽ ബഹുഭൂരിപക്ഷം ആ

ളുകളുടേയും പ്രധാന ആഹാരം കോതമ്പാണെന്നതും മ
റെറാരു കാരണമായെടുക്കാം.

*പുളിച്ചതും പുളിക്കാത്തതും*

ലത്തീൻറീത്തിൽ പുളിക്കാത്ത അപ്പവും പൗരസ്ത്യ റീത്തുകളിൽ പുളിച്ച അപ്പവുമാണ് ഉപയോഗിച്ചുവരുന്നത്. രണ്ടുകൂട്ടരും പ്രതീകാത്മകങ്ങളായ വ്യാഖ്യാനങ്ങൾ അവയ്ക്കു കൊടുത്തിട്ടുണ്ട്. പുത്രൻതമ്പുരാൻ മിശ്രമല്ലാത്ത ശുദ്ധ മാംസം ധരിച്ചതിനെയാണ് ഉപ്പുകൂടാത്ത ശുദ്ധകോതമ്പുകൊണ്ടുള്ള അപ്പം അനുസ്മരിപ്പിക്കുന്നതെന്നു പടിഞ്ഞാറൻസഭകൾ വ്യാഖ്യാനിക്കുന്നു. കിഴക്കൻസഭകളാകട്ടേ, ദൈവവചനം മാംസം ധരിച്ചതിനെയാണു മാവിനോട് ഉപ്പുചേർത്തുണ്ടാക്കുന്ന അപ്പം സൂചിപ്പിക്കുന്നതെന്നും വ്യാഖ്യാനിക്കുന്നു(1).

*b) വീഞ്ഞു്*

കൂദാശയുടെ വാസ്തവികതയ്ക്കു് മുന്തിരിപ്പഴങ്ങളിൽ നിന്നെടുത്ത സ്വാഭാവികവീഞ്ഞുവേണമെന്നാണു വ്യവസ്ഥ. മുന്തിരിവീഞ്ഞാണു ക്രിസ്തുനാഥനും ഉപയോഗിച്ചതു്. ദൈവരാജ്യം വരുന്നതുവരെ താൻ മുന്തിരിഫലത്തിൽനിന്നു കുടിക്കുകയില്ല എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ ഇതിനുപോദ്ബലകമാണു്(2). ഈ

(1) Cfr. Summa, 3q. 74. a. 4.
(2) ലൂക്കാ. 22-18.

ദിവ്യക്രൂദാശ ആത്മാവിലുളവാക്കുന്ന ആനന്ദത്തെ സമ്യ ക്കായി ദ്യോതിപ്പിക്കുന്നതും മുന്തിരിവീഞ്ഞുതന്നെ. 'വീഞ്ഞു് മനുഷ്യഹൃദയത്തെ ആനന്ദിപ്പിക്കുന്നു'(1) എന്നു സങ്കീർത്തകൻ പറയുന്നുണ്ടല്ലോ.

*c) വെള്ളം*

കർമ്മസാധനമായ വീഞ്ഞിനോടുകൂടി വെള്ളം ചേർക്കുക ക്രൂദാശയുടെ വാസ്തവികതയെ ഉദ്ദേശിച്ചല്ല. വിരുന്നിൽ വീഞ്ഞിനോടു വെള്ളവും കൂട്ടിക്കലർത്തി ഉപയോഗിച്ചിരുന്ന യഹൂദാചാരത്തെ അനുകരിച്ചു ക്രിസ്തുനാഥനും അപ്രകാരം ചെയ്തിരിക്കണം എന്ന നിഗമനമാണു് ഇതിനടിസ്ഥാനം. ഈ വെള്ളംചേർക്കലിനു് ഭക്തിപരമായ പല വ്യാഖ്യാനങ്ങളും പില്ക്കാലത്തുണ്ടായിട്ടുണ്ടു്. കുരിശിൽ മരിച്ചുകിടന്ന ക്രിസ്തുനാഥൻെറ തിരുവിലാവു കുത്തിപ്പിളർക്കപ്പെട്ടപ്പോൾ രക്തത്തോടൊപ്പം നിർഗ്ഗമിച്ച ജലത്തേയും ദിവ്യരഹസ്യങ്ങളിൽ വിശ്വാസികൾക്കുള്ള ഭാഗഭാഗിത്വത്തേയും ഇതനുസ്മരിപ്പിക്കുന്നു എന്നുംമററും.

***കർമ്മസാധനത്തിൻെറ അളവു്***

ക്രൂദാശയ്ക്കു് എടുക്കുന്ന കർമ്മസാധനത്തിൻെറ അളവു് വിശ്വാസികളുടെ ആവശ്യത്തിനാനുപാതികമായിരിക്കണം. എത്ര വലിയ പരിമാണം കർമ്മസാധനം ഉപയോഗിച്ചാലും അതു ക്രൂദാശയുടെ വാസ്തവികതയെ

(1) സങ്കീർത്തനം, 103-15.

ഹനിക്കുകയില്ല. എന്നാൽ, അനാദരമോ നിന്ദനമോ തോന്നത്തക്കവിധത്തിൽ അങ്ങനെ ചെയ്യുന്നതു പാപകരമായിത്തീരാം.

## 2. കർമ്മരൂപം (Form)

കൂദാശയുടെ കർമ്മരൂപം അതിന്റെ സ്ഥാപനവേളയിൽ ക്രിസ്തുനാഥൻ അപ്പവും പാനപാത്രവും പ്രത്യേകം പ്രത്യേകം എടുത്തുകൊണ്ടു് അവയുടെമേൽ ഉച്ചരിച്ച അതേ വാക്യങ്ങൾതന്നെയാണു(1). ഒരു തരത്തിലുള്ള അത്ഥഭേദവും അതിൽ വരുത്തിക്കൂടാ. കൂദാശമൊഴികൾക്കുമുമ്പു് സ്ഥാപന വിവരവും കൂദാശമൊഴികൾക്കുശേഷം കല്പനാനുസ്മരണയും ചേർക്കാറുണ്ടു്.

എപ്പിക്ലേസിസ് (Epiclesis), അഥവാ, രൂഹാക്ഷണം: 'എപ്പിക്ലേസിസ്' എന്ന ഗ്രീക്കുപദത്തിനത്ഥം 'ക്ഷണം' 'സഹായാഭ്യർത്ഥന', 'വിളിച്ചപ്രാത്ഥന' എന്നൊക്കെയാണു്. കർബാനയിൽ, അപ്പത്തിന്റേയും വീഞ്ഞിന്റേയുംമേൽ ഇറങ്ങി അവയെ ക്രിസ്തുവിന്റെ തിരുശ്ശരീരരക്തങ്ങളായി മാററുവാൻ പരിശുദ്ധാത്മാവിനോടുചെയ്യുന്ന പ്രാത്ഥനയെയാണു് ഈ വാക്കുകൊണ്ടു് പൗരസ്ത്യാരാധനക്രമങ്ങളിൽ വിവക്ഷിക്കുക. പൗരസ്ത്യ ഓർത്തഡോക്സ്സഭയിൽ ഈ പ്രാത്ഥന കൂദാശയുടെ

---

(1) Cfr. മത്താ. 26: 26-28. മാക്കോസ് 14: 22-24, ലൂക്കാ. 22: 19-20. I കൊറി. 11: 23-26.

കർമ്മരൂപമായി പരിഗണിക്കപ്പെടുന്നു. സ്ഥാപനാവസരത്തിൽ ക്രിസ്തു അപ്പത്തിന്റേയും വീഞ്ഞിന്റേയും മേൽ ഉച്ചരിച്ച വാക്കുകൾ കുർബാനയിൽ വെറും ചരിത്രപരമായ ഒരോർമ്മപുതുക്കൽമാത്രമാണെന്നു് അവർ വിശ്വസിക്കുന്നു.

എന്നാൽ, ആദ്യകാലങ്ങളിൽ റൂഹാക്ഷണം കുദാശയുടെ കർമ്മരൂപമായി കരുതപ്പെട്ടിരുന്നില്ലെന്നതാണു വാസ്തവം. പ്രത്യുത, വിശുദ്ധ രഹസ്യങ്ങളിൽ യോഗ്യതയോടുകൂടി ഭാഗഭാക്കുകളാകുന്നതിനു കാർമ്മികന്റേയും സന്നിഹിതരായിട്ടുള്ള മററാളുകളുടേയുംമേൽ പരിശുദ്ധാത്മാവിറങ്ങി അവരെ വിശുദ്ധീകരിക്കുവാനുള്ള യാചനയായിരുന്നു അതു്.

ഈ രണ്ടാമതുപറഞ്ഞ അത്ഥത്തിൽപ്പോലും റൂഹാക്ഷണം ബലിയുടെ ഒരു മൂലഘടക(Primitive element) മായിരുന്നോ എന്നതു് ഇനിയും വിവാദവിഷയമാണു്(1). ഏതായാലും, കുദാശചെയ്യലിനു റൂഹാക്ഷണം ആവശ്യകമല്ലെന്നു കത്തോലിക്കാസഭ അസന്ദിഗ്ദ്ധമായി പഠിപ്പിക്കുന്നുണ്ടു്.

---

(1) Cfr. Benedict Stenar, The Development of Christian Worship. p. 152.

III

# ബലിയിലേ

# സജീവ ഭാഗഭാഗിത്വം

ആരാധനക്രമത്തിൽ ഇന്നു കാണുന്ന നവോത്ഥാനം സംജാതമായതു് വി. പത്താംപിയൂസിൻെറ കാലം മുതലാണെന്നു പറയാം. അനുദിനദിവ്യകാരുണ്യത്തിൻെറ പാപ്പായെന്ന അപരനാമത്താൽ അറിയപ്പെടുന്ന അദ്ദേഹം ദിവ്യരഹസ്യങ്ങളിൽ സജീവമായി സഹകരിക്കുവാൻ (to Co-operate in the Sacred Mysteries) വിശ്വാസികളെ ആഹ്വാനംചെയ്തു. യഥാർത്ഥമായ ക്രൈസ്തവചൈതന്യത്തിൻെറ സർവ്വപ്രധാനവും ഒഴിച്ചുകൂടുവാൻ പാടില്ലാത്തതുമായ ഉറവിടം സഭയുടെ ദിവ്യരഹസ്യങ്ങളിലും ആഘോഷപൂർവകവും പരസ്യവുമായ പ്രാർത്ഥനകളിലുമുള്ള വിശ്വാസികളുടെ സജീവഭാഗഭാഗിത്വമാണു്(1). തുടർന്നു ഭരിച്ച പാപ്പാമാരെല്ലാം

(1) Pius X Motu Proprio, 1903.

തന്നെ ലിററർജിക്കൽ നവോത്ഥാനത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. പീയൂസ് പതിനൊന്നാമന്റെ പ്രസ്താവന സ്മരണീയമാണ്. "ഭക്തിയുടെ ഉറവിടമായ കുർബാനയിൽ പങ്കുചേർന്നുകൊണ്ട് ചൈതന്യമുററവരായിത്തീരുവാനാണു വിശ്വാസികൾ ആരാധനാസ്ഥലങ്ങളിലേക്കു വരുന്നത്. ആകയാൽ, വിശ്വാസികൾ കേവലം അപരിചിതരേപ്പോലേയും മൂകവീക്ഷകരേപ്പോലേയും വർത്തിക്കാതിരിക്കുക അത്യന്താപേക്ഷിതമാണ്" (1). ലിററർജിയെ സംബന്ധിച്ചുള്ള ആധുനികവും ആധികാരികവുമായ വിശകലനമാണ് പീയൂസ് പന്ത്രണ്ടാമന്റെ 'മേദിയാത്തോർ ദേയി' (Mediator Dei) എന്ന ചാക്രികലേഖനം.

## ആദിമസഭയിൽ

നദീജലം ഉത്ഭവസ്ഥാനത്ത് പരിശുദ്ധവും നിർമ്മലവുമായിരിക്കുന്നതുപോലെ ക്രിസ്തുമതത്തിന്റെ ആദിമ പരിശുദ്ധി അനുഭവവേദ്യമാകണമെങ്കിൽ ആദിമ നൂററാണ്ടുകളിലേക്കെത്തിനോക്കണം. യഥാർത്ഥാരാധനക്രമം വേദപുസ്തകത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും ഉരുത്തിരിഞ്ഞതാകണം. അങ്ങനെ, വേദപുസ്തകത്തിലേക്കും അപ്പസ്തോലികപാരമ്പര്യത്തിലേക്കുമുള്ള പുനരാഗമനമാണു ലിററർജിക്കൽ നവോത്ഥാനത്തിന്റെ കാതൽ.

---

(1) Pious XI Ap. Constitution, Feb, 16, 1929.

ആരാധനക്രമാനുഷ്ഠാനത്തിൽ വൈദികനും അൽമായനും തങ്ങളുടെ സ്ഥാനമനുസരിച്ച് വിവിധ കർത്തവ്യങ്ങൾ നിർവ്വഹിക്കാനുണ്ട്. നിശ്ചിതകർത്തവ്യം നിർവ്വഹിക്കുകയാണു സജീവഭാഗഭാഗിത്വം എന്ന പദംകൊണ്ടുദ്ദേശിക്കുക. വി. ക്ലെമൻറ് എഴുതുന്നു: "പ്രത്യേകകർമ്മങ്ങൾ പ്രധാന പുരോഹിതനും പുരോഹിതന്മാർക്കും മററു ശുശ്രൂഷികൾക്കും (Deacons) നിശ്ചയിച്ചിട്ടുണ്ട്. തനിക്കു നിശ്ചയിക്കപ്പെട്ട ഭാഗം നിർവ്വഹിക്കുവാൻ അൽമായൻ കടപ്പെട്ടവനാണ്." തുടർന്ന്, ദൈവശുശ്രൂഷയിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കാതെ പരിശുദ്ധമായ മനസ്സാക്ഷിയോടുകൂടെ താന്താങ്ങളുടെ പ്രത്യേക നിലയിൽനിന്നുകൊണ്ടു ദൈവത്തെ പ്രീതിപ്പെടുത്തണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു(1).

## ദൈവശാസ്ത്രപരമായ അടിസ്ഥാനം

ഇന്നു അൽമായൻ സഭയിൽ തനിക്കുള്ള സ്ഥാനത്തെപ്പററി കൂടുതൽ കൂടുതൽ ബോധവാനായി വരുകയാണ്. ഇന്നുവരെയുണ്ടായിരുന്ന നിഷ്ക്രിയാത്മക മനോഭാവത്തിനു മാററം വരുത്തുവാൻ ഇതു സഹായിക്കാതിരിക്കയില്ല. അൽമായരും ബലിയർപ്പകരാണ്. അവരും ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ പങ്കുകാരാ

(1) Epistle to Corithian 40, 42.

ണ്ട്. വി. പത്രോസ് സാധാരണവിശ്വാസികളെ സംബോധനചെയ്തുകൊണ്ടു പറയുന്നു: "നിങ്ങളും ഈശോമിശിഹായിലൂടെ ദൈവത്തിനു സ്വീകാര്യവും പ്രിയങ്കരവുമായ ആദ്ധ്യാത്മികബലിയർപ്പിക്കേണ്ടതിന്, വി. പൗരോഹിത്യത്തിൻെറ ആദ്ധ്യാത്മികസൗധം കെട്ടിപ്പൊക്കേണ്ടതിനു ജീവനുള്ള കല്ലുകളായി രൂപാന്തരപ്പെടുക...നിങ്ങളോ അന്ധകാരത്തിൽനിന്നു വിസ്മയനീയമായ പ്രകാശത്തിലേക്കു വിളിച്ചവൻെറ സമ്പൂർണ്ണത പ്രകീർത്തിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട വർഗ്ഗം ഒരു രാജകീയ പൗരോഹിത്യം, പവിത്രജനം, ദൈവത്തിൻെറ സ്വന്തം ജനം"(1). വി. പത്രോസ് ഇവിടെ അതിശയോക്തിപരമോ ആലങ്കാരികമോ ആയ ശൈലിയല്ല ഉപയോഗിക്കുന്നതെന്നു വ്യക്തമാണ്. പാരമ്പര്യത്തിനു യോജിക്കാത്ത ആശയമാണ് വി. പത്രോസിൻെറ വാക്കുകളിലേതെങ്കിൽ ശ്രോതാക്കൾ പ്രതിഷേധിക്കുമായിരുന്നു. തങ്ങളുടെ മഹത്വത്തെപ്പററി അവർ ബോധവാന്മാരായിരുന്നു എന്നു വ്യക്തം. ആകയാലാണ്, മഹാനായ വി. ലെയോ പറഞ്ഞതു് "അല്ലയോ ക്രൈസ്തവാ, നിൻെറ സ്ഥാനൗന്നത്യം നീ ഗ്രഹിച്ചാലും" എന്ന്.

---

(1) I St. Peter 2, 5, 9.

## പൗരോഹിത്യപദവികൾ

വൈദികരും അവൈദികരും ക്രിസ്തുവിൻെറ ഏക പൗരോഹിത്യത്തിൽ പങ്കുകാരാണെങ്കിലും വ്യവസ്ഥാപിതസ്ഥാനമനുസരിച്ചു പല പദവികളുമുണ്ട്. മാമ്മോദീസായും സ്ഥൈര്യലേപനവുംമൂലം ആത്മാവിൽ മുദ്രിതമാകുന്ന സ്വഭാവാതീതാടയാളം ഒരുവനെ ക്രൈസ്തവനാക്കുന്നതുകൂടാതെ, ഏതൊരുവൻേറയും സർവ്വപ്രധാനകത്തവ്യമായ ദൈവാരാധനക്കും ബലിയർപ്പണത്തിനും അവനെ അർഹനാക്കുന്നു. ക്രിസ്തുവിലൂടെ ദൈവത്തെ ആരാധിച്ചു പുകഴ്ത്തുന്ന ഒരു ഗണമാണല്ലോ ക്രൈസ്തവർ.

ആരാധനക്രമത്തിലേ സുപ്രധാനഘടകമാണ് ബലിയർപ്പണം. ഈ ബലിയർപ്പണത്തിന്, ക്രദാശ ചെയ്യലിന് ഔദ്യോഗികാധികാരം വൈദികന്മാർക്കുമാത്രമേ പൗരോഹിത്യംവഴി ലഭിക്കുന്നുള്ളു. അൽമായൻെറ പൊതുപൗരോഹിത്യത്തിനു ഈ അധികാരം ഇല്ല. എന്നാൽ, വൈദികരുടെ പൗരോഹിത്യം അധികാരത്തിൽ പൂർണ്ണമല്ല. മററു വൈദികരേയും മെത്രാന്മാരേയും അഭിഷേകം ചെയ്യുന്നതിനുള്ള അധികാരംകൂടെ ഉണ്ടെങ്കിലേ പൗരോഹിത്യം പൂർണ്ണമാകുന്നുള്ളു. അതുകൊണ്ടാണ് മെത്രാന്മാരുടെ പൗരോഹിത്യം പൂർണ്ണമായിരിക്കുന്നതു്.

ബലിയിൽ സജീവമായി പങ്കു ചേരുന്നതിന് അനുപേക്ഷണീയമായ ഒരു കാര്യം ബലിയെക്കുറിച്ചുള്ള യഥാർത്ഥമായ ബോധമാണ്. ദിവ്യബലിയിൽ ചൊല്ലു

ന്ന പ്രാത്ഥനകളുടേയും അനുഷ്ഠിക്കുന്ന ആചാരങ്ങളുടേയും സൂചന (Signification) നന്നായി മനസ്സിലാക്കണം. ദിവ്യബലിയുടെ ഓരോ ഭാഗത്തിനും ഓരോ ചരിത്ര പശ്ചാത്തലമുണ്ടു്. ചരിത്രപരമായുള്ള വികസനം, അത്ഥം മുതലായവ ഗ്രഹിച്ചെങ്കിൽമാത്രമേ കുർബാനയിൽ സജീവമായി പങ്കുകൊള്ളുവാൻ സാധിക്കുകയുള്ളു.

ബലിയിൽ രണ്ടുഘടകങ്ങളുണ്ടു്: ബാഹ്യം, ആന്തരികം. ആചാരാനുഷ്ഠാനം, ബലിക്കു് ഉപയോഗിക്കുന്ന വസ്തുക്കൾ, പ്രാത്ഥനകൾ വൈദികൻെറ ആംഗ്യങ്ങൾ മുതലായവയാണു ബാഹ്യഘടകങ്ങൾ. ഈ ബാഹ്യചിഹ്നങ്ങളാൽ ഉദ്ദേശിക്കുന്ന ആന്തരികഘടകമാണു് ബലിയുടെ കാതലായ ഭാഗം. ബാഹ്യാനുഷ്ഠാനങ്ങൾ ആന്തരികചൈതന്യത്തെ വർദ്ധിപ്പിക്കുന്നു എന്നുമാത്രം. സജീവഭാഗഭാഗിത്വത്തിൻെറ മർമ്മപ്രധാനമായ ഭാഗം ആന്തരികമാണു്. എന്തിലാണു് ഈ ആന്തരികഭാഗഭാഗിത്വം അടങ്ങിയിരിക്കുന്നതു്? ബലിയർപ്പണവേളയിൽ നിത്യപുരോഹിതനായ ക്രിസ്തുവിനോടു യോജിച്ചാണു തങ്ങളും ബലിയർപ്പിക്കുന്നതെന്നും, തങ്ങളും യഥാത്ഥ ബലിയർപ്പകരാണെന്നും ഉള്ള ബോധത്തിൽ. ക്രിസ്തു ബലിയർപ്പകനും ബലിവസ്തുവുമായിരിക്കുന്നതുപോലെ തങ്ങളും അപ്പകരും അപ്പിതവസ്തുക്കളുമാണെന്ന ദൃഢബോധത്തിലാണു് ഈ ഭാഗഭാഗിത്വം അടങ്ങിയിരിക്കുന്നതു്. മററുവാക്കുകളിൽ ക്രിസ്തുവുമായി ഐക്യം സമ്പാദിക്കുക എന്നതാണു സജീവഭാഗഭാഗിത്വത്തിൻെറ സത്ത. ലിററർജിയിലേ ബാഹ്യചിഹ്നങ്ങൾ

ആന്തരികവും കമനീയവുമായ ആ മനോഭാവത്തെ പ്ര ദ്യോതിപ്പിക്കുന്നവയാണ്.

അൾത്താരയിലെ വി. ബലി കാൽവരിയിൽ ക്രിസ്തു രക്തം ചിന്തി മരിച്ച് തൻെറ പിതാവായ ദൈവത്തിന്ന ബലിയർപ്പിച്ചതിൻെറ ആവർത്തനവും നവീകരണവുമാണ്. വി. കുർബാനയിൽ ക്രിസ്തുവിൻെറ പരിത്രാണജീവിതവും പ്രത്യേകമായി ക്രിസ്തുവിൻെറ അവസാനബലിയും ആവർത്തിക്കപ്പെടുകയാണ്. കാൽവരിയിലെ ബലിയിൽ ക്രിസ്തു ആരംഭിച്ച അതേ പരിത്രാണകൃത്യം നാമോരോരുത്തരേയും സംബന്ധിച്ചിടത്തോളം വി. കുർബാനയിലെ ബലിമൂലം സാക്ഷാൽക്കരിക്കപ്പെടുന്നു. ക്രിസ്തു തൻെറ മരണത്തിൽ തുടങ്ങിവെച്ച പരിത്രാണകർമ്മം പൂർത്തിയാകുന്നതു തൻെറ ഉയിർപ്പിലും മഹത്വപൂർണ്ണമായ സ്വർഗ്ഗാരോഹണത്തിലുമാണെന്ന് ഒരർത്ഥത്തിൽ പറയാം.

വിശ്വാസികൾ ബലിയിൽ പങ്കുകാരാകുമ്പോൾ ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തിൽ (Redemptive work)തന്നെ ഭാഗഭാക്കുകളാകുന്നു. അവർ ക്രിസ്തുവിനോടൊത്തു മരിക്കുകയും തങ്ങളെത്തന്നെ ബലിയർപ്പിക്കുകയും ഉത്ഥാനംചെയ്യുകയും സ്വർഗ്ഗത്തിന് അവകാശികളായ മററു ക്രിസ്തുവായിത്തീരുകയും ചെയ്യുന്നു. മരണം ശാരീരികമരണമല്ല. പ്രത്യുത, പാപത്തിനുള്ള മരണം, അതായതു് പാപത്തിന്ന ശരീരത്തിൽ സ്ഥാനമില്ലാത്ത അവസ്ഥ. ക്രിസ്തു ഉയിർത്തതുപോലെ ദൈവികജീവനിലേക്കു നാം ഉത്ഥാനം ചെയ്യുന്നു, വ

രപ്രസാദംവഴി. അങ്ങനെ ക്രൈസ്തവവിശ്വാസത്തിൻെറ സാക്ഷാത്തായ രംഗങ്ങൾ വി. ബലിയിൽ ആവർത്തിക്കപ്പെടുന്നു, യഥാർത്ഥമായ വിധത്തിൽ. വി. പൗലോസ് പറയുന്നു: 'അപ്പം ഭക്ഷിക്കയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴും വീഞ്ഞു തിരുരക്തമായി പകരുമ്പോഴും നിങ്ങൾ ക്രിസ്തുവിൻെറ മരണത്തിൻെറ ഓർമ്മയാണു കൊണ്ടാടുക.' അങ്ങനെ ക്രിസ്തുവിൻെറ പീഡാനുഭവത്തിൽ ഒന്നുകൂടെ പങ്കുകാരാകുന്നതിനുള്ള അസുലഭഭാഗ്യമാണ് കർബാന വഴി കൈവരുന്നതു്.

ആന്തരികമായ പങ്കുചേരലിൻെറ കാതൽ ക്രിസ്തുവുമായുള്ള ഐക്യമാണെന്നു കണ്ടു. ബലിയർപ്പകനായ ക്രിസ്തുവിനോടുള്ള സുദൃഢബന്ധം പ്രകടമാക്കുന്നതാണ് അപ്പത്തിൻേറയും വീഞ്ഞിൻേറയും സമർപ്പണം. ബലിവസ്തുക്കൾ ക്രിസ്തുവിൻെറ ശരീരരക്തങ്ങളായി വസ്തുഭേദം സംഭവിക്കുന്നതിനുമുൻപ് അവ ഔദ്യോഗികബലിയർപ്പകനാലും വിശ്വാസികളാലും അർപ്പിതമാകണം. വെറും അപ്പവും വീഞ്ഞുമാണു സമർപ്പിക്കുന്നതെങ്കിലും നമുക്കുള്ള സകലത്തിൻേറയും നമ്മുടെ ജീവിതത്തിൻേറയും അല്ല, നാം മുഴുവൻേറയും സമർപ്പണത്തെയാണ് അവ പ്രദ്യോതിപ്പിക്കുക. വ്യക്തമാക്കാം. സ്നേഹിതനു് ഒരു സമ്മാനം നല്കുന്നു. നല്കപ്പെടുന്ന വസ്തുവിൻെറ വസ്തുനിഷ്ഠമായ മൂല്യമല്ല പരിഗണനാർഹമായിരിക്കുന്നതു്. പ്രത്യുത, ദാതാവിൻെറ ആത്മസമർപ്പണമാണ് അതിൽ പ്രകടമായി കാണുക. സ്വയം സ്നേഹിതനു സമർപ്പിക്കു

ന്നതിനു പകരം അതിനു പ്രതീകമായി മററൊരു വ സ്തു നല്കുന്നു. ഇതുതന്നെയാണു വി. ബലിയിലും സംഭവിക്കുന്നതു്. നാം സ്വയം ക്രിസ്തുവിനു സമർപ്പിക്കുന്നതിന്റെ പ്രതീകമായി അപ്പവും വീഞ്ഞും സമർപ്പിക്കുന്നു. ബലിവസ്തുവായി സമർപ്പിച്ച അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ മാംസരക്തങ്ങളായിപ്പകരുന്നു. ബലിവസ്തു ക്രിസ്തുവായിപ്പകരുന്നതോടൊപ്പം, ബലിവസ്തുവുമായുള്ള അഭേദ്യമായ ബന്ധംമൂലം സഹബലിയർപ്പകരായ നാമും ഒരർത്ഥത്തിൽ അർപ്പകരും സഹബലിവസ്തു(Co-victims)ക്കളുമായി ഭവിക്കുന്നു. അങ്ങനെ, ബലിയർപ്പകനും ബലിവസ്തുവുമായ ക്രിസ്തുവിനോടുചേർന്നു്, വിശ്വാസികൾ സഹബലിയർപ്പകരും സഹബലിവസ്തുക്കളുമാകുന്നുവന്നെ അവബോധത്തിലാണു സജീവഭാഗഭാഗിത്വം അടങ്ങിയിരിക്കുന്നതു്.

## കുർബാനസ്വീകരണം

### സജീവഭാഗഭാഗിത്വത്തിന്റെ പൂർത്തീകരണം

പ്രാർത്ഥനയും മററുസഹകരണവുംവഴി ബലിയിൽ സംബന്ധിക്കുമ്പോഴുണ്ടാകുന്നതിനെക്കാൾ സജീവമായ ഭാഗഭാഗിത്വമാണു് വി. കുർബാനസ്വീകരണംവഴി സംജാതമാകുന്നതു്. ബലിയുടെ പൂർത്തീകരണം ഇതിലാണടങ്ങിയിരിക്കുന്നതെന്നു പറയാം. ഇപ്പറഞ്ഞതിന്റെ സജീവ നിദർശനമാണു് ആദിമസഭാംഗങ്ങളുടെ ജീവി

തം. മതാത്മകജീവിതത്തിൽനിന്നു് ഒഴിച്ചുനിറുത്തു വാൻ പാടില്ലാത്തതാണു ബലിയും കർബാനസ്വീകര ണവും. രണ്ടും ഒന്നായിത്തന്നെയാണവർ വീക്ഷിച്ചി രുന്നതു്. ബലിയിൽ സംബന്ധിക്കുന്നെങ്കിൽ കർബാ ന സ്വീകരിക്കും. അതിനു യോഗ്യതയില്ലാത്തവർ വിശ്വാസികളുടെ കുർബ്ബാന ആരംഭിക്കുന്നതിനുമുൻപ് പുറത്തുപോകയായിരുന്നു പതിവു്. ദിവ്യകാരുണ്യസ്വീ കരണം ബലിയുടെ അവിഭാജ്യഘടകമായി അവർ പ രിഗണിച്ചു എന്നതാണതിനു കാരണം.

സ്വാഭാവികമായി നോക്കിയാലും ദിവ്യകാരുണ്യ സ്വീകരണം ബലിയുടെ സമഗ്രഘടകമാണെന്നു(Integr-al element) വ്യക്തമാണു്. കാഴ്ച്ചവസ്തുക്കൾ ക്രിസ്തുവായി പ്പകരുന്നു. ക്രിസ്തുവിൻെറ നാമത്തിൽ നമ്മുടെ ബലിയും ദൈവത്തിനു സ്വീകാര്യമായിത്തീരുന്നു. കാരണം, ബ ലിവസ്തു ദൈവത്തിൻെറ ഏകപുത്രനായ ക്രിസ്തുതന്നെ യാണു്. ദൈവം തൻെറ സുതൻെറ ബലിയിൽ സംതൃ പ്തനായെന്നു കാണിക്കുവാൻ തൻെറ പുത്രൻെറതന്നെ ശരീരം നമ്മുടെ പോഷണത്തിനായി നല്കുന്നു. അങ്ങ നെ ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജക സന്ധി ക്രിസ്തുവിൻെറ ശരീരരക്തങ്ങളാൽ ദൃഢതരമാ ക്കപ്പെടുന്നു. ബലിയിൽ നാം ക്രിസ്തുവിനെ ദൈവത്തിനു സമർപ്പിക്കുന്നു, കൂദാശയിൽ ദൈവം ക്രിസ്തുവിനെ നമു ക്കു തരുന്നു.

അതേ കർബാനയിൽ കൂദാശചെയ്ത തിരുവോസ്തി വൈദികനും സഹബലിയർപ്പകരായ വിശ്വാസികളും

സ്വീകരിക്കുമ്പോൾ അതു് സജീവഭാഗഭാഗിത്വത്തെ വ്യക്തമാക്കുകയാണു് ചെയ്യുക. കുർബാനയും കുർബാന സ്വീകരണവും വ്യത്യസ്തകൃത്യങ്ങളല്ല, പ്രത്യുത, ബലിയുടെ പൂർത്തീകരണംമാത്രമാണു കുർബാനസ്വീകരണം. വൈദികൻെറ കുർബാനസ്വീകരണംകഴിഞ്ഞു വിശ്വാസികൾ കുർബാനസ്വീകരിക്കുന്നു. വൈദികനും വിശ്വാസികളും ബലിയർപ്പകരാണെന്ന തത്വം അങ്ങനെ കൂടുതൽ വ്യക്തമാകുന്നു.

## ബലിജീവിതം

പുതിയ നിയമത്തിലെ പ്രഥമ ബലിയർപ്പകൻ ക്രിസ്തുവാണല്ലോ. നിത്യപുരോഹിതനാണു് ക്രിസ്തു. തൻെറ ജീവിതംമുഴുവനും ബലിയായി പിതാവായ ദൈവത്തിനു അവിടുന്നു സമർപ്പിച്ചു. ആദിയിലെ പുരോഹിതനായ ക്രിസ്തു മനുഷ്യാവതാരത്തിൻെറ ആദ്യനിമിഷംതുടങ്ങി ബലിയർപ്പിച്ചു. ക്രിസ്തുവിൻെറ ജീവിതം ഉടനീളം ഒരു ബലിയായിരുന്നു. ഈ ബലിയർപ്പണം കാൽവരിയിൽ പൂർത്തീകൃതമായി. ക്രിസ്തുവിൻെറ ജീവിതം ബലിജീവിതം ആയിരുന്നതുകൊണ്ടു ക്രിസ്ത്യാനികളായ നമ്മുടേയും ജീവിതം അപ്രകാരമായിരിക്കണം. ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടു ക്രൈസ്തവർ ക്രിസ്തുവിനോടു ചേർന്നു ബലിജീവിതം കഴിക്കുവാൻ കടപ്പെട്ടവരാണു്. ഇതിനുമുമ്പുള്ള വിശദീകരണത്തിൽ ആദിമക്രിസ്ത്യാനികളുടെ ജീവിതം ദിവ്യകാരുണ്യത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നെന്നു കണ്ടു.

അന്നു ദിനചര്യ ആരംഭിക്കുകതന്നെ ബലിയർപ്പണത്തോടുകൂടിയാണു്. അപ്പവും വീഞ്ഞും കാഴ്ചവെയ്ക്കുന്നതോടുകൂടെ ബലിയർപ്പകനായ വൈദികൻേറയും വിശ്വാസികളുടേയും കാഴ്ചവസ്തുക്കളും സമർപ്പിക്കപ്പെടുന്നു. ക്ലേശങ്ങളും സങ്കടങ്ങളും സന്തോഷങ്ങളും പ്രതീക്ഷകളും വ്യക്തിയെത്തന്നെയും അപ്പത്തോടും വീഞ്ഞിനോടുംകൂടെ സമർപ്പിക്കുന്നു. അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളായി പകരുന്നതോടുകൂടെ ബലിയർപ്പകരും മററു ക്രിസ്തുവായി മാറുന്നു. അങ്ങനെ അവരും ക്രിസ്തുവിനോടൊത്തു ദൈവത്തിനു സമർപ്പിക്കപ്പെട്ടവരാകുന്നു. ക്രിസ്തു നിത്യപിതാവിനു നിരന്തരം സമർപ്പിക്കുന്ന ബലിയുമായി യോജിച്ചു് വിശ്വാസികളും തങ്ങളുടെ ദിനകൃത്യങ്ങളും തങ്ങളെത്തന്നെയും ദൈവത്തിനു സമർപ്പിക്കുന്നതാണു ബലിജീവിതം.

ക്രിസ്തു ബലിയർപ്പിച്ചതു്സഹിച്ചുകൊണ്ടാണു്. സഹനത്തിനു് അനർഘമായ വില ദൈവസമക്ഷമുണ്ടു്. ആയതിനാൽ, നമ്മുടെ ബലി ക്രിസ്തുവിൻേറതിനോടു് അനുരൂപപ്പെടണമെങ്കിൽ നാമും സഹിക്കണം. പൗലോസ് ശ്ലീഹാ പറയുന്നു. "ക്രിസ്തുവിൻെറ സഹനത്തിൽ കുറവുള്ളതു ഞാൻ എൻെറ ശരീരത്തിൽ സഹിക്കുന്നു."

ക്രിസ്തുവിൻെറ സഹനവും യോഗ്യതകളും പരിമിതമാണെന്നല്ല വി. പൗലോസ് പറയുന്നതു്. പ്രത്യുത, ക്രിസ്തു സഹിച്ച പീഡ നമ്മിൽ ഫലമുളവാക്കണമെങ്കിൽ നാമും സഹിച്ചുകൊണ്ടു് അവിടുത്തോടു സഹക

രിക്കണം. നമ്മുടെ സഹനവും പീഡകളും ക്രിസ്തുവിൻെറ തിനോടൊത്തു സമർപ്പിച്ചാൽ അവയ്ക്കു അനന്തയോഗ്യതകൾ തന്നെയുണ്ടാകും.

പ്രഭാതത്തിൽ അർപ്പിച്ച ബലി കൺമുമ്പിൽ അനനിമിഷം അർപ്പിക്കപ്പെടുന്നു എന്ന ദൃഢവിശ്വാസമുണ്ടാകണം. പുതുതായുണ്ടാകുന്ന ക്ലേശങ്ങളോടും സന്തോഷങ്ങളോടുംകൂടി അർപ്പണം നവീകരിക്കണം. ക്ലേശങ്ങൾമാത്രമല്ല സകല ജോലിയും ക്രിസ്തുവിനോടൊത്തു സമർപ്പിച്ചാൽ അവ നിത്യസൗഭാഗ്യത്തിന്ന് യോഗ്യതയുള്ളവയായി മാറും. ഇതിന വിഘാതമായി നില്ക്കുന്നതു ദൈവാലയവും ദിവസത്തിൻെറ ഏതാനും നിമിഷങ്ങളുംമാത്രമേ പ്രാർത്ഥനയ്ക്കായി ഉപയോഗിക്കാവൂ എന്ന മിഥ്യാധാരണയാണ്. സെൻറ് പോൾ പറയുന്നു: 'നിങ്ങൾ ഭക്ഷിക്കുകയോ, കുടിക്കുകയോ എന്തുതന്നെ ചെയ്താലും ദൈവസ്തുതിക്കായി ചെയ്യുവിൻ' ദൈവത്തിൻെറ മുമ്പിൽ പ്രീതികരമായ ആദ്ധ്യാത്മികബലികളാണവ.

ദിവസത്തിൻെറ ഓരോനിമിഷവും ഓരോ ജോലിയും വിശുദ്ധീകരിക്കുകയാണു ബലിജീവിതത്തിൻെറ ലക്ഷ്യം. അങ്ങനെ ഓരോ കൃത്യവും ദൈവവരപ്രസാദവർദ്ധനവിനു പര്യാപ്തമായ കൂദാശയായി രൂപാന്തരപ്പെടും.

# ദിവ്യകാരുണ്യസ്വീകരണത്തിനു വേണ്ട ഒരുക്കം

ആത്മാവിന്റെ വരപ്രസാദാവസ്ഥയും ശുദ്ധനിയോഗവും—ഇവ രണ്ടും—കുർബാനസ്വീകരണത്തിന്നാവശ്യകമായ രണ്ടു വ്യവസ്ഥകളാണു്.

## വരപ്രസാദാവസ്ഥ

ആത്മാവ് മാരകപാപത്തിലായിരിക്കരുതു്; വരപ്രസാദാവസ്ഥകൊണ്ടു വിവക്ഷിക്കുന്നതിതാണു്. മാരകപാപം ആത്മാവിന്റെ ജീവനായ വരപ്രസാദത്തെ കൊല്ലുന്നു. പിന്നെ, അവിടെ ആത്മീയ വളർച്ചയോ പോഷണമോ സാധ്യമല്ല. ആത്മാവിന്റെ ഭക്ഷണമായ ദിവ്യകാരുണ്യത്തിന്റെ സ്വീകരണം അങ്ങനെ നിഷ്ഫലമായിത്തീരുകയും ചെയ്യും. മാത്രമല്ല, മാരകപാപത്തോടുകൂടിദിവ്യകാരുണ്യം സ്വീകരിക്കുക ദൈവദോഷപരവുമാകുന്നു:“ആകയാൽ, കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും അവന്റെ പാത്രം പാനം ചെയ്യുകയും അതിനു യോഗ്യനല്ലാതിരിക്കുകയും ചെയ്യുന്നവൻ കർത്താവിന്റെ രക്തത്തോടും അവന്റെ ശരീരത്തോടും അപരാധിയാകുന്നു”(1). വി. പൗലോസിന്റെ മേലുദ്ധരിച്ച വാക്യം ദിവ്യകാരുണ്യസ്വീകരണത്തിനു ആത്മാവു്വരപ്രസാദാവ-

(1) 1 കൊറി. 11-27.

സ്ഥയിലായിരിക്കേണ്ടതിൻെറ ആവശ്യകതയെ വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം തുടരുന്നു: "എന്തുകൊണ്ടെന്നാൽ, യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ കർത്താവിൻെറ ശരീരത്തെ വിവേചിക്കാത്തതുകൊണ്ട് തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്നു ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നതു്"(1).

ആകയാൽ, പാപനിവേദനം നടത്തി വരപ്രസാദാവസ്ഥ വീണ്ടെടുത്തതിനുശേഷമേ ദിവ്യകാരുണ്യസ്വീകരണത്തിനണയാവൂ. എന്നാൽ, ഈ ദിവ്യക്രൂദാശ സ്വീകരിക്കുന്നതിനുമുമ്പ് ഓരോ തവണയും കുമ്പസാരിക്കണമെന്നില്ല. കഴിഞ്ഞ കുമ്പസാരത്തിനുശേഷം മാരകപാപത്തിൽ വീഴാനിടയായിട്ടുണ്ടെങ്കിലേ അതിനു ചുമതലയുള്ളൂ. എന്നാൽ, അനുദിനം ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ ആഴ്ചയിലൊരിക്കലെങ്കിലും പാപനിവേദനം നടത്തുക വളരെ അഭിലഷണീയമാണു്. അതു ലഘുപാപങ്ങളെത്തന്നെ മോചിക്കുകയും പാപച്ചാച്ചിലിനെ കുറയ്ക്കുകയും ചെയ്യും.

## ശുദ്ധനിയോഗം

വെറും പതിവോ, പ്രകടനാസക്തിയോ അല്ല, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും അവിടത്തോടു സ്നേ

(1) 1 കൊറി. 11-29.

ഹംവഴി കൂടുതൽ അടുക്കുന്നതിനും സ്വന്തം ബലഹീനതകൾക്കും വീഴ്ചകൾക്കും ദൈവികമായ പരിഹാരം ലഭിക്കുന്നതിനും ഉള്ള ഉദ്ദേശ്യമായിരിക്കണം ദിവ്യകാരുണ്യസ്വീകരണത്തിനു പ്രേരകമായിരിക്കേണ്ടതു്.

## ഉപവാസം—വേറൊരു വ്യവസ്ഥ

ആദ്യകാലത്തു് ഒരു സ്നേഹവിരുന്നോടുകൂടിയാണു ദിവ്യബലി ആരംഭിച്ചിരുന്നതു്. എന്നാൽ, ഈ സ്നേഹവിരുന്നിൽ കടന്നുകൂടിയ ചില അനാദരവുകൾകാരണം, ക്രമേണ ഈ സമ്പ്രദായം നിറുത്തുകയും ദിവ്യകാരുണ്യോപവാസം ഏർപ്പെടുത്തുകയുംചെയ്തു. നാലാം നൂററാണ്ടവസാനത്തോടുകൂടി പല സഭാസൂനഹദോസുകളും ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പു് ഉപവസിക്കണമെന്നനുശാസിച്ചു. 393-ൽ ഹിപ്പോയിൽകൂടിയ സൂനഹദോസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു, ഉപവാസം കാത്തവർ മാത്രമേ ബലിയർപ്പിക്കാവൂ എന്നു്. 1953 ജനുവരി 6 വരെ, പാതിരാതൊട്ടുള്ള ഉപവാസം പ്രാബല്യത്തിലിരുന്നു. പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ ആ നിയമം ലഘൂകരിച്ചു് 1957 മാർച്ചു 27 മുതൽ നടപ്പിലാകത്തക്കവിധം പുതിയ ചട്ടം പ്രസിദ്ധീകരിച്ചു. ഇതനുസരിച്ചു്, ഫലപദാർത്ഥങ്ങളിൽനിന്നും ലഹരിദ്രാവകങ്ങളിൽനിന്നും ദിവ്യകാരുണ്യസ്വീകരണത്തിനു മൂന്നുമണിക്കൂർ മുമ്പുമുതൽ ഒഴിഞ്ഞിരുന്നാൽ മതിയെന്നായി. വെള്ളം ഉപവാസത്തെ ഒരിക്കലും ഹനിക്കുന്നില്ല. രോഗികൾക്കു് ഔഷധദ്രാവകങ്ങൾ

(ആൽക്കഹോളിക്ക് ആയിരിക്കരുത്) ദിവ്യകാരുണ്യ സ്വീകരണത്തിനുമുമ്പ് എപ്പോഴും വേണമെങ്കിലും ഉപയോഗിക്കാം. എങ്കിലും പാതിരാത്തൊട്ട് ഉപവസിക്കുക എന്ന പഴയചട്ടം കാക്കാൻ സാധിക്കുന്നവർ അപ്രകാരം ചെയ്യുന്നതു് ഏററം അഭിലഷണീയമാണു്.

1964-ൽ ഇതാ ഉപവാസവ്യവസ്ഥയിൽ വീണ്ടും മാററം വരുത്തിയിരിക്കുന്നു. മൂന്നുമണിക്കൂർ ഉപവാസമെന്നതു വെറും ഒരുമണിക്കൂറായി കുറച്ചിരിക്കുകയാണു്. മിതമായ തോതിൽ ലഹരിപദാൎത്ഥങ്ങളും ദിവ്യകാരുണ്യത്തിനു ഒരു മണിക്കൂർ മുമ്പുവരെ ഉപയോഗിക്കുന്നതിനു വിരോധമില്ല.

### ഒരുക്കം ഉദാരമായിരിക്കണം

എന്നാൽ, അത്യാവശ്യമായ വ്യവസ്ഥകൾമാത്രം പാലിച്ചുകൊണ്ടുള്ള ഒരുക്കമല്ല സഭ പ്രതീക്ഷിക്കുന്നതു്. അതു സ്നേഹോദാരമായിരിക്കണം. എത്ര ഒരുക്കത്തോടുകൂടിയാണോ ദിവ്യകാരുണ്യത്തിനണയുക അത്രയും ഫലം അതിന്റെ സ്വീകരണം ആത്മാവിലുളവാക്കും. അശ്രദ്ധമായ നിരവധി ദിവ്യകാരുണ്യസ്വീകരണങ്ങളിൽനിന്നെന്നതിനെക്കാൾ കൂടുതൽ ഫലം, തക്ക ഒരുക്കത്തോടുകൂടിയ ഒരൊററ ദിവ്യകാരുണ്യസ്വീകരണത്തിൽനിന്നുളവാകുന്നു എന്നു് വി. ബൈനവഞ്ചുരാ പറയുന്നു. ഒരുക്കത്തിന്റെ പ്രയോജനമാണു്

അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു്. ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഒരുക്കത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണു്:

1. സ്വന്തം ജീവിതാവസ്ഥയുടെ കടമകൾ കഴിയുന്നതു പരിപൂർണ്ണമായി ക്രിസ്തുവിനോടുകൂടിയും അവിടുത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയും ചെയ്യുക.

2. ആരാധ്യമായ ഈ കൂദാശയിലുള്ള വിശ്വാസത്തെ നവീകരിക്കുക. ബുദ്ധിക്കഗ്രാഹ്യമായ ഈ രഹസ്യത്തിലുള്ള വിശ്വാസപ്രകരണങ്ങൾ നമ്മുടെ വിശ്വാസത്തെ തീർച്ചയായും ദൃഢപ്പെടുത്തും. എളിമയുടേയും ശരണത്തിന്റേയും ഉപവിയുടേയും പ്രകരണങ്ങളെ ഉളവാക്കുകയും ചെയ്യും.

3. ആത്മാർത്ഥമായ എളിമ പാലിക്കുക. ഈശോയുടെ അനന്ത പരിശുദ്ധിയേയും നമ്മുടെ പാപാവസ്ഥയേയുംപററിയുള്ള ചിന്ത എളിമപ്പെടുവാൻ നമ്മെ നിർബ്ബന്ധിക്കും. അഹങ്കാരത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനനുസരിച്ചു് ഈശോയുടെ വാസം നമ്മിൽ പരിപൂർണ്ണമാകുകയും ചെയ്യും. "കർത്താവേ, അങ്ങു് എന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല, എന്നാൽ, അങ്ങു് ഒരു വാക്കരുളിച്ചെയ്താൽമാത്രംമതി എന്റെ ആത്മാവു സുഖപ്പെടും" എന്നു ശതാധിപന്റെ വിനീതത്വത്തോടുകൂടി നമുക്കും ഏററുപറയാം.

4. നമ്മുടെ അയോഗ്യതയെക്കുറിച്ചുള്ള ഭയത്തെക്കാൾ കൂടുതലായി ഈശോയുടെ കാരുണ്യത്തിൽ ശരണം വയ്ക്കുക.

5. സ്നേഹപ്രകരണം തീക്ഷ്ണമായി നടത്തുക. അൾത്താരയിലെ ഈശോ സ്നേഹത്തിന്റെ അത്യന്തപ്രകടനമാണെന്നോർക്കണം. പുൽക്കൂട്ടിലും കുരിശിലും ഇപ്പോൾ അൾത്താരയിലും ഈശോ നമ്മോടു കാണിക്കുന്ന സ്നേഹം "എന്റെ കർത്താവും എന്റെ ദൈവവും" എന്നു സ്നേഹപാരവശ്യത്തോടെ പറയുവാൻ നമ്മെ പ്രചോദിപ്പിക്കട്ടെ.

6. തീവ്രമായി ആഗ്രഹിക്കുക. മാലാഖമാരുടെ ഈ അപ്പത്തെ സ്വീകരിക്കുവാൻ തീക്ഷ്ണമായി ആഗ്രഹിക്കുന്ന ആത്മാവിൽ വരപ്രസാദദാനങ്ങളുമായി ഈശോ വന്നു വസിക്കും.

7. തീക്ഷ്ണമായ പ്രാർത്ഥന ദിവ്യകാരുണ്യസ്വീകരണത്തിനുള്ള നല്ല ഒരുക്കമാണ്. ദിവ്യബലിയിൽ സജീവമായി പങ്കുകൊള്ളുക കുർബ്ബാനസ്വീകരണത്തിനു തക്ക ഒരുക്കമായിരിക്കും. ഹൃദയത്തെ നയിക്കുവാൻ ഹൃദയനാഥനോടുതന്നെ പ്രാർത്ഥിക്കുക. അവിടുത്തെ പരിശുദ്ധ അമ്മയോട് സഹായം യാചിക്കുകയും ചെയ്യുക.

**ഉപകാരസ്മരണ**

ദിവ്യകാരുണ്യസ്വീകരണാനന്തരമുള്ള നിമിഷങ്ങൾ ദിവസത്തിലേ ഏററം അനർഘങ്ങളായ നിമിഷങ്ങളാണെന്ന ചിന്ത ആ സമയം നന്നായി വിനിയോഗിക്കുവാൻ നമുക്കു പ്രേരണയരുളട്ടെ. ദാനദാതാവായ ദൈവം ഹൃദയത്തിൽ വസിക്കുന്നനേരം നമ്മുടെ സ്നേഹത്തിനും ഭക്തിക്കും യോജിച്ചവിധം ദാനങ്ങൾ നല്കപ്പെടും.

താഴേ പറയുന്നവ ഉപകാരസ്മരണയെസംബന്ധിച്ച ശ്രദ്ധാർഹങ്ങളാണ്:

1. **ആരാധന.** നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിനു നമ്മെത്തന്നെ കീഴടക്കുക. അവിടുത്തെ നമ്മുടെ സമസ്തവുമായി സ്വീകരിക്കുക.

2. **സംഭാഷണം.** കർത്താവുമായി നമ്മുടെ ഹൃദയം സംസാരിക്കട്ടെ. അവിടുത്തേ ദിവ്യരഹസ്യങ്ങളിൽ ഒന്നിനെക്കുറിച്ചോ, ഒരു പ്രത്യേക വാക്യത്തെക്കുറിച്ചോ സംഭാഷിക്കാം. ഇഷ്ടമുള്ള പ്രാർത്ഥന ചൊല്ലിക്കൊണ്ടുമാകാം. ഈശോയെ ഒരു ബാലനായോ യുവാവായോ, നാമിഷ്ടപ്പെടുന്ന ഏതെങ്കിലും ഒരു ജീവിതഘട്ടത്തിലുള്ളവനായോ സങ്കല്പിക്കാം. വി. കൊച്ചുത്രേസ്യ ശിശുവായ ഈശോയോടാണു സംഭാഷിക്കാൻ കൊതിച്ചതു്.

3. **കൃതജ്ഞത.** അവിടുന്നു നമുക്കു നല്കിയിട്ടുള്ള ഭൗതികവും ആത്മികവുമായ നിരവധി ദാനങ്ങൾക്കു നന്ദി പറയുക:

**4. യാചന.** നമുക്കാവശ്യകമായ അനുഗ്രഹങ്ങൾ യാചിക്കുക. മാമ്മോദീസാവഴി നമ്മുടെ ആത്മാവിൽ കത്താവു പാകിയ സുകൃതവിത്തു് അവിടുത്തെ സഹായത്താൽ വേണം വളരുവാനും പുഷ്ടിപ്പെടുവാനും. നമ്മുടെ വിശ്വാസത്തിനും ശരണത്തിനും ആനുപാതികമായി ദിവ്യകാരുണ്യനാഥൻ അതിനു നമ്മെ സഹായിക്കും. നമുക്കുവേണ്ടിമാത്രമല്ല, ആർക്കെല്ലാംവേണ്ടി പ്രാത്ഥിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നുവോ അവർക്കെല്ലാവക്കുംവേണ്ടി നാം പ്രാർത്ഥിക്കണം, അനുഗ്രഹം യാചിക്കണം.

# IV

# ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഫലങ്ങൾ

വിസ്മയകരങ്ങളാണു് ദിവ്യകാരുണ്യസ്വീകരണം നമ്മിലുളവാക്കുന്ന ഫലങ്ങൾ. ഇവയേവയെന്നും അവയുടെ സ്വഭാവമെന്തെന്നും പരിശോധിക്കുകയാണിവിടെ. ദിവ്യകാരുണ്യസ്ഥാപനത്തിനു ദിവ്യനാഥനെ പ്രേരിപ്പിച്ച ഉദ്ദേശ്യങ്ങളേയും ദിവ്യകാരുണ്യത്തിന്റെ സ്വഭാവത്തേയും അപഗ്രഥിച്ചുനോക്കിയാൽ അതിന്റെ ഫലങ്ങൾ ഏറെക്കുറെ വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും.

ദിവ്യകാരുണ്യസ്ഥാപനത്തിനു പിന്നിൽ ക്രിസ്തുവിനുണ്ടായിരുന്ന ഉദ്ദേശങ്ങളേവയാണു്? വി. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം ഈ രഹസ്യത്തിലേയ്ക്കു വെളിച്ചം വീശുന്നുണ്ടു്. അഞ്ചപ്പംകൊണ്ടു്

അയ്യായിരംപേരെ തീററി തൃപ്തരാക്കിയ കരുണയുടെ ആ വിസ്മയകരകൃത്യം ഈശോ പ്രവർത്തിച്ചിട്ട് ഒരു ദിവസം ആകുന്നേയുള്ളു. അപ്പം ഭക്ഷിച്ചു സംതൃപ്തരായ ജനതതി ഈശോയെ തിരക്കി അതിരാവിലേതന്നെ കഫർണാമിലെത്തി. തലേദിവസം രുചിച്ച അപ്പത്തിൻെറ മധുരമാണ് അവരെ ഈശോയുടെ സന്നിധിയിലേയ്ക്കു് നയിച്ചതു്. എന്നാൽ, ഈശോ സദൃശമെങ്കിലും ഉപരിയുൽകൃഷ്ടമായ മറെറാരു ദാനമാണ് അന്ന് അവർക്കു കാണിച്ചുകൊടുത്തതു്. അവിടുന്നു പറഞ്ഞു, "നശിച്ചുപോകുന്ന അപ്പത്തിനല്ല, മനുഷ്യപുത്രൻ നിങ്ങൾക്കു നല്കാനിരിക്കുന്ന നിത്യജീവൻെറ അപ്പത്തിനുവേണ്ടി നിങ്ങൾ പ്രയത്നിയ്ക്കുവിൻ. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രൻെറ മാംസം ഭക്ഷിക്കുകയും അവൻെറ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽ ജീവനുണ്ടാകുകയില്ല."

## ജീവൻെറ അപ്പം

സുപ്രധാനമാണ് ജീവിതത്തിൽ അപ്പത്തിനുള്ള സ്ഥാനം. ജീവനെ സംരക്ഷിക്കുന്നതിനും കോട്ടങ്ങൾ നികത്തുന്നതിനും അപ്പത്തിനുള്ള സ്ഥാനം പരിഗണനാർഹംതന്നെ. നമ്മുടെ അതിസ്വാഭാവികജീവിതത്തിൽ ഈ സുപ്രധാന ധർമ്മമാണു വി. കുർബാനസ്വീ

കരണം നിർവഹിക്കുന്നതു്. ജ്ഞാനസ്നാനത്തിൽ ജാതമാകുന്ന നവജീവൻ സംരക്ഷിക്കപ്പെടുന്നതിനും വളരുന്നതിനും ആവശ്യകമായ ആത്മീയ ഭക്ഷണമാണു് വി. കുർബാന. ഈശോ അരുളിച്ചെയ്യുന്നു: "എന്റെ മാംസം യഥാർത്ഥ ഭക്ഷണവും എന്റെ രക്തം യഥാർത്ഥ പാനീയവുമാകുന്നു. സഭാമല്പാനായ വി. തോമസ് അക്വീനാസിന്റെ അഭിപ്രായത്തിൽ ഈ കൂദാശ നല്കപ്പെടുന്ന വിധത്തിൽനിന്നു് ഇതിന്റെ ഫലങ്ങൾ പ്രകടമാകുന്നുണ്ടു്. ദിവ്യകാരുണ്യം ഭക്ഷണത്തിന്റേയും പാനീയത്തിന്റേയും സാദൃശ്യങ്ങളിൽ ശുശ്രൂഷിക്കപ്പെടുന്നതുകൊണ്ടു്, ജീവൻ നിലനിറുത്തുക, കേടുപാടുകൾ തീർക്കുക, ജീവൻ പുഷ്ടിപ്പെടുത്തുക എന്നിങ്ങനെ ഭക്ഷണപാനീയങ്ങൾ ശരീരത്തിൽ ചെയ്യുന്നതെല്ലാം ഈ കൂദാശ ആത്മാവിലും നിർവ്വഹിയ്ക്കുന്നു—കൂദാശകളെല്ലാം അവ നല്കുന്ന വരപ്രസാദത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളാണല്ലോ. തന്മൂലം വി. കുർബാനയും അതു സൂചിപ്പിക്കുന്ന വരപ്രസാദം നമുക്കു പ്രദാനം ചെയ്യുന്നു. ഈ ദിവ്യകൂദാശയുടെ സ്ഥാപനത്തിന്റെ സാഹചര്യങ്ങളും ഈ വസ്തുത സ്ഥിരീകരിക്കുന്നുണ്ടു്. ശാരീരികഭക്ഷണം തേടി തന്നെ സമീപിച്ചവർക്കാണു് അവിടുന്നു് ഈ ദിവ്യദാനം വാഗ്ദാനംചെയ്തതു്. വീണ്ടും സ്വശിഷ്യരോടൊത്തു കഴിച്ച അന്തിമാത്താഴമാണു് ഇതിന്റെ സ്ഥാപനത്തിനായി തിരഞ്ഞെടുത്ത അവസരം. അതിസ്വാഭാവിക യാഥാർത്ഥ്യങ്ങളെ ദൃശ്യമായ സ്വാഭാവിക യാഥാ

ത്ഥ്യങ്ങളിലൂടെ ആവിഷ്കരിക്കുന്ന ക്രിസ്തുവിൻെറ പ്രതിവ്യ് ഈ സാഹചര്യങ്ങളെ സാരവത്താക്കുന്നു.

വാഗ്ദാനഭൂമിയായ കാനാൻദേശത്തേയ്ക്കുള്ള ക്ലേശഭൂയിഷ്ഠമായ യാത്രയിൽ അത്ഭുതകരമായി മന്നാ വർഷിച്ചുകൊണ്ടു് ഇസ്രായേൽജനത്തെ ദൈവം തീററിപ്പോററി. വാഗ്ദാനനഗരമായ സ്വർഗ്ഗീയോറശ്ലത്തേക്കുള്ള യാത്രയിൽ നമുക്കു ശക്തിപകരുവാൻ അവിടുന്നു നല്കാനിരുന്ന വി. കുർബാനയുടെ ഒരു പ്രതിരൂപമായിരുന്നു മന്ന. അവിടുന്നിതാ നിത്യവും സ്വർഗ്ഗത്തിൽനിന്നിറങ്ങിവരുന്നു വി. കുർബാന വഴി. സ്വർഗ്ഗീയസൗഭാഗ്യത്തിലേയ്ക്കുള്ള നമ്മുടെ പ്രയാണത്തിൽ ശക്തിയും കരുത്തും നല്കുവാൻ, ഈ സ്വർഗ്ഗീയ മന്ന കൂടെക്കൂടെ ഭക്ഷിച്ചുകൊണ്ടു നമ്മുടെ യാത്ര തുടരുവാൻ ശക്തി സമ്പാദിക്കുക നാമോരോരുത്തരുടേയും കടമയാണു്.

## ദിവ്യകാരുണ്യം—ഐക്യത്തിൻെറ കൂദാശ

ക്രിസ്തുവിനോടു് ആത്മാവിനുണ്ടാകുന്ന ഗാഢമായ ഐക്യവും അനുരൂപപ്പെടലുമാണു് ദിവ്യകാരുണ്യസ്വീകരണത്തിൻെറ മറെറാരു ഫലം. അവിടുന്നു പറയുന്നു: എൻെറ മാംസം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അ

വനിലും വസിക്കുന്നു(1). ക്രിസ്തുവും ആത്മാവും തമ്മിലു ള്ള ഐക്യം പൂർണ്ണത പ്രാപിക്കുന്നതു് ഇവിടെവെച്ചാണു്. വിശ്വാസംവഴിയും ജ്ഞാനസ്നാനംവഴിയും ഉത്ഭൂതമാകുന്ന ഐക്യത്തേക്കാൾ ഗാഢമായ ഒന്നാണു് ഇവിടെ സംജാതമാകുന്നതു്. ഈ ക്രിയാശൈലിയിലുപയോഗിക്കുന്ന കർമ്മസാധനങ്ങൾ ഈ വസ്തുതയാണു പ്രകാശിപ്പിക്കുന്നതു്. നമ്മുടെ ആത്മാവുമായി ഗാഢമായി ബന്ധപ്പെടുന്നതിനുള്ള തീവ്രമായ ആഗ്രഹത്താലാണു് തന്നെത്തന്നെ ഭക്ഷണപാനീയങ്ങളുടെ സാദൃശ്യങ്ങളിൽ മറയ്ക്കുവാൻ അവിടുന്നു തിരുമനസ്സായതു്. ഈ ഐക്യത്തെ താനും സ്വർഗ്ഗീയപിതാവുംതമ്മിലുള്ള ബന്ധത്തോടു പോലും തുലനം ചെയ്യുവാൻ അവിടുന്നു മടിക്കുന്നില്ല. സ്വർഗ്ഗീയപിതാവു് എന്നെ അയച്ചു. ഞാൻ പിതാവുമൂലം ജീവിക്കുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും(2). ഭക്ഷണം ഒരു ജീവിയുമായി സംയോജിക്കുന്നതിനേക്കാൾ സുദൃഢമായ ബന്ധം സ്വാഭാവിക മണ്ഡലത്തിൽ വേറെയില്ല. മനുഷ്യമക്കളോടുള്ള അതിരററസ്നേഹത്താൽ നിരന്തരം അവരോടുകൂടി വസിപ്പാൻ അവിടുന്നാഗ്രഹിച്ചു. എന്നാൽ, നമ്മുടെമധ്യേ വാസമുറപ്പിച്ചതുകൊണ്ടുമാത്രം അവിടുന്നു സംതൃപ്തനായില്ല. അവിടുത്തെ അനന്തസ്നേഹം നാമോരോരുത്തരുടേയും അന്തരാത്മാവിൽ ആവസിക്കുവാൻ ആഗ്രഹിച്ചു. തീവ്രമായ ആ ആഗ്രഹം നിർജ്ജീവമായ ഭക്ഷണപാ

(1) യോഹ. 6: 57.
(2) വി. യോഹ. 6: 58.

നീയങ്ങളിൽ മറഞ്ഞു നമ്മോട് ഐക്യപ്പെടുവാൻ അവിടുത്തെ പ്രേരിപ്പിച്ചു.

ദൈവവുമായി ഐക്യം പ്രാപിക്കുക അതാണു മനുഷ്യൻെറ അന്തിമലക്ഷ്യം. ഇതു സാക്ഷാത്കരിക്കപ്പെടുന്നതു സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി ദർശിച്ചുകൊണ്ട് അവിടുത്തെ സ്നേഹത്തിൽ വസിക്കുമ്പോഴാണ്. ഇതിൻെറ ഒരു മുന്നാസ്വാദനമാണു ദിവ്യകാരുണ്യസ്വീകരണത്തിൽ സംഭവിക്കുക. ജ്ഞാനസ്നാനത്തിൽ നല്കപ്പെടുന്ന വിശ്വാസംമൂലം ദർശിക്കുന്ന ദൈവവുമായി നാം സ്നേഹത്തിൽ സംയോജിക്കുന്ന സൗഭാഗ്യകരമായ സമയമാണ് വി. കർബാനസ്വീകരണം.

## ക്രിസ്തുവുമായുള്ള അനുരൂപപ്പെടൽ

നമ്മുടെ ആത്മാവിൻെറ ജീവനാകുവാൻവേണ്ടിയാണ് ഈശോ ദിവ്യകാരുണ്യംവഴി നമ്മിലെഴുന്നള്ളുക. നമ്മുടെ അന്തരംഗത്തിൽ ആവസിച്ചുകൊണ്ടു നമ്മെ തന്നിലേയ്ക്കു രൂപാന്തരപ്പെടുത്തുക അതാണ് അവിടുത്തെ ആഗമനോദ്ദേശ്യം. സ്വാഭാവിക ഭക്ഷണം നമ്മിലേയ്ക്കു രൂപാന്തരപ്പെടുകയാണു ചെയ്യുക. ഈ അതിസ്വാഭാവിക ഭോജനമാകട്ടെ, നമ്മെ അതിലേയ്ക്കു പരാവർത്തനം ചെയ്യിക്കുകയാണ്. കാരണം മറെറാന്നുമല്ല: അനന്ത പരിശുദ്ധിയും അനന്തശക്തിയുമായ ദൈവംതന്നെയാണു ദിവ്യകാരുണ്യംവഴി നിസ്സാരരായ നമ്മുടെ ഭോജനമായിത്തീരുന്നതു്. വി. ആഗുസ്തീനോസ്

ഈ പ്രത്യേകതയെ ആലങ്കാരികമായി വിവരിക്കുന്നുണ്ട്: "ഈശോ ഓരോ ആത്മാവിനോടും പറയുന്നു: മഹാത്മാക്കളുടെ ഭോജനമാണു ഞാൻ. എന്നെ ഭക്ഷിക്കാൻ പ്രാപ്തനാകണമെങ്കിൽ നീ വളർച്ച പ്രാപിക്കുക. എന്നാൽ, ശാരീരികഭക്ഷണത്തെപ്പോലെ നീ എന്നെ നിന്നിലേയ്ക്കു രൂപാന്തരപ്പെടുത്തുകയല്ല, പ്രത്യുത, നീ എന്നിലേയ്ക്കു രൂപാന്തരപ്പെടുകയാണു ചെയ്യുക." വി. ഡെനീസ് അരോപജൈററ് ദിവ്യകാരുണ്യഭോജനത്തെ അഗ്നിയോടാണുപമിച്ചിരിക്കുന്നത്. അഗ്നിസമ്പർക്കത്തിലേപ്പെടുന്ന സകലത്തിനേയും സ്വന്തം സ്ഥിതിയിലേക്കു മാററുന്നതുപോലെ അനന്തസ്നേഹാഗ്നിയായ ഈശോ തന്നെത്തന്നെസ്നേഹക്രൂദാശയിൽ നമുക്കു നല്കിക്കൊണ്ടു നമ്മെ തന്നിലേയ്ക്കു രൂപാന്തരപ്പെടുത്തുന്നു. വി. തോമസ് അക്വീനാസ് വീഞ്ഞിൽ ലയിക്കുന്ന വെള്ളത്തുള്ളിയോടും കാട്ടുമരത്തിൽ ഒട്ടുവെയ്ക്കുന്ന വിശേഷവൃക്ഷക്കൊമ്പിനോടുമാണ് ദിവ്യഭോജനത്തെ ഉപമിക്കുന്നത്. വെള്ളത്തുള്ളി വീഞ്ഞായിമാറുന്നതുപോലെ ക്രിസ്തുവിന്റെ പാവനാദർശങ്ങളും അഭിലാഷങ്ങളും ദിവ്യമേശയ്ക്കണയുന്നവന്റെ ഹൃദയാഭിലാഷങ്ങളെ ദൈവികമാക്കിമാററുന്നു. നമ്മുടെ മനോവികാരങ്ങളും പ്രവൃത്തികളും ദൈവപുത്രനനുയോജ്യമായിബ്ഭവിക്കുന്നു. ഒട്ടുവെയ്ക്കപ്പെട്ട ശിഖരം വിശേഷഫലങ്ങൾ പുറപ്പെടുവിക്കുന്നതുപോലെ ബലഹീനവും പാപാസക്തവുമായ നമ്മുടെ ജഡത്തോടു യോജിക്കുന്ന മിശിഹാ നമ്മിൽ വിശുദ്ധിയു

ടെ വിശിഷ്ടഫലങ്ങൾ സംജാതമാകും. "ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ധാരാളം ഫലങ്ങൾ പുറപ്പെടുവിക്കും"(1). മിശിഹായുടെ ദിവ്യാത്മാവുമായുള്ള ഐക്യം നമ്മുടെ ആത്മാക്കളെ പരിപാവനമാക്കുന്നു. അവിടുത്തെ ബുദ്ധി, ആത്മാവിന്റെ യഥാർത്ഥപ്രകാശമാകുന്ന അവിടുത്തെ ബുദ്ധി, നമ്മുടെ ബുദ്ധിയെ വിശ്വാസപ്രഭയാൽ പ്രശോഭിതമാക്കുന്നു. അതുവഴി ജീവിതാനുഭവങ്ങളേയും ലൗകിക യാഥാർത്ഥ്യങ്ങളേയും അവയുടെ സത്യാവസ്ഥയിൽ ദർശിക്കാൻ നാം പ്രാപ്തരാകും. ലൗകികതയുടെ തനിനിറം അപ്പോൾ വ്യക്തമാകും. വെറും ലൗകികമായ ആദർശങ്ങളുടേയും വീക്ഷണങ്ങളുടേയും പൊള്ളത്തരം വെളിച്ചത്തുവരും. സുവിശേഷസത്യങ്ങളും ആദർശങ്ങളും സർവ്വാത്മനാ സ്വീകാര്യങ്ങളായി നമുക്കനുഭവപ്പെടും. അതോടൊപ്പം ഈശോയുടെ ആദർശങ്ങളും ചിന്താരീതിയും.

ദൈവസ്നേഹത്തിലും സേവനത്തിലും സുദൃഢമായ ഈശോയുടെ ഇച്ഛാശക്തി, ബലഹീനവും പാപത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നതുമായ നമ്മുടെ ഇച്ഛാശക്തിക്കു കരുത്തേകും. ദൈവസ്നേഹത്താലും ആത്മരക്ഷയ്ക്കുള്ള തീക്ഷ്ണതയാലും പ്രോജ്ജ്വലമായ അവിടുത്തെ ഹൃദയം നമ്മുടെ ഹൃദയത്തെ സ്നേഹാഗ്നിയാൽ എരിയിക്കുന്നു. സൃഷ്ടവസ്തുക്കളിൽ ആമഗ്നമായ നമ്മുടെ ഹൃദയാഭിലാഷങ്ങളെ ദൈവികവും ആത്മീയവുമായവയിലേക്ക് അവിടുന്നു ഉയർത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ നമ്മു

(1) വി. യോഹ. 15, 5.

ടെ ബലഹീനതയും അസ്ഥിരതയും അവിടത്തെ ദിവ്യ ശക്തിക്കു വഴിമാറിക്കൊടുക്കും. അപ്പോൾ, വി. പൗലോസിനോടുകൂടെ 'ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്നൽഘോഷിക്കുവാൻ നാമും പ്രാപ്തരാകും.

## പാപത്തിൻെറ പ്രതിവിധി

പാപം സൗഭാഗ്യനികേതനമായ പറുദീസായെ വേദനയുടെ താഴ്വരയായി മാററി. മനുഷ്യനെ ആത്മീയമായി നിർജ്ജീവനാക്കുന്ന ഈ തിന്മയ്ക്കുള്ള പ്രതിവിധിയും ദിവ്യകാരുണ്യത്തിലാണു നാം കണ്ടെത്തുക. കാരണം, ദിവ്യകാരുണ്യം "ജീവൻെറ അപ്പമാണു്"(1). ഇതിൽനിന്നു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും.

ദൈവികനന്മയെക്കുറിച്ചുള്ള അന്ധത, തിന്മയെ നേരിടുവാൻ മനസ്സിനുള്ള ദൗർബല്യം ഇവയാണു പാപത്തിൽ നിപതിപ്പിക്കുന്ന ചില അടിസ്ഥാനകാരണങ്ങൾ. അധഃപതിച്ച മനുഷ്യൻെറ അന്ധമായ ബുദ്ധിക്കു പ്രകാശവും ദുർബലമായ മനസ്സിനു കരുത്തും പകരുന്ന ശക്തിയാണു പ്രേരകവരപ്രസാദം. ഈ വിശിഷ്ടദാനം സമൃദ്ധമായാണു ദിവ്യമേശയ്ക്കണയുന്നവരിൽ ചൊരിയപ്പെടുക. തന്മൂലം തിന്മ വിവേചിച്ചറിയുന്നതിനും പ്ര

(1) യോഹ. 6, 50-51.

ലോഭനങ്ങളെ കീഴടക്കുന്നതിനും ആത്മാവു കരുത്താർജ്ജിക്കുന്നു. ഈശോയുടെ വാക്കുകൾതന്നെ നമുക്കുറപ്പു നല്കുന്നുണ്ട്. 'ഇതു് സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പമാകുന്നു. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല(1).

അനുദിനപ്രവൃത്തനത്താൽ നഷ്ടപ്പെടുന്ന ശക്തിയും ഊർജ്ജവും പുനസ്സംഭരിക്കുക, അതിനാണു ഭക്ഷണം. പാപസാഹചര്യങ്ങളാലും ദുഷ്പ്രവണതകളാലും ബലഹീനമായിത്തീരുന്ന ആത്മീയശക്തികൾക്കു നഷ്ടപ്പെട്ട കരുത്തു തിരികെ കിട്ടുകയാണു ദിവ്യകാരുണ്യഭോജനംവഴി. ആത്മീയവൈദ്യനായ ക്രിസ്തു തന്നെയാണ്, അധ:പതിച്ച മനുഷ്യപ്രകൃതിയുടെ ദിവ്യ ഔഷധമായ രക്ഷകൻതന്നെയാണ് ദിവ്യകാരുണ്യംവഴി നമ്മിലേക്കെഴുന്നുള്ളുക. നമ്മുടെ പ്രകൃതിയുടെ പ്രവണതകളേയും പോരായ്മകളേയും നന്നായി അറിയുന്നവനാണ് അവിടുന്ന്. നമ്മിലുള്ള അവിടുത്തെ വാസം അപകടസാഹചര്യങ്ങളെ മുൻകൂട്ടികാണുന്നതിനും ശത്രുവിന്റെ ആക്രമണത്തെ നേരിടുന്നതിനും നമ്മെ പ്രാപ്തരാക്കുമെന്നതിനു സംശയമില്ല. ആത്മാക്കളെ വീഴാതെ സംരക്ഷിക്കുകയും ബലഹീനതയാൽ വീണവരെ എഴുന്നേൽക്കുവാൻ സഹായിക്കുകയുമാണു ദിവ്യകാരുണ്യം.

നമ്മെ പാപത്തിലേയ്ക്കാകർഷിക്കുന്ന മറ്റൊരു ദുർഗ്ഗുണമാണു ക്രമംവിട്ട ജഡികാസക്തി. നമ്മുടെ പ്ര

---

(1) വി. യോഹ. 6, 50.

കൃതിയിൽത്തന്നെ രൂഢമൂലമായിരിക്കുന്ന ഈ ക്രമക്കേടി ൻെറ ദുരന്തഫലങ്ങൾ നിരവധിയാണ്. വി. അപ്പസ്തോലൻ, തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച ക്രിസ്തുവിൻെറ ആ ധീരയോദ്ധാവുപോലും ഇതേപ്പററി പ്രലപിക്കുന്നുണ്ട്: "എൻെറ അന്തരാത്മാവു ദൈവനിയമത്തോടു സസന്തോഷം യോജിക്കുന്നു. പക്ഷേ, എൻെറ ജഡികാവയവങ്ങളിൽ മറെറാരു നിയമം ഞാൻ ദർശിക്കുന്നു. അതു ബുദ്ധി അംഗീകരിക്കുന്നു. നിയമത്തിനെതിരേ സമരംചെയ്തു ജഡികാസക്തികൾ അടിമയാക്കി എന്നെ പാപത്തിലേയ്ക്കാകർഷിക്കുന്നു. ഞാനെത്ര ദുർഭഗനാണ്"(1). ദൈവസുതനായ ക്രിസ്തുവിൻെറ തിരുശരീരവും അമൂല്യരക്തവുമാണു നാം ദിവ്യഭോജനത്തിൽ അനുഭവിക്കുക. പരമപരിശുദ്ധിതന്നെയായ അവിടുത്തെ ശരീരരക്തങ്ങൾ നമ്മിലുള്ള ദുഷ്പ്രവണതകളെ നിർമ്മൂലമാക്കാൻ ശക്തമല്ലയോ? സകലത്തിലും സർവദാ ദൈവതിരുമനസ്സിനു വിധേയമായി വർത്തിച്ച അവിടുത്തെ ജഡം നമ്മുടെ ജഡത്തെ പാപാസക്തിയിൽനിന്നും വിമുക്തമാക്കുന്നു.

പാപത്തിൻെറ ഉത്ഭവം അമിതമായ സ്വാർത്ഥസ്നേഹത്തിൽനിന്നാണ്. ഈ സ്നേഹം ദൈവത്തിൻെറ സ്നേഹമസൃണമായ പ്രമാണങ്ങൾ അവഗണിച്ചുപോലും സ്വാർത്ഥലാഭത്തിനുവേണ്ടി പ്രവർത്തിക്കുവാൻ നമ്മെ പ്രലോഭിപ്പിക്കുന്നു. തൻെറ ഏകജാതനെ പരിപൂർണ്ണമായി നമുക്കു നല്കത്തക്കവണ്ണം നമ്മെ സ്നേഹിച്ച ദൈവത്തി

(1) റോമാ. 7. 23-24.

ൻെറ അതിരററ ഔദാര്യമാണ് ദിവ്യക്രൂദാശയിൽ നാം അനുഭവിക്കുക. ദിവ്യകാരുണ്യംവഴി ആത്മാവു ദൈവസ്നേഹത്താൽ ജ്വലിക്കപ്പെട്ടുമെന്നു മുമ്പു കണ്ടുവല്ലോ. അങ്ങനെ ദൈവസ്നേഹത്താൽ ഉജ്ജ്വലിക്കുന്നവൻ സ്വാഭാവികമായി സ്വാത്ഥത്തിൽനിന്നു സ്വതന്ത്രനാകുമെന്നതു സുനിശ്ചിതമാണ്.

ദിവ്യകാരുണ്യസ്വീകരണം പാപദോഷത്തിൽനിന്നു നമുക്കു മോചനം നേടിത്തരുന്നു. ഭക്ഷണം ശരീരത്തിനു നേരിടുന്ന കോട്ടങ്ങളെ പരിഹരിക്കുന്നതുപോലെ ഈ ദിവ്യഭോജനം പാപദോഷംമൂലം ആത്മാവില്ലുളവാകുന്ന പരുക്കുകളെ സൗഖ്യമാക്കുന്നു. ഇതു സഫലീകൃതമാകുന്നതിനു പാപദോഷത്തെ ആത്മാത്ഥമായി വെറുക്കണമെന്നേയുള്ളൂ. കൗദാശികവരപ്രസാദം ചൊരിയപ്പെടുന്നതുവഴി ആത്മാവു നിർമ്മലമാക്കപ്പെടുന്നു.

## മൗതികശരീരത്തിൻെറ ക്രൂദാശ

മൗതികശരീരത്തിൻെറ ശിരസ്സിനോടും അംഗങ്ങളോടുമുള്ള ബന്ധം സുദൃഢമാക്കുകയാണ് ഈ ദിവ്യവിരുന്നിൻെറ മറെറാരു ഫലം. അന്തിമയത്താഴത്തിൽവച്ച് ഈ ദിവ്യക്രൂദാശ സ്ഥാപിച്ചതിനുശേഷം ക്രിസ്തു പിതാവിനോടു പ്രാത്ഥിക്കുന്നു. എന്താണവിടുന്ന് ആദ്യമായി യാചിക്കുന്നതു്? വിശ്വാസികളേവരും തന്നിൽ ഒന്നായിത്തീരുവാൻ. പരിശുദ്ധനായ പിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ അങ്ങെന്നെ ഏല്പിച്ചവരെ

യെല്ലാം അങ്ങേ നാമത്തിൽ പരിപാലിച്ചു ഒന്നിപ്പിക്കണമേ(1). സവിശേഷമായ ഈ ഐക്യം സുദൃഢമാക്കുവാനുള്ള വിശിഷ്ടോപാധിയാണു് ദൈവകുമാരൻെറ ദിവ്യബലിയും കർബാനസ്വീകരണവും. അപ്പം ഒന്നാകയാൽ നമ്മൾ പലരാണെങ്കിലും ഒരു ശരീരമാണു്. ഒരേ അപ്പത്തിൻെറ ഭാഗഭാക്കുകളാണു നാമെല്ലാവരും(2). മൗതികശരീരമെന്ന ദിവ്യരഹസ്യം ഉപര്യുപരി ഒരു ജീവിതയാഥാർത്ഥ്യമാക്കുവാൻ ഈ കൂദാശയ്ക്കുള്ള ശക്തി ഒന്നുപ്രത്യേകമാണു്. ഇതുവഴി ശിരസ്സായ ക്രിസ്തുവിൻെറ പാവനജീവൻ നമ്മിലേക്കു സമൃദ്ധമായി ചൊരിയപ്പെടുന്നു. സമ്പൂർണ്ണക്രിസ്തുവിനോട്ട്, ശിരസ്സിനോടും ഇതരാംഗങ്ങളോടും, സ്നേഹത്തിൽ സംയോജിക്കുവാൻ ഈ ദിവ്യരഹസ്യം നമുക്കു ശക്തി നല്കുന്നു. മററുള്ളവർ ചെയ്യുന്ന ദ്രോഹത്തെ വിസ്മരിച്ചു ഹൃദയപൂർവ്വം ക്ഷമിക്കുവാൻ ഓരോ കർബാനസ്വീകരണവും നമുക്കു ശക്തി നല്കണം. അങ്ങനെ, നമ്മുടെ സഹോദരങ്ങളോടുള്ള നീരസവും സ്നേഹരാഹിത്യവും ഇല്ലാതാക്കി അവരോടൊന്നിച്ചു ക്രിസ്തുവിൽ ഐക്യപ്പെടുവാൻ ഈ സ്നേഹരഹസ്യം നമ്മെ സഹായിക്കും.

### ആത്മീയാനന്ദത്തിൻെറ ഉറവിടം

ഭക്ഷണം ശരീരത്തിനു ശക്തി നല്കുന്നതോടൊപ്പം മനുഷ്യനു സന്തോഷവും സംതൃപ്തിയും നല്കുന്നു.

---

(1) വി. യോഹ. 17, 11.
(2) 1 കൊറി. 10, 17.

M/265.3
NEN



സ്നേഹിതരോടൊത്തു സന്തോഷിക്കുവാൻ സല്ക്കാരങ്ങൾ നടത്തുന്ന പതിവ് ഈ വസ്തുതയെയാണ് വിളിച്ചറിയിക്കുക. അതുപോലെതന്നെ ഈ ദൈവികഭക്ഷണം ആത്മാവിനു് അതിരററ ആനന്ദം പകരുവാൻ സഹായകമാണ്. തൻെറ ജ്യേഷ്ഠസഹോദരനും സ്നേഹിതനുമായ ദിവ്യകുമാരൻതന്നെ സ്വന്തം ആത്മാവിൽ എഴുന്നള്ളിവന്നിരിക്കുന്നുവെന്ന ചിന്ത ആൎക്കാണ് ആശ്വാസവും ആനന്ദവും നല്കാതിരിക്കുക. വി. അഗസ്റ്റീനോസ് സത്യദൈവത്തെ കണ്ടെത്തിയപ്പോൾ ഉൽഘോഷിച്ചു: 'ദൈവമേ ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങേക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അങ്ങിൽ വിശ്രമിക്കുന്നതുവരെ അതു് അസ്വസ്ഥമാണ്.' ദിവ്യകാരുണ്യഈശോയെ യോഗ്യതാപൂർവ്വം സ്വീകരിക്കുന്ന ഏതൊരുവനിലും ഈ യാഥാൎത്ഥ്യം സ്ഥിരീകരിക്കപ്പെടുന്നു.

## നമുക്കു ലഭിക്കാനിരിക്കുന്ന
## മഹത്വത്തിൻെറ അച്ചാരം

വി. കുർബാന വാഗ്ദാനംചെയ്തയവസരത്തിൽ ഈ ദിവ്യദാനവും നിത്യജീവനും തമ്മിലുള്ള ബന്ധം ക്രിസ്തു വ്യക്തമാക്കി. "ഞാൻ സ്വൎഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും. എൻെറ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീ

വന്നുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും”(1). നമുക്കു ജീവൻ നല്കുവാൻ ഭൂജാതനായ ദൈവസുതനോടുള്ള ഐക്യം നിത്യജീവൻ പ്രദാനം ചെയ്യുമെന്നതിൽ സംശയത്തിനവകാശമില്ല. മരണത്തെ ജയിച്ച് ഉയിർത്ത അവിടുത്തെ ശരീരത്തോടു ഒന്നായിച്ചേരുന്ന നമ്മുടെ ശരീരം ഉയിർത്തെഴുന്നേല്ക്കാൻ യോഗ്യത പ്രാപിക്കുകയാണു് ദിവ്യകാരുണ്യസ്വീകരണംവഴി.

## ദിവ്യകാരുണ്യസ്വീകരണം

## നിത്യരക്ഷയ്ക്കാവശ്യകമോ?

ആവശ്യകത രണ്ടുതരത്തിലാകാം. ഒന്നു്: സഭ അനുശാസിക്കുന്നതുകൊണ്ടു്. ഈ നിയമം മാററാനോ ഭേദഗതി ചെയ്യാനോ സഭയ്ക്കു യഥേഷ്ടം അവകാശമുള്ളതിനാൽ, ഇതൊരു ആവശ്യാവശ്യകത (absolute necessity) യല്ല. വ്യക്തമാക്കാം. ഞായറാഴ്ച വി. കുർബാനയിൽ സംബന്ധിക്കണമെന്നു സഭ അനുശാസിക്കുന്നു. ഈ നിയമം കാക്കുവാൻ മാരകപാപത്തിൻകീഴ് സഭാസന്താനങ്ങൾക്കു ചുമതലയുണ്ടു്. കാത്തില്ലെങ്കിൽ നിത്യരക്ഷ അപകടത്തിലാവുന്നു. എന്നാൽ, ഈ നിയമം മാററുവാനും സഭാസന്താനങ്ങളെ ചുമതലയിൽനിന്നൊഴിവാക്കാനും സഭയ്ക്കധികാരമുണ്ടു്. അതായതു്, നിത്യ

(1) യോഹ. 6. 50, 54.

രക്ഷയ്ക്കുള്ള ഏകമാർഗ്ഗം ഇതാകണമെന്നില്ല. ഇതൊരു കേവലാവശ്യകതയല്ല.

ഇനി, മാമ്മോദീസാ സ്വീകരിക്കുവാനുള്ള കല്പനയുടെ കാര്യമെടുക്കാം. മാമ്മോദീസാവഴിയല്ലാതെ ആർക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. മാമ്മോദീസാ—അതിൻെറ ഏതെങ്കിലും രൂപത്തിൽ കൈക്കൊള്ളണമെന്നതു് നിത്യരക്ഷയെ ബാധിക്കുന്ന കാര്യമാണു്. നിത്യരക്ഷക്കുള്ള ഏകമാർഗ്ഗവും അതത്രേ. അതിൽനിന്നു് ഒരാളെ ഒഴിവാക്കാനോ, ആ നിയമം മാററാനോ സഭയ്ക്കധികാരമില്ല. അതു ദൈവിക നിയമമാണു്. ആകയാൽ, മാമ്മോദീസാസ്വീകരണം നിത്യരക്ഷയ്ക്കു് ഒരു അവശ്യാവശ്യകതയാണു്.

അടുത്തതായി, ദിവ്യകാരുണ്യസ്വീകരണം നിത്യരക്ഷയ്ക്കാവശ്യമാണോ, ആണെങ്കിൽ, അതൊരു അവശ്യാവശ്യകതയാണോ എന്നു പരിശോധിക്കണം.

കുദാശപരമായ ദിവ്യകാരുണ്യസ്വീകരണം നിത്യരക്ഷയ്ക്കു് ഒരു അവശ്യാവശ്യകതയാണെന്നു സഭ പഠിപ്പിക്കുന്നില്ല. എന്നാൽ, സാധ്യവും അനുകൂലവുമായ സാഹചര്യമുണ്ടായിട്ടും, ദിവ്യകാരുണ്യകുദാശ സ്വീകരിക്കാതെ ബോധപൂർവ്വം ഒഴിഞ്ഞുമാറുന്ന വ്യക്തി നിത്യരക്ഷ പ്രാപിക്കുമോ എന്ന ചോദ്യത്തിനു്, ഇല്ല എന്നാണു സഭാപിതാക്കന്മാർ മറുപടി പറയുക. വിശദീകരിക്കാം. ദിവ്യകാരുണ്യം രണ്ടുവിധത്തിൽ സ്വീകരിക്കാവുന്നതാണു്. കുദാശയ്ക്കടുത്തവിധത്തിൽ, അപ്പത്തിൻെറ സാദൃശ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ

സ്വീകരിക്കുക എന്നതു് ഒന്നു്. അതു സാധിക്കാത്തപ്പോൾ ആഗ്രഹത്താൽ ആദ്ധ്യാത്മികമായി സ്വീകരിക്കുക എന്നതു മറെറാന്നു്. കൂദാശപരമായി സ്വീകരിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ അപ്രകാരം ചെയ്യാതിരിക്കുക നിത്യരക്ഷയെ അപകടത്തിലാക്കുകയില്ല, എന്നാൽ, ആ അവസരത്തിൽ ആഗ്രഹത്താലെയെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതാണു്. ആഗ്രഹത്താലെയെങ്കിലുമുള്ള ദിവ്യകാരുണ്യസ്വീകരണം നിത്യരക്ഷയ്ക്കു് ഒരു അവശ്യാവശ്യകതയാണെന്നാണു സഭാപിതാക്കന്മാരുടെ അഭിപ്രായം. ദിവ്യകാരുണ്യം സ്വീകരിക്കുവാൻ ആഗ്രഹമുള്ള വ്യക്തി, കൂദാശപരമായി സ്വീകരിക്കാൻ, അനുകൂലസാഹചര്യത്തിൽ വിമുഖത പ്രദർശിപ്പിക്കുകയില്ല. വിമുഖത കാണിക്കുന്നുവെങ്കിൽ, ആഗ്രഹമില്ലെന്നാണു മനസ്സിലാക്കേണ്ടതു്. അതിനാലാണു്, അനുകൂലമായ സാഹചര്യത്തിൽ കൂദാശപരമായി ദിവ്യകാരുണ്യം സ്വീകരിക്കാൻ തയ്യാറാകാത്ത വ്യക്തിയുടെ നിത്യരക്ഷ അപകടത്തിലാകുന്നുവെന്നു സഭാപിതാക്കന്മാർ പറയുന്നതു്.

ഇതിൽനിന്നു് ഒരുകാര്യം വ്യക്തമാണു്. ആഗ്രഹത്താലെയെങ്കിലുമുള്ള ദിവ്യകാരുണ്യസ്വീകരണംമാത്രമേ നിത്യരക്ഷയ്ക്കുള്ള കേവലാവശ്യകതയുടെ പരിധിയിൽപ്പെടുന്നുള്ളൂ എന്നു്. മാമ്മോദീസാസ്വീകരിച്ചയുടൻ മരിച്ചുപോകുന്ന ശിശുക്കൾക്കു് ഇപ്രകാരമൊരാഗ്രഹം സാധ്യമല്ലല്ലോ എന്നു ചോദിച്ചേക്കാം. വി. തോ

മസ് അക്വിനാസ് മറുപടി പറയുന്നു, ആ ആഗ്രഹം പരോക്ഷമായെങ്കിലും മാമ്മോദീസാസ്വീകരണത്തിൽ അടങ്ങിയിരിക്കുന്നുണ്ടെന്നു്. കാരണം, എല്ലാക്രൂദാശകളും ആത്യന്തികമായി ആത്മാവിനെ നയിക്കുന്നതു് ദിവ്യകാരുണ്യത്തിലേക്കാണു്. ക്രൂദാശകളുടെയെല്ലാം പൂർത്തീകരണം അതിലാണു്. ആകയാൽ, മാമ്മോദീസാ സ്വീകരിക്കുന്ന ശിശു അതുവഴി ദിവ്യകാരുണ്യസ്വീകരണത്തിനു പരോക്ഷമായെങ്കിലും ആഗ്രഹിക്കുന്നുണ്ടെന്നു വ്യക്തമാണു്. എന്നാൽ, പ്രായപൂർത്തിവന്ന, വിവേചനാശക്തി കൈവന്ന, വ്യക്തിക്കു് ഈ ആഗ്രഹം മതിയാകയില്ല. നവീകൃതമായ ആഗ്രഹം ആവശ്യകമാണു്. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും, അവന്റെ രക്തം പാനം ചെയ്യുകയും ഇല്ലായെങ്കിൽ, നിങ്ങൾക്കു നിങ്ങളിൽ ജീവനുണ്ടായിരിക്കുകയില്ല' എന്ന വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് അലക്സാണ്ഡ്രിയായിലെ വി. സിറിൽ നിത്യരക്ഷയ്ക്കു് ആഗ്രഹത്താലെയെങ്കിലുമുള്ള ദിവ്യകാരുണ്യസ്വീകരണത്തിന്റെ ആവശ്യകതയെ തെളിയിച്ചുകൊടുക്കുന്നു. വി. അഗസ്തീനോസ്, ജെലാസിയൂസ് പാപ്പാ, വി. ഹിലാരി, വി. ആൽബർട്ടു് തുടങ്ങിയ സഭാപിതാക്കന്മാരെല്ലാം ഈ അഭിപ്രായത്തെ പിന്താങ്ങുന്നുണ്ടു്. വി. തോമസ് അക്വിനാസ് ഈ അഭിപ്രായത്തെ സസൂക്ഷ്മം വിശകലനംചെയ്തുകൊണ്ടു പറയുകയാണു്, ആഗ്രഹത്താലെയെങ്കിലുമുള്ള ദിവ്യകാരുണ്യസ്വീകരണംകൂടാതെ

പ്രാഥമികവരപ്രസാദം (First grace) പോലും ലഭിക്കുകയില്ല എന്ന്. ആകയാൽ, ക്രൂദാശപരമായി ദിവ്യകാരുണ്യം സ്വീകരിക്കാൻ അനുകൂലമല്ലാത്ത സാഹചര്യത്തിൽ ആഗ്രഹത്താലെയെങ്കിലുമുള്ള ദിവ്യകാരുണ്യസ്വീകരണം നിത്യരക്ഷക്ക് ആവശ്യകമാണെന്ന് അനുമാനിക്കാം.

## vi. കുർബാന പാരമ്പര്യത്തിൽ

കുർബ്ബാനയുടെ സ്ഥാപനാവസരത്തിൽ അതു് ആവർത്തിക്കുന്നതിനുള്ള അധികാരം ക്രിസ്തു ശിഷ്യന്മാർക്ക് നല്കി. ക്രിസ്തു പ്രവർത്തിച്ചതുപോലെ അപ്പവും വീഞ്ഞും എടുത്തു ക്രിസ്തുവിൻെറ ശരീരരക്തങ്ങളാക്കിപ്പകർത്തി നിത്യപിതാവിനു സംപൂജ്യമായ ബലി സമർപ്പിക്കുക എന്ന കർത്തവ്യം അങ്ങനെ ശിഷ്യന്മാരിൽ നിക്ഷിപ്തമായി. വേദപുസ്തകവും പാരമ്പര്യവും ഈ സത്യത്തെ ആവർത്തിച്ചു പ്രസ്താവിച്ചു. സുവിശേഷങ്ങളും വി. പൗലോസിൻെറ ലേഖനങ്ങളും ഒഴിച്ചാൽ വി. കുർബ്ബാനയെക്കുറിച്ചു സാമാന്യം ദീർഘമായ പ്രതിപാദനം വി. ജസ്റ്റിൻ, ജറുസലത്തെ വി. സിറിൽ മുതലായവരുടെ ഗ്രന്ഥങ്ങളിലുണ്ടു്. അവയ്ക്കു മുമ്പുള്ള പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ നാം പ്രതീക്ഷിക്കുന്നതുപോലെ ശാസ്ത്രീയമല്ലെന്നതിൻെറ കാരണം വിവിധമാണു്. ഒന്നാമതു്, കുർബ്ബാന (Eucharistia) സർവ്വസാധാരണമായ ചടങ്ങായിരുന്നതുകൊണ്ടു പ്രത്യേക വിവരണം ആവശ്യകമല്ലാ

യിരുന്നു. കുർബ്ബാന അവരുടെ ജീവിതവുമായി അലിഞ്ഞു ചേർന്നിരുന്നു. രണ്ടാമത്, പരസ്യമായ വിവരണത്തിനും സംവാദത്തിനും പ്രസ്താവങ്ങൾക്കും വി. കുർബ്ബാനയെ വിധേയമാക്കുക അവഹേളനമായിട്ടാണ് അവർ കരുതിയിരുന്നത്. ഇതിനാലാണ് രഹസ്യശിക്ഷണം (Disciplina arcana) മൂലം തത്വാവിഷ്കരണം ചെയ്യുവാൻ അവർ പ്രേരിതരായത്.

# V

# കർബ്ബാന—

# ബലിയും ക്രൂദാശയും

### ജീവിക്കുന്നസാന്നിധ്യം

കുർബ്ബാന ബലിയാണെന്നു മുമ്പ് സമർത്ഥിച്ചിട്ടുണ്ട്. അവസാനയത്താഴത്തിൽ ക്രിസ്തു ഉപയോഗിച്ച പദങ്ങൾ "നിങ്ങൾക്കുവേണ്ടി നല്കപ്പെട്ട ശരീരം, നിങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട രക്തം" പഴയനിയമത്തിന്റേയും പുതിയ നിയമത്തിന്റേയും വെളിച്ചത്തിൽ ബലിയെ സൂചിപ്പിക്കുന്നതാണെന്നു വ്യക്തമാണ്(1). പഴയനിയമത്തിൽ യഹൂദന്മാർ ജറൂസലം ദൈവാലയത്തിൽ അർപ്പിച്ചിരുന്ന ബലിയുടെ സത്താപരമായ ഘടകം രക്തം ചിന്തലാണ്. ബലിവസ്തുവിന്റെ രക്തം പാ

---

(1) പുറപ്പാട് 24, 4-3.

പവിമോചനത്തിനുതകുന്നുവെന്നായിരുന്നു അവരുടെ വിശ്വാസം. തിരുവത്താഴത്തിൽ ബലിയുടെ സ്വഭാവം പ്രകടമാണ്. ആസന്നഭാവിയിൽ ക്രൂശിൽ സമർപ്പിക്കാനിരുന്ന രക്തബലിയുടെ രക്തം ചിന്താതെയുള്ള അർപ്പണമായിരുന്നു അത്. അൾത്താരയിലെ ബലി ക്രൂശിലെ ബലിയുടെ നവീകരണവും. വി. പൗലോസ് എഴുതുന്നു: "എന്തെന്നാൽ, നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴൊക്കെ, അവിടുത്തെ ആഗമനംവരെ കർത്താവിൻെറ മരണത്തെ പ്രഖ്യാപിക്കുകയത്രേ"(1). ഈ വാക്യത്താൽ കുരിശിലെ ബലിയുടേയും അൾത്താരയിൽ അനുദിനം അർപ്പിതമാകുന്ന ബലികളുടേയും സത്താപരമായ ഏകതാനതയെയാണ് വി. പൗലോസ് വിവക്ഷിക്കുന്നതു്. പഴയനിയമത്തിൽ മൽക്കിസദെക്ക് അപ്പവും വീഞ്ഞുംകൊണ്ടു് അർപ്പിച്ച ബലിയുടെ പൂർത്തീകരണമാണ് വി. കുർബ്ബാനയെന്ന് അപ്പസ്തോലൻ വിസ്മരിക്കുന്നില്ല(2). മലാക്കിയാസ് ദീർഘദർശി പ്രവചിച്ച സാർവ്വത്രികബലി, പ്രഭാതംമുതൽ പ്രദോഷംവരെ അർപ്പിക്കപ്പെടുന്ന ബലി, വി. കുർബ്ബാന തന്നെയാണെന്നു ദൃഢമായി പ്രഖ്യാപിക്കുന്ന നിരവധി സാക്ഷ്യങ്ങൾ പിതാക്കന്മാരുടെ കൃതികളിൽ കാണാവുന്നതാണ്(3).

പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഒന്നുകിൽ വേദ

---

(1) I Cor. 11, 26.
(2) Genesis 14, 18; Heb. 5, 6-10; 7, 1-22.
(3) Scbl, 10.

പുസ്തകവാക്യങ്ങളെ വിശദീകരിച്ചുകൊണ്ടോ ആവർത്തിച്ചുകൊണ്ടോ ഉള്ളതാണു്. ദൈവവചനങ്ങളെ ആസ്പദമാക്കിമാത്രമാണു് അവർ ബലിയെപ്പററി വിചിന്തനം ചെയ്തിട്ടുള്ളതു്. സമഗ്രവും വ്യാപകവുമായ വിവരണങ്ങൾ മൂന്നാം നൂററാണ്ടിന്റെ മധ്യഘട്ടത്തോടെ മാത്രമേ കണ്ടു തുടങ്ങിയുള്ളു എന്നതിൽനിന്നു ചിലർ തെററായ നിഗമനങ്ങളിലെത്തിച്ചേർന്നിരിക്കുകയാണു്. കുർബ്ബാനയുടെ യാഗാത്മകത്വം അനന്തര നൂററാണ്ടുകളിൽ അടിസ്ഥാനരഹിതമായി കൂട്ടിച്ചേർത്തതാണെന്നത്രേ അവരുടെ വാദം. അപ്പസ്തോലന്മാരുടേയും അപ്പസ്തോലപിൻഗാമികളുടേയും സാക്ഷ്യങ്ങളിൽനിന്നു് കുർബ്ബാനയുടെ യാഗാത്മകത്വം അനധികൃതമായി കൂട്ടിച്ചേർത്തതല്ല എന്നു തെളിയും. ചരിത്ര രേഖകൾ സൗകര്യാർത്ഥം വിസ്മരിക്കുകയാണവർ ചെയ്തിട്ടുള്ളതു്.

**ഡിഡാക്കെ** (Didache) അഥവാ പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ പഠനങ്ങൾ. ഏകദേശം എ. ഡി. 90–നും 100–നും ഇടക്കാണു് ഇതു് എഴുതപ്പെട്ടതു്. അപ്പസ്തോലന്മാർ തന്നെയാണു് ഇതു രചിച്ചതെന്നു വിശ്വസിക്കുന്നവരും വിരളമല്ല. 1817–ൽമാത്രമാണു് ഇതു് കണ്ടുകിട്ടിയതു്. അപ്പസ്തോലന്മാർ നേരിട്ടു പഠിപ്പിച്ച തത്വങ്ങളും അവരിൽനിന്നുതന്നെ പകർത്തിയ ആചാരക്രമങ്ങളുമാണു് ഇതിലെ പ്രതിപാദ്യം. ഒരു ക്രൈസ്തവൻ അവശ്യം ചെയ്യേണ്ടതെന്തെന്നു് സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ടു് ഇതിൽ. പാപനിവേദനം, മാമ്മോദീസാ, വി. കുർബ്ബാന, പട്ടം എന്നീ കൂദാശകളുടെ പരികർമ്മ

മ്മത്തിനു് ആവശ്യകമായ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടു്.

വി. കുർബ്ബാനയെപ്പററി അവയിലെ നിർദ്ദേശങ്ങൾ ഉദ്ധരിക്കാം: "കർത്താവിൻെറ ദിവസത്തിൽ(1) നിങ്ങൾ സമ്മേളിച്ചു് നിങ്ങളുടെ ബലി സംശുദ്ധമാക്കുന്നതിനു പാപങ്ങൾ ഏററുപറഞ്ഞശേഷം നന്ദിപ്രകടനം നടത്തി അപ്പം മുറിക്കുക(2). നിങ്ങളുടെ ബലി (Sacrificium) അശുദ്ധമാകാതിരിക്കുന്നതിനു്, ആരെങ്കിലും തൻെറ മിത്രവുമായി ശണ്ഠ പുലർത്തുന്നുണ്ടെങ്കിൽ അനുരഞ്ജനത്തിനെത്തുംമുമ്പു് നിങ്ങളുടെകൂടെ സന്നിഹിതനാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, കർത്താവു പറഞ്ഞു: പരിശുദ്ധമായ ബലി സകല സ്ഥലത്തും എനിക്കു് അർപ്പിക്കപ്പെടുന്നു; കാരണം, ഞാൻ മഹാനായ രാജാവാകുന്നു. എൻെറ നാമം വിജാതിയരുടെയിടയിൽ അത്ഭുതം ജനിപ്പിക്കുന്നതാകുന്നു"(3). മലാക്കിയാസിൻെറ പ്ര

---

(1) ഞായറാഴ്ചയെ Dies Dominica എന്നും വിളിക്കും. യഹൂദാചാരമനുസരിച്ചു് "സാബത്ത"ായിരുന്നു പ്രധാനദിവസം. ക്രൈസ്തവർ പ്രധാനദിവസം ഞായറാഴ്ചയാക്കി. കർത്താവു പുനരുത്ഥാനം ചെയ്തതും, പന്തക്കുസ്തായും ഞായറാഴ്ചയായിരുന്നു.

(2) 'അപ്പം മുറിക്കൽ' (Fractio Panis)എന്ന പദമാണു സാധാരണമായി കുർബ്ബാന എന്നതിനു പകരം ഉപയോഗിച്ചിരുന്നതു്. Eucharistia, Missa, Sacrificium എന്നീ പേരുകളും പ്രചാരത്തിലുണ്ടായിരുന്നു. ബലിയിൽ സംബന്ധിച്ചവരെല്ലാവർക്കും പങ്കുപററുന്നതിനു് വലിയ അപ്പം മുറിക്കേണ്ടിവന്നു. ഇതിൽനിന്നാണു് അപ്പം മുറിക്കൽ എന്ന പേരുണ്ടായതു്.

(3) M. J. Revet de Journel S. J. Encihridion Patristicum (Quoted R. No. 8.)

വചനം ഇതിൽ അനുപത്ഥമാണെന്നു പ്രത്യേകം പറയുന്നുണ്ട്. ക്രിസ്തുവിന്റെ യഥാത്ഥശരീരമല്ലെങ്കിൽ അതു സ്വീകരിക്കുന്നതിനുമുമ്പ് പാപനിവേദനവും മററും ചെയ്യേണ്ടതില്ല. മാമ്മോദീസാ സ്വീകരിച്ചവർമാത്രമേ ഇതിൽ സംബന്ധിക്കാവൂ എന്നു നിബന്ധനയുണ്ട്. കാരണം, "വിശുദ്ധ വസ്തു നായ്ക്കൾക്കു കൊടുക്കരുതു്" എന്നാണ്. ഇതും മററുമുള്ള പ്രസ്താവങ്ങൾ കുബ്ബാന ബലിയാണെന്നും ക്രിസ്തു അതിൽ യഥാത്ഥമായി സന്നിഹിതനാണെന്നുമല്ലേ തെളിയിക്കുക?

## വി. ഇഗ്നേഷ്യസ്

(—107) സ്മീർണായിലുള്ളവർക്കെഴുതിയ കത്തിൽ കുബ്ബാനയിലെ ക്രിസ്തുവിന്റെ യഥാത്ഥസാന്നിദ്ധ്യത്തെപ്പററി അദ്ദേഹം പ്രതിപാദിക്കുന്നു. "നമ്മുടെ പാപത്തെപ്രതി സഹിക്കുകയും പിതാവു് തന്റെ കാരുണ്യാതിരേകത്താൽ പുനർജ്ജീവിപ്പിക്കുകയുംചെയ്ത നമ്മുടെ കത്താവീശോമിശിഹായുടെ ശരീരമാണു് കുബ്ബാന (Eucharist) എന്നു് ഏററു പറയാത്തവർ പ്രാർത്ഥനയിൽനിന്നും കുബ്ബാനയിൽനിന്നും വിരമിക്കുന്നു". ഫിലാഡെൽഫിയായിലെ ക്രിസ്ത്യാകൾക്കെഴുതുകയാണു് വി. ഇഗ്നേഷ്യസ്: "ഏക കുബ്ബാന ഉപയോഗിക്കുവാൻ നിങ്ങൾ പരിശ്രമിക്കുക. എന്തുകൊണ്ടെന്നാൽ നമ്മുടെ നാഥൻ യേശുക്രിസ്തുവിന്റെ

ശരീരം ഒന്നാകുന്നു, പരസ്പരൈക്യത്തിനുള്ള (Common-union) അവൻെറ രക്തത്തിലുള്ള കാസയും ഒന്നുമാത്രം. ഒരു അൾത്താര, ഡീക്കന്മാരോടും പുരോഹിതന്മാരോടുമൊത്ത് മെത്രാനും ഒന്നുമാത്രം"(1). ക്രിസ്തുവിൻെറ ശരീരം പരസ്പരൈക്യത്തിനുള്ള ഏക മാർഗ്ഗമാണെന്ന് ഊന്നിപ്പറയുകയാണ് വി. ഇഗ്നേഷ്യസ്, വി. പൗലോസിനെപ്പോലെ(2). വി. കുർബ്ബാന ബലിയാണെന്നും കൂദാശയാണെന്നും ഇതിൽനിന്നു വ്യക്തമല്ലേ?

## വി. ജസ്റ്റിൻ (100–110, 163–167)

വിജാതീയ മാതാപിതാക്കന്മാരിൽനിന്നു പലസ്തീനായിൽ ജനിച്ചു. വിവിധതത്വശാസ്ത്രസരണികൾ പരീക്ഷിച്ചുനോക്കി. നൂതനപ്ലേറ്റോണിസ (neoplatonism)ത്തിൽനിന്ന് വേദപുസ്തകപഠനത്തിലേക്കു തിരിഞ്ഞു. തൽഫലമായി ഏ. ഡി. 130-ൽ മാമ്മോദീസാ സ്വീകരിച്ചു. അനന്തരജീവിതം ക്രൈസ്തവതത്വസമർത്ഥനത്തിനു കലവറകൂടാതെ സമർപ്പിച്ചു. തത്വശാസ്ത്രവും വിശ്വാസവും എങ്ങനെ പരസ്പരധാരണയോടെ ഒത്തിണങ്ങുമെന്നതിനു് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ തെളിവാണ്. ഏ. ഡി. 165-ൽ മററു രക്തസാക്ഷികളോടുകൂടി വധിക്കപ്പെട്ടു.

---

(1) R. 56.
(2) I Cor. 10, 16.

പലസ്തീനായിൽനിന്നു രണ്ടുതവണ അദ്ദേഹം റോമിൽപോയി. അക്കാലത്തു റോമാസഭയിലും മററും ആരാധനക്രമം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നതിനു പ്രത്യക്ഷസാക്ഷ്യങ്ങളാണു് അദ്ദേഹത്തിൻെറ ലിഖിതങ്ങൾ. സാമാന്യം സമഗ്രമായ വിവരണം കുബ്ബാനയെപ്പററി അദ്ദേഹം നല്കുന്നു എന്നതാണു മറെറാരു പ്രത്യേകത. ജസ്റ്റിനു മുമ്പു പലരും പാർശ്വസ്പർശിയായി മാത്രമേ എഴുതിയിരുന്നുള്ളൂ. 'അപ്പൊളൊജിയാ' (Apologia) എന്ന കൃതിയിലേ 65-ഉം 72-ം അധ്യായങ്ങളിലേ പ്രസക്തമായ ഭാഗങ്ങൾ അന്നു് അർപ്പിക്കപ്പെട്ടിരുന്ന കുബ്ബാനയുടെ യഥാർത്ഥരൂപം എങ്ങനെയെന്നു വ്യക്തമാക്കും. "പ്രാർത്ഥന അവസാനിക്കുമ്പോൾ ചുംബനത്താൽ അവർ പരസ്പരം അഭിവാദനം ചെയ്യുന്നു. അനന്തരം സഹോദരന്മാരിൽ പ്രധാനിയുടെ പക്കലേക്കു് അപ്പവും പാനപാത്രത്തിൽ വീഞ്ഞും വെള്ളവും കൊണ്ടുവരുന്നു. അതു സ്വീകരിച്ചു സകലത്തിൻേറയും പിതാവിനു പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്തുതിയും ബഹുമാനവും സമർപ്പിക്കുന്നു. അവസാനമായി ഇവയെല്ലാം തങ്ങൾക്കു പ്രദാനം ചെയ്തതിനു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയും കൃതജ്ഞതാപ്രകടനവും കാർമ്മികൻ അവസാനിപ്പിക്കുമ്പോൾ അവിടെക്കൂടിയിരിക്കുന്നവരെല്ലാവരും 'ആമ്മേൻ' എന്നു പ്രത്യുച്ചരിച്ചുകൊണ്ടു തങ്ങളുടെ സമ്മതം പ്രകടിപ്പിക്കുന്നു. അരമായഭാഷയിൽ 'ആമ്മേൻ' എന്ന പദംകൊണ്ടു് അങ്ങനെയാകട്ടെ എന്നാണു വി

വക്ഷ. തലവൻ കുബ്ബാന (Sacrifice) അർപ്പിക്കുകയും സകലരും സമ്മതം പ്രകടിപ്പിക്കുകയും ചെയ്തശേഷം സന്നിഹിതരായവർക്കു് അപ്പത്തിൻേറയും (Eucharistic Bread) വീഞ്ഞിൻേറയും വെള്ളത്തിൻേറയും ഓരോഭാഗം നല്കുന്നു. അതിൽ സംബന്ധിക്കാത്തവർക്കു ഡീക്കന്മാർ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ ഭക്ഷണത്തെയാണു കുബ്ബാനയെന്നു നാം വിളിക്കുക. നമ്മുടെ സത്യങ്ങളുടെ വാസ്തവികതയിൽ വിശ്വസിക്കാത്തവരും പാപപ്പൊറുതിക്കായും നവീകരണത്തിന്നായും ജ്ഞാനസ്നാനപ്പെടാത്തവരും ക്രിസ്തുഅനുശാസിക്കുന്നതുപോലെ ജീവിതം നയിക്കാത്തവരും അതിൽ പങ്കുകാരാകുവാൻ പാടില്ല. കാരണം, അതു സാധാരണ ഭക്ഷണപാനീയങ്ങളിൽനിന്നു വ്യത്യസ്തമാണു്. നമ്മുടെ രക്ഷക്കുവേണ്ടി മാംസവും രക്തവുമായ ദൈവവചനം തന്നെയാണതു്. അവൻെറ വചനത്താൽ ആശീർവ്വദിക്കപ്പെട്ടതും ആഗീരണം (assimilation)മൂലം അവയിൽനിന്നു നമ്മുടെ മാംസവും രക്തവും പോഷണം സ്വീകരിക്കുന്നതുമായ ഭക്ഷണം, നമ്മെ പഠിപ്പിച്ചതുപോലെ മാംസംധരിച്ച ക്രിസ്തുവിൻെറ മാംസരക്തങ്ങളാകുന്നു"(1). പിന്നീടു വിശുദ്ധൻ വേദപുസ്തകത്തിലെ വാക്യം ഉദ്ധരിക്കുകയാണു്. ഇന്നർപ്പിതമാകുന്ന കുബ്ബാന സംക്ഷിപ്തരൂപത്തിൽ മേൽവിവരണത്തിൽ അടങ്ങിയിട്ടുണ്ടു്. പലസ്തീനായിൽമാത്രം ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല അദ്ദേഹത്തിൻെറ ലോകപരിചയം. അതുകൊണ്ടു് അദ്ദേഹത്തിൻെറ അഭിപ്രായ

(1) Cfr. Apologia ch. 65, 67.

ത്തിന്ന് ആപേക്ഷികമായ സാർവ്വത്രികത കല്പിക്കാം. സമകാലീന വിശ്വാസമാണീ വാക്യങ്ങളിൽ പ്രതിഫലിക്കുന്നതു്. ഇതിൽനിന്നു് ഏതാനും നിഗമനങ്ങൾ പ്രവഹിക്കുന്നു. ഒന്നു്: ക്രിസ്തു ഒടുവിലത്തെയത്താഴത്തിൽ സമർപ്പിച്ചതു ബലിയായിരുന്നു. രണ്ടു്: അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു പുരോഹിതന്മാർ അതാവർത്തിക്കുന്നു. മൂന്നു്: ഊട്ടുശാലയിലെ ബലിയും അന്നു് അവർ ആഘോഷിച്ചിരുന്ന ബലിയും തമ്മിലുള്ള ഏകതാനത. നാലു്: ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യം. അപ്പമാണു സ്വീകരിക്കുന്നതെങ്കിലും, സാധാരണ അപ്പമല്ല. പ്രത്യുത, ക്രിസ്തുവിൻെറ യഥാർത്ഥശരീരമാണെന്ന ബോധം അവർക്കുണ്ടായിരുന്നു

വി. ജസ്റ്റിൻെറ മറെറാരു കൃതിയാണു് 'യഹൂദൻ ത്രേഫോണുമായുള്ള സംവാദം. (Dialogus cum Tryphone Judaeo) വി. കുർബ്ബാനയെപ്പററിയുള്ള പ്രസ്താവങ്ങൾ ഇതിലും ബഹുലമാണു്. പഴയനിയമത്തിലെ സംഭവങ്ങൾ അറിയാവുന്ന യഹൂദനെ താരതമ്യംമൂലം കാര്യം ഗ്രഹിപ്പിക്കുകയാണു് അദ്ദേഹം. യഹൂദർ കുഷ്ഠരോഗവിമുക്തരായാൽ ബലിയർപ്പിക്കേണ്ടിയിരുന്നു. ആ ബലി ക്രിസ്തുവിൻെറ ബലിയുമായി താരതമ്യപ്പെടുത്തുകയാണദ്ദേഹം. ആത്മാവിനെ എല്ലാ അശുദ്ധതയിൽനിന്നും സംശുദ്ധമാക്കാൻപോരുന്ന ക്രിസ്തുവിൻെറ ആത്മബലിയ്ക്കു സദൃശമായിരുന്നു പഴയനിയമത്തിലെ ബലി. പിന്നീടു് മലാക്കിയാസിൻെറ പ്രവചനപൂർത്തീകരണം കുർബ്ബാനയിൽ സംഭവിച്ചിട്ടുണ്ടെന്നു സമർത്ഥിക്കുന്നു അദ്ദേഹം.

## വി. ഇരനേവൂസ് St. Ireneus of Lyons (140 – 202)

രണ്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന പ്രഗത്ഭന്മാരായ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളാണ് വി. ഇരനേവൂസ്. ഏഷ്യാമൈനർ ജനനസ്ഥലം. പൊലിക്കാപ്പിൻെറ ശിഷ്യൻ. പൊലിക്കാർപ്പ് യോഹന്നാനപ്പസ്തോലൻെറ ശിഷ്യനായിരുന്നെന്നതു സ്മരണീയമാണ്. മൊണ്ടാനിസ്റ്റ് വാദങ്ങളെ ഖണ്ഡിക്കുന്നതിൽ ഇദ്ദേഹം സുപ്രധാന പങ്കു വഹിച്ചു. ഗ്നോസ്റ്റിക് (Gnostic). പാഷണ്ഡതയെയും ഇദ്ദേഹം നേരിട്ടു. 202-ൽ മരിച്ചു. ഇദ്ദേഹത്തിൻെറ പ്രധാനകൃതി "പാഷണ്ഡതകൾക്കെതിരെ" (Adversus Haereses) എന്നതാണ്. കത്തോലിക്കാസഭയിൽ മാത്രമേ ക്രിസ്തുവിൻെറ ശരീരവും രക്തവുമായ യഥാർത്ഥവും പരിശുദ്ധവുമായ ബലി സർവ്വവിധ ലാളിത്യത്തോടും വിശുദ്ധിയോടുംകൂടെ അർപ്പിക്കപ്പെട്ടുന്നുള്ളൂ എന്നു സമർത്ഥിക്കുകയാണതിൽ. തുടർന്ന്, സഭയിലെ ബലി ദൈവത്തിനു സ്വീകാര്യമായിത്തീരുന്നെന്നു പ്രസ്താവിക്കുകയാണ്: ആകയാൽ, സമസ്തലോകത്തിലും അർപ്പിക്കപ്പെടുവാൻ ആജ്ഞാപിച്ച സഭയുടെ സമർപ്പണം (Oblatio Ecclesiae) ദൈവസമക്ഷം പരിശുദ്ധമായ ബലിയായി പരിഗണിക്കപ്പെടുകയും അവിടുത്തേക്കു സ്വീകാര്യമായിത്തീരുകയും ചെയ്യുന്നു"(1).

---

(1) Adversus 4, 18, 1-2; P. G. 7, 1024.

ബലിയർപ്പകനുണ്ടായിരിക്കേണ്ട ആത്മനൈമ്മല്യത്തെപ്പററിയും പറയുന്നുണ്ട് അദ്ദേഹം.

ബലിക്കുപയോഗിച്ചശേഷം അപ്പത്തിലും വീഞ്ഞിലും ക്രിസ്തുവിൻെറ യഥാൎത്ഥസാന്നിധ്യമുണ്ടെന്നു വിശ്വസിക്കുന്നുണ്ട് ഇരനേവൂസ്. ഗ്നോസ്റ്റിക്കുകൾ ഭൗതികപദാൎത്ഥങ്ങൾ നിന്ദ്യങ്ങളാണെന്നു വാദിക്കുന്നവരാണ്. എന്നാൽ, അതിനെതിരെ, ക്രിസ്തുവിൻെറ ശരീരമായി അപ്പവും വീഞ്ഞും പകരുന്നതുകൊണ്ട് ഭൗതികവസ്തുക്കൾ അതീവ പരിശുദ്ധമാണെന്നാണ് ഇരനേവൂസിൻെറ സമർത്ഥനം "കലത്തപ്പെട്ട കാസയും വിഭജിക്കപ്പെട്ട അപ്പവും കൂദാശവചനങ്ങൾ ഉച്ചരിച്ചുകഴിയുമ്പോൾ ക്രിസ്തുവിൻെറ രക്തത്തിൻേറയും ശരീരത്തിൻേറയും കുബ്ബാനയായിത്തീരുന്നു. അവ മൂലം നമ്മുടെ മാംസംതന്നെ നിർമ്മിതമാകുകയും വളരുകയും ചെയ്യുന്നു. ആകയാൽ, ക്രിസ്തുവിൻെറ അവയവവും തൻെറ ശരീരരക്തങ്ങളാൽ പരിപോഷിതവുമായ നമ്മുടെ ശരീരം എങ്ങനെയാണ് ശാശ്വതജീവനായ ദൈവദാനത്തിന് അനർഹമായിത്തീരുന്നത്?"(1).

ക്രിസ്തുവിൻെറ മാംസരക്തങ്ങളായ അപ്പവും വീഞ്ഞും ശരീരത്തിൻെറ പോഷണമാണ്. അവ സ്വീകരിക്കുന്നവർ ക്രിസ്തുവിൻെറ ശരീരത്തിലേ അവയവങ്ങൾതന്നെയായിത്തീരുന്നു. അതുമല്ല, നിത്യജീവനു അച്ചാരവുമാണത്. ഇദ്ദേഹത്തിൻെറ സാക്ഷ്യം വ്യഷ്യാ

(1) R: 249.

മൈനർ, റോം, ഫ്രാൻസ് മുതലായ പ്രദേശങ്ങളിലെ പാരമ്പര്യത്തിന്റെ പ്രതിഫലനമാണു്.

## വി. ഹിപ്പോളിററസ്

മൂന്നാംനൂററാണ്ടിന്റെ ആരംഭത്തിൽ ഇദ്ദേഹം റോമിൽ ഒരംഗീകൃത വൈദികപണ്ഡിതനായി കണക്കാക്കപ്പെട്ടു. പരിശുദ്ധ ത്രിത്വത്തെ നിഷേധിച്ച സബെല്ലിയൂസി(Sabellius)നെതിരായി ശക്തിയായി വാദിച്ചു. അങ്ങനെ ത്രിത്വത്തിലെ മൂന്നു് ആളുകളെ വ്യതിരിക്തരായി കാണിക്കുന്നതിനുള്ള വ്യഗ്രതയിൽ സബോർഡിനേഷനിസത്തിൽ ചെന്നു ചാടി. കലിസ്റ്റസ് പാപ്പാ അനുതാപികളോടുള്ള (Penitents) കാർക്കശ്യം കുറച്ചപ്പോൾ ഹിപ്പോളിററസ് പ്രതിഷേധിച്ചു് ഒരു ആൻറിപോപ്പുതന്നെയായിത്തീർന്നു. സഭയോടു പുനരൈക്യപ്പെട്ടു് 235-ൽ അദ്ദേഹം മരിച്ചു.

ലോകാവസാനം ഉണ്ടാകുന്നതെങ്ങനെയെന്നു വിവരിക്കുന്നതിന്നിടയിൽ ആ സമയത്തിന്റെ ലക്ഷണങ്ങൾ വിവരിക്കുന്നു അദ്ദേഹം. ക്രിസ്തു പ്രത്യക്ഷനാകും. അന്തിക്രിസ്തുവും പ്രത്യക്ഷനാകും. അതിന്റെ ലക്ഷണമാണു്: "അദ്ദേഹം വന്നു കഴിയുമ്പോൾ ദൈവത്തിനു സർവത്ര അർപ്പിക്കപ്പെടുന്ന ബലിയും കാഴ്ചയും നിറുത്തലാക്കപ്പെടും". ലോകാവസാനംവരെ അർപ്പിക്കപ്പെടുന്ന ബലിയാണു വി. കുർബ്ബാനയെന്നു മലാക്കിയാസിന്റെ പ്രവചനത്തെ അനുസ്മരിപ്പിക്കുകയാണു ഹിപ്പോളിററസ്.

ക്രിസ്തുവിൻെറ യഥാർത്ഥസാന്നിധ്യത്തെപ്പററി പറയുന്ന
തു ശ്രദ്ധേയമാണ്: "അവൻെറ ശരീരം നാം സ്വീകരി
ക്കുന്നു. അവൻെറ രക്തം വിനയസമന്വിതം സ്വീകരി
ക്കുവാൻ സമീപിക്കുന്നവർക്കെല്ലാവർക്കും അതു നിത്യ
ജീവൻെറ അച്ചാരമാണ്."

## ഒരിജൻ: (185–254)

ആദിമസഭയിലെ ഉജ്ജ്വലവാഗ്മിയായിരുന്ന ഒരി
ജൻ 185-ൽ അലക്സാണ്ട്രിയായിൽ ജനിച്ചു. ഇദ്ദേ
ഹത്തിൻെറ പിതാവു ലെയോണിദാസിനെ രക്തസാ
ക്ഷിയായി സഭ ആദരിക്കുന്നു. ക്ലെമൻറിനുശേഷം അല
ക്സാണ്ട്രിയായിലെ സ്കൂളിൻെറ തലവനായി 18–ാമ
ത്തെ വയസ്സിൽ നിയമിതനായി. 230-ൽ ഇദ്ദേഹത്തെ
പുരോഹിതപദവിയിലേക്കുയർത്തി. ദേച്ചിയൂസിൻെറ ഭര
ണകാലത്തു് വിശ്വാസത്തെപ്രതി കാരാഗൃഹവാസം അ
നുഭവിച്ചു. ഏ. ഡി. 254-ലോടുകൂടി ഇദ്ദേഹം ഐഹി
കവാസം വെടിഞ്ഞു.

'In Exodum Homiliae' എന്ന സമാഹാരത്തി
ലെ ഒരു ഭാഗം ഉദ്ധരിക്കത്തക്കതാണ്. ദിവ്യരഹസ്യ
ങ്ങളിൽ പങ്കുകാരായി ക്രിസ്തുവിൻെറ ശരീരം സ്വീകരി
ക്കുമ്പോൾ, അതിൽനിന്നു് ഒരംശമെങ്കിലും താഴെ പോ
കാതിരിക്കുന്നതിനു്, അതീവ ശ്രദ്ധാലുക്കളാകണമെന്നു്
ഒരിജൻ ക്രൈസ്തവരെ ഉപദേശിക്കുന്നു(1). ദിവ്യബലി

(1) R. 490.

യിൽ സംബന്ധിക്കുമ്പോഠം ഭക്ഷിച്ചിരുന്നതു് ക്രിസ്തുവി ൻെറ യഥാൎത്ഥ ശരീരമാണെന്ന വിശ്വാസം അവരിൽ ഉണ്ടായിരുന്നു എന്നതിനു തെളിവല്ലേ ഇതു്. അശ്രദ്ധ മൂലം കൂദാശചെയ്ത അംശം താഴെ പോകുന്നതു കുററകര മാണെന്നവർ കരുതിയിരുന്നു. എത്ര ചെറുതായിരുന്നാ ലും, അപ്പത്തിൻെറ ഓരോ ഭാഗത്തിലും ക്രിസ്തു മുഴുവനാ യും സന്നിഹിതനാകുന്നുണ്ടു് എന്ന വിശ്വാസമല്ലേ ഇങ്ങ നെ ഉപദേശിക്കാൻ കാരണം. പഴയ നിയമത്തിൽ മന്ന കുർബ്ബാനയുടെ സാദൃശ്യം മാത്രമായിരുന്നു. എന്നാൽ, പുതി യനിയമത്തിൽ ദൈവവചനമായ ക്രിസ്തുവിൻെറ ശരീര രക്തങ്ങളാണു് ഭക്ഷ്യപേയങ്ങഠം(1).

## തെർത്തുല്യൻ: (160–220)

അക്രൈസ്തവമാതാപിതാക്കന്മാരിൽനിന്നു കാർ ത്തേജിൽ ജനിച്ചു. സാഹിത്യത്തിൽ പ്രശസ്തമായ പരി ശീലനത്തിനുശേഷം റോമിൽ നിയമാഭ്യസനം നടത്തി. 193-ൽ ക്രൈസ്തവനായി. ഒരു തീർച്ചസ്വഭാവിയായിരു ന്നദ്ദേഹം. അതിനൊത്ത ഭാഷയും. വിവാദങ്ങളിൽ പരി ധി ലംഘിക്കുന്ന പ്രചണ്ഡസ്വഭാവംകാരണം സഭാധികൃ തരുമായി തെററി. അനുതാപികളോടും മതപീഡനംനി മിത്തം വിശ്വാസം ത്യജിച്ചവരോടും അനുഭാവപൂർവ്വം പെരുമാറുന്നതിനെ അദ്ദേഹം കർക്കശമായി എതിർത്തു.

---

(1) 491.

207-ൽ കത്തോലിക്കാസഭയിൽനിന്നു വേർപെട്ട് മൊണ്ടാനിസ്റ്റ് പാഷണ്ഡതയിൽ ചേർന്നു. 220-ൽ മരിച്ചു. അദ്ദേഹത്തിൻെറ ലത്തീൻ ശൈലി മനോഹരവും അനന്തരതലമുറക്ക് മാൎഗ്ഗദർശകവുമാണ്. ദൈവശാസ്ത്രത്തിലെ സുപ്രധാനപദങ്ങൾ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽനിന്നു പകൎത്തിയതെന്നു പറയുമ്പോൾ അദ്ദേഹത്തിൻെറ താത്വികജ്ഞാനം എത്ര വിശാലമായിരുന്നെന്നു ഗ്രഹിക്കാം.

വി. കുബ്ബാന ബലിയാണെന്നും, ക്രൂദാശയാണെന്നും, ക്രിസ്തു ദിവ്യകാരുണ്യത്തിൽ യഥാൎത്ഥമായി സന്നിഹിതനാണെന്നും മററുമുള്ള അനവധി പ്രസ്താവങ്ങൾ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലുണ്ട്. "സ്ത്രീകളുടെ ആചാരം" (De Cultu Feminarum) എന്ന ഗ്രന്ഥത്തിൽ ചില സ്ത്രീകളുടെ ജീവകാരുണ്യപ്രവൎത്തനത്തെ അംഗീകരിച്ചും ശ്ലാഘിച്ചുംകൊണ്ട് എഴുതുകയാണ്: "നിങ്ങൾ ക്ഷേത്രങ്ങളെ പ്രദിക്ഷിണം വെയ്ക്കുകയോ കളികളിൽ പതിവായി സംബന്ധിക്കുകയോ വിജാതീയരുടെ ഉത്സവങ്ങളിൽ പങ്കെടുക്കുകയോ ചെയ്യുന്നില്ല...നിങ്ങൾ പുറത്തുപോകുന്നതു് ഗൗരവാവഹമായ ഉദ്ദേശ്യത്തോടെയാണ്. ഒന്നുകിൽ സഹോദരന്മാരിൽ സുഖമില്ലാത്തവരെ സന്ദർശിക്കുവാൻ, അല്ലെങ്കിൽ ബലിയിൽ സംബന്ധിക്കുവാൻ (Sacrifice offertum), അതുമല്ലെങ്കിൽ ദൈവവചനം ശ്രവിക്കുവാൻ." ബലിയിൽ സംബന്ധിക്കാനാണ് സ്ത്രീകൾ പുറത്തുപോയിരുന്നതെന്നു് ഈ വാക്യത്തിൽ നിന്നുവ്യക്തമാണ്. കുബ്ബാനയല്ലാതെ വേറൊരു

ബലി ക്രൈസ്തവർക്കവെജ്ഞാതമായിരുന്നു. സാമുദായിക ജീവിതത്തിൽ സ്ത്രീകൾക്ക സമുന്നതസ്ഥാനമുണ്ടായിരുന്നു എന്നു് ഈ പ്രസ്താവനയിൽനിന്നു മനസ്സിലാക്കാം.

മൊണ്ടേനിസ്റ്റ് പാഷണ്ഡതയിൽ നിപതിച്ചശേഷം "De Pudicitia" എന്ന പുസ്തകത്തിൽ ക്രിസ്തു വീണ്ടും വധിക്കപ്പെടുന്നതായി ചിത്രീകരിക്കുന്നു. മതത്യാഗി കത്തോലിക്കാസഭയിലേക്ക തിരിച്ചുവരുമ്പോൾ, ധൂത്തപുത്രൻെറ പിതാവു ചെയ്തതുപോലെ സഭയും ചെയ്യുകയാണു്. "മതത്യാഗി, പരിശുദ്ധാത്മപിയാൽ പൂരിതനായി തൻെറ വസ്ത്രവും, മോതിരവും മാമോദീസാമുദ്രയും വീണ്ടും സ്വീകരിക്കുകയും ചെയ്യും. ക്രിസ്തു അവനുവേണ്ടി വീണ്ടും വധിക്കപ്പെടും"(1) കുർബ്ബാനയിൽ ക്രിസ്തു മൗതികമായിമരിക്കുന്നതി(Mystical death) നെയാണു് ഇവിടെ സ്മരിക്കുന്നതു്. കുബ്ബാന പീഡാനുഭവത്തിൻേറയും കുരിശുമരണത്തിൻേറയും ആവത്തനമാണല്ലോ.

ആദിമസഭ കുബ്ബാനയിൽ ക്രിസ്തുവിൻെറ യഥാത്ഥസാന്നിധ്യമുണ്ടെന്നു വിശ്വസിച്ചു എന്നതിനു സാക്ഷ്യമാണു് തെർത്തുല്യൻെറ "De Idolatria-7" എന്ന കൃതിയിലെ സംഗതഭാഗം.

പൂവ്വക്രൈസ്തവർ അക്രൈസ്തവരുമായി സമ്പർക്കത്തിൽ കഴിഞ്ഞിരുന്നതിനാൽ വിഗ്രഹാരാധന ഒരു പ്രലോഭനമായി. ദേവാലയവും ക്ഷേത്രവും തമ്മിലുള്ള വിവേചനം അപ്രത്യക്ഷമായി. അപകടകരമായ ഈ ദു

(1) Tartullian, De Cultu Feminarum II, II; p. 4. I, 1445, 5.

രാചാരത്തിനെതിരെ വി. പൗലോസിനെപ്പോലെ(1) തെർത്തുല്യൻ ഉഗ്ര ശരങ്ങൾ തൊടുത്തുവിട്ടു. "വിഗ്രഹങ്ങളുടെ ഗൃഹയിൽനിന്ന പള്ളിയിലേക്കും ശത്രുവിൻെറ ആലയത്തിൽനിന്നു ദൈവഭവനത്തിലേക്കും വരുന്നതും വിഗ്രഹം നിർമ്മിച്ച കരങ്ങൾ പിതാവായ ദൈവത്തിൻെറ പക്കലേക്കുയർത്തുന്നതും പിശാചുക്കൾക്കു ശരീരം കൊടുത്ത (വിഗ്രഹം നിർമ്മിച്ച) കൈകൾ കർത്താവിൻെറ ശരീരത്തെ സ്പർശിക്കുന്നതും പരിതാപകരവും ലജ്ജാകരവു"മാണെന്നു വിലപിക്കുകയാണദ്ദേഹം. മലീമസമായ കരങ്ങൾകൊണ്ടു കർത്താവിൻെറ തിരുശരീരം അശുദ്ധമാക്കുകയാണെന്നു പറയുന്നതിൽനിന്നു ക്രിസ്തു യഥാർത്ഥമായി തിരുവോസ്തിയിൽ എഴുന്നെള്ളിയിരിക്കുന്നു എന്ന് അവർ വിശ്വസിച്ചിരുന്നു എന്നു സ്പഷ്ടമാണ്.

ഇങ്ങനെ അധഃപതിച്ചവരെ പൗരോഹിത്യത്തിലേക്കുപോലും ഉയർത്തുന്നതിനേയും അദ്ദേഹം വിമർശിക്കുന്നു. "ഒരിക്കൽമാത്രം യഹൂദന്മാർ ക്രിസ്തുവിനെ പീഡിപ്പിച്ചു. എന്നാൽ, ഇവർ അവിടുത്തെ ശരീരത്തെ അനുദിനം അശുദ്ധമാക്കുന്നു." അദ്ദേഹം തുടർന്നു പറയുകയാണ്. ക്രിസ്തുവിൻെറ ശരീരത്തോട് ഉതപ്പുചെയ്യുന്ന കൈകൾ മുറിച്ചുകളയണം. അപലപനം ചിലപ്പോൾ നിശിതമെങ്കിലും, കുർബ്ബാനയിൽ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിധ്യം ഉണ്ടെന്ന ഉത്തമവിശ്വാസത്തിൽനിന്നു

---

(1) (I കോറി. 8, 10).

ബഹിർഗമിക്കുന്നതാണാശകാരം. യഥാർത്ഥ ക്രിസ്തുവിനെയാണ് അവർ കരങ്ങളിൽ സ്വീകരിക്കുക(1).

## വി. സിപ്രിയാൻ (200—258)

കാർത്തേജിൽ സമ്പന്നരായ അക്രൈസ്തവമാതാപിതാക്കന്മാരിൽനിന്നു ജനിച്ചു. 246-ൽ ക്രൈസ്തവനായി. 249-ൽ കാർത്തേജിലെ മെത്രാനും. തീവ്രവാദിയായിരുന്ന സിപ്രിയാൻ മാർപ്പാപ്പായുടെ തീരുമാനങ്ങൾതന്നെയും അനുസരിക്കാതിരുന്നിട്ടുണ്ട്. പാപ്പായുടെ അനുശാസനത്തിനെതിരായി, വിശ്വാസത്യാഗികളെ വീണ്ടും സഭയിൽ പ്രവേശിപ്പിക്കുമ്പോൾ ദുർവ്വഹമായ പ്രായശ്ചിത്തം ചുമത്തി അദ്ദേഹം. പാഷണ്ഡികൾ നല്കുന്ന മാമ്മോദീസാ വാസ്തവമല്ലെന്നു സ്റ്റീഫൻ പാപ്പായുടെ തീരുമാനത്തിനെതിരെ, വാദിച്ചു. 258-ൽ രക്തസാക്ഷിയായി മരിച്ചു.

വി. സിപ്രിയാൻ ചെച്ചിലിയൂസിനു (Caecilius) എഴുതിയ കത്താണു പ്രകൃതത്തിലെ സാക്ഷ്യം. ചെച്ചിലിയൂസ് സംശയനിവാരണം നടത്തുകയാണ്. ആഫ്രിക്കയിൽ ചില പ്രദേശങ്ങളിൽ കുർബ്ബാനയിൽ വീഞ്ഞിനു പകരം വെള്ളംമാത്രമാണുപയോഗിച്ചിരുന്നതു്. ഇതിനെ തിരുത്തുകയാണ് സിപ്രിയാൻ ഈ ലേഖനത്തിൽ "നമ്മുടെ നാഥനും ദൈവവുമായ ഈശോമിശിഹായാ

---

(1) ആദിമക്രൈസ്തവർ കുർബ്ബാന സ്വീകരിച്ചിരുന്നതു കരങ്ങളിലാണ്. പിന്നീട്ട് വായിൽ ഇടുന്നു.

ണു ഈ ബലി (Sacrifice) സ്ഥാപിച്ചതു്" (അധ്യാ. 1) "കാസായിൽ വീഞ്ഞില്ലെങ്കിൽ നമ്മുടെ ജീവനും പരിത്രാണത്തിനുമായുള്ള അവൻെറ (ക്രിസ്തുവിൻെറ) രക്തം കാണുക സാധ്യമല്ല" (അധ്യാ. 2). അപ്പവും വീഞ്ഞും കൊണ്ടു് മൽക്കിസദെക്കു് ബലിയർപ്പിച്ചതുപോലെ, തൻെറ ശരീരവും രക്തവും പിതാവായ ദൈവത്തിനു ബലിയർപ്പിച്ച നമ്മുടെ നാഥനായ ഈശോയെക്കാൾ അത്യുന്നതനായ ദൈവത്തിൻെറ പുരോഹിതൻ ആരാണു്" (അധ്യാ. 4). "അതുകൊണ്ടു കാസായിൽ വീഞ്ഞില്ലെങ്കിൽ ക്രിസ്തുവിൻെറ രക്തം അർപ്പിക്കപ്പെടുന്നില്ല. നമ്മുടെ സമർപ്പണവും ബലിയും ക്രിസ്തുവിൻെറ പാടുപീഡകളോടു് അനുരൂപമാകുന്നില്ലെങ്കിൽ നാഥൻെറ ബലി യഥാർത്ഥമായും പരിശുദ്ധമായും അർപ്പിക്കപ്പെടുന്നില്ല" (അധ്യാ. 9). തുടർന്നു്, ക്രിസ്തു അർപ്പിച്ച ബലി, അവിടുന്നു് ചെയ്തതുപോലെതന്നെ ചെയ്യേണ്ട ആവശ്യകത അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ആ ബലി പീഡാനുഭവത്തിൻെറ ആവർത്തനമായാണു് വി. സിപ്രിയാൻ കരുതുന്നതു്.... "ക്രിസ്തു അർപ്പിച്ചതുപോലെ പുരോഹിതൻ ബലിയർപ്പിച്ചെങ്കിൽമാത്രമേ പിതാവായ ദൈവത്തിനു സഭയിൽ യഥാർത്ഥവും പൂർണ്ണവുമായ ബലിയർപ്പിക്കപ്പെടുകയുള്ളൂ."

കുർബ്ബാനയെസ്സംബന്ധിക്കുന്ന പ്രധാനസത്യങ്ങളെല്ലാം ഇതിൽ അടങ്ങിയിട്ടുണ്ടു്. ബലി ഗാഗുൽത്തായുടെ ആവർത്തനമാണു്. ക്രിസ്തുവാണു് അർപ്പകൻ. മൽക്കിസദേക്കിൻെറ ബലിയുടെ സക്ഷാത്കരണമാണു

കുർബ്ബാ.ന. വി. സിപ്രിയാൻ കുർബ്ബാന ബലിയായി പരിഗണിച്ചു എന്നു വ്യക്തമാണു്.

കുർബ്ബാനയിൽ ക്രിസ്തു യഥാർത്ഥമായി സന്നിഹിതനാണെന്ന വിശ്വാസം അദ്ദേഹം പ്രകടിപ്പിക്കുന്നു. മതപീഡനത്തിൽ വിശ്വാസം ത്യജിച്ചവരെ അപലപിക്കുന്നതോടൊപ്പം വിശ്വാസത്തിൽ സ്ഥിരമായി നിന്നവരെ പുകഴ്ത്തുകയുംചെയ്യുന്നു. "ദൈവികകൃത്യം ചെയ്യുന്നതിൽമാത്രം വ്യാപൃതമായ പാവനകരങ്ങൾ പുറജാതികളുടെ ദൈവദൂഷണപരമായ യാഗങ്ങൾ തിരസ്കരിച്ചു. നാഥൻെറ ശരീരവും രക്തവുമായ സ്വർഗ്ഗീയഭക്ഷണത്താൽ പവിത്രീകൃതമായ അവരുടെ അധരങ്ങൾ വിഗ്രഹങ്ങളുടെ ഉച്ഛിഷ്ടങ്ങളേയും അശുദ്ധ വസ്തുക്കളേയും സ്പർശിക്കുന്നതുകൂടെ വെറുത്തു." അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ യഥാത്ഥ ശരീരരക്തങ്ങളാണെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു.

അതേസമയം അധഃപതിച്ചവരുടെ ദയനീയാവസ്ഥയെപ്പററി വിലപിക്കുന്നു, അദ്ദേഹം. "സാത്താൻെറ ബലിപീഠത്തിൽനിന്നു തിരിച്ചുവന്നു്, വ്യത്തിഹീനവും ദുർഗ്ഗന്ധം വമിക്കുന്നതുമായ കൈകളോടുകൂടി നാഥൻെറ പരിശുദ്ധ വസ്തു(Sanctum)വിനെ അവർ സമീപിക്കുന്നു. "വിഗ്രഹങ്ങളുടെ ഭക്ഷണം തിന്നു്, തിരിച്ചുവന്നു ക്രിസ്തുവിൻെറ പരിപാവനമായ ശരീരം ഭക്ഷിക്കുവാനും അവർക്കു മടിയില്ല. "അവൻ നാഥൻെറ ശരീരത്തെ ആക്രമിക്കുന്നു. അവർ നാഥനെ ഒററിക്കൊടുത്തപ്പോൾ ചെയ്തതിനെക്കാൾ നീചകൃത്യം

ഇപ്പോഠം അധരങ്ങഠംകൊണ്ടു ചെയ്യുന്നു"(1). അപ്പമാണ് കുബ്ബാനയിൽ സ്വീകരിക്കുന്നതെങ്കിലും അവരേററുകുന്നതു് ക്രിസ്തുവിൻെറ ശരീരത്തെയാണ്.

## ജറൂസലത്തേ വി. സിറിൽ (314–386)

ജറൂസലമാണ് ജന്മനാട്ട്. ബാല്യകാലജീവിതം മിക്കവാറും അജ്ഞാതമാണ്. 348-ൽ ജറൂസലത്തേ മെത്രാനായി. ആരിയൂസുമായുള്ള തീവ്രവാദത്തിനിടയിൽ മൂന്നുപ്രാവശ്യം അദ്ദേഹം രാജ്യഭ്രഷ്ടനാക്കപ്പെട്ടു. 367-ൽ മതത്യാഗിയായ ജൂലിയൻ ജറൂസലം ദേവാലയ പുന:നിർമ്മാണത്തിനു ശ്രമിക്കുമ്പോഠം ജറൂസലത്തേ മെത്രാനായിരുന്നു സിറിൽ. 381-ൽ കോൺസ്റ്റാൻറിനോപ്പിളിലെ സാർവ്വത്രികസൂനഹദോസിൽ സംബന്ധിച്ചു. 386-ൽ മരിച്ചു.

മതോപദേശപരമാണു (Catecheses) അദ്ദേഹത്തിൻെറ അതിപ്രശസ്ത ഗ്രന്ഥപരമ്പര. 24 വാല്യങ്ങളായി ജ്ഞാനസ്നാനാൎത്ഥികളും ജ്ഞാനസ്നാനം സ്വീകരിച്ചവരും അവശ്യം അറിഞ്ഞിരിക്കേണ്ട തത്വസംഹിത വിവരിക്കുകയാണ്. ഈ വിഷയത്തിൽ പ്രഥമവും അന്നത്തേ പ്രാമാണികഗ്രന്ഥവുമായിരുന്നു അവ. കുബ്ബാനയെക്കുറിച്ചും അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ടു്. പ്രസക്തഭാഗം ഉദ്ധരിക്കാം: പരിശുദ്ധമായ ബലി, രക്ത

(24) St. Cyprian, De Lapsis Ch. 15, 25, 26.

രഹിതമായ ആരാധന പൂർത്തിയായതിനുശേഷം അനുരഞ്ജനത്തിന്റെ ബലിവസ്തു, ഞങ്ങൾ സമർപ്പിക്കുന്നു. സഭയുടെ പൊതുവായ സമാധാനത്തിനും ലോകത്തിന്റെ സുസ്ഥിതിക്കും ചക്രവർത്തികൾക്കും യോദ്ധാക്കൾക്കും സ്നേഹിതർക്കും രോഗികൾക്കും പീഡിതർക്കുംവേണ്ടി ദൈവത്തോടു ഞങ്ങൾ പ്രാർത്ഥിക്കുകയും പൊതുവായ സഹായം ആവശ്യകമായ എല്ലാവർക്കുംവേണ്ടി എല്ലാവരും അപേക്ഷിക്കുകയും ഈ ബലിവസ്തു സമർപ്പിക്കുകയും ചെയ്യുന്നു. കുർബ്ബാന ബലിയാണെന്നും അനുരഞ്ജനത്തിന്റെ ബലിവസ്തുവാണ് ക്രിസ്തു എന്നും വിശദമാക്കപ്പെട്ടിട്ടുണ്ട് ഇദ്ദേഹത്തിന്റെ കൃതികളിൽ.

കുർബ്ബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യം പ്രകടമാക്കിക്കൊണ്ടു നവക്രൈസ്തവരെ അദ്ദേഹം ഉപദേശിക്കുന്നതു ശ്രദ്ധേയമാണ്. "ദിവ്യഭോജനത്തിനണയുമ്പോൾ മുഷ്ടിചുരുട്ടിയോ വിരലുകൾ അകത്തിയോ പിടിക്കരുതു്. രാജാവിനെ സ്വീകരിക്കാനുള്ള വലതു കരത്തിന് ഇടതുകൈ താങ്ങായി പിടിച്ചുകൊണ്ടും കൈ അല്പം കുഴിച്ചുകൊണ്ടും 'ആമ്മേൻ' എന്നുച്ചരിച്ചുകൊണ്ടും ക്രിസ്തുവിന്റെ ശരീരം സ്വീകരിക്കുക." വീണ്ടും, ക്രിസ്തുവിന്റെ ശരീരം എത്ര അനർഘമാണെന്ന് അവരെ ഓർമ്മപ്പെടുത്തുകയാണ്: "ആരെങ്കിലും സ്വർണ്ണമണികൾ സമ്മാനിച്ചാൽ അവയൊന്നും നഷ്ടമാകാതെ അതീവ ജാഗ്രതയോടും ശ്രദ്ധയോടുംകൂടി നിങ്ങൾ സൂക്ഷിക്കുകയില്ലേ? ആകയാൽ, സ്വർഗ്ഗത്തേയും അനർഘമായ രത്നത്തേയുംകാൾ വിലപിടിച്ച ഈ വസ്തുവിൽനി

ന്നു് (ക്രിസ്തുവിൻെറ ശരീരം) അല്പമെങ്കിലും താഴെ വീഴാതിരിക്കുന്നതിനു് എത്രമാത്രം ശ്രദ്ധിക്കണം"(1).

## vi. ജോൺ ക്രിസോസ്തോം (344–407)

കുലീനമാതാപിതാക്കന്മാരിൽനിന്നു് അന്ത്യോക്യായിൽ ജനിച്ചു. അതിപ്രഗത്ഭനായ പ്രഭാഷകനായിരുന്നതിനാൽ ഇദ്ദേഹം ക്രിസോസ്തോം (Golden mouth) എന്ന പേരിൽ അറിയപ്പെട്ടു. അന്ത്യോക്യായിലെ ഒരാശ്രമത്തിൽ ചേർന്നു 386-ൽ വൈദികനായി. 397-ൽ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായി. സ്വകൃത്യനിർവ്വഹണത്തിൽ അതീവ ശ്രദ്ധാലുവായിരുന്നതിനാൽ സഭയിൽനിന്നു ദുരാചാരങ്ങളെ നീക്കുന്നതിൽ എവുദോക്സിയാ (Eudoxia) ചക്രവർത്തിയെപ്പോലും നിശിതമായി വിമർശിച്ചു. നാടുകടത്തപ്പെട്ട സ്ഥലത്തുവച്ചു 407-ൽ മരിച്ചു.

ക്രിസോസ്തോമിൻെറ ഉത്തമ കൃതി(Master piece) യായ "പൗരോഹിത്യത്തെപ്പററി" (De Sacerdotio) എന്ന ഗ്രന്ഥത്തിൽ കുർബ്ബാനയെക്കുറിച്ചു് എഴുതിയിരിക്കുന്നതു് അതിഗഹനവും അർത്ഥഗർഭവുമാണു്. "നാഥൻ ബലിയർപ്പിതനായി കിടക്കുന്നതും മഹാപുരോഹിതൻ ബലിയിൽ സ്വയം സമർപ്പിതനായി പ്രാർത്ഥിക്കുന്നതും നീ കാണുമ്പോൾ, നീ ലോകത്തിലാണോ അതോ സ്വർഗ്ഗത്തിലെ

---

(1) Cfr. Cyril of Jerusalem, Catecheses ch. 23, 9, 21. 23, 22 passim.

യ്ക്കു് സംവഹിക്കപ്പെട്ടുവോ എന്നു സംശയിക്കുന്നുണ്ടോ? "വീണ്ടും: നാമെല്ലാവരും പങ്കുകാരാകുന്ന ഈ മേശയെ, നമുക്കുവേണ്ടി വധിക്കപ്പെട്ട ക്രിസ്തുവിനെ, ഈ പീഠത്തിന്മേൽ സംസ്ഥാപിതമായിരിക്കുന്ന ബലിയെ നിങ്ങൾ ആരാധിക്കുകയും വണങ്ങുകയും ചെയ്യുവിൻ." (1) മററൊരിടത്തു് എബ്രായർക്കുള്ള ലേഖനവ്യാഖ്യാനത്തിൽ "എന്താണു് നാം അനുദിനം അർപ്പിക്കുന്നതു്? തീർച്ചയായും ബലി. അതുവഴി അവിടുത്തെ മരണം നാം അനുസ്മരിക്കുന്നു". തുടർന്നു വിവരിക്കുകയാണു ബലിയുടെ പ്രകൃതി. ക്രിസ്തു ഒരിക്കൽമാത്രമേ മരിച്ചുള്ളൂ. ഒരിക്കൽമാത്രമേ ബലി അർപ്പിക്കപ്പെട്ടുള്ളൂ. എന്നാൽ, അൾത്താരകളിൽ അനുദിനം ക്രിസ്തു മരിക്കുന്നു. ജറൂസലേം ദൈവാലയത്തിൽ ബലിവസ്തുക്കളായ ആടുകൾ ഓരോദിവസം വെവ്വേറെയാണു്. ക്രിസ്തു പലസ്ഥലത്തും ബലിയർപ്പിക്കപ്പെടുന്നെങ്കിലും ഒരു ക്രിസ്തുമാത്രം. അതുകൊണ്ടു പലയിടങ്ങളിൽ ബലി അർപ്പിക്കപ്പെടുന്നെങ്കിലും ഒരു ബലിമാത്രം (2).

ബലിയിൽ ക്രിസ്തുതന്നെയാണു് അർപ്പിതനാകുന്നതെന്നും അവിടുത്തെ രക്തം നമ്മുടെ പോഷണത്തിന്നായിട്ടാണെന്നും ബലി കുരിശുമരണത്തിൻെറ ആവർത്തനമാണെന്നുംമററും സ്പഷ്ടമായി ഗ്രഹിക്കാം ഈ വാക്യങ്ങളിൽനിന്നു്.

---

(1) R. 1183.
(2) R. 1222.

## വി. അംബ്രോസ് (333—397)

മിലാനിൽ ജനിച്ചു. 374-ൽ മിലാനിലെ ആര്യൻ മെത്രാൻ അന്തരിച്ചപ്പോൾ ഒരശരീരിശബ്ദത്തിൻെറ പ്രചോദനത്താൽ ഇദ്ദേഹം മെത്രാനായി അവരോധിക്കപ്പെട്ടു. പല ചക്രവർത്തികളുടെമേലും കാര്യമായ സ്വാധീനം ചെലുത്തി. അതേസമയം സഭയുടെ അവകാശങ്ങൾ തെല്ലും വിട്ടുകൊടുത്തുമില്ല. അദ്ദേഹം പറയുമായിരുന്നു: "ചക്രവർത്തി സഭക്കധീനനാണ്, അതീതനല്ല".

കർബാന ബലിയാണെന്നതിന് അനേകം സാക്ഷ്യങ്ങൾ ഉദ്ധരിക്കാമെങ്കിലും സംഗതമായ ഒന്നുമാത്രം ഉദ്ധരിച്ചാലും അദ്ദേഹത്തിൻെറ വീക്ഷണം മനസ്സിലാക്കാം. "പുരോഹിതപ്രമുഖൻ (ക്രിസ്തു) നമ്മുടെ പക്കലേക്കു വരുന്നതു നാം കണ്ടു, തൻെറ രക്തം നമുക്കുവേണ്ടി ബലിയർപ്പിക്കുന്നതു വീക്ഷിക്കുകയുംചെയ്തു...എന്തുകൊണ്ടെന്നാൽ, ഇപ്പോൾ ക്രിസ്തു പ്രത്യക്ഷത്തിൽ അർപ്പിക്കപ്പെടുന്നില്ലെങ്കിലും, ക്രിസ്തുവിൻെറ ശരീരം ബലിയർപ്പിക്കപ്പെടുന്നിടത്തെല്ലാം ക്രിസ്തുതന്നെ അർപ്പിതനാകുന്നു".

വി. അംബ്രോസ് വീണ്ടും പറയുകയാണ്: "ക്രിസ്തു എനിക്കു ഭക്ഷണവും പാനീയവും—അവിടുത്തെ ശരീരം എൻെറ ഭക്ഷണവും അവിടുത്തെ രക്തം എനിക്കു പാനീയവുമാകുന്നു". ബലിവസ്തു ക്രിസ്തുവാണെന്നും, തൻെറ മാംസരക്തങ്ങൾ നമ്മുടെ പാപപരിഹാരാർത്ഥം ചിന്തപ്പെട്ടതാണെന്നുംമററും വ്യക്തമാക്കുന്നു വി. അംബ്രോസ്.

## vi. അഗ്ഗസ്തീനോസ് (354—430)

തഗാസ്തെ ജനനസ്ഥലം. മാതാവു് ക്രൈസ്തവയുവതിയും പിതാവ് അക്രൈസ്തവനും. 30 വയസ്സുവരെ അഗസ്റ്റിൻ ശാരീരികാഭിലാഷങ്ങളുടെ പൂത്തീകരണത്തിനുവേണ്ടി അർപ്പിതമായ ഒരു ജീവിതമാണു നയിച്ചതു്. വരപ്രസാദത്തിനു് എത്രത്തോളം പ്രവത്തിക്കുവാൻ സാധിക്കുമെന്നതിനുദാഹരണമാണു് അഗസ്റ്റിന്റെ ജ്ഞാനസ്നാനത്തിനുശേഷമുള്ള ജീവിതം. 387-ൽ മാമ്മോദീസായും 391-ൽ പൗരോഹിത്യവും 394-ൽ മെത്രാൻപട്ടവും ലഭിച്ചു. അങ്ങനെ ഹിപ്പോയിലേ മെത്രാനായി. മാണി, പെലാജിയൂസ് എന്നിവരുടെ അബദ്ധ സിദ്ധാന്തങ്ങളെ ഖണ്ഡിച്ചു. ഇദ്ദേഹം പ്രസാദവരത്തിന്റെ പണ്ഡിതൻ (Doctor of Grace) എന്ന അപരനാമത്തിൽ അറിയപ്പെടുന്നു.

അഗസ്റ്റിൻ അനേകഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. "ആത്മനിവേദനം"(Confessions)"ദൈവത്തിന്റെ നഗരം" (City of God) എന്നിവ സുപ്രധാനങ്ങളാണു്. "ക്രിസ്തു ഒരിക്കൽ ആത്മബലിയർപ്പിച്ചില്ലേ?" എന്നു ചോദിച്ചതിനുശേഷം അദ്ദേഹം ഈ ക്രൂദാശയെ പഴയനിയമത്തിലേ പെസഹാത്തിരുനാളിനോടുപമിക്കുന്നു. ക്രിസ്തു അനുദിനം ബലിയപ്പിക്കപ്പെടുന്നു എന്നദ്ദേഹം സമത്ഥിക്കുന്നു. ഈ ബലിയെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ക്രൂദാശ (Sacrament of the Body of Christ) എന്നു് അഗസ്റ്റിൻ വിളിച്ചു. ഇദ്ദേഹത്തിന്റെ കൃതിക

ളിലുടനീളം കുർബ്ബാനയെപ്പററി പരാമർശങ്ങൾ നിരവധിയാണ്.

വി. കുർബ്ബാനയിലെ തിരുവോസ്തി ക്രിസ്തുശരീരമാണെന്ന് ഉൽബോധിപ്പിക്കുകയാണ് അഗ.സ്റ്റിൻ: "സ്വീകരിക്കുന്ന വസ്തു എന്താണെന്നും എന്താണ് അനുദിനം സ്വീകരിക്കേണ്ടതെന്നും അറിയണം. ദൈവവചനത്താൽ പവിത്രീകൃതമായ അൾത്താരയിലെ അപ്പം ക്രിസ്തുവിൻെറ ശരീരമാകുന്നു".

## വി. ഫുൾജെൻസിയൂസ് (468—533)

വിശ്വാസത്തെ സംബന്ധിച്ച് പീററർ എന്ന ഒരാൾക്കെഴുതുകയാണ് ഇദ്ദേഹം.(De Fide ad Petrum) "മനുഷ്യാവതാരംചെയ്ത ഏകജാതനായ അതേ ദൈവം തന്നെത്തന്നെ നമുക്കുവേണ്ടി ഹൃദ്യപരിമളത്തിൻെറ ബലിയും സമർപ്പണവും അർപ്പിച്ചുവെന്നു നിസ്സംശയം ദൃഢമായി വിശ്വസിക്കുക". പഴയനിയമത്തിലെ ബലി ക്രിസ്തു അർപ്പിക്കാനിരുന്ന ബലിയുടെ പൂർവ്വഛായയായിരുന്നെന്ന് ഫുൾജെൻസിയൂസ് തെളിയിക്കുന്നു. പാപികൾക്കുവേണ്ടി വധിക്കപ്പെടേണ്ടിയിരുന്ന ദൈവപുത്രൻ ആ ബലികളിൽക്കൂടി അറിയപ്പെട്ടിരുന്നതുപോലെ ഈ ബലിയിൽ പാപികൾക്കുവേണ്ടി മരിച്ച ദൈവപുത്രൻ അറിയപ്പെടുന്നു" (1).

(1) R. 2270.

## മഹാനായ വി. ഗ്രിഗരി (540—604)

590-മുതൽ 604-വരെ തിരുസ്സഭയെ ഭരിച്ചിരുന്ന പ്രഗത്ഭനായ പാപ്പായാണു് വി. ഗ്രിഗരി. പാപ്പാധികാരംതന്നെ അതിൻെറ ഉത്തുംഗസ്ഥാനത്തെത്തിക്കുവാൻ അദ്ദേഹം പരമാവധി ശ്രമിച്ചു. "Dialogi" എന്ന ഗ്രന്ഥത്തിൽ "നിത്യനാശത്തിൽനിന്നു് ആത്മാക്കളെ രക്ഷിക്കുന്ന ഈ ബലിവസ്തുവഴി, ഏകജാതൻെറ മരണം നിഗൂഢമായവിധത്തിൽ (Per Mysterium) നമുക്കുവേണ്ടി ആവർത്തിക്കപ്പെടുന്നു". ബലിയുടെ പ്രകൃതിയും ക്രിസ്തു ഏതുവിധമാണു് ബലിയിൽ വീണ്ടും വധിക്കപ്പെടുന്നതെന്നും വ്യക്തമാക്കുന്നു. "ക്രിസ്തു മരിച്ചവരിൽനിന്നു് ഉത്ഥാനം ചെയ്തിരിക്കകൊണ്ടു വീണ്ടും മരിക്കയില്ല. മരണത്തിനു് അവിടുത്തേമേൽ ആധിപത്യമില്ല.(1) അമർത്ത്യനായും അക്ഷയനായും ജീവിക്കുന്നു എന്നിരുന്നാലും വീണ്ടും നമുക്കുവേണ്ടി സമർപ്പണത്തിൻെറ പരിപാവനമായ ഈ മഹാരഹസ്യത്തിൽ ക്രിസ്തു ബലിയർപ്പിക്കപ്പെടുന്നു. അവിടുത്തെ ശരീരം ഭക്ഷിക്കപ്പെടുകയും ജനങ്ങളുടെ രക്ഷക്കായി വിഭജിക്കപ്പെടുകയും ചെയ്യുന്നു. അവിടുത്തെ രക്തം വിശ്വാസികളുടെ കരങ്ങളിലല്ല, വായിലാണു ചിന്തപ്പെടുന്നതു്. നമ്മുടെ പാപമോചനാർത്ഥം ഏകജാതൻെറ പാടുപീഢകളെ സഭ അനുകരിക്കുന്നു. ഈ ബലി എത്തരത്തി

(1) റോമ. 6, 9.

ലുള്ളതാണെന്നു നമുക്കു പരിഗണിക്കാം".(1) പഴയ നിയമത്തിന്റെ വെളിച്ചത്തിൽ പാപപരിഹാരാർത്ഥം രക്തം ചിന്തുക, എന്ന പ്രയോഗം യഥാർത്ഥബലിയാണ് അർപ്പിക്കപ്പെട്ടുന്നതെന്നു വ്യക്തമാക്കുന്നു. അല്ലെങ്കിൽ ബലിക്കു് അനന്ത യോഗ്യത ഉണ്ടാകുക സാധ്യമല്ലല്ലോ.

കുർബാന ബലിയും ക്രൂദാശയുമാണ്. ക്രിസ്തുവാണ് ബലിവസ്തു. ക്രിസ്തുവിന്റെ യഥാർത്ഥസാന്നിധ്യം ക്രൂദാശയിലുണ്ട്. ക്രിസ്തുവിന്റെ മാംസരക്തങ്ങൾ നമ്മുടെ ആത്മാവിന്റെ പോഷണത്തിന്നായി നല്കപ്പെട്ടു എന്ന ക്രൈസ്തവവിശ്വാസത്തിന്റെ കാതലായ സത്യങ്ങൾ പരമ്പരയാ ക്രിസ്തുവിൽനിന്നും അപ്പസ്തോലന്മാരിൽനിന്നും അഭംഗുരം ലഭിച്ചതാണ്. ഇറാസ്മസിന്റെ (Erasmus) വാക്യം ഈ സത്യത്തെ പ്രകടമാക്കുന്നു: "അനവധി നൂററാണ്ടുകാലം വെറും ഒരപ്പക്കഷണത്തെ ക്രിസ്തുവായി ആരാധിക്കുവാൻ തന്റെ മണവാട്ടിയായ സഭയെ സർവ്വനന്മയും സത്യംതന്നെയുമായ ക്രിസ്തു അനുവദിക്കുമെന്നു് എനിക്കു് ഒരിക്കലും വിശ്വസിക്കുവാൻ കഴിയുന്നില്ല". (Quoted in Piolanti, 'The Holy Eucharist' p. 44).

(1) R. 2323.

# VI

# വി. കുർബ്ബാന കലയിലൂടെ

"അവിടുത്തെ കരവേലയായ പ്രപഞ്ചം മുഴുവനും അവിടുത്തെ ഉൾക്കൊള്ളുവാൻ മതിയാകാതിരിക്കെ എത്തരം ആലയമാണു ഞാൻ ദൈവത്തിനു നിർമ്മിക്കേണ്ടതു്?"

മിനൂസിയൂസ് ഫേലിക്സിൻെറ 'സംവാദ' ത്തിൽ (Dialogus) വിജാതീയനായ ചെച്ചിലിയൂസ് ക്രൈസ്തവനായ ഒക്ടാവിയൂസിനോടു ചോദിക്കുന്നതായി വിഭാവനം ചെയ്തിരിക്കയാണു്: "ക്രൈസ്തവരായ നിങ്ങൾ പ്രാചീനരാണു് (Primitives) നിങ്ങൾക്കു ക്ഷേത്രങ്ങളോ ബലിപീഠങ്ങളോ ഇല്ല." ഇതിനു് ഒക്ടാവിയൂസ് നല്കിയ മറുപടിയാണു മുകളിൽ ഉദ്ധരിച്ചതു്.

വിജാതീയരുടെ സകല വസ്തുക്കളോടും എന്തെന്നില്ലാത്ത വിപ്രതിപത്തി ആദിമക്രൈസ്തവർ പ്രകടിപ്പിച്ചിരുന്നു. ഉത്സവാഘോഷങ്ങളും മററ് ആചാരവിധികളും നിരർത്ഥകങ്ങളായ അന്ധവിശ്വാസങ്ങളാണെന്ന് അവർ ധരിച്ചു. പേഗൻ ആചാരങ്ങൾ ക്രൈസ്തവർക്കിടയിൽ പ്രചരിക്കുകയാണെങ്കിൽ ക്രിസ്തീയ തത്വങ്ങളുടെ സരളതയും ദൈവികതയും നഷ്ടപ്പെടും. അതിനാൽ, അത്തരം ക്രമങ്ങൾ അപ്പാടേ പരിവർജ്ജിക്കണമെന്നു വ്യവസ്ഥചെയ്തു. പഴയനിയമത്തിൽ പ്രതിമകൾ നിർമ്മിക്കുന്നതിനെതിരേ കർക്കശമായ നിരോധനം ഉണ്ടായിരുന്നു. പുറജാതികളെപ്പോലെ യഹൂദരും വിഗ്രഹാരാധനയിലേക്കു വഴുതിവീഴുമെന്നുള്ള ആശങ്കയാലാണു താദൃശനിരോധനം ഉത്ഭവിച്ചതെന്നു വ്യക്തമാണ്. ഇത്ര നിശിതമായ അനുശാസനം ഉണ്ടായിട്ടും പലപ്പോഴും യഹൂദർ വിഗ്രഹാരാധകരായി അധഃപതിച്ചിട്ടുണ്ട്. ഈ ഭീതിമൂലമാണ് യഹൂദർ പ്രതിമകളോടും ചിത്രങ്ങളോടും വിരോധമനോഭാവം വച്ചു പുലർത്തിയതു്. വാസ്തവത്തിൽ, ദൈവം എന്താണു വിലക്കിയതെന്ന് അവർ ഗ്രഹിച്ചില്ല. വിഗ്രഹങ്ങളെ നിർമ്മിച്ച് ദൈവമായി ആരാധിക്കുന്നതിനെയാണ് അവിടുന്നു മുടക്കിയതു്. വാഗ്ദാനപേടകത്തിന്മേലുള്ള കെരൂബിം, ജറുസലംദൈവാലയത്തിലുള്ള കാളയുടെ പ്രതിമ ഇവയെല്ലാം ഇതു വ്യക്തമാക്കുന്നുണ്ട്.

ആദിമക്രൈസ്തവരിലധികവും യഹൂദമതാവലംബികളായിരുന്നല്ലോ. ക്രൈസ്തവരായിത്തീർന്നപ്പോഴും അതേ മനോഗതിതന്നെ ചിത്രങ്ങളേയും സ്വരൂപങ്ങളേയുംകുറി

ച്ച് അവർ നിലനിറുത്തിപ്പോന്നു. ശൈശവസഭയിൽ വിശ്വാസദ്യോതകങ്ങളായ ചിത്രവേലയുടെ അഭാവത്തിന് ഇതാണു കാരണം. ക്രമേണ സഭ യഹൂദപരിധിയെ അതിലംഘിച്ചു വിസ്തൃതമായിത്തീർന്നതോടെ പേഗൻ കലകളേയും സ്വീകരിച്ചു. റോമൻ പ്രഭുക്കളുടെ വീടുകൾ ചുമർചിത്രങ്ങളും മററു കൊത്തുപണികളുംകൊണ്ട് അലംകൃതങ്ങളായിരുന്നു. കുഴിമാടത്തിന്മേൽ ചിത്രവേലകൾ പലതും കാണാമായിരുന്നു.

യഹൂദാചാരങ്ങൾ പ്രചാരലുബ്ധവും സഭയിൽ സ്വീകരിക്കപ്പെട്ട വിജാതീയരുടെ സംഖ്യ ക്രമാതീതവുമായിത്തീർന്നപ്പോൾ, റോമൻമാതൃകയിലുള്ള ചുമർചിത്രങ്ങളും കൊത്തുപണികളും താനേ ക്രൈസ്തവമായിത്തീർന്നു. ക്രമേണ ദേവാലയങ്ങളിലും ഭൂഗർഭാലയങ്ങളിലും ഈദൃശചിത്രങ്ങൾ കണ്ടുതുടങ്ങി. കലാഭംഗി സ്ഫുരിക്കുന്നവയല്ലെങ്കിലും അവ വിശ്വാസപ്രകടനത്തിൻേറയും പ്രതീക്ഷയുടേയും പ്രതീകങ്ങളായിരുന്നു. പ്രാവ്, മയിൽ, സിംഹം, മത്സ്യം, ഇടയൻ, അദ്ധ്യാപകൻ ഈവക ചിത്രങ്ങൾ സർവ്വസാധാരണമാണ്. പ്രാവ്, പരിത്രാണം ചെയ്യപ്പെട്ട ആത്മാവിനേയും, മയിൽ അമർത്ത്യതയേയും, മത്സ്യം കുർബാനയേയും, ഇടയൻ അദ്ധ്യാപകൻ മുതലായവ ക്രിസ്തുവിനേയുമാണ് സൂചിപ്പിക്കുന്നതു്. ഇവ കൂടാതെ പഴയനിയമത്തിലേയും പുതിയനിയമത്തിലേയും നിരവധി ചിത്രങ്ങൾ ആദിമ കൊത്തുപണിക്കാരുടെ ഭാവനയെ വശീകരിച്ചിട്ടുണ്ട്. ഈ ചിത്രങ്ങളെല്ലാംതന്നെ പ്രബോധനപരങ്ങളാണ്.

അവിശ്വാസികളെ സഭയിൽ സ്വീകരിച്ചിരുന്നതു് സുദീർഘമായ പരിശീലനത്തിനുശേഷമാണു്. ഈ വിധപരിശീലനത്തിനു വിധേയരാകുന്നവരെ ജ്ഞാനസ്നാനാർത്ഥികൾ (Catechumens) എന്നാണു വിളിച്ചിരുന്നതു്. ഇവർക്കു മതബോധനമാർഗ്ഗമായും ചിത്രങ്ങളെ കരുതിപ്പോന്നു. ചിത്രങ്ങൾവഴി അധ്യയനം നടത്തുന്നതു് അത്യന്തം ഉപകാരപ്രദമെന്നു് അവർക്കറിയാമായിരുന്നു.

ചിത്രങ്ങൾ മിക്കവയും കലാഭംഗി സ്ഫുരിക്കുന്നവയല്ലെന്നു സൂചിപ്പിച്ചുവല്ലോ. അത്യാസന്നമാണു് പരൗസിയാ(1) എന്നു് ആദിമക്രൈസ്തവർ വിശ്വസിച്ചു. പ്രതാപത്തോടുകൂടി ലോകത്തെ വിധിക്കുവാൻ ക്രിസ്തു രണ്ടാമതും വരേണ്ട സമയം അടുത്തിരുന്നെന്ന വിശ്വാസം അവരെ സ്വർഗ്ഗോന്മുഖരാക്കിത്തീർത്തു. തൽഫലമായി അവർ ചിത്രങ്ങളുടെ മനോഹാരിതയിൽവേണ്ടത്ര ശ്രദ്ധിച്ചില്ല.

വിശ്വാസസംഹിതയേയും സംഭവങ്ങളേയും ചിത്രങ്ങളിലൂടേയും കൊത്തുപണിയിലൂടേയും പ്രദ്യോതിപ്പിക്കുന്നതിനുള്ള ഈ ആന്തരികപ്രേരണ അവർക്കെവിടെ നിന്നുണ്ടായി? ജറുസലത്തേ യഹൂദർ പാരമ്പര്യത്തെ

(1) പ്രത്യക്ഷപ്പെടുക എന്നർത്ഥമുള്ള ഈ പദം ഗ്രീക്കുഭാഷയിൽനിന്നാണു്. ക്രിസ്തു രണ്ടാമതു് ലോകത്തെ വിധിക്കാൻ വരുന്ന സമയം ആസന്നമായെന്നു് അവർ വിശ്വസിച്ചു. അതിനുവേണ്ടി പലരും ഒരുങ്ങിയിരുന്നു. പൗലോസ് ശ്ലീഹായോടു സംശയനിവാരണം നടത്തുകയുണ്ടായി ചിലർ.

മുറുകെ പിടിച്ചിരുന്നവരാകകൊണ്ടു് അവർ ചിത്രങ്ങൾ അംഗീകരിച്ചില്ല. ഡിയസ്പോറായിലെ(1) യഹൂദരാകട്ടെ, ഗ്രീക്കു സംസ്കാരവുമായി സമ്പർക്കം പുലത്തിയിരുന്നതുകൊണ്ടു് അവരുടെ വീക്ഷണം വികസ്വരമായിരുന്നു. അതിനാൽ ഡിയസ്പോറായിലെ യഹൂദർ ചിത്രപ്പണികളിൽ താല്പര്യം കാണിച്ചു. രണ്ടാമത്തെ കാരണം പുറജാതികളുടെയിടയിൽ പ്രചരിച്ചിരുന്ന ചില കലകളാണു്. ഏററം പ്രധാനമായ കാരണം ക്രൈസ്തവരുടെ ആന്തരികപ്രബുദ്ധതതന്നെ. ക്രിസ്തു പ്രദാനംചെയ്ത സനാതന സത്യങ്ങൾ അവരുടെ ജീവിതവുമായി താദാത്മ്യം പ്രാപിച്ചപ്പോൾ അതു നൈസർഗ്ഗികമായിത്തന്നെ കലകളിലൂടെ ആവിഷ്കൃതമായിത്തുടങ്ങി. ആരാധനാജീവിതത്തിൻെറ ആന്തരികചൈതന്യം കലയിലൂടെ പ്രകാശിതമായി.

ആദിമക്രൈസ്തവർക്കു് ഏററവും പരിചിതമായിരുന്ന രണ്ടു ക്രൂദാശകളാണു് മാമോദീസായും വി. കർബാനയും. ഇവയിൽ എല്ലാംകൊണ്ടും പ്രധാനമായി കണക്കാക്കപ്പെട്ടതു് വി. കർബാനതന്നെ. ഈ മഹാരഹസ്യ

---

(1) ചിതറൽ എന്നാണു് മൂലാർത്ഥം. ബി. സി. 586-ൽ ജറൂസലം ആക്രമിക്കപ്പെട്ടപ്പോൾ അനേകം യഹൂദരെ നാടുകടത്തി ബാബിലോണിലേക്കും പരിസരപ്രദേശങ്ങളിലേക്കും. ജറൂസലത്തിനു വീണ്ടും സ്വാതന്ത്ര്യം അനുവദിച്ചപ്പോൾ തിരിച്ചുവരുവാൻ ചിലർ വിസമ്മതിച്ചു. ഇതിനെത്തുടർന്നു് യഹൂദർ ആകെ പല പ്രദേശങ്ങളിലായി വാസമുറപ്പിച്ചു. ഇതിനെയാണു് ഡിയസ്പോറാ എന്നു വിളിക്കുന്നതു്.

ത്തിൻെറ ആരാധ്യതക്കനുസരണമായി ബഹുമാനം പ്രകടിപ്പിക്കുക ആവശ്യകമായിരുന്നു.

ഒടുവിലത്തെയത്താഴത്തിൽവച്ചു ക്രിസ്തു നല്കിയ അനുശാസനം അവർ സർവ്വാത്മനാ നിറവേററി. സന്ധ്യാസമയത്തു് അവർ ഒരുമിച്ചുകൂടി കത്താവിൻെറ ശരീരവും രക്തവും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തിരുന്നു. ജ്ഞാനസ്നാനം സ്വീകരിച്ചവരെമാത്രമേ ഇതിൽ പങ്കുകാരാക്കിയിരുന്നുള്ളു. അല്ലാത്തവർക്കു മാമ്മോദീസാ സ്വീകരിക്കുവാൻ ആവശ്യകമായ അറിവുണ്ടെന്നു ബോദ്ധ്യപ്പെട്ടതിനുശേഷമേ, കുർബാനയെപ്പററി വിവരിച്ചുകൊടുക്കുമായിരുന്നുള്ളു. വിജാതീയരുടെ അധിക്ഷേപത്തിൽനിന്നു വി. കുർബാനയെ പരിരക്ഷിക്കുന്നതിനു് വി. കുർബാനയെ സൂചിപ്പിക്കാൻ ചില പ്രതിരൂപങ്ങളും സാങ്കേതികസംജ്ഞകളുമാണവരുപയോഗിച്ചിരുന്നതെന്നു മുമ്പു സൂചിപ്പിക്കുകയുണ്ടായി. സാങ്കേതികചിഹ്നങ്ങൾ ക്രൈസ്തവർക്കുമാത്രമേ മനസ്സിലായിരുന്നുള്ളു. അക്രൈസ്തവക്കു വെറും ചിത്രമല്ലാതെ വേറെയൊന്നിൻേറയും സൂചനയാണെന്നു ഗ്രഹിക്കുക സാധ്യമല്ല. ഇതൊരുതരം 'രഹസ്യശിക്ഷണ'(disciplina arcani) മായിരുന്നു.

വി. കുർബാനയിലുള്ള ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യം അവരുടെ ജീവിതവുമായി അലിഞ്ഞുചേർന്നു. ഈ ദൈവികദാനത്തിൽനിന്നാണു സഭാശത്രുക്കളോടു പോരാടുവാനും വിശ്വാസത്തെ സംരക്ഷിക്കാനും ആധ്യാത്മികമായി പരിപുഷ്ടി പ്രാപിക്കുവാനും അധമ

വികാരങ്ങളെ കീഴ്പ്പെടുത്തുവാനും സർവ്വോപരി സ ഹോദരന്മാർതമ്മിൽ ഐക്യം കൈവരുത്തുവാനുമുള്ള ശക്തി ആർജ്ജിച്ചിരുന്നതു്. വി. കുർബാന സ്വീകര ണാനന്തരം വധിക്കപ്പെട്ട രക്തസാക്ഷികളുടെ വീരച രിത്രം ഇതിനുദാഹരണമാണു്. ഈദൃശമായ സ്നേഹപ്ര കടനങ്ങളാൽ അവരുടെ ജീവിതം മുഴുവനും വി കുർബാ നയിൽ കേന്ദ്രീകൃതമായിരുന്നു. ആന്തരികസമാധാനത്തി നും സാമുദായിക സുസ്ഥിതിക്കും ഉതകുന്ന ദിവ്യൗഷ ധമായിത്തീർന്നു വി. കുർബാന.

രഹസ്യശിക്ഷണംമൂലം വി. കുർബാനയെ സൂചി പ്പിക്കുന്നതിനു് ഉപയോഗിച്ചിരുന്ന ചിത്രങ്ങളിൽ ഏ റ്റം പുരാതനമായും സാർവ്വത്രികമായും നിലവിലിരുന്ന തു് മത്സ്യത്തിൻേറതാണു്. ക്രിസ്തുവിനേയും അവിടുത്തെ യഥാർത്ഥ സാന്നിദ്ധ്യത്തേയും അവിടുത്തെ ശരീരം ഭക്ഷ ണമാണെന്നതിനേയും പ്രദ്യോതിപ്പിക്കുവാൻ അന്തർ ഭൗമികാലയങ്ങളിൽ പ്രധാനമായി കാണാറുള്ള ചിത്ര മാണു് മത്സ്യത്തിൻേറതു്. എങ്ങനെ ഇതിനെ ഒരു സാങ്കേതിക അടയാളമായി അവർ പരിഗണിച്ചു? ഗ്രീ ക്കിൽ മത്സ്യത്തിനു തുല്യമായ വാക്കു് IXTUS(Ichtos) എന്നാണു്. 'ഈശോമിശിഹാ ദൈവത്തിൻെറ പുത്രൻ രക്ഷകൻ' എന്നീ വാക്കുകൾക്കു് ഗ്രീക്കിലുള്ളതിൻെറ ആദ്യാക്ഷരങ്ങൾ കൂട്ടിച്ചേർത്താൽ IXTUS എന്ന പദം കിട്ടും. 'മത്സ്യം' എന്നാണിതിനർത്ഥം.

ചുമർചിത്രങ്ങളിൽ മത്സ്യത്തിൻെറ ഛായമാത്രം കണ്ടെന്നു വരാം. അല്ലെങ്കിൽ പീലാസയിൽ മത്സ്യവും

കാസയിൽ വീണ്ടും ചിത്രീകൃതമായ ചിത്രങ്ങളും കാണാം. അതുമല്ലെങ്കിൽ മത്സ്യവും സമീപേ മുന്തിരിക്കുലയോ, ധാന്യക്കതിരോ കണ്ടേക്കാം. എങ്ങനെയെല്ലാമായാലും ക്രിസ്തുവിൻെറ യഥാർത്ഥ ശരീരത്തിൻെറ ഛായയാണതു്.

ഇവക്കുടാതെ മുക്കുവൻ മത്സ്യം പിടിക്കുന്നതും വലനിറയെ വിവിധ മത്സ്യങ്ങളുള്ളവയുമായി ചിത്രീകരിക്കുന്നവ ഒന്നുകിൽ പത്രോസിനെ സഭയുടെ തലവനെന്നു സൂചിപ്പിക്കുന്നതോ സഭയെത്തന്നെ സൂചിപ്പിക്കുന്നതോ ആണു്. വലയിൽക്കാണുന്ന മത്സ്യം വിശ്വാസികളെ സൂചിപ്പിക്കുന്നു.

രണ്ടുമത്സ്യങ്ങളും കൊട്ടയിൽ അഞ്ചു് അപ്പവുമായുള്ള ചിത്രങ്ങളും വി. കുർബാനയെത്തന്നെയാണു ചൂണ്ടിക്കാണിക്കുന്നതു്. പരസ്യജീവിതകാലത്തു് ക്രിസ്തു അപ്പവും മത്സ്യവും വർദ്ധിപ്പിച്ചു് അനേകംപേരെ തീററിയെന്നതിനെയാണു പ്രത്യക്ഷത്തിൽ ഈ ചിത്രം അനുസ്മരിപ്പിക്കുക(1). അപ്പം വർദ്ധിപ്പിച്ചതിനുശേഷം, അടുത്തദിവസം തന്നെ അന്വേഷിച്ചുവന്നവരോടു ക്രിസ്തു വിവരിക്കുന്നതു തൻെറ ശരീരമായ അപ്പത്തെയാണു്. ഈ അത്ഭുതംവഴിയായി ഭൗതികവസ്തുക്കളിന്മേൽ തനിക്കു പരിപൂർണ്ണാധികാരമുണ്ടെന്നു് അവിടുന്നു പ്രകടമാക്കുന്നു. അതിനുശേഷം തൻെറ ശരീരത്തിന്മേൽത്തന്നെ സമസ്താധികാരമുണ്ടെന്നുകൂടി വ്യക്തമാക്കുന്നു. ഇങ്ങനെയെങ്കിൽ സർവ്വജ്ഞനായ ക്രിസ്തുവിനു

---

(1) വി. യോഹ. 6 . . .

തന്റെ ശരീരം ഭക്ഷണമായി നല്കുക ദുസാധമല്ലെന്നു ശ്രോതാക്കൾ ഗ്രഹിക്കേണ്ടിയിരുന്നു. ആസന്ന ഭാവിയിൽ സ്ഥാപിക്കാനിരുന്ന പ. കുർബാനയെ മുമ്പിൽ കണ്ടുകൊണ്ടാണു് ക്രിസ്തു അപ്പം വർദ്ധിപ്പിക്കൽ എന്ന അത്ഭുതം പ്രവത്തിച്ചതു്. അപ്പമെടുത്തു് "ഇതെന്റെ ശരീരമാകുന്നു" എന്നു കത്താവു പറയുമ്പോൾ, ശിഷ്യന്മാർ, പരിഭ്രാന്തരാകാതിരിക്കുന്നതിനു കൂടിയാണു് ആ അത്ഭുതം ചെയ്യുവാൻ അവിടുന്നു തിരുമനസ്സായതു്. അപ്പക്കൊട്ടയും മത്സ്യങ്ങളും കാണുമ്പോൾ പ്രത്യക്ഷമായി സ്മരിക്കേണ്ടതു് അന്നു ചെയ്ത അത്ഭുതത്തേയും, പരോക്ഷമായി വി. കുർബാനയേയുമാണു്.

ഒടുവിലത്തേയത്താഴത്തിന്റെ വികാരോദ്ദീപകമായ രംഗം ചിത്രീകരിക്കപ്പെടുക മത്സ്യത്തോടുകൂടെയായിരിക്കും. നടുവിൽ മത്സ്യം, ചുററും ശിഷ്യന്മാർ. ഇവയല്ലാതെയും ആധുനികചിത്രങ്ങളിൽ ക്രിസ്തുവിന്റെതന്നെ പ്രതിച്ഛായയടങ്ങിയ രംഗങ്ങളും ധാരാളം കാണാം.

ഗ്രീക്കു കാലക്രമത്തിൽ ജനങ്ങൾക്കജ്ഞാതമായിത്തീർന്നപ്പോൾ മത്സ്യത്തിന്റെ സൂചന അവർക്കു സുഗ്രഹമല്ലാതായി. അങ്ങനെ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന മത്സ്യത്തെ ചിത്രീകരിക്കുന്ന പതിവു് ഇല്ലാതായി. ഇന്നു കലാവിഷയങ്ങളെ യഥാതഥം ചിത്രീകരിക്കുന്നതിനുപകരം അതീതകാലങ്ങളിലേ സൂചനാചിത്രങ്ങളിലേക്കു പ്രത്യാഗമനമാരംഭിച്ചിരിക്കുന്നു. ആധുനികകലയുടെ പ്രത്യേക പ്രവണതയാണിതു്. സുന്ദരമായ പ്രാചീന

ചിത്രങ്ങൾ അനർഘങ്ങളാണെന്ന ധാരണ പരക്കെക്കാ ണാറായി. പുനരുദ്ധാരണതൃഷ്ണ സകല തുറകളിലും വ്യ ക്തമാണിന്നു്. പ്രാചീന കലകൾ എല്ലാംതന്നെ ഭാവന യെ നേരിട്ടു വക്രതയൊന്നും കൂടാതെ പ്രതിഫലിപ്പി ച്ചിരുന്നു.

വി. കുർബ്ബാനയെ സൂചിപ്പിക്കുവാൻ ഭൂഗർഭാലയ ങ്ങളിൽ ചിത്രീകരിച്ചിരുന്ന വേറൊരു ചിത്രമാണു് കാസായുടെ പുറമേനിന്നു ദാഹം ശമിപ്പിക്കുന്ന പ്രാവു കൾ. പ്രാവുകൾ പരിത്രാണം ചെയ്യപ്പെട്ട ആത്മാക്ക ളുടെ അംഗീകൃത പ്രതിരൂപമാണു്. കാസായിൽ പാ നീയമുണ്ടു്. സന്ദർഭംകൊണ്ടു മനസ്സിലാക്കാം, ഇതു് ക്രി സ്തുവിന്റെ അമൂല്യരക്തത്തെയാണു സൂചിപ്പിക്കുന്നതെ ന്നു്. ദാഹിച്ചു വലഞ്ഞു കാസായിലെ പാനീയത്തെ അ ഭയം പ്രാപിക്കുന്ന ആത്മാക്കളെയാണു പ്രാവുകൾ സൂ ചിപ്പിക്കുക.

ക്രിസ്തുവിന്റെ മറെറാരു പ്രതീകമാണു് ചെമ്മരി യാടു്. പഴയനിയമം (1) തുടങ്ങി പുതിയനിയമം (2) അവസാനംവരെ ക്രിസ്തുവിനെ ചെമ്മരിയാടിനോടുപമി ച്ചിട്ടുള്ള പല പ്രസ്താവനകൾ വായിക്കുന്നുണ്ടു്. പൗലോ സ് ശ്ലീഹാ എബ്രായക്കാർക്കുള്ള ലേഖനത്തിൽ ക്രിസ്തുവി ന്റെ ബലി പഴയനിയമത്തിലെ സൂചനാത്മകബലിയു ടെ സാക്ഷാത്കരണമാണെന്നു സമർത്ഥിക്കുന്നു. അങ്ങനെ പഴയനിയമവും പുതിയ നിയമവും രണ്ടു സുപ്രധാനസം

(1) ഏശയ്യാ 53, 7.
(2) വി. യോഹ. 1, 29; വെളി. 6, 16-17.

ഭവങ്ങളിൽ കേന്ദ്രീകൃതങ്ങളാണു്. യറൂസലേം ദേവാലയത്തിൽ ബലിയർപ്പിക്കപ്പെട്ട ചെമ്മരിയാടിൻെറ മാംസം ഭക്ഷിക്കുവാൻ യഹൂദന്മാർ ബാദ്ധ്യസ്ഥരായിരുന്നു. ഇതുപോലെതന്നെ, പുതിയനിയമത്തിലേ ചെമ്മരിയാടായ ക്രിസ്തുവിൻെറ മാംസം ഭക്ഷിക്കുക തികച്ചും ഉചിതമാണു്.

മന്ന വി. കുർബാനയുടെ അടയാളമായി ചിത്രീകരിക്കപ്പെടാറുണ്ടു്. റോമിൽ വി. സബീന (St. Sabina) യുടെ ദേവാലയകവാടത്തിൽ ആകാശത്തിൽനിന്നു മന്ന വീഴുന്നതുപോലെ ചിത്രങ്ങൾ കൊത്തിയിട്ടുണ്ടു്. മന്ന ദിവ്യകാരുണ്യത്തിൻെറ പ്രതീകമായിരുന്നെന്നു പരമ്പരാഗതമായി അവർ വിശ്വസിച്ചു. താൻ സജീവ അപ്പംതന്നെയെന്നു യുക്തിയുക്തമായി ശിഷ്യരെ ഉപദേശിച്ചുകൊണ്ടിരിക്കയിൽ ക്രിസ്തുനാഥൻ മന്നയെപ്പററി പ്രതിപാദിക്കുന്നുണ്ടു്. പണ്ടു് യഹൂദർ സ്വർഗ്ഗത്തിൽനിന്നു വന്ന മന്ന ഭക്ഷിച്ചു ശാരീരികമായ വിശപ്പടക്കി. മരുഭൂമിയിൽ കഴിച്ചുകൂട്ടേണ്ടിവന്ന സംവത്സരങ്ങളിലെല്ലാംതന്നെ മന്ന അവരുടെ ഏകഭക്ഷണമായിത്തീർന്നു. അതു കുർബ്ബാനയുടെ ചിഹ്നമായിത്തീരുന്നതിനു കാരണങ്ങൾ പലതാണു്: ക്രിസ്തു തൻെറ പ്രസിദ്ധമായ ജീവൻെറ അപ്പത്തെപ്പററിയുള്ള പ്രസംഗത്തിൽ ഈ പുതിയ അപ്പത്തെ മന്നയോടു സാദൃശ്യപ്പെടുത്തുന്നുണ്ടു്(1). രണ്ടിൻേറയും ഉത്ഭവം സ്വർഗ്ഗത്തിൽനിന്നാണു്. ക്രിസ്തുവിൻെറ ശരീരം മാനുഷികമാണെങ്കിലും, ദൈവവചനത്തി

(1) വി. യോഹ. 6, 31-35.

ൻെറ പുരുഷാത്മകമായ ഐക്യംമൂലം അതു് ദൈവത്തി ൻെറ തന്നെ ശരീരമായിത്തീർന്നു. ലക്ഷ്യവും മിക്കവാറും ഒന്നുതന്നെ. മന്നാ മരുഭൂമിയിലെ ചുരുങ്ങിയ കാലഘട്ടത്തിൽ ഇസ്രായേലിൻെറ ഭക്ഷണമായിരുന്നു. ലോകമാകുന്ന മരുഭൂമിയിൽ ക്രിസ്തുവിൻെറ ശരീരം യഥാർത്ഥപോഷകവസ്തുവും ശക്തിദുർഗ്ഗവുമാണു്. "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും" എന്ന വാഗ്ദാനത്തിൻെറ പൂർത്തീകരണമല്ലേ ഇതു്. വി. കുർബ്ബാനയുടേയും ക്രിസ്തുവിനു നമ്മുടെനേർക്കുള്ള സ്നേഹത്തിൻേറയും പ്രതീകമായി ക്രിസ്തുവിനെ പെലിക്കൻപക്ഷിയോടുപമിച്ചുകൊണ്ടുള്ള ചിത്രങ്ങൾ മദ്ധ്യശതകങ്ങളിൽ ധാരാളമുണ്ടായിരുന്നു. പെലിക്കൻ അതിൻെറ കുഞ്ഞുങ്ങളോടു പ്രകടിപ്പിക്കുന്ന സ്നേഹം അനുപമമാണു്. സ്വന്തംരക്തം കൊടുത്താണു് ഈ പക്ഷി കുഞ്ഞുങ്ങളെ വളർത്തുന്നതു്. അതു കുഞ്ഞുങ്ങളുടെ സമീപേ നിന്നുകൊണ്ടു തൻെറ ശരീരത്തിൽത്തന്നെ മുറിവുണ്ടാക്കുകയും, അതിൽ നിന്നു പ്രവഹിക്കുന്ന രക്തം കുഞ്ഞുങ്ങളെ കുടിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ അവ പോഷകാംശം സ്വീകരിക്കുകയും വളരുകയും ചെയ്യുന്നു.

ക്രിസ്തു കുരിശിൽക്കിടന്നു രക്തം ചിന്തിയതിൻെറ സാദൃശ്യത്തിലാണു് ഒന്നിലധികം വിശുദ്ധർ ക്രിസ്തുവിനെ പെലിക്കൻ എന്നു് അഭിസംബോധന ചെയ്തിട്ടുള്ളതു്. "കാരുണ്യമുള്ള പെലിക്കനായ ഈശോ നാഥാ, പാപിയായ എന്നെ നിൻെറ രക്തംകൊണ്ടു പരിശുദ്ധനാക്കണമേ".

ക്രിസ്തുവിനെപ്പററി പ്രതിപാദിക്കുന്ന സങ്കീർത്തനത്തിൽ (101, 6) മിശിഹാ ദാവീദിൻെറ അധരങ്ങൾ വഴിയായി തന്നെപ്പററി പറയുകയാണ്: "മരുഭൂമിയിലേ പെലിക്കനെപ്പോലെ ഞാനായിത്തീർന്നു..."ഈ വാചകത്തെ ഉപോൽബലകമാക്കിക്കൊണ്ടാണ് പ്രസ്തുതപ്രയോഗം പ്രാബല്യത്തിൽവന്നതു്.

ഈ ചിത്രം സർവസാധാരണമായതു് വി. ജെർത്രുദിനുണ്ടായ ഒരു ദർശനത്തെത്തുടർന്നാണെന്നു പറയപ്പെടുന്നു. ക്രിസ്തു പെലിക്കൻപക്ഷിയുടെ രൂപത്തിൽ മനുഷ്യവർഗ്ഗത്തെ പരിപോഷിപ്പിക്കുന്നതു് ദിവ്യദർശനത്തിൽ ആ വിശുദ്ധ കണ്ടു! ഉത്ഭവം എങ്ങനെയായിരുന്നാലും ക്രിസ്തുവിൻെറ അനന്തവും നിസ്സീമവുമായ സ്നേഹത്തെ ഈ ചിത്രം പ്രഘോഷിക്കുന്നുണ്ടു്.

# VII

# കുർബ്ബാന

# സ്ഥാപനവും വികാസവും

ദിവ്യബലിയുടെ സ്ഥാപനത്തെപ്പററി വേദപുസ്തകം വ്യക്തമായ ഭാഷയിൽ പറയുന്നുണ്ടു്. തൻെറ പീഢാനുഭവനാളിൻെറ തലേദിവസം ഒട്ടക്കത്തെയത്താഴത്തിൻെറ സമയത്തു് ഈശോനാഥൻ പ. കുബ്ബാന സ്ഥാപിച്ചു എന്നതു ഏററവും പ്രധാനപ്പെട്ട വിശ്വാസസത്യങ്ങളിൽ ഒന്നാണു്. വി. യോഹന്നാനൊഴിച്ചു മററു മൂന്നു സുവിശേഷകന്മാരും പൌലോസപ്പസ്തോലനും സാമാന്യം ദീർഘമായ വിവരണംതന്നെ ഒട്ടക്കത്തേയത്താഴത്തെക്കുറിച്ചു തരുന്നുണ്ടു്. വേദപുസ്തകവിവരണംമതി, അവിടെ ക്രിസ്തു അർപ്പിച്ച ബലി എന്തിലാലാണു് അടങ്ങിയിരിക്കുന്നതെന്നും, ആ ബലിയുടെ കാതലായ ഭാഗങ്ങൾ ഏതൊക്കെയെന്നും മനസ്സിലാക്കുവാൻ. അത്ര ലളിതവും വ്യക്തവുമാണു് ആ ദിവ്യകർമ്മവും അതിനെപ്പററിയുള്ള പ്രതിപാദനവും. മൂന്നു പ്രവൃ

ത്തികളാണു പ്രധാനമായും ക്രിസ്തുനാഥൻ വി. കർബ്ബാനയുടെ സ്ഥാപനത്തോടനുബന്ധിച്ചു നിർവഹിച്ചതു്. അപ്പം എടുക്കുക, ആശീർവ്വദിക്കുക, മുറിച്ചു് ശിഷ്യന്മാർക്കു നല്കുക. ദിവ്യബലിയുടെ കാതലായ ഭാഗങ്ങളായി ഈ മൂന്നു പ്രവൃത്തികളേയും നമുക്കു കണക്കാക്കാം. കർബാനയുടെ സ്ഥാപനത്തെപ്പററിയുള്ള എല്ലാ സുവിശേഷ വിവരണങ്ങളും ഈ മൂന്നു പ്രവൃത്തികളേയും പ്രത്യേകം പ്രത്യേകം എടുത്തു പറയുന്നുണ്ടു്.

## അപ്പം കൂദാശചെയ്യൽ

"അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പം എടുത്തു് / ആശീർവ്വദിച്ചു് / മുറിച്ചു് ശിഷ്യന്മാർക്കു കൊടുത്തു /..."

—*മത്തായി 26, 26.*

"അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പം എടുത്തു് / ആശീർവ്വദിച്ചു് / മുറിച്ചു് അവക്കു കൊടുത്തുകൊണ്ടു് / ..."

—*മർക്കോസ്, 14, 22.*

"പിന്നെ അവൻ അപ്പം എടുത്തു് / സ്തോത്രംചെയ്തു / മുറിച്ചു് അവർക്കു് കൊടുത്തുകൊണ്ടു് / അരുളിച്ചെയ്തു..."

—*ലൂക്കാ, 22, 19.*

"താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ അപ്പം എടുത്തു് / ആശീർവ്വദിച്ചു് / മുറിച്ചു്: നിങ്ങഠം വാങ്ങി ഭക്ഷിപ്പിൻ / "

—I കൊറി II 23, 24.

## വീഞ്ഞു് കൂദാശചെയ്യൽ

"പിന്നെ അവൻ പാനപാത്രമെടുത്തു / സ്തോത്രം ചെയ്തു് / അവർക്ക കൊടുത്തുകൊണ്ടു്..."

—മത്താ. 26, 27.

"പിന്നെ അവൻ പാനപാത്രമെടുത്തു് / സ്തോത്രം ചെയ്തു് ആശീർവദിച്ചു് / അവർക്ക കൊടുത്തു."

—മർക്കോസു്, 14, 23.

"അവൻ പാനപാത്രമെടുത്തു് / സ്തോത്രം ചെയ്തു് / അരുളിച്ചെയ്തു: ഇതു വാങ്ങി നിങ്ങഠം പാനം ചെയ്യുവിൻ / "

—ലൂക്ക് 22, 17.

"ഇപ്രകാരംതന്നെ (അപ്പംകൊടുത്തതുപോലെ) പാനപാത്രവും കൊടുത്തിട്ടു് അരുളിച്ചെയ്തു..."

I കൊറി, 11, 25.

ദൈവത്തിനു് നന്ദി പറയുക, കൃതജ്ഞത പ്രകടിപ്പിക്കുക എന്നൊക്കെയാണു സ്തോത്രംചെയ്യുക എന്നതുകൊണ്ടു് യഹൂദന്മാർ വിവക്ഷിച്ചിരുന്നതു്. രണ്ടുവാക്കിനും ഒരേ അർത്ഥംതന്നെ(1). മേൽ ഉദ്ധ

---

(1) "The Development of Christian Worship p. 6. By Bendict Steuart.

രിച്ച സുവിശേഷവിവരണങ്ങളിൽ ചിലതിൽ ഈ വാക്കുകറം മാറി മാറിയോ, ഒന്നിച്ചോ ഉപയോഗിച്ചിട്ടുള്ളതു് അതുകൊണ്ടാണു്. പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തിൽ ഒരു യഹൂദവിരുന്നിൻെറ ചിട്ടയും ക്രമവുമാണു് ക്രിസ്തു ബാഹ്യമായി സ്വീകരിച്ചിട്ടുള്ളതു്. അവിടുന്നു് അപ്പം എടുക്കുന്നതും ആശീർവദിക്കുന്നതും, മുറിച്ചു ശിഷ്യന്മാർക്കു് നൽകുന്നതും പിന്നീടു് വീഞ്ഞെടുത്തു സ്തോത്രംചെയ്തു് ശിഷ്യന്മാർക്കു കൊടുക്കുന്നതും എല്ലാം ശരിക്കു മനസ്സിലാക്കണമെങ്കിൽ അവസാനയത്താഴത്തിൻെറ സ്വഭാവവും അതിൻെറ ക്രമവും മററും നാം അറിഞ്ഞിരിക്കണം.

**ഒടുക്കത്തേ അത്താഴം**

അന്ത്യാത്താഴത്തിലാണല്ലോ ക്രിസ്തുനാഥൻ വി. കുർബാന സ്ഥാപിച്ചതു്. എന്നാൽ, ഈ അത്താഴത്തിൻെറ സ്വഭാവത്തെപ്പററി അഭിപ്രായഭിന്നതകളുണ്ടു്. അതൊരു പെസഹാഭക്ഷണമായിരുന്നെന്നു ചിലരും, അല്ല, പെസഹാ കഴിയ്ക്കുന്ന സമയത്തിനു് മുമ്പുള്ള ഒരു വിരുന്നായിരുന്നെന്നു വേറെ ചിലരും, ഇതൊന്നുമല്ല ഒടുക്കത്തേയത്താഴം സാധാരണ യഹൂദഭക്ഷണമുറകളോടുകൂടിയ ഒരു വിരുന്നായിരുന്നെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു(1). പരിശുദ്ധ കുർബാന സ്ഥാ

(1) "The Early Eucharist" By Felir L. Cirlot.

പിച്ചതു് ഒരു സാധാരണ വിരുന്നിലായിരുന്നെന്നാണു ഡോം ഗ്രിഗരി ഡിക്സിന്റെ (Dom Gregary Dix) അഭിപ്രായം. എന്നാൽ, അത്തരത്തിലുള്ള ഒരു വിരുന്നിൽ വച്ചായിരിയ്ക്കുകയില്ല വി. കർബാന സ്ഥാപിക്കപ്പെട്ട തെന്ന തീരുമാനത്തിലാണു കാനൻ ജി. എച്ച്. ശ്രാവ്ലി(J. H. Srawley)എത്തിച്ചേരുന്നതു്(2). ദിവ്യനാഥന്റെ അന്ത്യഭോജനം പെസഹാഭക്ഷണമായിരുന്നെന്ന വിശ്വാസത്തിനാണു കൂടുതൽ പ്രചാരം(3). എന്നാൽ, പ്രായോഗികമായ പല അസൗകര്യങ്ങളുംമൂലം പെസഹാവിരുന്നു് പ്രായേണ അനാവര്‍ത്തകമായിത്തീന്നു. അതിനാൽ, യഹൂദരുടെ എളുപ്പത്തിൽ ആവർത്തിയ്ക്കുത്തക്ക മുറകളോടുകൂടിയ ശാബതു്ഭക്ഷണം പെസഹാഭക്ഷണത്തിനു പകരമായി ശ്ലീഹന്മാർ വച്ചുമാറിയെന്നും ആരംഭത്തിലേ അപ്പം മുറിയ്ക്കലിലും അവസാനത്തെ ഉപകാരസ്മരണയുടെ വീഞ്ഞുകപ്പു പകരലിലും മററും ഈ രണ്ടു ഭക്ഷണവും തമ്മിൽ വളരെ സാമ്യമുണ്ടെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു(1).

---

"The Apostolic Tradition of Hyppolitus" edited by Dom gregary Dixt. pp. 73. ss.
"The Shape of the Liturgy" By the Same auther.

(2) Cfr. "The Early History of the Liturgy" By J. H. Srawley "The Last Supper" By Joachim Jeremias.

(3) "The Early Liturgy" p. 31. By Jungman.

(1) Jungman's "The Early Liturgy" p. 32. also Cfr J. H. Hanssen S. J. "Institutiones Litrgicae de ritibus Orientalibus".

എന്തൊക്കെ അഭിപ്രായഭിന്നതകളുണ്ടായിരുന്നാലും യഹൂദമുറയനുസരിച്ചുള്ള വിരുന്നായിരുന്നു അതെന്നു് എല്ലാവരും സമ്മതിയ്ക്കുന്നുണ്ടു്. യഹൂദഭക്ഷണസമ്പ്രദായത്തിനു പല പ്രത്യേകതകളുമുണ്ടു്. ഓരോരുത്തരും സ്വന്തമായി ഭക്ഷണം ആശീർവ്വദിച്ചു് ഇരുന്നുകൊണ്ടു കഴിയ്ക്കുന്ന ഒരു ലഘുഭക്ഷണത്തിനുശേഷമാണു വിരുന്നു് ഔപചാരികമായി ആരംഭിയ്ക്കുക. ഇപ്രാവശ്യം മേശയ്ക്കിരിക്കുന്ന നേതാവുമാത്രം, "ഭൂമിയിൽനിന്നു് അപ്പം പുറപ്പെടുത്തുന്ന ലോകത്തിന്റെ രാജാവും നമ്മുടെ ദൈവവുമായ യഹോവ വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നു പ്രാൎത്ഥന ചൊല്ലി എല്ലാവർക്കുമായി അപ്പം ആശീർവദിച്ചു മുറിയ്ക്കുന്നു. സ്നേഹത്തിന്റേയും ഐക്യത്തിന്റേയും സൂചനയായിട്ടാണു യഹൂദർ ഈ പ്രവൃത്തിയെ പരിഗണിച്ചിരുന്നതു്. ഭക്ഷണത്തിനുശേഷം, നേതാവുതന്നെ എല്ലാവൎക്കുമായി ദൈവത്തോടു് കൃതജ്ഞത പറയുന്നു. അസാധാരണാവസരങ്ങളിലാണെങ്കിൽ, എല്ലാവർക്കുമായി വെയ്ക്കപ്പെട്ട വീഞ്ഞുകപ്പിന്റെ (Common Cup) ആശീർവാദത്തോടുകൂടിയായിരിക്കും ഉപകാരസ്മരണ അവസാനിയ്ക്കുന്നതു്. കൃതജ്ഞതയുടെ പാനപാത്ര (Cup of Thanksgiving) മെന്ന പേരിലാണു് ഇതറിയപ്പെടുക. നാലുപ്രാവശ്യം പെസഹാവിരുന്നിൽ വീഞ്ഞു പകർന്നു കുടിക്കണമെന്നുണ്ടു്. അതിൽ മൂന്നാമത്തേതായിരിക്കും കൃതജ്ഞതയുടെ പാനപാത്രം. നാലാമത്തേ കപ്പു് വിരുന്നിന്റെ അവസാനചടങ്ങാണു്. ഇങ്ങനെ വ്യക്തമായ മൂന്നുനാലു് പരിപാടിയാണു് യഹൂദ

സമ്പ്രദായമനുസരിച്ചു വിരുന്നിന്നു് ഉണ്ടാവുക. അന്ത്യത്താഴത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിലും ആ യഹൂദവിരുന്നിന്റെ ക്രമംതന്നെയാണു് അനുകരിച്ചിട്ടുള്ളതു്. ലഘുഭക്ഷണത്തിനുശേഷമുള്ള വിരുന്നാരംഭത്തോടുകൂടിയായിരിക്കണം ക്രിസ്തു അപ്പം എടുത്തു വാഴ്ത്തി സ്വന്തം ശരീരമാക്കിപ്പകർത്തി ശിഷ്യർക്കു നല്കിയതു്. വിരുന്നിനുശേഷം എല്ലാവർക്കുമായി വയ്ക്കപ്പെട്ട വീഞ്ഞുകപ്പിന്റെ ആശീർവാദത്തോടുകൂടിയായിരിക്കണം, വീഞ്ഞു സ്വന്തം രക്തമാക്കി ഈശോനാഥൻ പകർത്തിയതും. വി. മത്തായിയും മർക്കോസും ഈ നിഗമനത്തിന്നു് അനുകൂലമായി ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, ലൂക്കാസുവിശേഷകനും പൗലോസ് അപ്പസ്തോലനും ഈ അനുമാനത്തിനു മതിയായ തെളിവുകൾ തരുന്നുണ്ടു്. ഔപചാരികമായ ഭക്ഷണാരംഭത്തിനുമുമ്പും, എന്നാൽ, ലഘുഭക്ഷണത്തിനുശേഷവും ഈശോ അപ്പമെടുത്തു് ആശീർവദിച്ചു ശിഷ്യന്മാർക്കു നൽകിയതായി വി. ലൂക്കാസുവിശേഷകൻ രേഖപ്പെടുത്തുമ്പോൾ, വീഞ്ഞു് ആശീർവ്വദിച്ചു ശിഷ്യർക്കു് നൽകിയതു് ഭക്ഷണത്തിനു ശേഷമാണെന്നു് വ്യക്തമായി പൗലോസ് അപ്പസ്തോലനും പറയുന്നുണ്ടു്. അങ്ങനെയെങ്കിൽ അപ്പവും വീഞ്ഞും കൂദാശചെയ്തിരിക്കുക ഇന്നത്തെപ്പോലെ അടുത്തടുത്തായിരിക്കയില്ല. ശിഷ്യർ തിരുശ്ശരീരരക്തങ്ങൾ സ്വീകരിച്ചതും കുറച്ചധികംസമയം ഇടവിട്ടായിരിക്കണം. ദിവ്യരക്ഷകൻ അനുവർത്തിച്ച ഇതേ ക്രമംതന്നെ ആരംഭകാലങ്ങളിലെ ക്രിസ്ത്യാനികളും ബലി

യർപ്പണത്തിൽ തുടർന്നു പോന്നു(1). വിരുന്നും വി. ബലിയുമായുള്ള ആരംഭബന്ധം കുറെക്കാലത്തേക്കെങ്കിലും സഭയിൽ നിലനിന്നിരുന്നെന്നതിനു തെളിവുകൾ ഉണ്ട്. വി. പൗലോസ്ലീഹാ കൊറിന്ത്യക്കാർക്കുള്ള ലേഖനത്തിൽ വിശ്വാസികളെ നിശിതമായി കുററപ്പെടുത്തുന്നതു്, ഈ ബന്ധം അഴിമതികൾക്കും ദിവ്യബലിയോടുള്ള അനാദരത്തിനും കാരണമായപ്പോഴാണ്. വ്യാപകമായിക്കൊണ്ടിരുന്ന ഈ അഴിമതികളാണ് ആ പതിവ് അപ്പാടെ മാററുവാൻ പ്രധാനമായും പ്രേരണ നൽകിയതു്. ചില പ്രത്യേകാവസരങ്ങളിൽ മൂന്നാം നൂററാണ്ടിൽപ്പോലും ദിവ്യബലി വിരുന്നുമായി ബന്ധപ്പെടുത്തി നടത്തിയിരുന്നതായി കാണുന്നു(2). എല്ലാവർക്കുമായി അർപ്പിക്കപ്പെട്ടിരുന്ന ഞായറാഴ്ച്ചബലി കൂടാതെ ചില പ്രത്യേകാഘോഷദിവസങ്ങളിൽ സാധിക്കുന്നവർ, വൈദികനെയോ മെത്രാനെയോ വീട്ടിൽ സ്വീകരിച്ച് തങ്ങളുടെ നിയോഗങ്ങൾക്കായി അവിടെ പ്രത്യേകമായി ബലിയർപ്പിച്ചിരുന്നു(3). മുൻപറഞ്ഞ അഴിമതികളും അനാചാരങ്ങളും ഈ ബലികളിൽ കാണപ്പെടാതിരുന്നതിനാൽ കുറെക്കാലത്തേക്കുകൂടി ഇത്തരം ബലികളിൽ വിരുന്നും ബലിയർപ്പണവും ഒന്നിച്ചുതന്നെ

---

(1) "The Development of X'tian worship" p. 5.

(2) 215-ാമാണ്ടിൽപ്പോലും, പുതുതായി മാമ്മോദീസാ സ്വീകരിച്ചവർക്കു ആദ്യമായി വി. കർബാന സ്വീകരിക്കുമ്പോൾ തിരുശ്ശരീരം ഉൾക്കൊണ്ടുകഴിഞ്ഞു തേനും, പാലും നൽകുമായിരുന്നു. അതിനുശേഷമാണ് തിരുരക്തം പരികർമ്മം ചെയ്തിരുന്നതു്.

(3) Jungman's "The Early Liturgy" p. 35.

യാണു നടത്തിപ്പോന്നതു്. വ്യക്തികളുടെ ഉദ്ദേശ്യത്തിനും നിയോഗത്തിനുമായി ചെയ്യുന്ന കുർബാനയുടെ ആരംഭം ഇതായിരിക്കണം. ഏകദേശം ഒന്നാംശതകാവസാനത്തോടുകൂടി എഴുതപ്പെട്ട ഡിഡാക്കേ (Didache) യിലെ ഒമ്പതും പത്തും അദ്ധ്യായങ്ങളിൽ ഇതിനെപ്പററി പരാമർശിക്കുന്നുണ്ടു്.

ഇങ്ങനെ ദിവ്യബലി പെസഹാ വിരുന്നും ശാബത്ത് ഭക്ഷണവുംഒക്കെ പശ്ചാത്തലമായി സ്വീകരിച്ചിട്ടുണ്ടെങ്കിലും വി. കുർബ്ബാനയുടെ സ്ഥാപനത്തിൽ ക്രിസ്തു അനുഷ്ഠിച്ച സുപ്രധാനമായ ആ മൂന്നു പ്രവൃത്തികൾമാത്രമാണു് ക്രിസ്തീയബലിയുടെ വ്യക്തിത്വത്തേയും പ്രത്യേകതയേയും നൂററാണ്ടുകളിലൂടെ നിലനിത്തികൊണ്ടുപോന്നിട്ടുള്ളതു്. ഇന്നും ക്രിസ്തീയബലിയുടെ സുപ്രധാനഘടകങ്ങളായി അവ നിലനില്ക്കുന്നു. വിരുന്നാരംഭത്തിൽ ഒരു പ്രത്യേകോദ്ദേശ്യത്തോടുകൂടി അപ്പം സ്വീകരിച്ചു അവിടുത്തെ പ്രവൃത്തിയാണു കാലാന്തരത്തിൽ ആഘോഷപൂർവകമായ കാഴ്ചസമർപ്പണമായി മാറിയതു്. ബലിയർപ്പണം വിരുന്നിൽനിന്നു വേർതിരിക്കപ്പെട്ടതോടുകൂടി ഔപചാരികഭക്ഷണത്തിനുമുമ്പു ചൊല്ലിയിരുന്ന പ്രാർത്ഥന ഉപേക്ഷിക്കപ്പെടുകയും ഭക്ഷണാവസാനമുള്ള കൃതജ്ഞതാപ്രാത്ഥനമാത്രം ബലിയിൽ തുടർന്നുപോരുകയുംചെയ്തു. ഈ നീണ്ട പ്രാത്ഥനയാണു പിന്നീടു ബലിയിലെ ഏററവും പ്രധാനമായ, കാതലായ കൃതജ്ഞതാപ്രാത്ഥന (**Eucharistic Prayer**) യായിത്തീർന്നതു്.

കൂദാശമൊഴികളും ഈ പ്രാർത്ഥനയിൽ പെടുന്നു. വാഴ്ത്തപ്പെട്ട അപ്പത്തിൽനിന്നും വീഞ്ഞിൽനിന്നും ശ്ലീഹന്മാർ വാങ്ങി പങ്കുപററിയ പ്രവൃത്തിയാണു ബലിയിലേ ദിവ്യകാരുണ്യസ്വീകരണമായി ഇന്നു നിലകൊള്ളുന്നതു്. കൂടിക്കഴിയേണ്ടിവന്ന സാമൂഹികസാംസ്കാരിക ചിന്തകൾ, അനുദിനം ഉയർന്നുവന്ന ആവശ്യങ്ങൾ, ജനങ്ങളുടെ ജീവിതരീതിയിൽ അനുഭവപ്പെട്ട വ്യത്യാസങ്ങൾ ഇവയെല്ലാം പ്രസ്തുത വളർച്ചയ്ക്കും വികാസത്തിനും രൂപം കൊടുത്തിട്ടുണ്ടു്. നൂററാണ്ടുകളിലൂടെ വന്നുചേർന്ന ഈ വളർച്ചയിലേയ്ക്കും വികാസത്തിലേയ്ക്കും ഒന്നു കണ്ണോടിക്കുകയാണു നമുക്കു ചെയ്യുവാനുള്ളതു്.

## 1. കാഴ്ചസമർപ്പണം

ക്രിസ്തു താൻ അർപ്പിച്ച ബലിയിൽ ഒരു പ്രത്യേകോദ്ദേശ്യത്തോടുകൂടി അപ്പവും വീഞ്ഞും സ്വീകരിച്ചുവെന്നു നാം കണ്ടു. പിന്നീടതു് ബലിയർപ്പണത്തിന്നാവശ്യകമായ അപ്പവും വീഞ്ഞും സമർപ്പിക്കുന്ന ചടങ്ങായി വളർച്ച പ്രാപിച്ചു. ദിവ്യബലിയിൽ സംബന്ധിക്കുവാൻ വന്ന വിശ്വാസികൾ ഓരോരുത്തരും ബലിവസ്തുക്കൾ കൊണ്ടുവന്നു കാഴ്ച വച്ചിരുന്നു(1). ഈ ആചാരം ഈജിപ്തിലേ ആദ്യകാലസഭയിൽ നിലനിന്നിരുന്നതായി 'സെറാപി

(1) O'Brien's "History of the Mass" p. 226.

യോണിന്റെ പ്രാത്ഥനപ്പുസ്തകത്തിൽനിന്നും അനുമാനി ക്കാം. ബലിവസ്തുക്കൾ സമർപ്പിക്കുന്നവർക്കായുള്ള പ്ര ത്യേകപ്രാത്ഥനയും ആ പുസ്തകത്തിൽ കാണാം(1). മൂ ന്നാംനൂററാണ്ടിൽപ്പോലും ബലിവസ്തുക്കൾ വിശ്വാസി കളാണു സമർപ്പിച്ചിരുന്നതെന്നു് ഹിപ്പോളിററസ് വ്യക്തമായി പ്രസ്താവിക്കുന്നു(2). സ്വാഭാവികജീവനെ നിലനിർത്തുവാൻ ആവശ്യകമായ അപ്പവും വീഞ്ഞും വിശ്വാസികൾ കാഴ്ചവെയ്ക്കുമ്പോൾ തങ്ങളെത്ത ന്നെയായിരുന്നു ദൈവത്തിന്നവർ കാഴ്ച നൽകിയ തു്(3). ഭംഗിയായി അലങ്കരിച്ചൊരുക്കിയ അൾത്താ രയുടെ മുകളിലാണു് അങ്ങനെ നൽകപ്പെട്ട അപ്പവും വീ ഞ്ഞും വെച്ചിരുന്നതു്. കുർബ്ബാനയ്ക്കാവശ്യമുള്ള ബലിവസ്തു ക്കളോടൊപ്പം, കെടാവിളക്കിനാവശ്യകമായ എണ്ണയും തിരുക്കർമ്മങ്ങൾ നടത്തുവാൻവേണ്ടിയിരുന്ന കുന്തിരി ക്കവും, ദരിദ്രരെ ഉദ്ദേശിച്ചു് കോതമ്പു്, പാലു്, പഴം, മുട്ട തുടങ്ങിയ ഭക്ഷണപദാത്ഥങ്ങളും വിശ്വാസികൾ കൊണ്ടുവന്നിരുന്നു(4). ഈ കാഴ്ചവസ്തുക്കളിൽ അപ്പ വുംവീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി പകർ ത്തുവാനും മററു കാഴ്ചദ്രവ്യങ്ങളിൽ അധികപങ്കും ക്രി

(1) "The Development of Christian Worship" p. 44

(2) Hyppolitus is quoted in the "Early Liturgy" p. 67. also cfr. "The History of the Mass" by O'Brien. p. 139.

(3) Cfr. Francis Amioti; "The History of the Mass" p. 136.

(4) Cfr. O'Brien op. cit.

സ്തുവിൻെറ മൌതികശരീരത്തിലേ അവയവങ്ങളായ ക്രിസ്ത്യാനികൾക്ക് ഉപയോഗിക്കുവാനുമാണു നൽകപ്പെട്ടിരുന്നതു്. അപ്പവും വീഞ്ഞും കൂദാശചെയ്തതിനുശേഷംമാത്രമാണു് ഗെസോഫിലാചിയും (Gazophilacium) എന്ന പേരിൽ അറിയപ്പെടുന്ന പ്രത്യേകതരം മേശമേൽവച്ചിരുന്ന കാഴ്ചവിഭവങ്ങൾ ആശീർവ്വദിക്കുക. ഈ പൌരാണികാചാരത്തിൻെറ അവശിഷ്ടങ്ങൾ ഇന്നും റോമൻറീതിയിലുണ്ടു്. കുർബ്ബാനയോടനുബന്ധിച്ച് ഗുരുപ്പട്ടശുശ്രൂഷയും മെത്രാഭിഷേകവും ഉള്ളപ്പോൾ പട്ടം സ്വീകരിക്കുന്നവർ കാർമ്മികനു നൽകുന്ന തിരിയും അതുപോലുള്ള മററുവസ്തുക്കളും മേൽപ്പറഞ്ഞ കാഴ്ചവസ്തുക്കളിൽപ്പെടുന്നവയത്രേ.

ഇങ്ങനെ വിശ്വാസികൾ കൊണ്ടുവന്നിരുന്ന ബലിവസ്തുക്കൾ എങ്ങനെ എവിടെവച്ചു കാർമ്മികനെ ഏല്പിച്ചിരുന്നെന്നു വ്യക്തമല്ല(2). ഒരുപക്ഷേ, അവർതന്നെ അൾത്താരയെ സമീപിച്ചു് നേരിട്ട് കാർമ്മികനെ ഏല്പിച്ചിരുന്നിരിക്കാം. അല്ലെങ്കിൽ ഇന്നു നാം സക്രീസ്തിയെന്നു വിളിക്കുന്നിടത്തു് നിക്ഷേപിച്ചിട്ടു, സമയമാകുമ്പോൾ ഡീക്കൻ അവ കാർമ്മികൻെറ സമീപം എത്തിച്ചിരുന്നിരിക്കണം. പുരാതനകാലംമുതലേ ജനങ്ങൾ തങ്ങളുടെ ബലിവസ്തുക്കൾ

---

(1) Cfr. O'Brien op. cit. p. 267.

(2) Benedict Steuart' op. cit. p. 44 Also O'Brien op. cit. p. 268.

കാഴ്ചവയ്പുസമയത്തു് ആഘോഷപൂർവ്വം സമർപ്പിച്ചിരുന്നെന്നു് 8-ാംനൂററാണ്ടിലെ (Ordo Romanus Primus) സാക്ഷിക്കുന്നു. മദ്ധ്യശതകങ്ങളുടെ അവസാനത്തിൽപ്പോലും റോമിലെ ചില വലിയ തിരുനാളുകളിൽ ഈ ആചാരം നിലവിലുണ്ടായിരുന്നു. ബലിക്കാവശ്യകമായ അപ്പവും വീഞ്ഞും നൽകുക തങ്ങളുടെ കടമയായും ആരാധനാജീവിതത്തിൽ തങ്ങൾ നിർവ്വഹിക്കേണ്ട ഭാഗമായും വിശ്വാസികൾ കരുതി. ഡോം ഗ്രിഗരി ഡിക്സിൻെറ 'ആരാധനക്രമരൂപം' (The Shape of the Liturgy) എന്ന വിഖ്യാതമായ ഗ്രന്ഥത്തിൽ കാഴ്ച സമർപ്പണത്തിൻെറ വിവിധവികാസങ്ങളെ ഏററവും ചുരുങ്ങിയ വാക്കുകളിൽ വിവരിക്കുന്നുണ്ടു്.

"ദിവ്യകാരുണ്യം സ്വീകരിക്കേണ്ടവർ തങ്ങളുടെ കാഴ്ചവസ്തുക്കൾ കൊണ്ടുവരുന്നു. ഡീക്കൻ അവ കാർമ്മികൻെറ സമീപം എത്തിയ്ക്കുന്നു. കാർമ്മികനായ മെത്രാൻ അവ കാഴ്ച സമർപ്പിക്കുന്നു"(1) കാഴ്ചവസ്തുക്കൾ ക്രിസ്തുവിൻെറ നാമത്തിൽ സമർപ്പിക്കുകയും, ക്രൂദാശചെയ്യുകയും, ബലിയർപ്പിക്കുകയും ചെയ്യുക മെത്രാൻെറ ചുമതലയും അവകാശവുമായിരുന്നു. അങ്ങനെ ഡിക്സ് പറയുന്നതുപോലെ, ബലിയർപ്പണത്തിലെ മുഴുവൻ ചടങ്ങുകളും സാർവ്വത്രിക സഭയുടെ ഒന്നിച്ചുള്ള സമർപ്പണമായിത്തീരുകയും ചെയ്യുന്നു(2). സഭ മുഴുവൻേറതുമായ ഈ അമൂല്യകാഴ്ച

---

(1) "The Shape of the Liturgy" By Dix. p. 111.
(2) Ibd. p. 117.

വെപ്പിൽ വിശ്വാസികൾ ഏതുപ്രകാരം തങ്ങളുടെ ഭാഗം നിർവ്വഹിച്ചിരുന്നു എന്നതു് ഇന്നും അജ്ഞാതമാണു്. നാലാംനൂററാണ്ടോടുകൂടി നിലനിന്നുപോന്നിരുന്ന വിശ്വാസികളുടെ സമർപ്പണസമ്പ്രദായത്തെക്കുറിച്ചു ചിലതെല്ലാം നമുക്കു് അറിയുവാൻ കഴിയുന്നുണ്ടെങ്കിലും അതൊന്നും ആദ്യനൂററാണ്ടുകളിലേ സമർപ്പണസമ്പ്രദായത്തിലേയ്ക്കു വെളിച്ചം വീശുന്നില്ല. നാലാംനൂററാണ്ടായപ്പോഴേയ്ക്കും പാശ്ചാത്യപൌരസ്ത്യസമ്പ്രദായങ്ങൾ വളരെ വ്യക്തമായും സഭയിൽ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരുന്നുവെന്നതാണിതിനു കാരണം. വിശ്വാസികളിൽനിന്നു കാഴ്ചദ്രവ്യങ്ങൾ നേരിട്ടു് സങ്കീർത്തിയിൽ ശേഖരിയ്ക്കുകയായിരുന്നു കിഴക്കൻസഭയിലേ പതിവു്. ഡീക്കൻ ആവശ്യാനുസരണം അവ അൾത്താരയിലേക്കു സംവഹിച്ചിരുന്നു. ഇന്നു് പൌരസ്ത്യസഭകളിലെല്ലാംതന്നെ അപ്പവും വീഞ്ഞും തയ്യാറാക്കുവാൻ ഉപയോഗിക്കുന്ന രണ്ടു് ചെറിയ അൾത്താരകളും (ബേസ്ഗസാ), അവിടെനിന്നു പ്രധാന അൾത്താരയിലേക്കുള്ള ആഘോഷമായ പ്രദക്ഷിണവും ഈ ആചാരത്തിൻെറ വികാസവും പരിണാമവുമാണു്(1). വലിയ പ്രവേശനം'(Great entrance) എന്നറിയപ്പെടുന്ന ഈ പ്രദക്ഷിണം ആരംഭംമുതല്ക്കു് ദിവ്യബലിയിൽ നിലനിന്നുപോന്നതും പിന്നീടു് അപ്രത്യക്ഷമായതുമായ നാലു പ്രദക്ഷിണങ്ങളിൽ ഒന്നായിരിക്കണം(2).

---

(1) Benedict Steuart. op. cit. p. 45.
(2) "Faith Explained. p. 386.

എന്നാൽ, പാശ്ചാത്യസഭയിൽ മറെറാരു സമ്പ്രദായത്തിന്നാണ് പ്രാബല്യം സിദ്ധിച്ചതു്. വിശ്വാസികൾ ഓരോരുത്തരായി തങ്ങളുടെ ബലിവസ്തുക്കൾ അൾത്താരയ്ക്കുട്ടുള്ള അഴിക്കാലുകൾക്കു സമീപം ഡീക്കനെ ഏല്പിച്ചിരുന്നു. ഒരു ഡീക്കൻ അപ്പം സ്വീകരിക്കുവാനുള്ള പാത്രവും വേറൊരു ഡീക്കൻ വീഞ്ഞുശേഖരിക്കുന്നതിനുള്ള വലിയൊരു കാസായുമായി അഴിക്കാലുകൾക്കു സമീപം ഇരുവശത്തും നിലയുറപ്പിച്ചിരിക്കും. ബലിവസ്തുക്കൾ പിന്നീട് അൾത്താരയിലേക്കു് എത്തിക്കുന്നതു് ഇവരായിരുന്നു. പ്രദക്ഷിണസമയത്തു ഗായകസംഘവും വിശ്വാസികളും ഇടവിട്ടിടവിട്ട് സന്ദർഭത്തിനു യോജിച്ച ഓരോ സങ്കീർത്തനം പാടുമായിരുന്നു(1). ഇന്നും ഇതു ചില രീതികളിൽ തുടരുന്നതായിക്കാണാം(2). ഇങ്ങനെ വ്യത്യസ്തങ്ങളായ രണ്ടാചാരങ്ങൾ 4–ാംനൂററാണ്ടിൽ സഭയിലുണ്ടായിരുന്നതിനാൽ ഇവയിൽ ഏതാണ് 4–ാം നൂററാണ്ടിനുമുമ്പു സഭയിൽ പ്രബലപ്പെട്ടിരുന്നതെന്നു് തിട്ടമായിപ്പറയുക സാധ്യമല്ല. രണ്ടു സമ്പ്രദായങ്ങളും ഒരേകാലത്തു് ആരംഭിച്ചു നിലനിന്നുപോന്നതാണെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. നാലാംനൂററാണ്ടിൽമാത്രമാണു്, പാശ്ചാത്യരീതിയിൽ നിലവിലിരുന്ന ക്രമം നടപ്പായതെന്നും, പൗരസ്ത്യസഭയിലേ സമ്പ്രദായമാണു് കൂടുതൽ പഴക്കവും പാരമ്പര്യവും ഉൾക്കൊള്ളുന്നതെന്നും ലുവയ്നിലെ ആബട്ട്

(1) O'Brien. op. cit. p. 269.
(2) "Faith Explained" p. 390.

ഡോം ബർനാർഡ് കപ്പല്ലെ (Dom Bernard Cappelle) തുടങ്ങിയവർ അഭിപ്രായപ്പെടുന്നു(1). എന്നാൽ ഏതു സമ്പ്രദായമാണു കൂടുതൽ പുരാതനമെന്നു തീരുമാനിക്കുവാൻ വേണ്ട തെളിവുകൾ ഇന്നു നമുക്കില്ലെന്ന ഡിക്സിമിൻെറ അഭിപ്രായത്തോടു യോജിക്കുകയായിരിക്കും കൂടുതൽ ശരി(2). ബലിവസ്തുക്കൾ പീഠത്തിൽ വച്ചതിനുശേഷം അവ സ്പർശിക്കാനിടവരുന്ന ഡീക്കന്മാർ കൈകഴുകണമായിരുന്നു. ദിവ്യപൂജയിലേ "കൈകഴുകലിൻെറ ആരംഭം" ഇതാണ്. മദ്ധ്യശതകമായപ്പോഴേയ്ക്കും കാഴ്ചവെപ്പിനോടനുബന്ധിച്ചുള്ള പ്രദക്ഷിണം അപ്രത്യക്ഷമായി. അതിൻെറ വിടവു നികത്താനെന്നവണ്ണം കുറെ പ്രാർത്ഥനകൾ കാഴ്ചസമർപ്പണത്തോടു കൂട്ടിച്ചേർത്തു. ഇന്നു നിലവിലിരിക്കുന്ന പ്രാർത്ഥനകളെല്ലാം അങ്ങനെ സ്ഥലം പിടിച്ചവയാണ്.

## കൃതജ്ഞതാപ്രാർത്ഥന (Eucharistic Prayer)

ദിവ്യരക്ഷകൻ അർപ്പിച്ച ബലിയുടെ കാതലായി നാം കണ്ടതു, കാഴ്ചസമർപ്പണം, കൂദാശചെയ്യൽ, കുർബ്ബാനസ്വീകരണം എന്നീ മൂന്നുഭാഗങ്ങളാണല്ലോ. കൂദാശചെയ്യലാണ് ഇന്നത്തേ നീണ്ട കൃതജ്ഞതാപ്രാർത്ഥന

(1) "The Development of Christian Worship:' p. 45
(2) Cfr. "The shape of the Liturgy" by Dix.

യായി രൂപം പ്രാപിച്ചിട്ടുള്ളതു്. സർവ്വസാധാരണമായ ചില നിയമങ്ങളും അനുശാസനങ്ങളുംമാത്രമേ ബലിയർപ്പണത്തിൽ അന്നു ശ്രദ്ധിക്കേണ്ടിയിരുന്നുള്ളൂ. കൂദാശവചനങ്ങളെച്ചുററി രൂപംകൊണ്ട കൃതജ്ഞതാപ്രാർത്ഥനയും ഈ സ്വാതന്ത്ര്യത്തിനു വിധേയമായിരുന്നു. ഇന്നയിന്നകാര്യങ്ങൾക്കുള്ള പ്രാർത്ഥനകളേ അതിൽ കടന്നുകൂടാവൂ എന്നൊന്നും തീരുമാനിക്കപ്പെട്ടിരുന്നില്ല. ആശയങ്ങളും ആന്തരികാരൂപിയും മാത്രമേ നിർദ്ദേശിക്കപ്പെട്ടിരുന്നുള്ളു. വേദസാക്ഷിയായ വി. ജസ്റ്റിൻ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ചു പ്രാത്ഥിച്ചിരുന്നു(1). അതുകൊണ്ടു ചുരുങ്ങിയ കാലത്തിൽത്തന്നെ വളരെ പരിണാമങ്ങളും വികാസങ്ങളും ഉണ്ടായി കൃതജ്ഞതാപ്രാത്ഥനയിൽ(2). ദൈവം മനുഷ്യവംശത്തിനു നൽകിയ നിരവധി നന്മകൾക്കു് നന്ദിപ്രകടിപ്പിക്കുകയാണു് ആ പ്രാത്ഥനവഴി. ദിവ്യബലിയുടെ ഏററവും കാതലായ പ്രാത്ഥനയിൽ ഇത്രമാത്രം ഹൃദയനിർഭരമായ നന്ദിപ്രകടനം നിറഞ്ഞുനില്ക്കുന്നതുകൊണ്ടായിരിക്കണം ദിവ്യബലിതന്നെ കൃതജ്ഞതാപ്രകാശനം എന്നർത്ഥമുള്ള "യൂക്കറിസ്റ്റിയാ" (Eucharistia) എന്നറിയപ്പെടുവാൻ ഇടയായതു്(3). വിരുന്നവസാനത്തിൽ യഹൂദന്മാർ ചൊല്ലിയിരുന്ന നീണ്ട കൃതജ്ഞതാസ്തോത്രത്തി

(1) St. Justin's "First Apology" c. 67.
(2) "The Faith Explained" p. 391.
(3) B. Steuart. op. cit. p. 46.

ൻെറ അനുകരണമോ പകൎപ്പോ ആയിരിക്കണം ഇ പ്രാൎത്ഥനയും. യഹൂദതിരുനാളുകളിൽ ആതിഥേയനും അതിഥികളുമൊന്നിച്ചു ചേൎന്നാണ് ഈ ഉപകാര സ്മരണ നടത്തിയിരുന്നതു്. 'നമ്മുടെ നാഥനായ ദൈവ ത്തിനു കൃതജ്ഞതയൎപ്പിയ്ക്കാം' എന്ന ആതിഥേയ ൻെറ ക്ഷണത്തോടുകൂടിയായിരിക്കും അതാരംഭിക്കുക. അവിടെ കൂടിയിരിക്കുന്നവരെല്ലാം "ഇതു നീതിയും യു ക്തവുമാകുന്നു" എന്നു പറഞ്ഞു് അതിനു സമ്മതം നൽ കിയിരുന്നു. ഈ യഹൂദാചാരങ്ങളിൽ ചിലതെല്ലാം ദി വ്യബലിയിൽ സ്ഥാനം പിടിച്ചിട്ടുള്ളതായി കാണുവാൻ കഴിയും(1). ദൈവനാമം മഹത്വപ്പെടുത്തിക്കൊണ്ടാണ് യഹൂദർ കൃതജ്ഞതാപ്രാൎത്ഥന അവസാനിപ്പിക്കുക. അ തിൻെറ അവസാനത്തിൽ എല്ലാ റീത്തുകളിലും കാണു ന്ന ദൈവനാമമഹത്കരണവും ഇപ്രകാരം അനുകരി ക്കപ്പെട്ടതാണു്(2).

ഇങ്ങനെയൊക്കെയാണെങ്കിലും ഈ സാധൎമ്മ്യ ങ്ങൾക്കും ഉപരിയായി ചില വ്യക്തമായ വ്യത്യാസ ങ്ങളും അവയിൽ കാണാം. യഹൂദന്മാർ സൃഷ്ടികൎമ്മ ത്തിനുംമററുമായി ദൈവത്തിനുമാത്രം നന്ദിപറഞ്ഞവ സാനിപ്പിക്കുമ്പോൾ ക്രിസ്തീയകൃതജ്ഞതാപ്രാൎത്ഥന യിൽ മനുഷ്യാവതാരത്തിനും രക്ഷാകരകൎമ്മത്തിനും ദിവ്യബലിയുടെ സ്ഥാപനത്തിനുംമററുമായി ക്രിസ്തുവി നു പ്രത്യേകം ഉപകാരസ്മരണ നടത്തുന്നുണ്ടു്. ദൈവിക

(1) O'Brian, op. cit. p. 288.
(2) B. Steuart. op. cit. p. 47.

പ്രാർത്ഥനയെന്നും, (Theological prayer)ക്രിസ്തീയ പ്രാത്ഥനയെന്നും (Xtological prayer) ഈ രണ്ടു് ഉപകാരസ്മരണകൾക്കു പ്രത്യേകം പ്രത്യേകം പേരുകൾ നൽകിയിട്ടുണ്ടു്. എല്ലാത്തിനും ഉപരിയായി ക്രിസ്തീയ കൃതജ്ഞതാപ്രാർത്ഥന കൂദാശവചനങ്ങൾക്കൂടി ഉൾക്കൊള്ളുന്നുണ്ടു്. കൂദാശവചനമാകുന്ന കേന്ദ്രബിന്ദുവിനെ ചുററിപ്പററിയാണു് അതിലേ മററ പ്രാത്ഥനകളെല്ലാം. ഉൽകൃഷ്ടമായ പാരമ്പര്യവിശ്വാസത്തെ ഖണ്ഡിക്കുന്നവരും ഇല്ലാതില്ല. ആദ്യന്തൂററാണ്ടുകളിൽ കൃതജ്ഞതാപ്രാർത്ഥനയിലും, ദിവ്യബലിയിൽത്തന്നേയും കൂദാശവചനങ്ങളോ, ഈശോനാഥൻെറ ഒടുക്കത്തെ യത്താഴവുമായി ദിവ്യബലിയെ ബന്ധപ്പെടുത്തുന്ന കല്പനാനുസ്മരണമോ (Anemnesis) ഇല്ലായിരുന്നുവെന്നു് ഡിക്സു് അഭിപ്രായപ്പെടുന്നുണ്ടു്(1). ഇതിനു രേഖയായിവയ്ക്കുന്ന ഒരേ ഒരു പുരാതനാരാധനക്രമം നെസ്റ്റോറിയൻസിൻേറതാണെന്ന വസ്തുത ഇതിൻെറ സമത്ഥനശക്തിയെ കാര്യമായി ദുർബ്ബലമാക്കുന്നു(2). ഡോം ബനഡിക്റ്റു് സ്ററുവാർട്ടു് (Dom Bennedict Steuart) യുങ്ങ്മാൻ (Jungman) തുടങ്ങിയവർ ഈ അഭിപ്രായത്തെ നിശിതമായി എതിക്കുന്നുണ്ടു്(3).

കൃതജ്ഞതാപ്രാത്ഥനയുടെ പൗരാണികാകാരത്തെ

---

(1) Diy. Op. cit. p. 240

(2) Jungman "The Early Liturgy" p. 69.

(3) B. Steuart. op. cit. p. 108. also Jungman op. cit. p. 37.

പ്പററി ഇങ്ങനെ അഭിപ്രായങ്ങളും എതിരഭിപ്രായങ്ങളും ഉണ്ടെന്നതു ശരിതന്നെ. എന്നാൽ, കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു സാമാന്യം വ്യക്തമായ അറിവു നൽകുവാൻ പര്യാപ്തമായ കൂടുതൽ പൌരാണികരേഖകൾ ഇന്നു നമുക്കുണ്ടു്. ഏ. ഡി. 150-ഓടുകൂടി എഴുതപ്പെട്ട വി. ജസ്റ്റിൻെറ അപ്പോളജിയാ (First Apology of St. Justin), മൂന്നാംനൂററാണ്ടിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന റോമിലെ വി. ഹിപ്പോളിററസിൻെറ "അപ്പസ്തോലികപാരമ്പര്യങ്ങൾ (Apostolic Tradition), നാലാംനൂററാണ്ടിലെ സെറാപ്പിയോനിൻെറ പ്രാർത്ഥനപ്പുസ്തകം (Liturgy of Serapion) ഇവയാണു് പ്രധാനപ്പെട്ടവ. അന്നു് ഉപയോഗത്തിലിരുന്ന കൃതജ്ഞതാപ്രാർത്ഥനയുടെ രൂപവും ക്രമവും ഇവയിൽ വിവരിച്ചിട്ടുണ്ടു്. ആദ്യനൂററാണ്ടുകളിലെ ക്രിസ്തീയ കൃതജ്ഞതാപ്രാർത്ഥനയുടെ ഘടകങ്ങളും, കാലക്രമേണയുണ്ടായ അവയുടെ പരിണാമവും, വികാസവും, ഏറെക്കുറെ കൃത്യമായിത്തന്നെ മനസ്സിലാക്കുവാൻ അവ നമ്മെ സഹായിക്കും. പ്രധാനമായും ഏഴു ഘടകങ്ങളാണു കൃതജ്ഞതാപ്രാർത്ഥനയ്ക്കു് അന്നുണ്ടായിരുന്നതു്(1).

## 1. ദൈവനാമോച്ചാരണം

യഹൂദന്മാർക്കിടയിൽ സാഘോഷം നടത്തിയിരുന്ന ഒരനുഷ്ഠാനമാണു് ദൈവനാമോച്ചാരണം. ആദിമ

(1) B. Steuart p. 106. 151.

ക്രിസ്ത്യാനികൾ യഹൂദന്മാരിൽനിന്ന് ഈ പതിവ് പകർത്തിയതുകൊണ്ടായിരിക്കണം സാമാന്യം ആലോചിതമായിത്തന്നെ ദൈവനാമോച്ചാരണം ക്രിസ്തീയകൃതജ്ഞതാപ്രാൎത്ഥനയുടെ ആരംഭത്തിൽ സ്ഥലം പിടിച്ചിട്ടുള്ളതു്.

## 2. ഉപകാരസ്മരണ

ദൈവത്തോടുള്ള മനുഷ്യവൎഗ്ഗത്തിന്റെ ഉപകാരസ്മരണയാണു പിന്നീടു വരുന്നതു്. അവിടുന്നു മനുഷ്യവംശത്തിനു നൽകിയിരിക്കുന്ന നിരവധി നന്മകളിൽ പ്രധാനമായവ എടുത്തുപറഞ്ഞു നന്ദി പറയുകയാണിവിടെ. ദൈവത്തിന്റെ ഔദാര്യമുള്ള സൃഷ്ടികർമ്മത്തെയാണു പ്രധാനമായും ഇവിടെ വിവക്ഷിക്കുന്നതു്. മനുഷ്യാവതാരത്തിനും രക്ഷാകരകർമ്മത്തിനും ദിവ്യബലിസ്ഥാപനത്തിനും പ്രത്യേകമായി ക്രിസ്തുവിനോടു നന്ദിപറയുന്നുണ്ടു്. ക്രിസ്തുവിനോടൊന്നിച്ചും അവിടുത്തേ വരങ്ങളോടുകൂടിയും ലോകത്തിനൊരു പുതിയ ഉടമ്പടി നല്കിയ ദൈവത്തെ നന്ദിനിറഞ്ഞ ഹൃദയത്തോടെയാണു് അതിൽ സ്മരിക്കുന്നതു്. ദിവ്യരക്ഷകന്റെ അന്തിമഭോജനത്തെപ്പററിയുള്ള വിവരണമാണു തുടർന്നുള്ള ഏതാനും വരികൾ. അവിടുന്നു് അപ്പവും വീഞ്ഞും എടുത്തു പിതാവായ ദൈവത്തിനു നല്കിയ കൃതജ്ഞതാസ്തോത്രവും, കൂദാശവചനങ്ങളും ഈ വിവരണത്തിൽ ഉൾപ്പെടുന്നുണ്ടു്. തുടർന്നു വരുന്നതു കുറെ യാചനകളും അപേക്ഷകളുമാണു്.

### 3. അപേക്ഷ

ദൈവത്തിന്നു നൽകിയ ഉപകാരസ്മരണകളെ പ്രതി, കൃതജ്ഞതയുടെ ഈ ബലി സ്വീകരിക്കുവാൻ അപേക്ഷിക്കുകയാണിവിടെ.

### 4. കൂദാശചെയ്യൽ

ആശയഗതിയിൽ, കൃതജ്ഞതാപ്രാർത്ഥനയുടെ ഏകദേശം മദ്ധ്യത്തിലാണ് കൂദാശവചനങ്ങൾ വരുന്നതു്. ദിവ്യബലി സ്ഥാപനത്തോടനുബന്ധിച്ചു ദിവ്യരക്ഷകൻ പറഞ്ഞതും പ്രവർത്തിച്ചതും എല്ലാം ഇവിടെ ആവർത്തിക്കുന്നുണ്ടു്. ദിവ്യബലിയിലെ ഏററം കാതലായി നാം കണക്കാക്കുന്ന ഈ ഭാഗം പലപ്പോഴായിയി പല ആനുകാലികനിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടുണ്ടു്. കൂദാശവചനങ്ങൾക്കു പണ്ടുമുതലേ തിരുസ്സഭ കല്പിച്ചിരുന്ന പ്രാധാന്യത്തെയാണു് അതു് കാണിക്കുന്നതു്. അല്പം വിശദമായി നമുക്കു് ഇവ മറെറാരിടത്തു പരിശോധിക്കാം.

## 5. ദൈവനാമമഹത്കരണം

ആരംഭത്തിലെ ദൈവനാമോച്ചാരണത്തോടു വളരെ സാദൃശ്യമുള്ളതാണു ദൈവനാമമഹത്കരണം. ഇതും യഹൂദാചാരത്തിൽനിന്നും ഉത്തേജനം സ്വീകരിച്ചു രൂപം കൊണ്ടതാണ്. 'ദൈവനാമോച്ചാരണത്തി'ൽനിന്നും വ്യത്യസ്തമായി 'ദൈവനാമമഹത്കരണം' കൂദാശചെയ്യപ്പെട്ട അപ്പത്തിന്റേയും വീഞ്ഞിന്റേയും മേലാണ് നിർവ്വഹിക്കുന്നതു്.

## 6. അനംനേസിസ്

മുൻപറഞ്ഞഭാഗത്തു കേറിയിറങ്ങിക്കിടക്കുന്ന പ്രാർത്ഥനാവിഭാഗമാണ് 'അനംനേസിസ്', അഥവാ, കല്പനാനുസ്മരണം. വി. ഹിപ്പോളിററസിന്റെ 'അപ്പസ്തോലികപാരമ്പര്യത്തി'ൽ ഇതിന്റെ ആദ്യരൂപം കാണുന്നുണ്ട്. "നിങ്ങൾ ഇതു ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ; അതിനാൽ, അവിടുത്തെ മരണത്തിന്റേയും ഉയിർപ്പിന്റേയും ഓർമ്മ കൊണ്ടാടിക്കൊണ്ടു ഞങ്ങൾ അങ്ങേയ്ക്ക് അപ്പവും വീഞ്ഞും സമർപ്പിയ്ക്കുന്നു"(2). ഇത്രയുമാണ് പിൽകാലത്തെ വികസിതരൂപത്തിന്ന് അടിസ്ഥാനം. റോമൻസഭ, പീഡാനുഭ

---

(1) B. Steuart p. 106. 151.
(2) Apostolic Tradition. pp. 7, 8.

വവും ഉയിർപ്പും സ്വർഗ്ഗാരോഹണവും ഇന്നും അനുസ്മരിക്കുന്നുണ്ടു് (1), ഗ്രീക്കുസഭ ക്രിസ്തുവിൻെറ രണ്ടാംവരവു കൂടി സ്മരിക്കുന്നു. ഒട്ടക്കത്തെയത്താഴത്തിലെ ബലിയും ഇന്നു നമ്മുടെ അൾത്താരകളിൽ അർപ്പിക്കുന്ന ബലികളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കപ്പെടുന്നതു് ഈ 'അനംനേസിസ്' ലൂടെയാണു്.

## 7. എപ്പിക്ലേസിസ്

പരിശുദ്ധാത്മാവിനോടുള്ള സംബോധനപ്രാർത്ഥനയാണു് എപ്പിക്ലേസിസ്, അഥവാ റൂഹാക്ഷണം. കൃതജ്ഞതാപ്രാർത്ഥനയിൽ 'അനംനേസിസ്' കഴിഞ്ഞാണു് 'എപ്പിക്ലേസിസ്' വരുന്നതു്. വി. ഹിപ്പോളിററസിൻെറ 'അപ്പസ്തോലികപാരമ്പര്യ'ത്തിൽ ഈ പ്രാർത്ഥന അതിൻെറ വികസിതമായ രൂപത്തിൽ കൊടുത്തിട്ടുണ്ടു്. എന്നാൽ, തികച്ചും വ്യത്യസ്തമായ രണ്ടു വ്യാഖ്യാനങ്ങളാണിതിനുള്ളതു്.

"അങ്ങേ വിശുദ്ധ പള്ളിയുടെ ബലിവസ്തുവിലേക്കു് പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു."

"ഒന്നായിത്തീരുന്നതിൽ സഹകരിക്കുന്ന നിൻെറ എല്ലാ വിശുദ്ധർക്കും, സത്യത്തിൽ അവരുടെ വിശ്വാസം സ്ഥിരീകരിക്കപ്പെടുന്നതിനായി പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിനുള്ള അനുഗ്രഹം നൽകണമെ

---

(1) Francis Amioti "History of the Mass"

ന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു"(1). അത്ഥത്തിൻെറ വ്യാപ്തിയും പ്രാത്ഥനയുടെ സ്വഭാവവും അനുസരിച്ചു് ആദ്യത്തേതിനെ കൂദാശചെയ്യുവാൻ ഉപയോഗിക്കുന്ന 'എപ്പിക്ലേസിസ്' എന്നും രണ്ടാമത്തേതിനെ വിശ്വാസികളുടെ പവിത്രീകരണത്തിനായുള്ള എപ്പിക്'ളേസിസ്' എന്നും വിളിക്കുന്നു. രണ്ടാംനൂററാണ്ടിലോ മൂന്നാംനൂററാണ്ടിലോ ആണു് ഈ പ്രാത്ഥനയുടെ ആരംഭം എന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 330-ാമാണ്ടുവരെയും പരിശുദ്ധാത്മപിയോടുള്ള പ്രാർത്ഥന സിറിയായിൽമാത്രമാണു വി. കുബ്ബാനയിലെ ഭാഗമായി ഉപയോഗിച്ചിരുന്നതു് എന്നു ഡിക്'സ്' പറയുന്നു.

## 8. ദിവ്യകാരുണ്യസ്വീകരണം: കൃതജ്ഞതാപ്രാർത്ഥനയിലെ അവസാനഭാഗം

കൃതജ്ഞതാപ്രാത്ഥനയിലെ ഏററവും അവസാനഘടകമാണു് ദിവ്യകാരുണ്യസ്വീകരണം. തിരുശ്ശരീരരക്തങ്ങൾ ഉൾക്കൊണ്ട കാർമ്മികനും ഉപകാർമ്മികന്മാരും ദിവ്യവിരുന്നിൽ പങ്കുചേരുവാൻ വിശ്വാസികളെ ക്ഷണിക്കുന്നു. ഇന്നു കാണുന്ന പ്രാരംഭ പ്രാത്ഥനകളോ ഉപകാരസ്മരണാപ്രാത്ഥനകളോ ദിവ്യകാരുണ്യസ്വീകരണത്തിനു നിർദ്ദേശിക്കപ്പെട്ടിരുന്നില്ല. കാർമ്മി

(1) B. Steuart. op. cit. p. 153. See Catholic Encyclopedia.

കൻ തിരുപ്പാത്രങ്ങൾ ശുദ്ധിയാക്കുന്നതോടുകൂടി ദിവ്യബലി പരിപൂർണ്ണമായും അവസാനിക്കുമായിരുന്നു. ദിവ്യബലി മുഴുവൻ ഒരു കൃതജ്ഞതാപ്രകടനമായി ആദിമക്രിസ്ത്യാനികൾ കണക്കാക്കിയിരുന്നതാണിതിനു കാരണം. നാലാംനൂററാണ്ടോടുകൂടിയാണു് ഉപകാരസ്മരണ ഔദ്യോഗികമായി കുർബ്ബാനയിൽ അംഗീകരിയ്ക്കപ്പെട്ടതു്. ദിവ്യകാരുണ്യസ്വീകരണവും കാലോചിതമായ(1) പല വികാസങ്ങൾക്കും വിധേയമായിട്ടുണ്ടു്. മറെറാരവസരത്തിൽ അവയെക്കുറിച്ചു വിശദമായി പ്രതിപാദിക്കാം.

നമുക്കു കിട്ടാവുന്നതിൽ ഏററവും പുരാതനമായ കൃതജ്ഞതാപ്രാൎത്ഥനാരൂപത്തിൻെറ ഘടകങ്ങളാണു് നാം കണ്ടതു്. പ്രധാനമായും മൂന്നു വ്യത്യാസങ്ങളാണു് പ്രസ്തുത പ്രാൎത്ഥനയിൽ പിന്നീടു വന്നുചേരുക. മുമ്പു വിവരിച്ച ഘടകങ്ങളെല്ലാം ഉൾക്കൊള്ളുന്ന ക്രിസ്തീയ കൃതജ്ഞതാപ്രാൎത്ഥന താമസിയാതെ രണ്ടായി വിഭജിക്കപ്പെടുകയാണുണ്ടായതു്. ദൈവികപ്രാർത്ഥനയും (Theological prayer) ക്രിസ്തീയപ്രാർത്ഥനയും (Christological prayer) ഇടക്കു് ഐസയാസു് ദീർഘദർശിയിൽനിന്നുള്ള "സൈന്യങ്ങളുടെ ദൈവമായ കൎത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു തുടങ്ങുന്ന ഭാഗം തിരുകിച്ചേർത്തതാണു് കൃതജ്ഞതാപ്രാൎത്ഥനയുടെ പൗരാണികമായ അവിഭാജ്യത നഷ്ട

(1) സിറിയ, ഈജിപ്തു് തുടങ്ങിയ രാജ്യങ്ങളിലെ ആരാധനക്രമങ്ങളിലാണു് ഈ പ്രാൎത്ഥനകൾ ആദ്യം കടന്നുകൂടിയതു്.

പ്പെടുവാൻ കാരണം. കിഴക്കൻസഭകളിലും, പടിഞ്ഞാറൻസഭകളിലും കൃതജ്ഞതാപ്രാത്ഥന ഇങ്ങനെ ഒരു പോലെ വിഭജിക്കപ്പെട്ടിരിക്കുകയാണിന്നു്. എ. ഡി. 230-നോടടുത്തു് അലക്സാൺഡ്രിയായിലാണു് ഈ പ്രതിയമാററം ആദ്യമായി രൂപംകൊണ്ടതെന്ന അഭിപ്രായത്തിനു ശക്തികൂടിവരികയാണു് (1). 119-നം 128-നം ഇടക്കു തിരുസ്സഭയെ ഭരിച്ചിരുന്ന സിക്സ്റ്റ് രണ്ടാമൻ പാപ്പായാണു പ്രസ്തുത പഴയനിയമസ്തോത്രം ആദ്യമായി കൃതജ്ഞതാപ്രാർത്ഥനയിൽ ഉൾക്കൊള്ളിച്ചതെന്നും 4-ാംനൂററാണ്ടോടുകൂടി ഈ സ്തോത്രഭാഗം സാർവ്വത്രികമായിത്തീർന്നു എന്നും ഫ്രാൻസീസു് അമിയോട്ടു് (Francis Amiot) 'കുർബ്ബാനയുടെ ചരിത്രം' എന്ന പുസ്തകത്തിൽ പറയുന്നു. വി. ജസ്റ്റിൻെറ 'അപ്പൊളോജി'യായിലും, വി. ഹിപ്പോളിററസിൻെറ 'അപ്പസ്തോലികപാരമ്പര്യത്തിലും ഇതിനെപ്പററി പരാമർശിക്കുന്നില്ലെന്നതു മുമ്പു പ്രസ്താവിച്ച അഭിപ്രായങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്നു.

മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കുമുള്ള പ്രത്യേകപ്രാർത്ഥനകൾ ഒന്നും രണ്ടും മൂന്നും നൂററാണ്ടുകാലത്തേക്കു് പ്രാരംഭശുശ്രൂഷയിൽ മാത്രമാണു നിലനിന്നിരുന്നതു്. വി. ജസ്റ്റിൻെറ 'അപ്പൊളോജിയാ'യിൽ വിവരിക്കുന്ന ആരാധനക്രമവും ഈ പ്രസ്താവനക്കു് ഒരപവാദമല്ല. ജ്ഞാനസ്നാനാർത്ഥികളുടെ കുർബ്ബാനയോടനു

---

(1) Dom is quoted in B. Steuart p. 94.

ബന്ധിച്ചാണു് ഈ പ്രാത്ഥനകഠം വി. ജസ്റ്റിൻ വിവരിക്കുക. എന്നാൽ, നാലാംനൂററാണ്ടായപ്പോഴേക്കും പ്രസ്തുതപ്രാത്ഥനകഠം കൃതജ്ഞതാപ്രാത്ഥനയിൽത്തന്നെ സ്ഥലം പിടിച്ചുകഴിഞ്ഞിട്ടുണ്ടു്(1). പൌരാണികകൃതജ്ഞതാപ്രാത്ഥനയിൽ വന്ന രണ്ടാമത്തേ പ്രധാന വ്യത്യാസമായിരുന്നു അതു്.

## കൂദാശവചനങ്ങഠം

ദിവ്യബലിയിൽ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കി മാററുന്ന പ്രവൃത്തിയെയാണു് 'കൂദാശചെയ്യൽ' എന്ന വാക്കുകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു്(2). ദിവ്യബലിയിൽ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ തിരുശരീരവും രക്തവുമായി മാറുന്നതു് ഏതു നിമിഷത്തിലെന്നു് ആദിമവിശ്വാസികഠക്കു കൃത്യവും വ്യക്തവുമായ ധാരണയുണ്ടായിരുന്നതായി കാണുന്നില്ല. കൃതജ്ഞതാപ്രാർത്ഥനക്കിടയ്ക്കു് ഈ മാററം സംഭവിക്കുന്നു എന്നുമാത്രം അവർ വിശ്വസിച്ചു(3). വി. കുർബ്ബാനയിലേ വസ്തുഭേദത്തിനു കൂദാശവചനങ്ങളോ, അനംനേസിസ് (Anamnesis) എന്നറിയ

---

(1) Jungman's "Early Liturgy" p. 71.

(2) തെർത്തുല്യൻ ആണു് ഈ അർത്ഥത്തിൽ കൂദാശചെയ്യൽ (Consecration) എന്ന വാക്കു് ആദ്യമായി ഉപയോഗിച്ചതു്.

(3) "The Development of Christian Worship" p. 109.

പ്പെടുന്ന ക്രിസ്തുവിന്റെ കല്പനയുടെ അനുസ്മരണമോ ആവശ്യകമായി കരുതിയിരുന്നില്ല എന്ന അനുമാനത്തിലേക്ക ചിലരെയെങ്കിലും എത്തിച്ചതു് അന്നത്തെ ജനങ്ങളുടെ ഈ വിശ്വാസമാണു്(1). പരിശുദ്ധ കുർബ്ബാനയിലെ വസ്തുഭേദം നടക്കുന്നതു പരിശുദ്ധാത്മാവിനോടുള്ള പ്രാത്ഥനയാലാണെന്നു് പില്ക്കാലത്തു് ഓർത്തഡോക്സ്സഭ പഠിപ്പിക്കുവാനും ഈ പൂർവ്വവിശ്വാസം കാരണമായിട്ടുണ്ടു്. കൂദാശവചനങ്ങളാണു് പരിശുദ്ധ കുർബ്ബാനയിലെ വസ്തുഭേദത്തിന്നു നിദാനമെന്നു നാം വിശ്വസിക്കുന്നു. എന്നാൽ, ഈ കൂദാശവചനങ്ങൾക്കു് ഒരേയൊരു രൂപമല്ലാ എല്ലാ റീത്തുകളിലും. പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽനിന്നു് സ്വീകരിച്ചവയാണു് പൌരസ്ത്യസഭയിലെ കൂദാശമൊഴികൾ(2). ഇതിൽനിന്നും ചില നിസ്സാരവ്യത്യാസങ്ങളോടുകൂടിയ കൂദാശവചനങ്ങളാണു് പാശ്ചാത്യസഭകളിൽ ഉപയോഗത്തിലിരിക്കുന്നതു്. അവ എങ്ങനെ എവിടെനിന്നു സ്വീകരിച്ചു എന്നൊന്നും തീർച്ചയാക്കുവാൻ കഴിഞ്ഞിട്ടില്ല.

"...നമ്മുടെ കർത്താവായ ഈശോ താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ അപ്പമെടുത്തു് ആശീർവ്വദിച്ചു മുറിച്ചു്: നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇതു നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകു

---

(I) The author of the "Shape of the Liturgy"

(2) I Cor. 11, 23-24.

നു"(1). എന്ന പൗരസ്ത്യറീത്തുകളിലെ കൂദാശമൊഴിയിൽനിന്നും വ്യത്യസ്തമായി "...മരണംവരിച്ചതിൻെറ തലേ ദിവസം..." എന്നാണു് പാശ്ചാത്യർ കൂദാശവചനങ്ങൾ ആരംഭിക്കുന്നതു്. പിന്നീടു വരുന്ന "പരിശുദ്ധവും ആരാധനീയവുമായ കൈകൾ..." എന്ന ഭാഗം സുവിശേഷത്തെ ആസ്പദമാക്കിയുള്ളവയല്ല" "...സ്വർഗ്ഗത്തിലേയ്ക്കു് കണ്ണുകൾ ഉയർത്തി..." എന്നു തുടങ്ങുന്ന ഭാഗം ഈശോ അത്ഭുതകരമായി അപ്പം വർദ്ധിപ്പിക്കുകയും, ലാസറിനെ ഉയിർപ്പിക്കുകയും ചെയ്ത സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു്.

കൂദാശവചനങ്ങൾ ഉറക്കെച്ചൊല്ലുന്ന പതിവു വളരെ കാലത്തേക്കു നിലനിന്നുപോന്നു. 8-ാം നൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടിയാണു് താഴ്ന്ന സ്വരത്തിൽചൊല്ലുന്ന പതിവു് ആരംഭിച്ചതു്(2). കൂദാശമൊഴികൾ മന്ത്രിക്കുകമാത്രം മതിയെന്നു നിർബ്ബന്ധമാക്കിയതു് 9-ാം നൂററാണ്ടിലാണു്(3). ഇതിനു വളരെ മുമ്പുതന്നെ അവ മന്ത്രിക്കുകമാത്രം ചെയ്യുന്ന പതിവു് ചില പൌരസ്ത്യസഭകളിൽ നടപ്പായിക്കഴിഞ്ഞിരുന്നു. നിഗൂഢമായി കൂദാശവചനങ്ങൾ കാത്തുസൂക്ഷിക്കപ്പെടണം എന്നതായിരുന്നു അന്നത്തെ മനോഭാവം(4).

---

(1) "The History of the Mass" by Francis Amioti also cfr. O'Brien op. cit. ch. XXVII

(2) Francis Amioti op. cit.

(3) Ordo Romanus

(4) Francis Amioti op. cit.

ഇന്നു് ആ ചിന്താഗതി മാറിയിരിക്കുകയാണു്. ഇന്നു സാ രമ്യയത്തി പൗരസ്ത്യസഭകളിലും ആമന്ത്രണരൂപത്തിൽ പാശ്ചാത്യസഭകളിലും കൂദാശവചനങ്ങൾ ചൊല്ലപ്പെടുന്നു(1). കൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും വിശ്വാസികളുടെ ആരാധനയ്ക്കായി ഉയൎത്തണമെന്നു് നിലവിലിരിക്കുന്ന ആരാധനക്രമം അനുശാസിക്കുന്നു. സമയവ്യത്യാസംകാണുമെങ്കിലും വി. കുർബാനസ്വീകരണത്തിനുമുമ്പു് ഒരിക്കലെങ്കിലും തിരുശ്ശരീരവും തിരുരക്തവും വിശ്വാസികളുടെ വണക്കത്തിനായി എല്ലാറീത്തുകളിലും ഉയർത്തുന്നുണ്ടു്. ഒരുകാലത്തു് ഈ ആചാരത്തിനു് ആവശ്യത്തിൽക്കവിഞ്ഞ പ്രാധാന്യം നൽകിയിരുന്നതായി കാണാം. ഉയർത്തപ്പെട്ട പരിശുദ്ധ കുർബാന കാണുവാൻ കഴിയാത്തപ്പോഴെല്ലാം ദിവ്യപൂജയിൽ തങ്ങൾ വേണ്ടവിധം പങ്കു കൊണ്ടില്ലെന്നുപോലും ജനങ്ങൾ വിശ്വസിച്ചിരുന്നു. അന്നൊന്നും കാസാ ഉയർത്തൽ ആരംഭിച്ചിരുന്നില്ല(2). പണ്ടുമുതല്ക്കേ ഓരോ ബലിവസ്തുവും കൂദാശചെയ്തതിനുശേഷം കാർമ്മികൻ കുനിഞ്ഞു് ആചാരം ചെയ്തുപോന്നു. പടിഞ്ഞാറൻസഭകളിൽ കാണുന്നതുപോലെ മുട്ടുമടക്കി ആചാരം ചെയ്യുവാൻ തുടങ്ങിയതു് 15-ാം നൂററാണ്ടിലാണു്(3). കിഴക്കൻസഭകൾ ഇന്നും കുനിഞ്ഞാചാരംചെയ്യുന്ന പൗരാണികസമ്പ്രദായംതന്നെ തുടർന്നുപോരുന്നു.

---

(1) cfr. O'Brien op. cit.
(2) Cfr. 'Amioti 'History of the Mass.'
(3) പിയൂസ് 5-ാമൻ പാപ്പയാണു് ഈ പുതിയ ചട്ടം നടപ്പാക്കിയതു്.

# അപ്പം വിഭജിക്കലും
# വി. കർബാന സ്വീകരണവും

## വിശ്വാസികളുടെ കർബാനയിലെ
## മൂന്നാമത്തെ ഘടകം

*അപ്പം വിഭജിക്കൽ: (Fractio Panis)*

സുവിശേഷങ്ങളിൽ മാത്രമല്ല, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലും(1) മററ് അപ്പസ്തോലികരേഖകളിലും അവിടവിടെയായി നമുക്കു കാണുവാൻ കഴിയും ദിവ്യബലിയിൽ കൂദാശവചനങ്ങൾക്കുശേഷം 'അപ്പം മുറിയ്ക്കൽ' എന്നൊരു കർമ്മം നിലനിന്നു പോന്നിരുന്നതായി. ഇതും, ക്രിസ്തീയാരാധനക്രമങ്ങളിൽ കടന്നുകൂടിയ മറെറാരു യഹൂദാചാരമായി വേണമെങ്കിൽ കണക്കാക്കാം. യഹൂദർക്കു അപ്പം മുറിക്കുക എന്നൊരു പതിവുണ്ടു്. ഭക്ഷണത്തിനിരിക്കുന്ന അതിഥികൾക്കു വിളമ്പുവാനുള്ള സൗകര്യത്തെ ഉദ്ദേശിച്ചുമാത്രം നടപ്പിൽവന്ന ആചാരാനുഷ്ഠാനമായിരുന്നു ഇതു്. എന്നാൽ, കാലക്രമേണ അതിഥികളോടുള്ള ബഹുമാനസൂചകമായും യഹൂദരുടെ ഇടയിൽ ഈ ആചാരം അംഗീകരിക്കപ്പെട്ടു. ദിവ്യബലിയിലെ അപ്പംമുറിക്കലും ആദ്യമാദ്യം സൗകര്യത്തെ

(1) 1 കൊറി. 10, 16.

ഉദ്ദേശിച്ചുമാത്രം നടപ്പാക്കിയതായിരുന്നു. ക്രൂദാശചെയ്തിരുന്നതു് വലിയ അപ്പമായിരുന്നതിനാൽ അതു് മുറിച്ചു വേണ്ടിയിരുന്നു ദിവ്യകാരുണ്യം സ്വീകരിക്കുന്നവൎക്ക നൽകുവാൻ. വി. ജസ്റ്റിനും,ഹിപ്പോളിററസും ഇതിനു അനുക്രൂലമായ തെളിവുകൾ തരുന്നുണ്ടു്. പില്ക്കാലത്താണു്, അപ്പംവിഭജിക്കൽ കുരിശിൽ തറയ്ക്കപ്പെട്ട നാഥൻെറ ശരീരത്തെ സൂചിപ്പിക്കുന്നതായി വ്യാഖ്യാനിച്ചു തുടങ്ങിയതു്. ഇന്നു ചില പൗരസ്ത്യറീത്തുകളിൽമാത്രമാണു് അപ്പംമുറിക്കൽ ദിവ്യബലിയുടെ ഭാഗമായി തുടരുന്നതു്. മുൻകൂട്ടി തയ്യാറാക്കിയ കൊച്ചു കൊച്ചു 'ഓസ്തി'കളാണു് സാധാരണമായി പാശ്ചാത്യറീത്തുകളിലും ചില പൗരസ്ത്യറീത്തുകളിലും ഉപയോഗിക്കുന്നതു്. പൗരാണികസഭയുടെ 'അപ്പംവിഭജിക്ക'ലിൻെറ പ്രാധാന്യത്തേയും അൎത്ഥവ്യാപ്തിയേയും സാരമായി നഷ്ടപ്പെടുത്തിയിട്ടുണ്ടു്, ഈ പുതിയ രീതി. ഈ വിഭജനകൎമ്മം ആരംഭകാലത്തു് വളരെ ക്ലേശകരമായിരുന്നു. എന്നിരുന്നാലും ഓരോ തരിയും ഭദ്രമായിരിക്കുവാൻ അവർ സൂക്ഷിച്ചിരുന്നു. നമുക്കു കിട്ടിയിട്ടുള്ള പുരാതന രേഖകളിൽ നിന്നും ഇതു വ്യക്തമാണു്. ജറൂസലേമിലെ വി. സിറിൽ വിശ്വാസികളെ ഉപദേശിക്കുന്നുണ്ടു്: "നിങ്ങൾ ക്രിസ്തുവിൻെറ ശരീരത്തിൽ പങ്കു പററുമ്പോൾ ഒരു ചെറിയഭാഗംപോലും താഴെ വീഴാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ. നഷ്ടപ്പെടുന്ന ഓരോ ഭാഗവും നിങ്ങളുടെതന്നെ ഒരംശം നഷ്ടപ്പെടുന്നതിനു് തുല്യമായി കണക്കാക്കണം. സ്വൎണ്ണത്തേയും രത്നത്തേയുംകാൾ അമൂല്യമായ ആ ക

ഷണങ്ങളിൽ ഒന്നുപോലും നഷ്ടപ്പെടാതിരിക്കുവാൻ നിങ്ങൾ പ്രത്യേകം കരുതലുള്ളവരായിരിക്കണം".

## vi. കർബാനസ്വീകരണം:

ദേവന്മാർക്കും ദേവതകൾക്കും ഭക്ഷണമർപ്പിക്കുകയെന്നൊരു പതിവ് പ്രാചീനമതസ്ഥർക്കിടയിൽ നിലനിന്നിരുന്നു. അർപ്പിക്കപ്പെട്ടവ ആ ദേവൻെറയോ ദേവിയുടെയോ പ്രീതിയെ സൂചിപ്പിക്കുവാൻ തിരികെ അർപ്പകനെ ഏല്പിക്കുകയാണു പതിവ്. അത്യന്തം ഭക്തിയോടെയാണ് അയാൾ അതു ഭക്ഷിക്കുക. അങ്ങനെ ആ പ്രത്യേക ദേവനുമായി ഒന്നിക്കുകയോ ദേവനിൽനിന്നു പ്രത്യേകശക്തികൾ ആർജ്ജിക്കുകയോ ചെയ്തു എന്ന് അവർ വിശ്വസിച്ചു. ക്രിസ്തു ഈ വിശ്വാസാചാരത്തെ ഉന്നതോദ്ദേശ്യത്തിന് ഉപയോഗപ്പെടുത്തിയെന്നു വിചാരിക്കുന്നതിൽ തെററില്ല. പേഗൻമതസ്ഥരിൽനിന്നും വ്യത്യസ്തവും എന്നാൽ വാസ്തവികവുമായ വിധത്തിലാണു പരിശുദ്ധ കർബാനയെന്ന ബലിവസ്തുവിലൂടെ നാം ക്രിസ്തുവുമായി ഒന്നിക്കുന്നതു്.

ക്രൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും ഈശോ ശിഷ്യന്മാർക്കു നൽകുന്നതായി പരിശുദ്ധ കർബാനയുടെ സ്ഥാപനത്തെക്കുറിച്ചുള്ള സുവിശേഷവിവരണത്തിൽ നാം വായിക്കുന്നുണ്ട്. ദിവ്യബലി അർപ്പിച്ചതിനോടനുബന്ധിച്ച പ്രധാനമായും അവിടുന്നു ചെയ്തു

മൂന്നു പ്രവൃത്തികളിൽ ഒന്നാണതു്. ഇന്നും എന്നും വി. കുർബാനസ്വീകരണം ദിവ്യബലിയുടെ കാതലായ ഭാഗമായിരുന്നു. ആരംഭകാലത്തു്, ബലിയിൽ സംബന്ധിച്ചിരുന്ന വിശ്വാസികളെല്ലാം ദിവ്യകാരുണ്യവും സ്വീകരിച്ചിരുന്നു. ഡയോക്ലേഷ്യൻെറ മതമർദ്ദനകാലത്തു് അബിത്തീനായിലെ (Abitina) രക്തസാക്ഷികൾ വിളിച്ചുപറഞ്ഞു, വി. കുർബ്ബാനകൂടാതെ തങ്ങൾക്കു ജീവിക്കുവാൻ സാധ്യമല്ലെന്നു്(1). മദ്ധ്യശതകങ്ങൾവരേയും ഇതായിരുന്നു സാർവ്വത്രികസഭയിൽ നിലനിന്നിരുന്ന മനഃസ്ഥിതി(2). ബലിയിൽ സംബന്ധിക്കുവാൻ കഴിയാതിരുന്നവർക്കുപോലും തിരുശ്ശരീരവും തിരുരക്തവും അവരവരുടെ സ്ഥലത്തു് എത്തിച്ചുകൊടുക്കുവാൻ ആദ്യനൂററാണ്ടുകളിൽ സഭ ശ്രദ്ധിച്ചിരുന്നുവെന്നു വി. ജസ്റ്റിൻ സാക്ഷിക്കുന്നു(3). ബലിയില്ലാത്ത ദിവസങ്ങളിൽ സ്വീകരിക്കുവാൻ ക്രൂദാശചെയ്യപ്പെട്ട അപ്പത്തിൽനിന്നും ഏതാനുംഭാഗങ്ങൾ വീട്ടിൽ ഭദ്രമായി സൂക്ഷിക്കുക തങ്ങളുടെ കടമയായി അന്നുള്ളവർ കരുതി. മദ്ധ്യശതകങ്ങളിലെ വിശ്വാസമന്ദതയാണു് മററു മതകാര്യങ്ങളിൽ എന്നതുപോലെ വി. കുർബാനസ്വീകരണത്തിലും ഗണ്യമായ അനാസ്ഥ അനുഭവപ്പെടുവാൻ കാരണം. ബലിയിൽ സംബന്ധിക്കുന്ന എല്ലാവരും ബലി

(1) Jungman p. 13.
(2) "Faith Explained"
(3) St. Justine's "First Apology" c. 65. "The Early Liturgy p. 44. and "The History of the Mass" p. 12.

വസ്തു സ്വീകരിക്കുകകൂടി ചെയ്യുകയായിരിക്കും ഉത്തമ മെന്നു ത്രെന്തോസ് സൂനഹദോസ് ഉൽബോധിപ്പിച്ചെ ങ്കിലും ആധുനികമാർപ്പാപ്പമാരുടെ നിരന്തരമായ പരി ശ്രമമാണ് ഇന്നു വന്നിട്ടുള്ള മാററങ്ങൾക്കു കാരണം. പത്താംപിയൂസ് മാർപ്പാപ്പയുടെ 'സാക്രാം കൊമ്മൂനി യോനെം' (Sacram Communionem) എന്ന ചാക്രിക ലേഖനം വിശ്വാസികളുടെ അനുദിനദിവ്യകാരുണ്യ സ്വീകരണത്തിനും പ്രത്യേകിച്ചു കുട്ടികളുടെ ആദ്യകുർ ബാനകൈക്കൊള്ളലിനും വളരെ അധികം പ്രചോദനവും ദൈവശാസ്ത്രപരമായ അടിസ്ഥാനവും നൽകിയിട്ടുണ്ടു്. ബലിയിൽ സംബന്ധിക്കുന്നവർ ഉൾക്കൊള്ളുന്ന തിരു വോസ്തി, അതേ ബലിയിൽത്തന്നെ കൂദാശ ചെയ്തതാ യിരിക്കട്ടെയെന്നു് പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പായുടെ 'മേദിയാത്തോർ ദേയി' അനുശാസിക്കുന്നു. ബലിയും ബ ലിവസ്തുസ്വീകരണവും തമ്മിലുള്ള അഭേദ്യബന്ധം ഒന്നു കൂടി വ്യക്തമാക്കുകയായിരുന്നു ആ നിർദ്ദേശംവഴി പ. പിതാവു ചെയ്തതു്. അതുകൊണ്ടുതന്നെ തക്ക കാരണം കൂടാതെ കുർബാനയ്ക്കു പുറമേ, വി. കുർബാനസ്വീകരി ക്കുന്നതും കൊടുക്കുന്നതും അസ്ഥാനത്താണെന്നു വരുന്നു. കാർമ്മികൻെറ പരി. കുർബ്ബാനസ്വീകരണം ബലിയുടെ പൂർത്തീകരണത്തിനു് ആവശ്യകമായിരിക്കുന്നതുപോ ലെ, ബലിയിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ കുർബാനസ്വീകരണം ബലിയുടെ പ്രകൃതിയ്ക്കും പൂർണ്ണതയ്ക്കും ആവശ്യകമാണെന്നു് പറ യാം. ഒരു സാമൂഹ്യവശംകൂടെയുള്ള ബലിയുടെ പൂ

ത്തീകരണത്തിന്ന് സമൂഹം സജീവമായി ബലിയിൽ പങ്കെടുക്കണമെന്നുണ്ട്. ദിവ്യകാരുണ്യസ്വീകരണംകൂടാതെയുള്ള അത്തരം പങ്കുചേരൽ ഒരിക്കലും സജീവമായിരിക്കുകയില്ല. ആദിമസഭതന്നെ ഇതിന്ന നമുക്കു മാർഗ്ഗനിർദ്ദേശം നൽകുകയാണു്. ദിവ്യബലിയിൽ ദിവ്യകാരുണ്യം സ്വീകരിക്കാത്തവർക്കു പ്രാരംഭശുശ്രൂഷകൾ മാത്രമാണു പ്രാചീനസഭ നിർദ്ദേശിച്ചിരുന്നതു്. അതു കഴിഞ്ഞാൽ അവർ പുറത്തുപോകേണ്ടിയിരുന്നു. എന്നാൽ, കാലക്രമേണ ഈ വ്യവസ്ഥിതിക്കു് മാററം സംഭവിച്ചു. സ്വീകരിക്കാത്തവർ കുർബ്ബാനസ്വീകരണത്തിന്നുതൊട്ടു മുമ്പുമാത്രം പുറത്തുപോയാൽമതിയെന്നായി(1). അന്നൊക്കെ രണ്ടു സാദൃശ്യത്തിലും വിശ്വാസികൾ പരി. കുർബാന സ്വീകരിക്കുമായിരുന്നു.

ദിവ്യബലി വിരുന്നുകളിൽനിന്നു വേർപെടുത്തിയതോടുകൂടി പല വ്യത്യാസങ്ങളും വി. കുർബാനസ്വീകരണത്തിലും അതൊരുക്കിയിരുന്ന സമ്പ്രദായങ്ങളിലും വന്നുകൂടി. ബലിസമർപ്പണത്തിന്നത്യാവശ്യകമായി കരുതിയിരുന്ന മേശകൾ അപ്രത്യക്ഷമായതും 'നാഥൻെറ മേശ' (Lord's table) എന്നറിയപ്പെടുന്ന ഒരു മേശമാത്രം കേന്ദ്രസ്ഥാനം അലങ്കരിച്ചതും ഇടക്കാലത്താണു്. നിന്നുകൊണ്ടു് ആരാധനക്രമത്തിൽ പങ്കുകൊള്ളുന്ന പതിവാരംഭിച്ചതും ഇവിടെയാണെന്നു് ഊഹിക്കപ്പെടുന്നു(2). ബലിവസ്തുക്കൾ രണ്ടും അടുത്തടുത്തു കൂദാശ

---

(1) Francis Amioti p. 121.
(2) "The Early Liturgy pp. 37, 38.

ചെയ്യാൻതുടങ്ങിയതോടുകൂടി ഇരുന്നുകൊണ്ടു് അപ്പവും നിന്നുകൊണ്ടു വീഞ്ഞും സ്വീകരിച്ചിരുന്ന സമ്പ്രദായം മാററപ്പെട്ടു. തിരുശ്ശരീരവും തിരുരക്തവും അവരവരുടെ ആവശ്യമനുസരിച്ചു സ്വന്തം ഇരിപ്പടങ്ങളിലേയ്ക്കു കൈമാറി കൈമാറി എത്തിച്ചിരുന്ന പതിവും എന്നേക്കുമായി നിറുത്തലാക്കി. പകരം കാർമ്മികൻതന്നെ നേരിട്ടു വിശ്വാസികൾക്കു വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കേണ്ടതാണെന്ന അനുശാസനം ഉണ്ടായി. അന്നു് ഒരുനേരദിവസങ്ങളിൽമാത്രമാണു് വിശ്വാസികൾ മുട്ടിന്മേൽനിന്നു് വി. കുർബ്ബാന സ്വീകരിച്ചിരുന്നതു്. നീണ്ട പ്രാത്ഥനകളൊന്നും കാർമ്മികൻ ആ അവസരത്തിൽ ചൊല്ലേണ്ടിയിരുന്നില്ല. "ക്രിസ്തുവിൻെറ ശരീരം" എന്നു വൈദികൻ പറയുമ്പോൾ "ആമ്മേൻ" എന്നു് പ്രത്യുത്തരം നൽകി, ജനങ്ങൾ അതു സ്വീകരിച്ചിരുന്നു(1). എന്നാൽ, മുൻകൂട്ടിതയ്യാറാക്കിയ കനംകുറവുള്ള ഓസ്തികൾമാത്രം കൂദാശചെയ്യാൻ തുടങ്ങിയതോടുകൂടി കാർമ്മികൻ തിരുശ്ശരീരം നാവിൽവെച്ചുകൊടുക്കുക എന്നായി പൊതുനിയമം. സ്വീകരിക്കുന്നയാൾ മുട്ടുകുത്തി സ്വീകരിക്കുകയായിരുന്നു സൗകര്യം.പിന്നീടാണു് 'മുട്ടിൽനില്ക്കൽ' കൂടുതൽ ബഹുമാനസൂചകമായി വ്യാഖ്യാനിയ്ക്കുവാൻ തുടങ്ങിയതു്(2).

---

(1) "The History of the Mass" p. 121. by Amioti.
(2) Ibid.

## അപ്പത്തിൻെറ സാദൃശ്യത്തിൽമാത്രം

16-ാംനൂററാണ്ടിലെ പ്രോട്ടസ്റ്റൻറു വിപ്ലവത്തോടു കൂടിയാണു വി. കുർബാന അപ്പത്തിൻെറ സാദൃശ്യത്തിൽമാത്രം സ്വീകരിച്ചാൽ മതിയാകുമെന്നു സഭ അനുശാസിച്ചതു്. പ്രായോഗികമായ അസൗകര്യങ്ങളും അത്തരം ഒരു നിർദ്ദേശത്തിനു പ്രേരണ നൽകിയിരിക്കണം. രണ്ടു സാദൃശ്യങ്ങളിലും വി. കുർബാനസ്വീകരിക്കുക ആവശ്യകമായി ലൂതർ പ്രഭൃതികൾ ചിത്രീകരിച്ചതിനെത്തുടർന്നുണ്ടായ ചിന്താക്കുഴപ്പം തടയുവാനായിരുന്നു ത്രെന്തോസു് സൂനഹദോസ് ഇങ്ങനെ തീരുമാനിച്ചതു്.

## ഒന്നിപ്പിൻെറ പ്രതീകം

വി. കുർബാനസ്വീകരണം ബലിയുടെ പൂർത്തീകരണത്തിന്നാവശ്യകമായിരുന്നതുപോലെ ഐക്യത്തിൻെറ അടിസ്ഥാനവും ഒന്നിപ്പിൻെറ പ്രതീകവുമായി വീക്ഷിക്കപ്പെട്ടിരുന്നു. അതിൻെറ അനുസ്മരണമാണു കൊറിന്ത്യക്കാർക്കുള്ള ഒന്നാംലേഖനം 10-ാം അദ്ധ്യായം 16-ം 17-ം വാക്യങ്ങളിൽ. ആദിമനൂററാണ്ടുകളിലെല്ലാംതന്നെ, മാർപ്പാപ്പാ ആഘോഷമായി അർപ്പിച്ചിരുന്ന ബലിയിൽ കൂദാശചെയ്ത അപ്പത്തിൻെറ ഒരു ഭാഗം ഡീക്കന്മാർമുഖേന മെത്രാന്മാർക്കു് എത്തിച്ചിരുന്നു. മെത്രാന്മാർ മേൽപ്പറഞ്ഞവിധം തങ്ങ

ളുടെ വൈദികർക്കും(1). അങ്ങനെ കൊണ്ടുവരപ്പെട്ട ഭാഗം, ബലിയർപ്പണത്തിലേ അപ്പം വിഭജിക്കേണ്ട സമയമാകുമ്പോൾ കാസായിൽ നിക്ഷേപിക്കുകയായിരുന്നു പതിവു്. എത്ര അർത്ഥസംപൂർണ്ണവും സൂചനാനിർഭരവുമായിരുന്നു പ്രസ്തുതാചാരം!

## ഉത്തമമായ കൃതജ്ഞതാപ്രകടനം

ബലിയർപ്പണം ഏററവും ഉത്തമമായ കൃതജ്ഞതാപ്രകടനമായി ആദിമക്രിസ്ത്യാനികൾ വിശ്വസിച്ചു. അന്ധവിശ്വാസങ്ങളിൽനിന്നു് വഴിയും ദീപവുമായ ക്രിസ്തുവിലേക്കു് ആകർഷിക്കപ്പെട്ടപ്പോൾ പേഗൻ ജനത ആദ്യം ചെയ്തതു കൃതജ്ഞതാപ്രകടനമായിരുന്നു. അവരുടെ ജീവിതത്തിലുടനീളം ഈ കൃതജ്ഞതാപ്രകടനം മുന്തിനില്ക്കുന്നതായി കാണാം. ജീവിതത്തിൽ സത്യം അറിയുവാൻ കഴിഞ്ഞതിൽ, ജീവിതത്തോളം നീണ്ടുനില്ക്കുന്ന ഉപകാരസ്മരണ എവിടേയും എപ്പോഴും ദൈവത്തിനർപ്പിക്കുവാൻ മനുഷ്യൻ കടപ്പെട്ടവനാണെന്നാണു് അലക്സാൺട്രിയായിലേ ക്ലെമെൻറു് ഉൽഘോഷിക്കുന്നു(2). അങ്ങനെ അവരുടെ വിശ്വാസാചാരങ്ങളിൽ ദിവ്യപൂജ മറെറന്തിനേയുംകാൾ അധികമായി ഒരു കൃതജ്ഞതാപ്രകടനമായിട്ടാണു

(1) B. Steuart op. cit. p. 49.

(2) Jungman's "Early Liturgy" p. 44.

പ്രത്യക്ഷപ്പെടുന്നതു്. അതുകൊണ്ടാണു് വി. കുബ്ബാന സ്വീകരണത്തിനുശേഷം മറെറാരു ഉപകാരസ്മരണ വളരെക്കാലത്തേക്കു വി. കുബ്ബാനയിൽ ഔദ്യോഗികമായി സ്ഥലം പിടിയ്ക്കാതിരുന്നതു്. ഈ പൂർവ്വവിശ്വാസത്തിൽ കാലൂന്നിക്കൊണ്ടാണു്, സഭയുടെ ആരംഭകാലത്തു ദിവ്യപൂജ ഒരു ബലിയായി കണക്കാക്കപ്പെട്ടിരുന്നില്ലെന്നു് ഫ്റാൻസിസ്സ് റെൻസും (Francis Rens) ഫ്രാൻസിസ്സ് വെയ്ലൻറും (Francis Wieland) വാദിച്ചതു്(1). ദിവ്യപൂജകഴിഞ്ഞെന്നു് ഡീക്കൻ അറിയിക്കുന്ന ഒരു കൊച്ചുവാചകംമാത്രമാണു് ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം നടത്തിയിരുന്ന ഏക കർമ്മാനുഷ്ഠാനം. അൾത്താരവിരികൾ മടക്കി മാററുന്നതും തിരുപ്പാത്രങ്ങൾ തുടച്ചു വൃത്തിയാക്കുന്നതും വിശ്വാസികൾ പിരിഞ്ഞുപോകുന്നതിനു മുമ്പുതന്നെയായിരുന്നു. നാലാംനൂററാണ്ടോടുകൂടിയാണു ദിവ്യബലിയുടെ അവസാനം ഉപകാരസ്മരണ ഔദ്യോഗികമായി കൂട്ടിച്ചേർത്തതു്(2).

## പ്രാരംഭശുശ്രൂഷ

ദിവ്യബലിയുടെ കാതലായ ഭാഗങ്ങൾക്കുമുമ്പു നടത്തപ്പെടുന്ന കുബ്ബാനാഭാഗമാണു പ്രാരംഭശുശ്രൂഷ അ

---

(1) ബവേറിയായിലെ സെമിനാരി അധികൃതരായിരുന്നു ഇവർ. 1910-ലാണു് ആദ്യമായി ഈ പുതിയ പഠനം അവർ തുടങ്ങിവച്ചതു്.

(2) B. Steuart op. cit. 181.

ഥവാ ജ്ഞാനസ്നാനാർത്ഥികളുടെബലി എന്ന പേരിൽ അറിയപ്പെടുന്നതു്. ഇന്നത്തെ കുർബ്ബാനക്രമത്തിൽ ജ്ഞാനസ്നാനാർത്ഥികളുടെ കുർബ്ബാനയെന്നും വിശ്വാസികളുടെ കുർബ്ബാനയെന്നും രണ്ടു ഘടകങ്ങൾ വളരെ വ്യക്തമായി കാണാം. ആദ്യന്തുററാണ്ടുകളിൽ തികച്ചും വ്യത്യസ്തമായ രണ്ടു ശുശ്രൂഷകളായി ഇവ നിലനിന്നുപോന്നു. പിന്നീടുമാത്രമാണു രണ്ടും ഇന്നത്തെപ്പോലെ അഭേദ്യമായ ഏകശുശ്രൂഷയായി ഒന്നിക്കപ്പെട്ടതു്. ദിവ്യബലിയുടെ കാതലായ ഘടകങ്ങളെല്ലാം 'വിശ്വാസികളുടെ കുർബ്ബാന'യിൽ കേന്ദ്രീകരിച്ചിരിക്കുമ്പോൾ ഏതാനുംചില പ്രാർത്ഥനകളും, വി. ഗ്രന്ഥവായനയും വ്യാഖ്യാനവും, ഉപദേശവുംമാത്രമാണു് പ്രാരംഭശുശ്രൂഷയിൽ സ്ഥലം പിടിച്ചിട്ടുള്ളതു്. ഈ ഭാഗം എങ്ങനെ, എപ്പോൾ ദിവ്യബലിയുടെ ഘടകമായിത്തീർന്നു എന്നും അതിൻെറ സ്വഭാവം എന്താണെന്നും നമുക്കു കാണേണ്ടതുണ്ടു്. യഹൂദമതത്തിൽനിന്നു വേർപെട്ടു ക്രിസ്തുവിനെ പിൻതുടർന്ന ആദിമവിശ്വാസികൾ അവരുടെ സംഘശുശ്രൂഷയും സമൂഹപ്രാത്ഥനയും ദിവ്യബലിയുമായി കൂട്ടിച്ചേർത്തുകൊണ്ടുപോകുവാൻ ഉത്സുകരായിരുന്നു. ചെറുപ്പംമുതല്ക്കേ പരിശീലിച്ചുപോന്ന പ്രാത്ഥനാസമ്പ്രദായം പൂർണ്ണമായും വിട്ടുകളയുവാൻ അവർ ഇഷ്ടപ്പെട്ടില്ല. പകരം, സിനഗോഗുകളോടു സാദൃശ്യമുള്ള പ്രാത്ഥനാലയവും ഒന്നുചേർന്നുള്ള പ്രാർത്ഥനാജീവിതവുമാണു് അവർ ആഗ്രഹിച്ചതു്. അന്നു പ്ര

ബലപ്പെട്ടിരുന്ന യഹൂദസാമൂഹിക സാംസ്കാരിക ചിന്താഗതികൾ പ്രസ്തുത നീക്കങ്ങൾക്ക് ഉത്തേജനം നൽകി. വളർന്നുവരുന്ന സഭയിൽ ആകർഷകമായ ഒരാരാധനക്രമം ആവശ്യകമായും വന്നു. ആമുഖമൊന്നുംകൂടാതെ വിശുദ്ധമായവ കൈകാര്യം ചെയ്യുക അനാദരവായും അന്നു കണക്കാക്കിയിരുന്നു. ഇവയെല്ലാം പ്രതിവിധിയായി കൂട്ടിച്ചേർത്തതാണു കുർബ്ബാനയിലെ പ്രാരംഭശുശ്രൂഷ. ദിവ്യബലിയിലെ കർമ്മാനുഷ്ഠാനങ്ങൾക്കു യഹൂദഭക്ഷണമുറയോടു സാദൃശ്യമുള്ളതുപോലെ ദിവ്യബലിയിലെ പ്രാരംഭഭാഗത്തിനും യഹൂദസംഘശുശ്രൂഷയുമായി വളരെ സാമ്യമുണ്ടു്. പോരാ, നമ്മുടെ പ്രാരംഭശുശ്രൂഷ യഹൂദസംഘശുശ്രൂഷയുടെ വളരെ അടുത്ത അനുകരണമാണെന്നു്, അവ തമ്മിലുള്ള താരതമ്യപഠനം വ്യക്തമാക്കും.

സിനഗോഗ്ശുശ്രൂഷ ദിവ്യബലിയുമായി ഒന്നാം നൂററാണ്ടിൽത്തന്നെ യോജിപ്പിക്കപ്പെട്ടിരുന്നു. നടപടി 20–ാം അദ്ധ്യായത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അപ്പസ്തോലന്റെ ഉപദേശം സംഘശുശ്രൂഷയ്ക്കു പകരം സ്വീകരിച്ചതായോ സംഘശുശ്രൂഷയെത്തന്നെ കുറിക്കുന്നതായോ കണക്കാക്കപ്പെടുന്നു(1). ഇതിനെത്തുടർന്നു ദിവ്യബലിയർപ്പിക്കപ്പെട്ടുപോന്നു. വി. ഗ്രന്ഥത്തിലുണ്ടു് അതിനു തെളിവു്. എന്നിരുന്നാലും പ്രാരംഭശുശ്രൂഷ ഔദ്യോഗികമായി വിവരിക്ക

---

(1) Justine in his Apology, quoted by Steuart.

ന്നു രണ്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന വേദസാക്ഷിയായ വി. ജസ്റ്റിനാണ്. അന്നും ഈ ഭാഗം ബലിയുടെ ഒരവശ്യഘടകമായി ആചരിച്ചിരുന്നില്ല. ചിലപ്പോഠം ഒന്നിച്ചും മററു ചിലപ്പോഠം വേറിട്ടുമാണ് അവ നടത്തപ്പെട്ടിരുന്നതു്. ഇപ്രകാരം വേറിട്ടു നടത്തപ്പെട്ട പ്രാരംഭശുശ്രൂഷയായിരിക്കണം പില്ക്കാലത്തു കാനോനനമസ്കാരമായി വികാസം പ്രാപിച്ചതു്(1).

## സിനഗോഗുശുശ്രൂഷ

### നമ്മുടെ കത്താവിൻെറ കാലത്തു് (2)

ചൊവ്വാഴ്ചയും വ്യാഴാഴ്ചയും, ശാബത്ദിനമായിരുന്ന ശനിയാഴ്ചയും രണ്ടു പ്രാവശ്യം സിനഗോഗ്പ്രാത്ഥനകഠം നടത്തിയിരുന്നു. ആവർത്തനം, സംഖ്യ തുടങ്ങിയ വി. പുസ്തകങ്ങളിൽനിന്നുള്ള വായനകളും പ്രാത്ഥനകളോടുകൂടിയ ആശീർവ്വാദങ്ങളും സിനഗോഗു പ്രാത്ഥനാക്രമത്തിലേ പ്രധാനഘടകങ്ങളായിരുന്നു. തുടർന്ന് 'നിയമ'ത്തിൽനിന്നും പ്രവാചകരിൽനിന്നും ഓരോ വായനയും അവസാനം എല്ലാ വായനകളുടേയും വ്യാഖ്യാനവും ഉപദേശവും ഉണ്ടായിരിക്കും. അതിനുശേഷമാണ് വിവിധതരക്കാക്കും ജീവിതതുറയിലുള്ളവക്കും

---

(1) B. Steuart op. cit. p. 9.

(2) cfr. W. O. C. Oesterley's "The Psalms in the Jewish Church" ch. 8. p. 144.

വേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന മദ്ധ്യസ്ഥപ്രാൎത്ഥനകളും(1) ഏശയ്യാപ്രവാചകനിൽനിന്നുള്ള 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന സ്തോത്രഭാഗവും സങ്കീൎത്തനാലാപവും. അവസാനമായി, സംഖ്യാപുസ്തകത്തിലെ 6–ാം അദ്ധ്യായം 24, 25, 26 എന്നീ വാക്യങ്ങൾകൂടി വായിക്കുമായിരുന്നു. ജനങ്ങൾ ഉത്തരമായി 'ആമ്മേൻ' എന്നുച്ചരിച്ചു പ്രസ്തുത പ്രാൎത്ഥനായോഗം അവസാനിപ്പിക്കുകയും ചെയ്യുന്നു. ദരിദ്രർക്കുള്ള സഹായാൎത്ഥനയും ധനശേഖരണവും ഈ ശുശ്രൂഷകൾക്കിടയിൽ തന്നെയാണു നടത്തിയിരുന്നതു്.

## രണ്ടു ശുശ്രൂഷകളും തമ്മിലുള്ള സാമ്യവും വ്യത്യാസവും

20–ാംനൂററാണ്ടിലെ ദിവ്യബലിയുടെ പ്രാരംഭശുശ്രൂഷപോലും പഴയ സിനഗോഗു ശുശ്രൂഷകളുടെ അടുക്കും ചിട്ടയും ഏതാണ്ടു പൂൎണ്ണമായിത്തന്നെ നിലനിൎത്തിപ്പോരുന്നുണ്ടു്. ആരംഭപ്രാർത്ഥനകളും വി. ഗ്രന്ഥവായനകളും ഒന്നിടവിട്ടുള്ള സങ്കീൎത്തനാലാപവും ഉപദേശവും എല്ലാം പ്രധാനമായും അതേക്രമംതന്നെയാണു് പാലിക്കുന്നതു്(2). എന്നിരുന്നാലും ആദ്യംമു

---

(1) "Christian Life and Worship" by Gerald Ellard S. J. p. 176.
(2) Ibd p. 176.

തൽക്കുതന്നെ കണ്ടുവന്ന ചില നിസ്സാരവ്യത്യാസങ്ങ ളിൽക്കൂടി യഹൂദമതവും ക്രിസ്തീയവിശ്വാസവും തമ്മി ലുള്ള അടിസ്ഥാനപരമായ അന്തരങ്ങൾ നോക്കിക്കാണു വാൻ കഴിയും. യഹൂദപ്രാൎത്ഥനാലയങ്ങളിൽ 'നിയമ'ത്തി നും 'പ്രവാചകന്മാർക്കും' മററു വി. ഗ്രന്ഥങ്ങൾക്കും പരമ പ്രാധാന്യം കൊടുത്തിരുന്നെങ്കിൽ ക്രിസ്തീയപ്രാരംഭശു ശ്രൂഷയിൽ അവയ്ക്കു തുലോം പ്രാധാന്യം കുറഞ്ഞുവരിക യാണുണ്ടായതു്. ഇന്നും ആദ്യവായനകൾ പഴയനിയമ ത്തിൽനിന്നാണെങ്കിലും പുതിയനിയമത്തിലേക്കുള്ള ചൂണ്ടുപലകകളായിട്ടാണു് അവ വായിക്കപ്പെടുന്നതു്. പുതിയനിയമവും ലേഖനങ്ങളും പുറത്തുവന്നതോടു കൂടി പരമപ്രാധാന്യം അവയ്ക്കു ക്രിസ്ത്യാനികൾ ന ല്കി; ചില പഴയനിയമവായനകൾ ആവശ്യാനുസര ണം വിട്ടുകളയുകയും ചെയ്തിട്ടുണ്ടു്. ക്രിസ്ത്യാനികൾ യഹൂദരിൽനിന്നും വ്യത്യസ്തരായി, പഴയനിയമത്തെ അപേക്ഷിച്ചു് എപ്പോഴും പുതിയനിയമത്തോടു കൂടുതൽ ഉള്ളവരായാണു വൎത്തിക്കുന്നതു്. ജ്ഞാനസ്നാനാൎത്ഥികളു ടെബലിയിൽപോലും നമുക്കു വ്യക്തമായികാണാം ഇതു്.

20-ാംനൂററാണ്ടിലെന്നല്ല 2-ാംനൂററാണ്ടിലും ഈ സാമ്യവ്യത്യാസങ്ങൾ നിലനിന്നിരുന്നു. 14-ാംനൂററാ ണ്ടോടുകൂടി പുറത്തുവന്ന വി. ജസ്റ്റിന്റെ പുസ്തക ത്തിൽ(1) ജ്ഞാനസ്നാനാൎത്ഥികളുടെ കുൎബ്ബാനയെപ്പററി വിവരിക്കുന്നുണ്ടു്. പഴയനിയമവും പുതിയനിയമവും

(1) "First Apology" quoted by Dom Steuart also by Jungman.

ലേഖനങ്ങളും വായിച്ചിരുന്നതായി അതിൽ വി. ജസ്റ്റിൻ സാക്ഷിക്കുന്നു. വായനകളെ പുരസ്കരിച്ച് ഒരുപദേശം തുടർന്ന് പ്രാർത്ഥന, സമാധാനചുംബനം, ഇത്രയുമാണ് ജ്ഞാനസ്നാനാർത്ഥികൾക്കായുള്ള അന്നത്തെ ബലിയുടെ പ്രധാനഭാഗം(1) രണ്ടു ശുശ്രൂഷകളും തമ്മിൽ കെട്ടിലും മട്ടിലുമുള്ള സാമ്യവും, പഴയനിയമത്തിൽനിന്നുള്ള അകൽച്ചയും, പുതിയ നിയമത്തിന്റെ പ്രാബല്യവും നമുക്കിവിടെ കാണാം.

## വായനകൾ

വി. ഗ്രന്ഥത്തിൽനിന്നും മൂന്നുതരം വായനകളാണ്, പുരാതനസഭയിൽ ഉപയോഗിച്ചുപോന്നതു്. പഴയനിയമത്തിൽനിന്ന് ഒന്ന്; ലേഖനങ്ങളുടേയോ അപ്പസ്തോലന്മാരുടെ നടപടികളുടേയോ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന മററൊന്ന്; സുവിശേഷ വായന അവസാനത്തേതു്. ഇടവിട്ടു സങ്കീർത്തനാലാപവും ഉണ്ടായിരിക്കും. കേൾക്കുവാനുള്ള സൗകര്യത്തെ ഉദ്ദേശിച്ചും കൂടുതൽ ആഘോഷത്തിനുവേണ്ടിയും വായനകളെല്ലാം സിനഗോഗുസമ്പ്രദായം അനുകരിച്ച് ഈണത്തിൽ പാടിയിരുന്നു. കൂട്ടാമുഴവൻ പാടിക്കൊണ്ടിരിക്കുന്ന സങ്കീർത്തനം ഒപ്പം തക്കസമയത്തു നിർത്തുവാൻ ആവശ്യസമയങ്ങളിൽ 'ദൈവത്തിനു സ്തുതി' എന്നർത്ഥമുള്ള ഹല്ലേലൂയ്യാ' സിനഗോഗുകളിൽ പാട്ടുകാർ ഉറക്കെ പാടിയി

(1) B. Stə art. p. 17.

രുന്നു. ക്രിസ്തീയാരാധനക്രമത്തിൽ ഇത്രമാത്രം സ്ഥലംപിടിച്ചിട്ടുള്ള 'ഹല്ലേലുയ്യാ'കളുടെ ഉത്ഭവം ഈ സിനഗോഗുസമ്പ്രദായങ്ങളിൽനിന്നാണെന്ന് അനുമാനിക്കപ്പെടുന്നു(1).

## ഉപദേശം

വി. ഗ്രന്ഥവായനയ്ക്കുശേഷം കേൾവിക്കാർക്കു് അവ വ്യാഖ്യാനിച്ചുകൊടുക്കുക സിനഗോഗുകളിലെ പതിവാണു്. ഈശോ തന്നെ നസ്രസ്സിലെ പ്രാർത്ഥനാലയത്തിൽ പ്രവേശിച്ചു വി. ഗ്രന്ഥം വ്യാഖ്യാനിക്കുന്നതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്(2). ആരംഭംമുതല്ക്കേ ക്രിസ്ത്യാനികളും ഈ പതിവു തുടർന്നുപോന്നു. എന്നാൽ, ആദിമസഭയിൽ മെത്രാനുമാത്രമേ വായനകൾ വ്യാഖ്യാനിക്കുന്നതിനും, ഔദ്യോഗികമായി ജനങ്ങളെ ഉപദേശിക്കുന്നതിനും അനുവാദമുണ്ടായിരുന്നുള്ളൂ. സ്വന്തം ഇരിപ്പിടമായ കത്തേദ്രാ (Cathedra) യിൽ ഇരുന്നുകൊണ്ടു് അദ്ദേഹം ജനങ്ങളെ പഠിപ്പിക്കും. അങ്ങനെയാണു മെത്രാൻ ഔദ്യോഗികകാര്യങ്ങൾ നിർവ്വഹിക്കുവാൻ ഉപയോഗിക്കുന്ന പള്ളിക്കു ഭദ്രാസന ദേവാലയം (Cathedral) എന്ന പേരുണ്ടായതു്. വളരെക്കാലങ്ങൾക്കുശേഷംമാത്രമാണു ഓരോ വൈദികനും പ്രത്യേകം പ്രത്യേകം കുർബ്ബാന അർപ്പിക്കുവാൻ തുടങ്ങിയതു്

---

(1) Ibd. p. 34.
(2) Luke 4. 16-30; John 7, 15; Mt. 53-58.

എന്നതുപോലെ, ഔദ്യോഗികമായ പഠനങ്ങളും ഉപദേശങ്ങളുംനൽകുവാൻ തുടങ്ങിയതും വളരെ വൈകിയാണ്(1).

## അവിശ്വാസികളെ പുറത്താക്കൽ

മധ്യസ്ഥപ്രാർത്ഥനയ്ക്കു മുമ്പായി, മാമ്മോദീസാവഴി തിരുസ്സഭയിൽ അംഗത്വം സ്വീകരിക്കാത്തവരേയും മററും പുറത്താക്കിയിരുന്നു. രണ്ടാംനൂററാണ്ടുമുതൽ ജ്ഞാനസ്നാനാർത്ഥികളെ തയ്യാറാക്കുന്നതിനു പല വർഷങ്ങൾതന്നെ എടുത്തിരുന്നു(2). ഔദ്യോഗികമായ പുറത്താക്കലിനോടുകൂടി അവർ പള്ളിവിട്ട് ഇറങ്ങിപ്പോകണമെന്നുണ്ട്; പ്രത്യേകിച്ച്, അന്നു ദിവ്യബലി അർപ്പിക്കുന്നുണ്ടെങ്കിൽ(3). ഉപകാർമ്മികന്മാരിൽ ഒരാൾ വാതിൽ കാവൽക്കാരനായി നില്ക്കുവാൻ കാർമ്മികൻ പ്രത്യേകിച്ചു നിർദ്ദേശം നൽകുന്നുണ്ട്, അത്തരം സന്ദർഭങ്ങളിൽ. കാലക്രമേണ ജ്ഞാനസ്നാനാർത്ഥികൾ എന്നൊരു വിഭാഗം പലസ്ഥലങ്ങളിലും ഇല്ലാതായി. എന്നാലും ഔദ്യോഗികമായ പുറത്താക്കൽ ചടങ്ങ് തുടർന്നുപോന്നു. ഇന്നും, മധ്യസ്ഥപ്രാർത്ഥനയ്ക്കുമുമ്പുള്ള

---

(1) B. Steuart op. cit. p. 36.

(2) St. Ireneus "Adversus Hereses" quoted by Steuart.

(3) B. Steuart op. cit. p. 35.

കുർബ്ബാനഭാഗം "ജ്ഞാനസ്നാനാർത്ഥികളുടെ കുർബ്ബാന" എന്നപേരിലാണു അറിയപ്പെട്ടുന്നതു്.

## മദ്ധ്യസ്ഥപ്രാർത്ഥന

ആദ്യമാദ്യം മധ്യസ്ഥപ്രാർത്ഥനയോടെയാണു് ജ്ഞാനസ്നാനാർത്ഥികളുടെ കുർബ്ബാന അവസാനിച്ചിരുന്നതു്. പിന്നീട്ടമാത്രമാണു് വിശ്വാസികളുടെ കുർബ്ബാനയുടെ ആരംഭമായി മദ്ധ്യസ്ഥ്യപ്രാർത്ഥന ഗണിക്കുവാൻ തുടങ്ങിയതു്(1) ആ വ ശ്യ ങ്ങ ൾ ക്കും ആവശ്യക്കാർക്കുംവേണ്ടിയുള്ള പ്രാർത്ഥനയായതുകൊണ്ടു്, 'വലിയ മാദ്ധ്യസ്ഥ്യപ്രാർത്ഥനയെന്നും എല്ലാവർക്കുംവേണ്ടിയുള്ള പ്രാർത്ഥനയായതുകൊണ്ടു 'പൊതുമാദ്ധ്യസ്ഥ്യപ്രാർത്ഥനയെന്നും ഇതിനു പേരുകൾ ഉണ്ടു്. മെത്രാന്മാർക്കും, വൈദികക്കും വിശ്വാസികൾക്കുംവേണ്ടിമാത്രമല്ല, ജ്ഞാനസ്നാനാർത്ഥികൾ, അക്രൈസ്തവർ, യഹൂദർ, രോഗികൾ, അവശർ, അനാഥർ, മുതലായവർക്കുംവേണ്ടി ക്കൂടി പ്രാർത്ഥിക്കുന്നുണ്ടു്. മരിച്ചവരേയും പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കുന്നു. എന്നാൽ, മാർപ്പാപ്പയുടേയും ചക്രവർത്തിയുടേയും പേരുകൾ എടുത്തുപറഞ്ഞു പ്രാർത്ഥിക്കുന്നതു പില്ക്കാലപതിവാണു്. പൗരസ്ത്യർ ലുത്തനീയരൂപത്തിലാണു് ഈ പ്രാർത്ഥനകളെല്ലാം ചൊല്ലിയിരുന്നതു്.സിനഗോഗുസമ്പ്രദായത്തിന്റെ അനുകരണമായ ലുത്തിനിയരൂപത്തിലുള്ള പ്രാ

---

(1) "The Development of Christian Worship:'

ത്഻ന ക്രമേണ നിന്നുപോകുകയാണുണ്ടായതു്(1). നോമ്പുകാലത്തു് മുട്ടുകുത്തിയും ഉയിർപ്പുകാലത്തു് നിന്നുമായിരുന്നു ഈ പ്രാൎത്഻ന ചൊല്ലുക. സമാപനപ്രാർത്ഥനകൾ ചൊല്ലുന്നതു് കാർമ്മികനായിരിക്കും. അപ്പോൾ അദ്ദേഹത്തോടൊപ്പം ജനംമുഴുവൻ എഴുന്നേററുനില്ക്കും.

## സംയുക്തസമർപ്പണം

### നിർവ്വചനവും ചരിത്ര പശ്ചാത്തലവും

ഒന്നിലധികം പുരോഹിതന്മാർ ഒന്നിച്ചു്, ഒരേ അപ്പവും വീഞ്ഞും കൂദാശചെയ്യുകയും ബലിയർപ്പിക്കുകയും ചെയ്യുന്ന ആരാധനാനുഷ്ഠാനമാണു സംയുക്തസമർപ്പണം. ഇത്തരം സംയുക്തസമർപ്പണംപൗരസ്ത്യപാശ്ചാത്യസഭകളിൽ ഒരുകാലത്തു് സാധാരണമായിരുന്നു. 9-ാംനൂററാണ്ടിൽപോലും പുരോഹിതന്മാർ തങ്ങളുടെ മെത്രാനോടൊന്നിച്ചു സഹസമർപ്പണം നടത്തിയിരുന്നതിനു് തെളിവുകളുണ്ടു്. ചില തിരുനാളുകളിൽ കർദ്ദിനാളന്മാർ മാർപ്പാപ്പായോടുകൂടെ സഹസമർപ്പണബലി നടത്തിയിരുന്നതായി, 13-ാം നൂററാണ്ടിൽ സഭയെ ഭരിച്ചിരുന്ന ഇന്നസെൻറ് മൂന്നാമൻ (1188-1216) പറയുന്നു. ഇത്തരം സമർപ്പണം ആരംഭകാലംമുതൽക്കുതന്നെ സഭയിൽ ഉണ്ടായിരുന്നിരിക്കണം.

---

(1) "Apostolic Tradition" of Hypolitus.

കാരണം, സംയുക്തസമർപ്പണത്തിൻെറ ചട്ടങ്ങൾക്ക് ആദ്യമായി ചില മാററങ്ങൾ വരുത്തിയതു് 202-നും 218-നും ഇടയ്ക്കു തിരുസ്സഭയെ ഭരിച്ചിരുന്ന സെവേറിയൂസ് പാപ്പായാണെന്നു് ഊഹിക്കപ്പെടുന്നു. അങ്ങനെയെങ്കിൽ ആ കാലത്തിനു വളരെമുമ്പുതന്നെ ഒരാചാരക്രമമായി വളരാൻതക്ക പഴക്കമെങ്കിലും സഹസമർപ്പണബലിക്കു് ഉണ്ടായിരുന്നിരിക്കണം. ബലിയർപ്പണത്തിൽ ഒരുകുടുംബാന്തരീക്ഷം വച്ചു പുലർത്തുവാൻ തത്രപ്പെട്ടിരുന്ന പൗരാണികരുടെ മനോഭാവത്തിനു തികച്ചും യോജിച്ചതായിരുന്നു സഹസമർപ്പണം. മെത്രാനു ചുററും വൈദികർ നിന്നു് ഒന്നിച്ചു ബലിയർപ്പിക്കുക, കാർമ്മികനോടു യോജിച്ചു് വിശ്വാസികൾ കുർബ്ബാനയിൽ സജീവമായി പങ്കുകൊള്ളുക, ഇവയെല്ലാം കുടുംബാന്തരീക്ഷത്തിൻെറ പ്രതീതിയാണുണ്ടാക്കുക. രണ്ടാം ശതാബ്ദത്തിൻെറ അന്ത്യത്തിൽ ജീവിച്ചിരുന്ന അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യസ് ഇത്തരം ബലിസമർപ്പണം പ്രോത്സാഹിപ്പിച്ചിരുന്നു. തനിച്ചുള്ള ബലിയർപ്പണം തിരുത്തപ്പെടേണ്ട ഒന്നായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. വിശ്വാസികൾ എണ്ണത്തിലും ജീവിതരീതിയുടെ വൈവിദ്ധ്യത്തിലും വർദ്ധിച്ചുകൊണ്ടിരുന്നപ്പോഴും ഈ കുടുംബാന്തരീക്ഷപ്രതീതിതന്നെയാണു്, ബലിയർപ്പണത്തിൽ പുലർത്തിപോന്നതു്(1). സംയുക്തസമർപ്പണം സാധിക്കാത്തപ്പോൾ മെത്രാൻ കൂദാശചെയ്തു ഒരോസ്തി തൻെറ വൈദികർക്കു് അയച്ചുകൊടുത്തു

(1) Cfr. "What is Eucharist" p. 107.

കൊണ്ടുപോലും ആ ലക്ഷ്യം നേടുവാൻശ്രമിച്ചിരുന്നു.

പൗരാണികസഭയിൽ പുരോഹിതന്മാർ ഒന്നിച്ചു കൂടിയുള്ള ബലി ഇത്രമാത്രം സാധാരണമായിരുന്നെങ്കിലും അതിൻെറ ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഒരാരാധനക്രമവും നമുക്കു കൈവന്നിട്ടില്ല(1). എന്നാൽ, പ്രാചീനസഭയിലേ സഹസമർപ്പണം വൈദികരിൽനിന്നു പ്രത്യേകമായ ഒരു ഭാഗഭാഗിത്വം അനുശാസിച്ചില്ലെന്നു വ്യക്തമാണു്. പ്രധാനകാർമ്മികനായ മെത്രാനു സമീപം ഒരൗദ്യോഗികസാക്ഷിയെന്ന നിലക്കു് ഉണ്ടായിരിക്കുക, ബലിയർപ്പണത്തിൽ പങ്കുചേരുന്നതിന്നാവശ്യകമായ നിയോഗം വച്ചിരിക്കുക —ഇവയായിരുന്നു ഒരു വൈദികൻ ചെയ്യേണ്ടിയിരുന്നതു്(2). എന്നാൽ, റോമിലേ വി. ഹിപ്പോളിററസിൻെറ കാലമായപ്പോഴേക്കും ഈ ചട്ടങ്ങൾക്കു് വ്യത്യാസം വന്നതായി കാണാം(3). അൾത്താരയിലേ ബലിവസ്തുക്കളിന്മേൽ മെത്രാനും, അദ്ദേഹത്തോടൊപ്പം വൈദികരും കൈവിരിച്ചു പ്രാത്ഥിച്ചിരുന്നതായി മൂന്നാംനൂററാണ്ടിലേ ചില രേഖകൾ സാക്ഷിക്കുന്നു. അത്തരം ബലികളിൽ ഓരോ വൈദികനും പ്രത്യേകം ഓസ്തി കൂദാശചെയ്യണമെന്നു അനുശാസിക്കുന്നു. എന്നാൽ, എല്ലാവരും ഒന്നുചേർന്നുമാത്രം വീഞ്ഞു കൂദാശചെയ്യണമെന്ന വഴക്കത്തിന്നു് അന്നും മാററം വന്നുകാണുന്നില്ല. ആറാം

---

(1) Worship XX

(2) "Dovelopment of Christian Worship"

(3) "Apostolic Tradition" of Hypolitus

ന്നൂററാണ്ടായപ്പോഴേക്കും സംയുക്ത ബലിസമർപ്പണം എല്ലാ ഞായറാഴ്ചകളിലേയും ഒരു സാധാരണാനുഷ്ഠാനമായിത്തീൻ. 8-ാംന്നൂററാണ്ടായപ്പോഴേക്കും അത്തരം ബലിയർപ്പണം ഉയിർപ്പു തിരുന്നാഠം, പിറവിത്തിരുന്നാഠം തുടങ്ങിയ വലിയ ആഘോഷദിവസങ്ങളിലേ അസാധാരണചടങ്ങായിമാത്രം മാററിനിത്തുകയാണുണ്ടായതു്. സാധാരണദിവസങ്ങളിൽ പുരോഹിതന്മാർ പ്രധാനകാർമ്മികനായിരുന്ന വൈദികനെ സഹായിച്ചിരുന്നു. എന്നാൽ, സഹാർപ്പകരായിരുന്നില്ല.

സഹാർപ്പണസാധ്യതകളെ നിരാകരിച്ചവരിൽ പ്രധാനിയാണു ദൂറാന്തുസ്. (Durandus) അദ്ദേഹത്തിൻെറ വാദമുഖങ്ങളെയാണു് കർദ്ദിനാഠം ബോന (Cardinal Bona) തൻെറ കൃതിയിൽ നിശിതമായി വിമർശിക്കുന്നതു്. സഹസമർപ്പണബലിയുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനത്തെ സെൻറ് തോമസ് അകചീനാസ് ശരിവയ്ക്കുന്നതോടൊപ്പം അതിനെതിരായി ഉണ്ടാകാവുന്ന ആരോപണങ്ങഠംക്കു് മറുപടി പറയുകയും ചെയ്യുന്നു(1).

സംയുക്തസമർപ്പണം പൗരസ്ത്യസഭകളിലെല്ലാം തന്നെ ഇന്നു സാധാരണമാണു്. വേർപെട്ടുനില്ക്കുന്ന പൗരസ്ത്യസഭകളും ഈ ബലിയർപ്പണത്തിനു് അംഗീകാരവും പ്രോത്സാഹനവും നൽകുന്നു. പ്രധാന തിരുന്നാളുകളൊന്നിൽ മെത്രാൻ പുരോഹിതന്മാരോടൊന്നിച്ചു് ഒരേ ബലിവസ്തുക്കഠം കൂദാശചെയ്യുക

(1) Summa III q. LXXXII, art. 2.

യും ബലിയർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്നു്, സഹ സമർപ്പണത്തിൽ പങ്കുകൊണ്ട ഓരോ വൈദികനും മെത്രാനിൽനിന്നു രണ്ടു സാദൃശ്യങ്ങളിലും പ. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുന്നു. ഇതേ ക്രമംതന്നെയാണു വൈദികർ ഒന്നിച്ചുചേർന്നു ബലിയർപ്പിക്കുമ്പോഴും ചെയ്യേണ്ടതു്.

പുതിയ ആരാധനക്രമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പു് ഇത്തരം ബലിയർപ്പണം ലത്തീൻറീത്തിൽ നാമമാത്രമായിരുന്നു. മെത്രാന്മാരുടേയും പുരോഹിതന്മാരുടേയും അഭിഷേകാവസരങ്ങളിൽമാത്രമാണു സംയുക്തസമർപ്പണം അനുവദിച്ചിരുന്നതു്. കാഴ്ചവെപ്പിന്റെ പ്രാർത്ഥനകളും (Prayer of offertory) കൃതജ്ഞതാപ്രാർത്ഥനകളും (Eucharistic Prayer) സഹസമർപ്പകന്മാർ പ്രധാനകാർമ്മികനായ മെത്രാനു ചുററും മുട്ടുകുത്തിനിന്നുകൊണ്ടു ഉറക്കെ ഉച്ചരിക്കുന്നു. കൂദാശവചനങ്ങൾ പ്രത്യേകിച്ചും, മെത്രാനോടൊന്നിച്ചു് സാവധാനത്തിൽ, സ്പഷ്ടമായി, കൂദാശചെയ്യുവാനുള്ള നിയോഗത്തോടുകൂടി ഉച്ചരിക്കണമെന്നുണ്ടു്.

പുതിയ ആരാധനക്രമം മുമ്പത്തേക്കാൾ കൂടുതലായി പ്രാധാന്യവും പ്രോത്സാഹനവും സഹസമർപ്പണബലിക്കു നൽകുന്നുണ്ടു്. പെസഹാവ്യാഴാഴ്ച സൈത്തു് കൂദാശചെയ്യുന്ന കുർബ്ബാനയിലും സായാഹ്നബലിയിലും, സൂനഹദോസുകൾ, മെത്രാന്മാരുടെ കോൺഫ്രൻസുകൾ, പ്രാദേശിക കൗൺസിലുകൾ തുടങ്ങിയ അവസരങ്ങളിലും, സന്യാസസഭാശ്രേഷ്ഠന്മാരെ വാഴിക്കുന്ന

സന്ദർഭത്തിലും സഹസമർപ്പണബലി ഇപ്പോഠം അനുവദനീയമാണു്. സന്യാസസദനങ്ങളിലെ പൊതുകുർബാനയായും, വിശ്വാസികളുടെ ആവശ്യത്തിനു സ്ഥലത്തെ വൈദികരെല്ലാവരും പ്രത്യേകം പ്രത്യേകം ബലിയർപ്പിക്കേണ്ട ആവശ്യമില്ലെങ്കിൽ അവിടത്തെ പ്രധാന ദിവ്യബലിയായും, രൂപതാവൈദികരുടേയോ സന്യാസവൈദികരുടേയോ ഏതെങ്കിലും തരത്തിലുള്ള സമ്മേളനങ്ങളിലും രൂപതാദ്ധ്യക്ഷൻെറ അനുമതിയോടുകൂടി ഇത്തരം ബലിയർപ്പിക്കുവാൻ പുരോഹിതന്മാരെ അനുവദിച്ചിരിക്കുകയാണു് പുതിയ ആരാധനക്രമം.

## സംയുക്തസമർപ്പണത്തിൻെറ ദൈവശാസ്ത്രപരമായ അടിസ്ഥാനം

ദൈവശാസ്ത്രപരമായും ആരാധനാക്രമപരമായും അവ്യക്തമായിരിക്കുന്ന പല സത്യങ്ങളേയും കൂടുതൽ പ്രകാശമാനമാക്കുവാൻ ഒന്നിച്ചുകൂടിയുള്ള ഈ ബലിയർപ്പണം ഉപകരിക്കുന്നുണ്ടു്. സഭയുടെ അധികാരസംവിധാനപരമായ പ്രകൃതി, ദിവ്യബലിയുടെ ഏകത്വം, പൗരോഹിത്യത്തിൻെറ ഏകസ്വഭാവം, തുടങ്ങിയവ അവയിൽ ചിലതാണു്. 12-ാം പീയൂസ് മാർപ്പാപ്പാ അപ്പസ്തോലൻേറയും അഗസ്തീനോസിൻേറയും, അക്വീനാസിൻേറയുംമൊക്കെ ചിന്താഗതിയിലൂടെ മുന്നോട്ടുനീങ്ങി പറയുന്നു: "വിശ്വാസികഠം തമ്മിലുള്ള ഐക്യത്തിൻേറയും, ശിരസ്സാകുന്ന ക്രിസ്തുവി

നോടുള്ള അവരുടെ യോജിപ്പിൻേറയും ഹൃദയ സ്പർശിയായ ഒരു മാതൃക നൽകുവാൻ ക്രിസ്തു തിരുമനസ്സായി. എന്നാൽ, പുരാതനസഭയിൽ ഈ സത്യം "ദിവസത്തിൽ ഒരിക്കൽമാത്രം അർപ്പിച്ചിരുന്ന ഏക ബലിയിലൂടെ" കൂടുതൽ വ്യക്തമായി കണ്ടിരുന്നു. എല്ലാ ജനങ്ങളും ഒരു വ്യത്യാസവുംകൂടാതെ ഒരൊററബലിയിൽ സംബന്ധിക്കുകയാണതിൻെറ സ്വഭാവം. മെത്രാനും വൈദികരും വൈദികവിദ്യാത്ഥികളും ശുശ്രൂഷികളും വിശ്വാസികളും ദൈവത്തിൻെറ ജനമായി ഒരേ അൾത്താരക്കുചുററും കൂടുകയാണു്, ഒരേ ശരീരത്തിൽനിന്നു പങ്കുപററുവാൻ"(1). ഇത്തരം ബലിയർപ്പണത്തിൻെറ സ്വഭാവത്തെ വിവരിച്ചുകൊണ്ടു സെൻറ്തോമസ്അക്വിനാസ് പറയുകയാണു്: "കൂദാശചെയ്യുന്നതിനുള്ള അധികാരം തിരുവത്താഴസമയത്തു കത്താവിൽനിന്നു സ്വീകരിച്ചവരുടെ പദവിയിൽ അവരോധിക്കപ്പെട്ടുകയാണു പുരോഹിതൻ പട്ടം സ്വീകരിക്കുമ്പോൾ. അതിനാൽ, അത്താഴം കഴിച്ചിരുന്ന ക്രിസ്തുവിനോടൊന്നിച്ചു അപ്പസ്തോലർ ഭക്ഷിച്ചതുപോലെ, നവമായി പൗരോഹിത്യം സ്വീകരിച്ചവർ മെത്രാനോടുചേർന്നു സംയുക്തബലിയർപ്പിക്കുന്നു".

ഇങ്ങനെ പൗരോഹിത്യത്തിൻെറ ഐക്യവും വിശ്വാസികളുടെ ഒന്നിപ്പും തിരുസഭമുഴുവൻേറയും പ്രാതിനിധ്യവും സൂചിപ്പിക്കുന്നു, സംയുക്ത സമർപ്പണബലി.

(1) Cfr. Mystici Corporis by Pius XII.

# VIII

# ദിവ്യകാരുണ്യ ഭക്തിപ്രകടനങ്ങൾ

**ആരാധന**

സഭയുടെ ആദ്യശതകങ്ങളിൽ ദിവ്യകാരുണ്യത്തോടു പ്രകടിപ്പിച്ചിരുന്ന ഭക്തിപ്രകടനങ്ങൾക്കു് ഇന്നത്തേതുമായി വലിയ അന്തരമുണ്ടു്. ഇന്നു നാം ആരാധന, ഭക്തിപ്രകടനം എന്നൊക്കെ വിളിക്കുന്ന പലതും അന്നു് പലപ്പോഴും ബഹുമാനക്കുറവിന്റേയും അവഹേളനത്തിന്റേയും അടയാളമായിട്ടാണു കരുതപ്പെട്ടിരുന്നതു്.

ആദിമക്രൈസ്തവർ വി. കുർബാനയെ ഭക്തിപ്രകടനങ്ങളുടെയെല്ലാം കേന്ദ്രവിഷയമായി കണക്കാക്കിയിരുന്നു. എങ്കിലും, അതു് ഒരു വസ്തുവായിട്ടാണു്, ദിവ്യബലിക്കും ദിവ്യകാരുണ്യസ്വീകരണത്തിനുമുള്ള ഒരുപാധിമാത്രമായിട്ടാണു കരുതപ്പെട്ടിരുന്നതു്. ദിവ്യബലിയൊഴി

ച്ച് വേറൊരു പ്രത്യേകഭക്തിപ്രകടവും വി. കുമ്പാനയോടില്ലായിരുന്നു. അങ്ങനെ ബലിയുടെ മറവിൽമാത്രമേ ദിവ്യകാരുണ്യത്തിനു സ്ഥാനമുണ്ടായിരുന്നുള്ളു. അതുകൊണ്ടു ബഹുമാനം ദിവ്യക്രൂശാശയ്ക്കല്ല, പരമപിതാവായ ദൈവത്തിനാണു നല്കപ്പെട്ടിരുന്നതു്.

എന്നാൽ, ദിവ്യകാരുണ്യത്തിനു തനിച്ച് ബഹുമാനമർപ്പിച്ചിരുന്നുവെന്നതിനും തെളിവുകളുണ്ടു്. ദിവ്യബലിയർപ്പിക്കാത്ത ദിവസങ്ങളിൽ സ്വീകരിക്കുന്നതിനായി വി. കുർബാന വിശ്വാസികൾ വീട്ടുകളിൽ കൊണ്ടുപോയി സൂക്ഷിച്ചിരുന്നു.

ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കുമ്പോൾ വൈദികൻ "പരിശുദ്ധർക്കു പരിശുദ്ധമായതു്" എന്നും, അതിനു മറുപടിയായി വിശ്വാസികൾ "കർത്താവു ദൈവമാകുന്നു, നമ്മുടെ ഇടയിൽ പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു" എന്നും ചൊല്ലിയിരുന്നു.

ദു:ഖവെള്ളിയാഴ്ച വി. കുർബാനയുടെ പ്രദിക്ഷണം ഉണ്ടു്. അപ്പോൾ ജനങ്ങൾ മുട്ടുകുത്തി ആരാധിച്ചിരുന്നു.

ആദ്യകാലങ്ങളിൽ ദിവ്യബലികൾ തമ്മിലുള്ള ബന്ധം കാണിക്കുന്നതിനായി ഒരു കുർബാനയിൽ ക്രൂദാശ ചെയ്ത തിരുവോസ്തിയുടെ ഭാഗം അടുത്ത കുമ്പാനയ്ക്കായി മാററിവെക്കാറുണ്ടായിരുന്നു. ഈ ഓസ്തി പ്രദിക്ഷണമായി കുമ്പാനയ്ക്കുമുമ്പു കൊണ്ടുവരുകയും മെത്രാൻ ഈ തിരുവോസ്തിയെ ആരാധിക്കുകയും ചെയ്തിരുന്നു.

എന്നാൽ, ദിവ്യകാരുണ്യത്തെ ജനങ്ങൾ ദർശിക്കാതിരിയ്ക്കാൻ വിരിയിട്ട മറച്ചിരുന്നു. പ്രത്യേകിച്ച് ക്രൂദാശചെയ്യുന്ന അവസരങ്ങളിൽ. ദിവ്യകാരുണ്യത്തെ നേരിട്ടുനോക്കുന്നത് അവഹേളനമായിട്ടായിരുന്നു അന്നൊക്കെ കണക്കാക്കപ്പെട്ടിരുന്നത്.

## സഭാപിതാക്കന്മാർ

ആദ്യകാലങ്ങളിൽ പ്രത്യക്ഷമായ (Positive) ആരാധന നല്കിയിരുന്നു എന്നതിന് അധികം തെളിവുകളില്ല. പ്രധാനമായും പരോക്ഷമായ (Negative) ആരാധനയാണ് നല്കിയിരുന്നത്. അതായത്, ദിവ്യകാരുണ്യത്തെ യാതൊരുതരത്തിലും അപമാനിക്കാതിരിക്കാൻ സൂക്ഷിക്കുക. സഭാപിതാക്കന്മാരും ഇത്തരത്തിലാണ് ദിവ്യകാരുണ്യത്തെപ്പററി ചർച്ച ചെയ്തിരുന്നത്. ഒരിജൻ, തെർത്തുല്യൻ, ഹിപ്പോളിററസ്, ജറുസലത്തെ സിറിൽ ഇവരെല്ലാം ദിവ്യകാരുണ്യം അപമാനിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കുക എന്ന ഉപദേശമാണ് പ്രധാനമായും നല്കുന്നത്. ക്രൂദാശചെയ്ത തിരുവോസ്തി നിലത്തുവീഴാതെ സൂക്ഷിക്കുക, ക്രൂദാശചെയ്ത വീഞ്ഞ് തെറിച്ചുപോകാതിരിക്കാൻ ശ്രദ്ധിക്കുക, ഇപ്രകാരമാണ് പ്രധാനമായും അവരുടെ ഉപദേശങ്ങൾ.

ചില സഭാപിതാക്കന്മാർ പ്രത്യക്ഷമായ ആരാധന നല്കുന്നതിനെപ്പററിയും എഴുതുന്നുണ്ട്. വി.

സിറിൽ "ദിവ്യകാരുണ്യംസ്വീകരിക്കുന്ന സമയത്തു കൈകൾ സിംഹാസനത്തിൻെറ രൂപത്തിൽ കൂപ്പി പ്പിടിക്കുക" എന്നാണു് ഉപദേശിക്കുന്നതു്. ആ സമയത്തു ചൊല്ലുന്ന 'ആമ്മേൻ' ആരാധനയുടേയും ആദരവിൻേറയും ബാഹ്യപ്രകടനമായിരിക്കണം.

## പുതിയ പാതയിലേക്കു്

പതിമൂന്നാംനൂററാണ്ടോടുകൂടിയാണു് പുതിയൊരു പാതയിലേക്കു ദിവ്യകാരുണ്യഭക്തി തിരിഞ്ഞതു്. ഭയവും പേടിയും സ്നേഹത്തിനും തീക്ഷ്ണതയ്ക്കും വഴിമാറിക്കൊടുത്തു. ദിവ്യകാരുണ്യനാഥനെ ദൃഷ്ടിയിൽനിന്നും മറയ്ക്കുന്നതിനായി ചെയ്യാറുള്ള നടപടികളെല്ലാം ഓരോന്നായി മാറിമാറിവന്നു. വി. തോമസ് അക്വിനാസ് നിർമ്മിച്ച ലത്തീനിലുള്ള 'താന്തും എർഗോ' 'പാഞ്ചെലിൻഗ്വാ' എന്നീ ദിവ്യകാരുണ്യഗാനങ്ങൾ ഇത്തരത്തിലുള്ള ഭക്തിക്കു കരുത്തേകി. വി. കുർബാന ബലിയെന്നതിനേക്കാളുപരി ഒരു കൂദാശയായി കരുതപ്പെട്ടുവാനും തുടങ്ങി.

ഇതിനുമുമ്പുതന്നെ ദിവ്യകാരുണ്യം സൂക്ഷിക്കുന്ന പതിവുണ്ടായിരുന്നു. മരണാസന്നർക്കു് ഏററം അത്യാവശ്യകമായ തിരുപ്പാഥേയം നല്കണമെന്നു നീസായിലെ സാർവ്വത്രികസൂനഹദോസ് അനുശാസിക്കുന്നുണ്ടു്.

## ഭക്തിപ്രകടനങ്ങൾ

ദിവ്യകാരുണ്യത്തിന്നടുത്തു സമയം ചിലവഴിക്കുക ഒരു ഭക്തകൃത്യമായി ക്രമേണ രൂപംപ്രാപിച്ചു. ഡൊമിനിക്കൻകന്യാസ്ത്രീകളാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കാണിച്ചതു്. വി. കുർബ്ബാനക്കുമുമ്പിൽ കുനിയുക, മുട്ടുകുത്തുക, ആരാധിക്കുക എന്നിവയെല്ലാം വി. കുർബാനയോടു പ്രദർശിപ്പിച്ചിരുന്ന ഭക്തിപ്രകടനങ്ങളായിരുന്നു. എന്നാൽ, ഒരു കാൽമാത്രം മടക്കി ആരാധിക്കുന്ന പതിവു പതിനാറാംനൂററാണ്ടിലാണ് ആരംഭിച്ചതു്. പിയൂസ് അഞ്ചാമൻപാപ്പയുടെ നവീകരണസന്ദർഭത്തിൽ.

ഇത്തരത്തിൽ ദിവ്യകാരുണ്യക്രൂദാശയോടുള്ള ഭക്ത്യാരാധനകൾ വിശ്വാസികളുടെ ഇടയിൽ വർദ്ധിച്ചുകൊണ്ടിരുന്നതിനെ സാർവ്വത്രികസഭയും പ്രോത്സാഹിപ്പിച്ചു.

## വി. കുർബ്ബാനയുടെ തിരുനാൾ

ഈ ഉണർവ്വും ഉത്തേജനവും ഉൽക്കടമായതു് വി. കുർബാനയുടെ തിരുനാൾസ്ഥാപനത്തോടുകൂടിയാണ്. വി. കുർബാനയുടെ തിരുന്നാൾസ്ഥാപനത്തിനു മുമ്പുതന്നെ പ. കുർബാനയ്ക്കു പൊതുവാരാധന നല്കിയിരുന്ന ഒരുദിവസം ഉണ്ടായിരുന്നു, മാർച്ച് 24-ാംതീയതി. പക്ഷേ, അന്നൊക്കെ മാർച്ച് 25-ാം തീയതിയാ

യിരുന്നു ദുഃഖവെള്ളി. അതുകൊണ്ടു തലേ ദിവസമായ പെസഹാവ്യാഴാഴ്ച വി. കുർബാനയുടെ തിരുനാളായവർ കൊണ്ടാടി

പെസഹാദിനം നല്കുന്ന പരസ്യാരാധനകൾപുറമെ, ദിവ്യകാരുണ്യത്തിനുമാത്രമായി ഒരു തിരുനാൾദിനം വേണമെന്നു പലർക്കും ആഗ്രഹമുണ്ടായിരുന്നു. 1264-ൽ ആണു് ഈ ആഗ്രഹം സഫലീകൃതമായതു്; വി. കുർബാനയുടെ തിരുനാൾ സ്ഥാപനത്തോടേ.

"വിശുദ്ധരുടെ തിരുനാളുകളും വാർഷികോത്സവങ്ങളും ബഹുമാനത്തിൻെറ അടയാളങ്ങളാണെങ്കിൽ ഈ പുതിയ തിരുനാളും വി. കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെ സ്മരിക്കുവാനും അവിടുത്തേക്കു് ആദരാർപ്പണങ്ങൾ നടത്തുവാനുംവേണ്ടിയാണു്. അതു വർഷം മുഴുവനും നല്കപ്പെടുന്ന മററു് ആദരാർപ്പണങ്ങളേയും കുർബാനയിൽ നല്കപ്പെടുന്ന ആരാധനകളേയും അതിശയിക്കുന്നതായിരിക്കും..." നമ്മുടെ രക്ഷയുടെ സന്തോഷത്തെ സ്തുതിഗീതങ്ങൾ പ്രഖ്യാപനം ചെയ്യട്ടെ. വിശ്വാസം പ്രസംഗിക്കപ്പെടട്ടെ, ശരണം നവജീവൻ പ്രാപിക്കട്ടെ, സ്നേഹം ആഹ്ളാദത്താലും സന്തോഷത്താലും തുള്ളിച്ചാടട്ടെ". ഊർബൻ നാലാമൻപാപ്പ വി. കുർബാനയുടെ തിരുനാൾ സ്ഥാപിച്ചുകൊണ്ടു പുറപ്പെടുവിച്ച ബൂളായിൽനിന്നും എടുത്ത ചില വാചകങ്ങളാണിവ.

## അണിയറയിൽ പ്രവത്തിച്ചവർ

ഈ തിരുനാൾസ്ഥാപനത്തിൻെറ പിന്നിൽ പല കൈകൾ പ്രവത്തിച്ചിട്ടുണ്ടു്. അവയുടെ ശക്തിയാണിവിടെ നാം കൂടുതൽ തെളിവായി കാണുക.

## ജൂലിയാന

ജൂലിയാനയും വി. കുബ്ബാനയുടെ തിരുനാളുംതമ്മിൽ അഭേദ്യമായ ബന്ധമാണുള്ളതു്.

ജൂലിയാനാ ലീജിന്നടുത്തു റെട്ടീനായിൽ ജനിച്ചു. ചെറുപ്പംമുതല്ക്കുതന്നെ ഭക്തജീവിതത്തിൽ വളരെ ശ്രുഷ്കാന്തിയുള്ളവളായിരുന്നു. ദിവ്യകാരുണ്യത്തോടു പ്രത്യേകഭക്തി പ്രകടിപ്പിച്ചിരുന്നു.

പതിനാറാമത്തേ വയസ്സുമുതൽ അവൾക്കു് പലപ്പോഴും ദർശനം ഉണ്ടായി. പൂർണ്ണചന്ദ്രനിൽനിന്നും ഒരു ചെറിയഭാഗം വിട്ടുപോയതുപോലെ അവൾ പലപ്പോഴും കാണും. നമ്മുടെ കത്താവു് അതിൻെറ അന്തരാത്ഥം അവൾക്കു് ഒടുവിൽ മനസ്സിലാക്കിക്കൊടുത്തു. പൂർണ്ണചന്ദ്രൻ കത്തോലിക്കാസഭയാണു്. വി. കുബ്ബാനയുടെ തിരുനാൾ കത്തോലിക്കാസഭയിലില്ല. അതുകൊണ്ടു് ഒരുഭാഗം വേർപെട്ടുപോയിരിക്കുന്നു. ജൂലിയാനവേണം വി. കുർബാനയുടെ തിരുനാൾ സ്ഥാപിക്കുന്നതിനു തുനിയുക.

ജൂലിയാന ഈ വിവരം ലീജിലേ വികാരിയാ

യിരുന്ന ജോണച്ചനെ അറിയിച്ചു. ലീജിലെ മെത്രാനായിരുന്ന റോബർട്ട് ഈ ആശയത്തോടനുകൂലിച്ചു. തന്മൂലം, 1246-ൽ ഒരു രൂപതാസിനഡുംകൂടി ദിവ്യകാരുണ്യത്തിന്റെ തിരുനാൾ സ്ഥാപിക്കുന്നതിനു തീരുമാനിച്ചു. പക്ഷേ, നിർഭാഗ്യത്തിന് ആ വർഷം മെത്രാൻ മരിച്ചു.

1261-ൽ ഊർബൻ നാലാമൻ പാപ്പയായി അവരോധിക്കപ്പെട്ടു. ഊർബൻ പാപ്പായും ലീജിലെ വികാരിയും ഉററസ്നേഹിതരായിരുന്നു. മാർപ്പാപ്പായാകുന്നതിനുമുമ്പ് അദ്ദേഹം കാനൻ ജോണിന്റെ ഉപദേശകൻകൂടിയായിരുന്നു.

## തിരുനാൾസ്ഥാപനം

ഊർബൻ നാലാമൻപാപ്പ തിരുന്നാൾസ്ഥാപനത്തിനു് അനുകൂലിക്കുകമാത്രമല്ല, 1264-ൽ പ്രസിദ്ധീകരിച്ച ബൂളാ (Transiturus) പ്രകാരം വി. കുർബാനയുടെ തിരുനാൾ സാർവ്വത്രികസഭയിൽ ആഘോഷിക്കുന്നതിന് അനുശാസിക്കുകയുംചെയ്തു. പരി. ത്രിത്വത്തിന്റെ ഞായറാഴ്ചകഴിഞ്ഞുവരുന്ന വ്യാഴാഴ്ച തിരുനാൾദിനമായി ആചരിയ്ക്കാനും. അധികം കഴിയുന്നതിനുമുമ്പ് ഊർബൻ പാപ്പാ ദിവംഗതനായി. അതോടുകൂടി ഈ തിരുന്നാളിന്റെ പ്രചരണത്തിനും പ്രാധാന്യത്തിനും ഉടവുതട്ടി. റോമിൽനിന്നും അവിഞ്ഞോണിലേയ്ക്കു പാപ്പായുടെ താമസം മാറിയതോടുകൂടി അതു് ഒന്നുകൂടി ഉലയുകയുംചെയ്തു.

## ഉയിർത്തെഴുന്നേല്പ്

വിയന്നായിൽ കൂടിയ സാർവ്വത്രികസൂനഹദോസ് ഈ തിരുന്നാളിന്റെ പ്രാധാന്യം മലസ്സിലാക്കി. അതു കത്തോലിക്കസഭമുഴുവനിലും നടപ്പാക്കുന്നതിനു തീരുമാനിച്ചു. അങ്ങനെ 14-ാംനൂററാണ്ടിന്റെ ആരംഭത്തിൽത്തന്നെ വി. കുർബ്ബാനയുടെ തിരുനാൾ സഭയിലെ മുഖ്യതിരുന്നാളായിത്തീർന്നു.

ജൂലിയാനായ്ക്കു വളരെ എതിർപ്പുകളും വിഷമതകളും നേരിടേണ്ടിയിരുന്നു. നാട്ടുകടത്തൽവരെയുള്ള ശിക്ഷ അവളനുഭവിച്ചു. 1258-ൽ ഇവയെല്ലാം മകുടം ചാർത്തുമാറ് അവൾ ആ സ്ഥിതിയിൽ കാലഗതി പ്രാപിച്ചു, അവളിൽ ജ്വലിച്ചിരുന്ന ദിവ്യകാരുണ്യസ്നേഹം പിൻതലമുറകൾക്കു പ്രചോദനം നല്കുവാൻ ഇടവരുത്തിക്കൊണ്ട്.

## കൂട്ടുകാരി

ജൂലിയാനയുടെ മരണശേഷം പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോയതു് ഈവാണു്. ഈവ് ഒരു ഏകാന്തവാസിനിയായിരുന്നു.മോൺട്കൊണേലിലെ മദർ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടപ്പോൾമാത്രമാണു് ജൂലി തനിക്കുണ്ടായ ദർശനത്തെപ്പററി വികാരിയെ അറിയിച്ചതു്. എന്നാൽ, അതിനുമുമ്പുതന്നെ ജൂലിയാന തന്റെ ഉററമിത്രമായ ഈവിനോട്ട് ഇക്കാര്യം പറഞ്ഞിരുന്നു.

ജൂലിയാന മഠത്തിൽനിന്നും മടങ്ങിവന്നപ്പോൾ ഈവി നോടുകൂടിയാണു താമസിച്ചിരുന്നതു്. ആശയങ്ങളിലും ആദർശങ്ങളിലും ഇണങ്ങിച്ചേരുന്ന ദിവ്യാത്മാക്കളായിരുന്നു, ജൂലിയാനായും ഈവും. ദിവ്യകാരുണ്യഭക്തി പ്രചരണമായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ഈവിന്റെ പ്രേരണമൂലമാണു ലീജിലേ മെത്രാൻ പ്രസ്തുത തിരുന്നാൾ സ്ഥാപനാനുവാദത്തിനായി മാർപ്പാപ്പാക്കെഴുതിയതു്. അങ്ങനെ ഊർബൻപാപ്പായിൽനിന്നു് അനുവാദവും ലഭിച്ചു.

## നാല്പതുമണി ആരാധന

വി. കുർബ്ബാനയുടെ തിരുന്നാൾസ്ഥാപനത്തോടെ ദിവ്യകാരുണ്യഭക്തിക്കു കൂടുതൽ ഉണർവ്വും ചൈതന്യവും കൈവന്നു. മറഞ്ഞിരുന്ന ഈശോയെ അടുത്തറിഞ്ഞുസ്നേഹിക്കുവാൻ തുടങ്ങിയപ്പോൾ അവിടുന്നു കലവറകൂടാതെ അനുഗ്രഹങ്ങൾ വർഷിക്കാൻ തുടങ്ങി. ദിവ്യകാരുണ്യഭക്തർ ഈ രഹസ്യത്തോടു കൂടുതൽ കൂടുതൽ അടുക്കുവാനും ഇടയായി. അങ്ങനെ വി. കുർബാനയെ മറച്ചിരുന്ന യവനിക അല്പാല്പമായി മാറുവാൻ തുടങ്ങി. പ്രപഞ്ചസ്രഷ്ടാവായ ദൈവം മറഞ്ഞിരിക്കുന്ന ഒരു വസ്തു എന്നതിലുപരി, അനന്തസ്നേഹത്താൽ മനുഷ്യരെ ആശ്ലേഷിക്കുവാൻ ആശിക്കുന്ന സ്വർഗ്ഗസ്നേഹിതനായിട്ട് പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. മനുഷ്യഹൃദയങ്ങൾ ഈ പുത്തനാശയത്തിൽ പുളകംകൊണ്ടു: ക്രിസ്തു മനുഷ്യരുടെ ഇടയിൽ നിത്യേന ജീവിക്കുക!

## പ്രചാരണം

11-ാം ക്ലെമെൻറ്പാപ്പായുടെകാലത്താണ് നാല്പതുമണിആരാധന റോമിലേ ദേവാലയങ്ങളിലെല്ലാം നടപ്പാക്കുന്നതിന്ന നിർദ്ദേശം നല്കിയതു്. 1705 ജനുവരി 21-ാം തീയതി ക്ലെമൻറ് 11-ാമൻ നല്കിയ നിർദ്ദേശങ്ങൾ ക്ലെമൻറ് 12-ാമൻ സെപ്റ്റംബർ ഒന്നാം തീയതി നവീകരിച്ചു. ഇതാണ് ഇൻസ്ത്രുക്സിയോ ക്ലെമന്തീന (Instructio Clementina = ക്ലെമൻറിൻെറ നിർദ്ദേശങ്ങൾ) എന്ന പേരിൽ അറിയപ്പെടുന്നതു്. ആരംഭത്തിൽ 'ക്ലെമൻറിൻെറ നിർദ്ദേശങ്ങൾ' റോമാരൂപതയിൽമാത്രമേ പ്രാബല്യത്തിലുണ്ടായിരുന്നുള്ളൂ. റീത്തുകളുടെ തിരുസംഘം ഈ ഭക്തിയെ മററുള്ള രൂപതകളിലേക്കും വ്യാപിപ്പിക്കുന്നതിന്ന ശ്രമിച്ചു. പലമെത്രാന്മാരും തങ്ങളുടെ രൂപതകളിൽ ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതിന്നുചിതമായ മാർഗ്ഗമായി ഇതിനെ കണ്ടു. സന്തോഷത്തോടെ നാല്പതുമണി ആരാധന തങ്ങളുടെ രൂപതകളിൽ അവർ നടപ്പാക്കി.

## ഉദ്ദേശ്യം

മദ്ധ്യശതകം അവിശ്വാസത്തിൻേറയും അസാന്മാർഗ്ഗികതയുടേയും കാലഘട്ടമായിരുന്നു. വലിയ നോമ്പ് ആരംഭിക്കുന്നതിന്നുമുമ്പുള്ള മൂന്നുദിവസം 'കാർണ്ണിവൽ' എന്നപേരിലാണ് അറിയപ്പെടുന്നതു്. മാംസം ഉപേക്ഷിക്കുക എന്നാണ് വാച്യാർത്ഥമെങ്കിലും മാംസ

ത്തെ പോഷിപ്പിക്കുക എന്ന അർത്ഥമാണ് ആ വാക്കിനുള്ളത് എന്ന തരത്തിലായിരുന്നു ജനങ്ങൾ ജീവിച്ചത്. എല്ലാവിധ അരുതാത്തവകളും ചെയ്യുവാനുള്ള അവസരങ്ങളായി ആ ദിവസങ്ങൾ കണക്കാക്കപ്പെട്ടിരുന്നു. ഈ പരിതാപകരമായ അവസ്ഥക്കു പ്രതിവിധിയായി നാല്പതുമണി ആരാധന നടത്തി പരിഹാരം ചെയ്തു.

ഇന്നും തിന്മയുടെ വിളയാട്ടത്തിനു കടിഞ്ഞാണിടുവാൻ ദിവ്യകാരുണ്യനാഥനേ സാധിക്കൂ. പരിഹാരവും സ്നേഹപ്രകടനങ്ങളുമായി നാം അവിടുത്തെ സമീപിച്ച് ലോകത്തിൽ ആവർത്തിക്കപ്പെടുന്ന പാപങ്ങൾക്ക് പരിഹാരം അർപ്പിക്കുന്നു. നാല്പതുമണി ആരാധനയുടെ പ്രചരണകാലത്ത് യുദ്ധവിജയത്തിന് അതു കാരണമായതുപോലെ ഇന്നത്തേ അതിന്റെ പ്രധാനോദ്ദേശ്യവും യുദ്ധവിജയമാണ്. ഇന്നു രണ്ടുരാജ്യങ്ങൾ തമ്മിലല്ല, രണ്ടു പ്രത്യയശാസ്ത്രങ്ങൾതമ്മിലാണു യുദ്ധം. നന്മയുടേയും തിന്മയുടേയും. ദിവ്യകാരുണ്യനാഥനു നാല്പതുമണി ആരാധനവഴി നൽകുന്ന ബഹുമാനാദരവുകൾ തിന്മയുടെ മുന്നേററത്തെ തടയുന്നതിനു സഹായിക്കുന്നു.

---

*N. B.* നാല്പതുമണി ആരാധന നടക്കുന്ന സമയത്ത് സാധാരണ വ്യവസ്ഥകൾ നിറവേററി വിസീത്ത കഴിക്കുന്നവർക്ക് ഒരു പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാം.

കുമ്പസാരിച്ചു വി. കർബാന സ്വീകരിക്കുക, പള്ളിയിൽ വിസീത്ത കഴിക്കുക, പ. പാപ്പായ്ക്കുവേണ്ടി പ്രാർത്ഥിക്കുക എന്നിവയാണു സാധാരണ വ്യവസ്ഥകൾ.

### പാകപ്പിഴകൾ

ഏതൊരു സത്യത്തിനും അതിൻെറ പരിമിതിയും അതിർത്തിയുമുണ്ട്. അവയിൽനിന്നും വ്യതിചലിക്കുമ്പോൾ തെററിലേക്കാണു കാൽവയ്ക്കുക. ഇത്തരത്തിലുള്ള പിഴച്ച കാൽവെപ്പുകൾ ചരിത്രത്തിൽ ധാരാളമുണ്ട്. ദിവ്യകാരുണ്യഭക്തിയെസ്സംബന്ധിച്ചും ഇത്തരത്തിലുള്ള തെററുകൾ വിരളമല്ല. പക്ഷേ, സഭാമാതാവ് തെററുകളെ തിരുത്തിയും നേർവഴി ചൂണ്ടിക്കാണിച്ചും ഈ ഭക്തിയെ പോഷിപ്പിച്ചുകൊണ്ടേയിരുന്നു.

ചിലപ്പോൾ ദിവ്യകാരുണ്യഭക്തിയാൽ ആവേശിതരായി ചിലർ ദിവ്യകാരുണ്യാരാധനയും പ്രദക്ഷിണവും മററും ആഴ്ചതോറും നടത്തിത്തുടങ്ങി. വർദ്ധിച്ചുവരുന്ന ഇത്തരം ഭക്തിപ്രകടനങ്ങളെപ്പററി പര്യാലോചിക്കാൻ ഒരു കൗൺസിൽതന്നെ വിളിച്ചുകൂട്ടേണ്ടിവന്നു. 1452-ൽ പാപ്പായുടെ പ്രതിനിധി, കർദ്ദിനാൾ നിക്കോളാസിൻെറ കീഴിൽ സഭാപിതാക്കന്മാർ സമ്മേളിച്ച് ചർച്ചകൾ നടത്തി. വി. ബലിയുടെ പ്രാധാന്യത്തിന് ഉടവു തട്ടുമെന്നു കണ്ടുകൊണ്ടാണ് ഇപ്രകാരമുള്ള നിലപാട് സ്വീകരിക്കുവാൻ സഭ നിർബന്ധിതയായത്.

### ട്രെൻറ് സൂനഹദോസ്

ട്രെൻറ് കൗൺസിൽ ദിവ്യകാരുണ്യത്തെപ്പററി ഒരു പ്രത്യേക ഡിക്രിതന്നെ തയ്യാറാക്കിയിട്ടുണ്ട്. 1551 ഒക്ടോബറിൽക്കൂടിയ സമ്മേളനം പാസാക്കിയ ഡിക്രിയിൽ വി. കുർബാനയ്ക്കു നല്കേണ്ട ആരാധനയെപ്പററി വിവരിക്കുന്നു. (D 878—888) ദിവ്യകാരുണ്യത്തിനു ദൈവികാരാധനതന്നെയാണ നല്കേണ്ടതു് എന്നു് ഈ ഡിക്രിയിൽ പ്രത്യേകം എടുത്തു പറയുന്നു. അതിനു് ആധാരമായ തെളിവുകൾ പുതിയ നിയമത്തിൽനിന്നു് ഉദ്ധരിച്ചശേഷം ഇന്നു സഭയിൽ നിലവിലിരിക്കുന്ന ദിവ്യകാരുണ്യത്തിരുന്നാളുകളെപ്പററിയും പ്രതിപാദിയ്ക്കുന്നു. പ്രത്യേകമായ ആഘോഷത്തോടുകൂടെ ഈ തിരുന്നാളുകൾകൊണ്ടാടി വി. കുർബാനയ്ക്കു് ആരാധന നടത്തണം, പ്രദക്ഷിണമായി പൊതുനിരത്തുകളിലൂടെ വി. കുർബാന സംവഹിക്കപ്പെടണം എന്നെല്ലാം പ്രത്യേകം എടുത്തു പറയുന്നുണ്ടു്. ഈ സൂനഹദോസ് നാല്പതുമണി ആരാധനയുടെ സ്ഥാപനത്തിനു വളരെയധികം സഹായിച്ചിട്ടുണ്ടു്.

## ദിവ്യകാരുണ്യസന്ദർശനം

### ഉദ്ദേശ്യം

സ്നേഹിക്കുന്നവർ തമ്മിൽ കാണുന്നതിനാഗ്രഹിന്നു. പരസ്പരം സ്നേഹപ്രകടനങ്ങൾ നടത്തുന്നു. വാക്കുകൾ

കൈമാറുന്നു. ഇത്തരത്തിലുള്ള സ്നേഹപ്രകടനങ്ങളാണു് വി. കർബാനയുടെ സന്ദർശനംകൊണ്ടുദ്ദേശിക്കുന്നതു്. സ്നേഹിക്കുന്നതിനും സ്നേഹിക്കപ്പെടുന്നതിനും ആഗ്രഹിക്കുന്ന ഈശോയുടെ അടുക്കലേക്കു് ഹൃദയംനിറയെ സ്നേഹവുമായി ദിവ്യകാരുണ്യദാസർ വരുന്നു. അവർ ദിവ്യ ഈശോയുമായി സ്നേഹപ്രകടനങ്ങൾ നടത്തുന്നു. ഇതാണു ദിവ്യകാരുണ്യസന്ദർശനംകൊണ്ടുദ്ദേശിക്കുന്നതും.

ദിവ്യകാരുണ്യസന്ദർശനം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന വി. അൽഫോൻസ് ലിഗോരിയുടെ വാക്കുകൾതന്നെ വിസ്തീത്തയെ വിവരിക്കുന്നുണ്ടു്. "ദിവ്യകാരുണ്യസന്ദർശനങ്ങൾ" എന്ന പുസ്തകത്തിൻെറ മുഖവുരയിൽ അദ്ദേഹം എഴുതുന്നു: "നാഥൻ എത്ര മാധുര്യവാനാണെന്നു രുചിച്ചുനോക്കുക. ഒന്നു തീർച്ചയാണു്: ഈ ദിവ്യക്രൂദാശയ്ക്കു മുമ്പിൽ ചിലവഴിച്ച നിമിഷങ്ങളായിരിക്കും ഏററവും കൂടുതൽ ഉപയോഗപ്പെടുത്തിയവ. മരണസമയത്തും നിത്യതയിലും അവയിൽനിന്നായിരിക്കും ഏററവും കൂടുതൽ ആശ്വാസം ലഭിക്കുക".

പതിനഞ്ചുമിനിററുനേരമെങ്കിലും വിശുദ്ധ ക്രൂദാശക്കുമുമ്പിൽ ചിലവഴിക്കണമെന്നു് അദ്ദേഹം നിർദ്ദേശിക്കുന്നു. ഒരു ദിവസംചെയ്യുന്ന മററുള്ള ആദ്ധ്യാത്മികാഭ്യാസങ്ങളേക്കാളും ഫലദായകങ്ങളായിരിക്കും ദിവ്യനാഥൻെറ മുമ്പിൽ ചിലവഴിച്ച നിമിഷങ്ങൾ.

ദിവ്യനാഥനെ സന്ദർശിക്കണമെന്നു് അവിടുന്നുതന്നെ പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ടു്. വി. മാർഗ്ഗ

ററ്മേരി അലക്കോക്കിനു മുഠംമൂടിയാൽചുററപ്പെട്ട, അഗ്നി ജ്വലിക്കുന്ന തൻെറ ഹൃദയം തുറന്നു കാണിച്ചുകൊണ്ടു്, അവിടുന്നു തൻെറ ഇംഗിതം വെളിപ്പെട്ടുത്തി—ദിവ്യകാരുണ്യനാഥനോടുചെയ്യുന്ന അപമാനങ്ങഠംക്കു പരിഹാരം ചെയ്യുവാൻ. പാസിയിലേ വി. മറിയംമഗ്ദലനയോടു് ദിവസത്തിൽ 33 പ്രാവശ്യം തന്നെ സന്ദർശിക്കണമെന്നു് ഈശോ ആവശ്യപ്പെട്ടിരുന്നുവെന്നു് വി. അൽഫോൻസ്സ്ലിഗോരി എഴുതുന്നു. ഈശോയുടെ ആഗ്രഹത്തെ വിശുദ്ധ കൃത്യമായി പാലിച്ചുപോന്നു. വി. അലോഷ്യസിനെപ്പററിപ്പറയുന്നതു്, അദ്ദേഹം വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയിൽ ആകൃഷ്ടനായി വി. കുർബാനയുടെ മുമ്പിൽ മണിക്കൂറുകഠംതന്നെ ചിലവഴിക്കാൻ ആഗ്രഹിച്ചിരുന്നുവെന്നാണു്. വി. കുബ്ബാനയുടെ മുമ്പിൽ അധികസമയം ചിലവഴിക്കരുതെന്നുള്ള അധികാരികളുടെ കല്പന ലംഘിക്കുമെന്നു ഭയന്നു് ഈശോയോടു "എന്നിൽനിന്നു അകന്നുപോകുക, കത്താവേ അകന്നുപോകുക" എന്നു് ഉദീരണം ചെയ്യാറുണ്ടായിരുന്നത്രേ!

ഇപ്രകാരം ദിവ്യകാരുണ്യത്തിലേ ഈശോയുമായി സ്നേഹസായൂജ്യത്തിൽ വിലയം പ്രാപിക്കുന്നതിനു പല വിശുദ്ധർക്കും കഴിഞ്ഞിട്ടുണ്ടു്. അവരുടെ വിശ്വാസതീക്ഷ്ണതയും ദൈവസ്നേഹവുമാണു് അതിനു് അവരെ പ്രേരിപ്പിച്ചതു്. ഈശോയോടു സംസാരിക്കുമ്പോഠം എന്തെന്നില്ലാത്ത ആശ്വാസവും ഉഠംക്കുളിർമയും നമുക്കു് അനുഭവവേദ്യമാകും സംശയമില്ല. വി

ശ്വാസത്തോടെ അവിടുത്തെ സമീപിക്കുന്നവർക്ക് അവിടുന്ന് ധാരാളം അനുഗ്രഹങ്ങൾ നല്കും.

## രീതി

വിസീത്ത നടത്തുന്നതിനു പലരും പല മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നതു്. ചിലർ വാചാപ്രാർത്ഥനകൾ ചൊല്ലി ദിവ്യനാഥനുമായി സംഭാഷണം നടത്തുന്നു. ദിവ്യകാരുണ്യഭക്തരാൽ നിർമ്മിതമായ 'ദിവ്യകാരുണ്യസന്ദർശനങ്ങൾ' ഇതിനുപകരിക്കുന്നു.

വാചാപ്രാർത്ഥനകൾകൂടാതെയും വിസീത്ത നടത്താം. ദിവ്യകാരുണ്യവുമായി ബന്ധപ്പെട്ട സത്യങ്ങൾ നിരവധിയാണ്. അവയെപ്പററി ചിന്തിച്ച് ഈശോയുമായി സ്നേഹൈക്യത്തിൽ വിസീത്ത നടത്തുന്നവർ ധാരാളമുണ്ട്.

ദിവ്യകാരുണ്യനാഥനുമായി സ്നേഹസംഭാഷണങ്ങൾ നടത്തിയും വിസീത്ത കഴിക്കാം.

ഓരോ രീതിക്കും അതിന്റേതായ ഗുണങ്ങളുണ്ട്. എല്ലാത്തിലും ദിവ്യനാഥനുമായി യോജിച്ച് സ്നേഹാദരവുകൾ പ്രകടിപ്പിക്കുക എന്ന പ്രധാനഭാഗം അടങ്ങിയിരിക്കണം. ഹൃദയം ദിവ്യനാഥനുമായി യോജിച്ചിരിക്കണം. ഏതെങ്കിലും ഒരുമാർഗ്ഗം തിരഞ്ഞെടുക്കുന്നതു പ്രയോജനപ്രദമാണ്.

## ഒരു പ്രായോഗികമാർഗ്ഗം

പരിശുദ്ധാത്മാവിനെ നമ്മുടെ സഹായത്തിന്ന വിളിക്കുക. ആ ആശ്വാസപ്രദൻ നമ്മുടെ ഓരോ ചലനത്തിനും സഹായിയായിരിക്കും. അതിന്നുശേഷം ദിവ്യകാരുണ്യത്തിലെഴുന്നള്ളിയിരിക്കുന്ന ഈശോയോടുള്ള വിശ്വാസം, ആരാധന ഇവ പ്രകടമാക്കുക. കൃതജ്ഞത, പരിഹാരം, യാചന ഇവയുടെ പ്രകരണങ്ങളും ചൊല്ലുക. ഇവയ്ക്കുശേഷം 1സ്വർഗ്ഗ. 1നന്മ. 1ത്രിത്വസ്തുതിയും ചൊല്ലി അവസാനിപ്പിക്കാം.

ഈശോയുടെ അഞ്ചു തിരുമുറിവുകളെപ്പററി ചിന്തിച്ചുകൊണ്ടും വിസീത്ത നടത്താവുന്നതാണ്.

## വി. അൽഫോൻസിൻെറ മാർഗ്ഗം

വി. അൽഫോൻസ് ലിഗോരി തൻെറ ദിവ്യകാരുണ്യസന്ദർശനങ്ങൾ ക്രോഡീകരിച്ചിരിക്കുന്നതു് ഇപ്രകാരമാണ്: എല്ലാ സന്ദർശനങ്ങൾക്കും പൊതുവായി ആദ്യം ഒരു പ്രാത്ഥന. അതിൽ ദൈവസാന്നിദ്ധ്യസ്മരണ, ആരാധന, കൃതജ്ഞത, പരിഹാരം, സ്നേഹം, മനസ്താപം, യാചന ഇവയുടെ പ്രകരണങ്ങളെല്ലാം ചുരുക്കമായി പ്രകടിപ്പിക്കുന്നു.

മാസത്തിലെ ഓരോ ദിവസത്തേയ്ക്കും പ്രത്യേകം പ്രത്യേകമായിട്ടുള്ള വിസീത്തകൾ അതിനെത്തുടർന്നു വരുന്നു. അവയിലെല്ലാം ഒരു സാമാന്യതത്വം പാലിക്ക

പ്പെടുന്നുണ്ട്. ആദ്യം ദിവ്യകാരുണ്യത്തെ സംബന്ധിച്ച് ഒരു ചെറിയ ധ്യാനം. ദിവ്യകാരുണ്യഭക്തരുടെ ജീവിതത്തിൽനിന്നും എടുത്തിട്ടുള്ള ചെറിയൊരു സംഭവമായിരിക്കും വിഷയം. പിന്നീട് അതിൽനിന്നുള്ള പ്രായോഗികചിന്തയായി വിസീത്ത കഴിക്കുന്ന ഭക്താത്മാവ് സ്വയം തന്റെ പോരായ്മകളെ ഏറ്റു പറഞ്ഞു മേലിൽ കൂടുതൽ ആത്മാർത്ഥതയോടെ ദിവ്യനാഥനെ സ്നേഹിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. അതിനെത്തുടർന്ന് ദിവ്യകാരുണ്യനാഥനെ അഭിസംബോധനചെയ്തുകൊണ്ടുള്ള ഒരു സുകൃതജപവും.

എല്ലാത്തിനും മകുടമായി ദിവ്യകാരുണ്യനാഥനെ ആദ്ധ്യാത്മികമായി സ്വീകരിക്കുന്നു.

വിശുദ്ധൻ എല്ലാ വിസീത്തയിലും മാതാവിനോടുള്ള ഓരോ വിസീത്തയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്നേഹത്തിന് പ്രത്യേകം തയ്യാറാക്കിയ വാക്കുകളൊന്നും ആവശ്യമില്ല. സ്നേഹിക്കുന്നവർ തമ്മിലുള്ള ഭാഷണം സ്വാഭാവികമായിരിക്കും, ഹൃദയത്തിൽനിന്നും ഉയിർക്കൊള്ളുന്നതായിരിക്കും.

## ആദ്ധ്യാത്മിക ദിവ്യകാരുണ്യസ്വീകരണം

ദിവ്യകാരുണ്യസന്ദർശനത്തോടൊത്തുപോകുന്നതാണ് അരൂപിയാലുള്ള ദിവ്യകാരുണ്യസ്വീകരണവും.

### ലക്ഷ്യം

തന്നെത്തന്നെ മുഴുവനായി നല്കുക എന്നതാണു ക്രി

സ്തുവിൻെറ ആഗ്രഹം. അതു സാധിതമാകുന്നതു ദിവ്യകാരുണ്യത്തിലൂടെയാണ്. ആ മഹാരഹസ്യം നമ്മൾ സ്വീകരിക്കുമ്പോൾ ക്രിസ്തുനാഥൻ തന്നെത്തന്നെ നമുക്കായി നല്കുന്നു.

കൂദാശപരമായ ദിവ്യകാരുണ്യസ്വീകരണംവഴിയല്ലാതെ ആധ്യാത്മികമായും ക്രിസ്തുനാഥനുമായി ഒന്നാകാൻ കഴിയും. വി. കൂദാശയിൽ സ്വീകരിക്കുന്ന അതേ ക്രിസ്തുവിനെത്തന്നെ വിശ്വാസത്താലും ആഗ്രഹത്താലും നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കാൻ ആഗ്രഹിക്കുക. ഈ ആഗ്രഹം ദിവ്യനാഥനുമായുള്ള ഏകീഭാവത്തിനു കാരണമാകുന്നു. അതു വഴിയായി ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും വസിക്കുന്നു.

ഏതെങ്കിലും കാരണത്താൽ കൂദാശയിലൂടെ ദിവ്യനാഥനെ സ്വീകരിക്കുവാൻ കഴിയാതെ വന്നാൽ ആധ്യാത്മികസ്വീകരണംവഴിയഥാത്ഥഫലം ലഭിക്കുന്നതാണ്. ആദ്ധ്യാത്മികദിവ്യകാരുണ്യസ്വീകരണം ഏതു സമയത്തും സാധിക്കാവുന്നതാണ്. കുരിശിൻെറ വാഴ്ത്തപ്പെട്ട അഗത്ത ദിവസത്തിൽ ഇരുനൂറു പ്രാവശ്യം ആദ്ധ്യാത്മികദിവ്യകാരുണ്യസ്വീകരണം നടത്തിയിരുന്നു. ദിവ്യനാഥനെ സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി ഈ ഭക്തി നിർദ്ദേശിക്കപ്പെടുന്നു. വി. അൽഫോൻസു ലിഗോരി ഓരോ വിസീത്തയിലും ഇതു നടത്തുവാൻ നിർദ്ദേശിക്കുന്നു. കൂടാതെ, കുർബ്ബാനയ്ക്കിടയ്ക്കു മൂന്നു പ്രാവശ്യം ആധ്യാത്മിക ദിവ്യകാരുണ്യംകഴിക്കുവാനും അദ്ദേഹം ഉപദേശിക്കുന്നുണ്ട്.

**ഫലം**

ഓരോപ്രാവശ്യവും നമ്മിൽ അദൃശ്യമായവിധത്തിൽ നവീകരണം സംഭവിക്കുന്നു. അതോടൊപ്പം ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിൻേറയും പീഡകളുടേയും രഹസ്യം ഭക്തിപൂർവ്വം സ്മരിക്കുകയും മിശിഹായുടെ സ്നേഹത്താൽ ഉജ്ജ്വലരാകുകയും ചെയ്യുന്നു.

ധാരാളം അനുഗ്രഹങ്ങൾ ഇതുവഴി ലഭിക്കുന്നു. വാഴ്ത്തപ്പെട്ട ജയിനിനോട്ട് ഈശോ അരുളിച്ചെയ്തിരിക്കുന്നത് ഓരോ ആ. ദി. സ്വീകരണത്തിനും ക്രദാശപരമായ ദിവ്യകാരുണ്യസ്വീകരണത്തിൻെറ ഫലം ലഭിക്കുമെന്നാണ്.

വി. തോമസ് അക്വീനാസും ഇതേ അഭിപ്രായമാണു പ്രകടിപ്പിക്കുന്നതു്. അദ്ദേഹം ക്രദാശപരമായ ദിവ്യകാരുണ്യസ്വീകരണവും ആധ്യാത്മിക ദിവ്യകാരുണ്യസ്വീകരണവും തമ്മിലുള്ള വ്യത്യാസം ക്രദാശപരമായ മാമ്മോദീസായും ആഗ്രഹത്താലുള്ള മാമ്മോദീസായും തമ്മിലുള്ള വ്യത്യാസത്തോടാണു താരതമ്യം ചെയ്യുന്നതു്. മാമ്മോദീസാ രണ്ടും ഫലത്തിൽ ഒന്നുതന്നെ. അദ്ദേഹം തുടർന്നു പറയുന്നു: ചിലർ ആഗ്രഹത്താലുള്ള മാമ്മോദീസാ ജലത്താലുള്ള മാമ്മോദീസായ്ക്കുമുമ്പ് സ്വീകരിക്കുന്നതുപോലെതന്നെ ക്രദാശപരമായ ദിവ്യകാരുണ്യത്തിനുമുമ്പ് ആധ്യാത്മിക ദിവ്യകാരുണ്യം സ്വീകരിക്കുന്നു. സെൻറ് തോമസ് തുടന്നു പ്രസ്താവിക്കുന്നു: മാലാഖമാർ ക്രിസ്തുവിനെ ആദ്ധ്യാത്മികമായി സ്വീ-

രിക്കുന്നു. ഒരു വ്യത്യാസംമാത്രം. അവർ സ്വർഗ്ഗത്തിൽ ഈശോയെ നേരിൽ ദർശിച്ചുകൊണ്ടുതന്നെ അവിടുത്തെ സ്വീകരിക്കുന്നു. പരിപൂർണ്ണ സ്നേഹാസ്വാദനംവഴിയാണ് അവർ അതു സാധിക്കുന്നത്. ക്രിസ്തു യഥാർത്ഥത്തിൽ മാലാഖമാരുടെ ഭോജനമാണ്. പക്ഷേ, ആദ്ധ്യാത്മികസ്വീകരണം നിഷ്കൃഷ്ടാർത്ഥത്തിൽ മാലാഖമാരുടേതെന്നതിനേക്കാൾ മനുഷ്യരുടേതാണ്. വിശ്വാസം അവരുടേതുമാത്രമാണല്ലോ(1).

## മാർഗ്ഗം

വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ ചെറിയൊരു ജപം ചൊല്ലി ഈശോയെ ഹൃദയത്തിലേക്കു ക്ഷണിക്കുക. സാധാരണ ചൊല്ലുന്ന ജപം താഴെ കൊടുക്കുന്നു.

എൻെറ ഈശോ, അങ്ങു യഥാർത്ഥമായി പരമപരിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളെക്കാളും അങ്ങേ ഞാൻ സ്നേഹിക്കുന്നു. അങ്ങേ സ്വീകരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. കുർബാനപരമായി സ്വീകരിക്കാൻ എനിക്കിപ്പോൾ സാധ്യമല്ലാത്തതിനാൽ ആദ്ധ്യാത്മികമായി അങ്ങെന്നിൽ എഴുന്നള്ളിവരണമേ. അങ്ങ് സത്യമായി എന്നിൽ എഴുന്നള്ളി വന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങേ ഞാനാരാധിക്കുന്നു. അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു. അങ്ങ് ഒരുനാളും എന്നിൽനിന്ന് അകന്നുപോകരുതേ.

---

(1) S. Thomas. S. Theologica III a q. 80, a, 1, 2.

പ്രത്യേകം ജപം ചൊല്ലാതെയും ആദ്ധ്യാത്മികമായി ദിവ്യകാരുണ്യം സ്വീകരിക്കാം. ഈശോയോടുള്ള ഒരു സ്നേഹപ്രകടനംമാത്രം മതി. വി. തോമസ് അക്വീനാസിൻെറ അഭിപ്രായപ്രകാരം ക്രിസ്തുവിനെ ആദ്ധ്യാത്മികമായി സ്വീകരിക്കുന്നതു്, കൂദാശപരമായി സ്വീകരിക്കാൻ ആഗ്രഹിക്കുമ്പോഴാണു്.

## ദിവ്യകാരുണ്യകോൺഗ്രസ്സ്

**ആരംഭം**

പത്തൊൻപതാംനൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ ഫ്രാൻസ് ലൗകായികതയിലേക്കു താണിറങ്ങുകയായിരുന്നു. ഈ പരിതാപസ്ഥിതിയിൽ എല്ലാ നല്ലമനുഷ്യരും വേദനിച്ചു. കത്തിപ്പടരുന്ന ഈ ഭൗതികചിന്തയെ കെടുത്തിക്കളയുക അത്ര എളുപ്പമല്ലായിരുന്നു. എങ്കിലും ഈ അവസ്ഥാവിശേഷത്തിൽ രക്ഷാകരമായൊരു പരിവത്തനം വരുത്താൻ പലരും ശ്രമിച്ചു.

1873-ൽ വി പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിൽ ഒരുകൂട്ടം ജനങ്ങൾ ഈശോയുടെ തിരുഹൃദയത്തിനു തങ്ങളെത്തന്നെ സമർപ്പിച്ചു. ഫ്റഞ്ചുപാർലിമെൻറിലെ അറുപതു് ഔദ്യോഗിക പ്രതിനിധികളും ഇതിൽ പങ്കെടുത്തിരുന്നു. എമിലിയ എന്നു വിളിക്കപ്പെട്ടിരുന്ന മരിയ മത്താ ബാപ്റ്റിസ്റ്റിൻ തമസിയ എന്ന പെൺകുട്ടിയും ഈ ചടങ്ങിൽ സന്നിഹിതയായിരുന്നു. ദിവ്യകാരുണ്യത്തിലൂടെ ഫ്റാൻസിനെ

രക്ഷിക്കുക എന്ന പുതിയൊരാശയം അവളിൽ ഉദിച്ചു. ഈ ആശയമാണ് അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിനു വിത്തു പാകിയതു്.

## മരിയ തമസിയർ (Marie Marthe Baptistine Tamisier)

1834 നവംബർ 10-ാം തീയതിയാണു് മരിയ ജനിച്ചതു്. ചെറുപ്പത്തിൽത്തന്നെ ദിവ്യകാരുണ്യഈശോയോടു പ്രത്യേക ഭക്തി പ്രകടിപ്പിച്ചിരുന്നു. "ദിവ്യകാരുണ്യം സ്വീകരിക്കാത്തദിവസം, ദുഃഖവെള്ളിയാണു് എന്നു് അവൾ പറയാറുണ്ടു്.

മൂന്നുപ്രാവശ്യം അവൾ സന്യാസിനിയാകാൻ ശ്രമിച്ചു. മൂന്നും നിഷ്ഫലമായി. മൂന്നാമത്തേ തവണ വി. പീററർ ജൂലിയൻ എയ്മാർ സ്ഥാപിച്ച നിത്യാരാധനസംഘത്തിലാണു് ചേർന്നതു്. അവിടെവച്ചു ഒരു ഭക്ത സ്ത്രീ നിത്യാരാധനസംഘം സ്ഥാപിക്കാൻ അവളെ ക്ഷണിച്ചു. പക്ഷേ, അതും വിജയത്തിലല്ല കലാശിച്ചതു്.

സന്യാസജീവിതത്തിനുള്ള വാതിലുകൾ തൻെറ മുമ്പിൽ കൊട്ടിയടക്കപ്പെട്ടതായി അവൾക്കു തോന്നി. വി. ജോൺ വിയാനിയുടെ ശവകുടീരത്തിങ്കൽവച്ചു് ഒരേകാന്തജീവിതം നയിക്കുവാൻ അവൾ തീരുമാനിച്ചു. അവിടെവച്ചാണു് തൻെറ ദൈവവിളി അവൾ ശരിക്കു തിരിച്ചറിഞ്ഞതു്, ധ്യാനവും പ്രവൎത്തനവുംകൊണ്ടു് നെയ്തെടുത്ത ജീവിതംവഴി ദിവ്യകാരുണ്യനാഥനെ മററുള്ളവർ

കളെ കാണിച്ചുകൊടുക്കുക. അവർ കത്തുകൾ എഴുതി, യാത്രകൾകഴിച്ചു, പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. ഡിസേഗ്രർ, റിച്ചാർഡ് തുടങ്ങിയസഭാ തലവന്മാരും അവളെ സഹായിച്ചു. ഇവരുടെ സഹായവും പ്രേരണയും അവളുടെ സംരംഭങ്ങൾക്ക് ഉണർവ്വും ഉത്തേജനവും നല്കിക്കൊണ്ടിരുന്നു. ഒടുവിൽ 13-ാംലെയോ മാർപ്പാപ്പയുടെ അനുഗ്രഹാശിസ്സുകളോടുകൂടി ആദ്യത്തേ ദിവ്യകാരുണ്യകോൺഗ്രസ്സ് ലില്ലിൽ വിളിച്ചുകൂട്ടി. 3000 ആരാധകർ അടച്ചിട്ടിരുന്ന പള്ളിക്കു പുറത്തുനിന്നു ദിവ്യകാരുണ്യനാഥനെ ആരാധിച്ചു.

മരിയയുടെ പ്രവർത്തനമെല്ലാം അണിയറയിൽനിന്നുകൊണ്ടായിരുന്നു. അന്നൊന്നും മരിയ അറിയപ്പെട്ടിരുന്നില്ല. അവളുടെ മരണശേഷംമാത്രമാണു ദിവ്യകാരുണ്യകോൺഗ്രസ്സുമായി അവളുടെ നാമം ബന്ധപ്പെട്ടു കാണുക. ലൂർദ്ദിൽവെച്ചു നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽ അവൾക്കു "ദിവ്യകാരുണ്യത്തിന്റെ ജോവാൻ ഓഫ് ആർക്കു്" എന്ന ബഹുമതി നല്കപ്പെട്ടു.

## വളർച്ച

ഗാസ്റ്റൺ ഡി സേഗ്രുൺ മെത്രാന്റെ നേതൃത്വത്തിൽ നടത്തി, ആദ്യത്തേ കോൺഗ്രസ്സ്. തുടർന്നു സംഘടിപ്പിക്കപ്പെട്ട കോൺഗ്രസ്സുകൾ ഒരു തരത്തിൽ പ്രാദേശികങ്ങളായിരുന്നുവെങ്കിലും, സ്വഭാവത്തിൽ അന്തർദ്ദേശീയങ്ങളായിരുന്നു

ഓരോ കോൺഗ്രസ്സിനും അതിൻെറ മുമ്പത്തേതിനേക്കാൾ പ്രാധാന്യം ഉണ്ടായിരുന്നു. കാലദേശസംസ്കാര വ്യത്യാസമനുസരിച്ച് ഓരോ കോൺഗ്രസ്സിലും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഉദാഹരണത്തിന് 1888-ൽ പാരീസിൽ സമ്മേളിച്ച കോൺഗ്രസ്സ് "ക്രിസ്തു ലോകരാജൻ" എന്ന മുദ്രാവാക്യമാണ് കേന്ദ്രവിഷയമായി എടുത്തിരുന്നത്. ഫ്റാൻസിലേ ഔദ്യോഗികതലത്തിൽ കുമിഞ്ഞുകൂടിക്കൊണ്ടിരുന്ന ക്രൈസ്തവേതര ചിന്താഗതിക്കെതിരായുള്ള ഒരു വെല്ലുവിളിയായിരുന്നു ആ കോൺഗ്രസ്സ്.

1893-ൽ ജറുസലത്തുകൂടിയ സമ്മേളനമൊഴിച്ച ബാക്കിയുള്ള ആദ്യത്തേ പതിനാലു കോൺഗ്രസ്സുകളും ഫ്റാൻസിൻേറയും ഫ്റഞ്ചുഭാഷാസ്വാധീനമുള്ള രാജ്യങ്ങളുടേയും അതിത്തിയിൽത്തന്നെയാണ നടത്തപ്പെട്ടത്. ജറുസലത്തുകൂടിയ സമ്മേളനത്തിന്ന് അതിൻേറതായ പ്രാധാന്യം ഉണ്ടായിരുന്നു. ദിവ്യനാഥൻ നന്മമാത്രം ചെയ്തു് ചുററിനടന്ന ഈ സ്ഥലത്ത് അവിടുത്തെ ആരാധിക്കുവാൻ പല സ്ഥലങ്ങളിൽനിന്നും കത്തോലിക്കർ ഓടിക്കൂടി. ഗദ്സമനിൽവെച്ചുതന്നെ ആരാധനയും പ്രസംഗങ്ങളും നടത്തപ്പെട്ടു. ലെയോ പാപ്പാ തൻെറ പ്രതിനിധിയെ അയച്ചു പ്രത്യേകവിധത്തിൽ അതിനെ ആശീർവ്വദിച്ചു. റെയമിലേ മെത്രാപ്പോലീത്തയായിരുന്ന കാർഡിനൽ ലാങ്ങേനീ (Cardinal Langenieux)യായിരുന്നു പേപ്പൽ പ്രതിനിധി.

## പുരോഗതി

ഇരുപത്തഞ്ചുകൊല്ലം കഴിഞ്ഞാണ് ദിവ്യകാരുണ്യസമ്മേളനം പുതിയൊരു കാൽവെപ്പിന്നു് തയ്യാറായതു്. 1910-ൽ മോൺട്രിയലിലാണ കോൺഗ്രസ്സ് സമ്മേളിച്ചതു്. ഈ സമ്മേളനമൊഴിച്ചു 1926-വരെയുള്ളവയെല്ലാം യൂറോപ്യൻരാജ്യങ്ങളിലാണ് കൂടിയതു്. 1926-ൽ ഷിക്കാഗോയിലും .1905-ലെ സമ്മേളനമാണ് ഈ പുത്തൻ പരിവർത്തനത്തിന്ന തൊട്ടുകുറിചാർത്തിയതു്. അതു റോമിലാണ് സമ്മേളിച്ചതു്, വി. പത്താംപീയൂസിൻെറ പ്രത്യേകാഭിലാഷമനുസരിച്ചു്. ആ ദിവ്യകാരുണ്യഭക്തൻതന്നെ പ്രാരംഭസമ്മേളനത്തിൽ ദിവ്യബലിയർപ്പിച്ചു. അവസാനചടങ്ങിൽ പ്രത്യേകിച്ചു് പ്രദക്ഷിണത്തിൽ സന്നിഹിതനായി പ്രത്യേകവിധം കോൺഗ്രസ്സിനെ അനുഗ്രഹിക്കുകയുണ്ടായി. ഈ സമ്മേളനമാണ പ്രതിദിനദിവ്യകാരുണ്യസ്വീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ത്രിദെന്തീന സിനോദൂസ്'' (Tridentina Synodus) എന്ന ഡിക്രിയുടെ പ്രസിദ്ധീകരണത്തിന്ന പ്രചോദനം നല്കിയതു്.

റോമിലേ ആദ്യത്തേ സമ്മേളനശേഷമുള്ള എല്ലാ കോൺഗ്രസ്സുകൾക്കും പേപ്പൽപ്രതിനിധി സന്നിഹിതനായിരുന്നു. രണ്ടാമത്തേ റോമൻ കോൺഗ്രസ്സിൽ മാർപ്പാപ്പാ ആദ്ധ്യക്ഷം വഹിച്ചു. 1928-നുശേഷം എല്ലാസമ്മേളനങ്ങൾക്കും മാർപ്പാപ്പ പ്രത്യേക സന്ദേശങ്ങൾ അയച്ചുകൊടുത്തിരുന്നു.

## ഔദ്യോഗികസമിതി

അടുത്തകാലങ്ങളിൽ എല്ലാവൻകരകളിലും ദിവ്യകാരുണ്യസമ്മേളനം നടത്തുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. ഒരു സമ്മേളനംകഴിഞ്ഞു മറെറാന്നു് ഉണ്ടാകുന്നതുവരെയുള്ള ഇടക്കാലത്തു് രണ്ടു സമ്മേളനങ്ങളും തമ്മിൽ ബന്ധം ഏർപ്പെടുത്തുവാൻവേണ്ടി ഒരു സ്ഥിരം കമ്മററിയുണ്ടു്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഈ കമ്മററിയുടെ ആസ്ഥാനം റോമിലാണു്. പ. പിതാവുതന്നെയാണു് ഓരോ സമ്മേളനത്തിന്റേം സ്ഥലം നിശ്ചയിക്കുന്നതു്.

## ഗുണകാംക്ഷികൾ

ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ആരംഭക തമിസിയർ ആണെങ്കിലും അതിൻെറ സ്ഥാപനത്തിനു വി. പീററർ ജൂലിയൻ എയ്മാർ ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണു്. മരിയ തമസിയർ നാലുവർഷത്തോളം ഈ വിശുദ്ധൻെറ ആദ്ധ്യാത്മികശിക്ഷണത്തിലായിരുന്നു. കോൺഗ്രസ്സിനെപ്പററിയുള്ള ആശയം അദ്ദേഹത്തിൽനിന്നാണു് തനിക്കു ലഭിച്ചതെന്നു് അവൾ പറഞ്ഞിട്ടുണ്ടു്: "അദ്ദേഹത്തിൻെറ ആശയങ്ങളാണു് എൻെറ ജീവിതത്തെ നയിച്ചിരുന്നതു്. അതേ ആശയങ്ങൾതന്നെയാണു് ഈ സംരംഭത്തിനു് (കോൺഗ്രസ്സിനു്) രൂപവും വളർച്ചയും നല്കിയതു്."

ഫിലിബേർ വ്രോ(Philibert Vraw)യുടെ നാമ

വും ഇത്തരുണത്തിൽ അവിസ്മരണീയമാണ്. ഇദ്ദേഹമാണ് ലിയിൽ സത്യാരാധന നടപ്പാക്കുന്നതിനു പരിശ്രമിച്ചു വിജയിച്ചതു്. തമീസിയറിന്റെ പ്രേരണയാൽ ഡിസേഗുർ മെത്രാൻ പ്രോയുടെ അഭിപ്രായം ആരാഞ്ഞു. അദ്ദേഹത്തിന്റെ സ്വാധീനവും ശക്തിയും ആദ്യകോൺഗ്രസ്സ് സമ്മേളനത്തിന്നു വളരെയധികം സഹായിച്ചിട്ടുണ്ടു്.

### മദ്ധ്യസ്ഥൻ

ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. പാസ്കൽ ബൈലൺ ആണു്.

ഇരുപത്തിനാലു വയസ്സുവരെ അദ്ദേഹം ഒരു യജമാനന്റെ കീഴിൽ ആടുകളെ മേയിച്ചു നടന്നു. ചെറുപ്പംമുതല്ക്കു് അദ്ദേഹത്തിൽ ദിവ്യകാരുണ്യഭക്തി പ്രകടമായിരുന്നു. യജമാനൻ ഇദ്ദേഹത്തെ പരിശുദ്ധ ഇടയൻ എന്നാണു വിളിച്ചിരുന്നതു്. മാർട്ടിൻ ഗാർസിയസ് തന്റെ മകളെ ഈ വേലക്കാരനെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നു് വിചാരിച്ചിരിക്കയായിരുന്നു. പക്ഷേ, പാസ്ക്കൽ ഒരു ഫ്റാൻസിസ്കൻ ആശ്രമത്തിൽ ചേരുകയാണുണ്ടായതു്.

ആശ്രമത്തിൽ ഇദ്ദേഹത്തിനു് പടികാവലായിരു

ന്നു ജോലി. തൻെറ ജോലിയ്ക്കിടയ്ക്കും അദ്ദേഹം ദിവ്യകാരുണ്യഈശോയുമായി സംഭാഷിച്ചിരുന്നു.

ഇത്ര ആർഭാടമായി കഴിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിന് ഇത്ര എളിയ ജീവിതം കഴിച്ച ഈ വിശുദ്ധനെ മദ്ധ്യസ്ഥനായി നല്കിയതിൽ പലരും വിസ്മയിക്കുന്നുണ്ട്. അവർക്കു മറുപടിയായി നസ്രസിലേയും ക്രൂദാശയിലേയും ഈശോയെ ചൂണ്ടിക്കാട്ടുകമാത്രമെ ചെയ്യുന്നുള്ളൂ.

# IX

# പരിശുദ്ധ കുർബാനയും പുണ്യപരിപൂർണ്ണതയും

പരിപൂണ്ണതപ്രാപിക്കുക-മനുഷ്യൻെറ അടങ്ങാത്ത അഭിനിവേശമാണതു്. അപൂണ്ണതകളെക്കുറിച്ചുള്ള അവബോധം അവനെ അതൃപ്തനാക്കുന്നു. പോരായ്മകൾ പരിഹരിച്ചുകൊണ്ടു് അനുദിനം പൂണ്ണതയിലേക്കാരോഹണം ചെയ്യുകയാണു് അവൻെറ ജീവിതമഹത്വം. ക്രിസ്തീയവിശ്വാസത്തിൻെറ വെളിച്ചത്തിൽ മനുഷ്യൻെറ പരമലക്ഷ്യം ദൈവികജീവനിലും മഹത്വത്തിലും പങ്കാളിയാകുകയെന്നതാണു്. ഈ ഭാഗഭാഗിത്വം സിദ്ധിക്കുന്നതിനുള്ള ഏകോപാധിയാണു് ക്രിസ്തുനാഥൻെറ പുണ്യയോഗ്യതകളും പരിഹാരകൃത്യവും. ദൈവവും മനുഷ്യനും തമ്മിലുള്ള സംയോഗബിന്ദുവായി,

ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള ഏക മദ്ധ്യസ്ഥനായി(1) അവിടുന്നു നിലകൊള്ളുന്നു. മതപരവും ആദ്ധ്യാത്മികവുമായ എല്ലാ പ്രയത്നങ്ങളുടെയും പരമാന്ത്യമായ ദൈവികൈക്യം അതിൻെറ പൂണ്ണതയിൽ ക്രിസ്തുവിൽ മാത്രമാണ് നാം ദർശിക്കുക. അപ്പോൾ, സമുദ്ധരിക്കപ്പെട്ട മനുഷ്യൻെറ പരിപൂണ്ണതയ്ക്കുള്ള പ്രയത്നത്തിൽ പ്രധാനമായ ഉപാധി മനുഷ്യനായവതരിച്ച ദൈവസുതനോടു സുദൃഢമായ ബന്ധം പുലർത്തുകയാണ്.

## വി. കുർബാന—ആദ്ധ്യാത്മികജീവിതത്തിൻെറ കേന്ദ്രബിന്ദു

നമ്മുടെ അതിസ്വാഭാവികജീവിതത്തിൻെറ അടിസ്ഥാനവും മർമ്മസ്ഥാനവുമായി നിലകൊള്ളുന്നത് അവതരിച്ച ദൈവസുതനാണ്. മനുഷ്യാവതാരംചെയ്ത ദൈവപുത്രൻെറ ഐഹികജീവിതത്തിനു രണ്ടുഭാഗങ്ങളുണ്ട്. ഒന്നാമത്തേതു് മംഗലവാർത്തയിൽ ആരംഭിച്ച് സ്വർഗ്ഗാരോഹണത്തോടുകൂടി അവസാനിക്കുന്നു. രണ്ടാമത്തേതാകട്ടെ, ഊട്ടുശാലയിലെ പെസഹാവിരുന്നിൽ ആരംഭിച്ചു. നമ്മുടെ അൾത്താരകളിലെ വി. കുർബാനയിൽ ലോകാവസാനത്തോളം അതു തുടരു

---

(1) 1 തിമോത്തി. 2, 5.

കയുംചെയ്യും. ഐഹികജീവിതത്തിൻെറ പ്രഥമഘട്ട ത്തിൽ മനുഷ്യസ്വഭാവം സ്വീകരിച്ചുകൊണ്ട് ദൈവ സുതൻ പ്രവൎത്തിച്ചെങ്കിൽ ദ്വിതീയഘട്ടത്തിൽ അപ്പ ത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ തൻെറ ദൈവത്വവും മനുഷ്യത്വവും മറച്ചുകൊണ്ട് അവിടുന്നു നമ്മുടെയിടയിൽ ജീവിക്കുന്നു, പ്രവൎത്തിക്കുന്നു. വി. തോമസ് അക്വീനാസ് പറയുന്നു: "തൻെറ പ്രിയ ശിഷ്യ ന്മാരോടുകൂടെ കഴിച്ച ജീവിതത്തിൻെറ അന്ത്യം അടുത്തുവെന്നറിഞ്ഞ ഈശോ അന്തിമ ഭോജനവേളയിൽ തന്നെത്തന്നെ ക്രൂദാശപരമായി അവർക്കു നല്കി. വി. യോഹന്നാൻ പെസഹാ വിരുന്നിനെപ്പററി പ്രതിപാദിക്കുന്നതിനു പ്രാരംഭ മായി നല്കുന്ന വാക്യമാണു് ഈ പ്രസ്താവനയുടെ അ ടിസ്ഥാനം. "പെസഹാത്തിരുനാളിനുമുമ്പ്, ഈലോകം വിട്ടു തൻെറ പിതാവിൻെറ പക്കലേക്കു പോകുന്നതി നുള്ള സമയം അടുത്തുവെന്നു് ഈശോ അറിഞ്ഞു. അ വൻ ഈലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചു. അ വസാനംവരെ അവരെ സ്നേഹിച്ചു." അന്നു് പലസ്തീ നായിൽ ചുററിസ്സഞ്ചരിച്ചു് മനുഷ്യസമുദ്ധാരണാൎത്ഥം അക്ഷീണം യത്നിച്ച മിശിഹാതന്നെയാണു്, ഈലോക ത്തിൻെറ നാനാഭാഗങ്ങളിലുമുള്ള അൾത്താരകളിൽ അ നവരതം സന്നിഹിതനായി നാമേവരേയും തൻെറ പ ക്കലേക്കു് ക്ഷണിക്കുന്നതു്. "അദ്ധ്വാനിക്കുന്നവരേ ഭാരം ചുമക്കുന്നവരേ നിങ്ങൾ എൻെറപക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം". മനുഷ്യാവതാരംവഴി

മനുഷ്യപ്രകൃതിയെ ദൈവസുതൻ തന്നോടു സംയോജിപ്പിച്ചെങ്കിൽ ഈ ദിവ്യക്രൂദാശവഴി അവിടുന്നു നമ്മുടെ ഓരോരുത്തരുടെയും മനുഷ്യസ്വഭാവവുമായി സംയോജിക്കുകയാണു് (മഹാനായ വി. ആൽബർട്ടു്). ക്രിസ്തുമതം വെറുമൊരു വിശ്വാസസംഹിതയല്ല അതൊരു ജീവിതമാണു് — തന്റെ മൗതികശരീരത്തിലെ അംഗങ്ങളിലുള്ള ക്രിസ്തുവിന്റെ ജീവിതം. സകലതും ക്രിസ്തുവിൽ നവീകരിക്കുകയെന്നതാണു് ആദ്ധ്യാത്മികജീവിതത്തിന്റെ ലക്ഷ്യം എങ്കിൽ ക്രിസ്തുവിനോടു വ്യക്തിപരമായി നമ്മെ യോജിപ്പിക്കുന്ന വി. കുർബാനയാണു് ആദ്ധ്യാത്മികജീവിതത്തിന്റെ കേന്ദ്രബിന്ദു.

## വി. കുർബാന—വരപ്രസാദത്തിന്റെ വററാത്ത ഉറവ

ആദിമാതാപിതാക്കളുടെ സൗഭാഗ്യസ്ഥാനമായ പറുദീസായിൽ ഒരു വിശിഷ്ട വൃക്ഷമുണ്ടായിരുന്നു. ജീവന്റെ വൃക്ഷം. ജീവന്റെ ഓജസ്സും ചൈതന്യവും മനുഷ്യനിൽ നിലനിൎത്തുന്നതിനുള്ള ഉപാധിയായിരുന്നു അതു്(2). അതിന്റെ ഫലങ്ങൾ ഭക്ഷിച്ചുകൊണ്ടു് മൎത്ത്യൻ അമൎത്ത്യനാകണമെന്നായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. സമുദ്ധരിക്കപ്പെട്ട മനുഷ്യന്റെ ഭൗമികപറുദീസയായ തിരുസ്സഭയിലുമുണ്ടു് ഒരു ജീവന്റെ വൃക്ഷം: വി. കുർബാന. നിത്യനായ ദൈവത്തിന്റെ ജീ

വനിൽ ഭാഗഭാഗിത്വം നല്കുന്ന വരപ്രസാദത്തിൻെറ ഉറവിടമാണതു്. പുണ്യപൂർണ്ണത പ്രാപിക്കുക ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം വരപ്രസാദത്തിൽ വളരുകയാണു്. എന്നാൽ, സ്വന്തശക്തികൊണ്ടു് ഈ വളർച്ച പ്രാപിക്കുക സാദ്ധ്യമല്ല. ക്രിസ്തുതന്നെ സുശക്തമായ ഭാഷയിൽ ഈ സത്യം പ്രഖ്യാപിച്ചിട്ടുണ്ടു് "എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻകഴിയുകയില്ല". ശാരീരികജീവൻെറ നിലനില്പിനു ജീവവായു എപ്രകാരം അനിവാര്യമാണോ അതുപോലെതന്നെയാണു് അതിസ്വാഭാവികജീവനു് ദൈവവരപ്രസാദവും. വെള്ളം ലഭിക്കുന്നതിനുള്ള സുകരമായ മാർഗ്ഗം നീരുറവയെ സമീപിക്കുകയാണു്. അതുപോലെ പ്രസാദവരം സമൃദ്ധമായി ലഭിക്കാനാഗ്രഹിക്കുന്നവൻ അതിൻെറ കലവറയെത്തന്നെ അഭയം പ്രാപിക്കണം. ലോകത്തിൻെറ ജീവനുവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവനുള്ള അപ്പമായ വി. കർബാനയിലാണു് ഈ കലവറ നാം കണ്ടെത്തുക. നമ്മുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനുമാവശ്യകമായ പ്രസാദവരം സമ്പാദിച്ചതു് ക്രിസ്തുവാണു്. അവിടുത്തെ ജീവിതവും സഹനവും കുരിശിലെ ആത്മസമർപ്പണവും നമുക്കാവശ്യമുള്ളതിൽക്കവിഞ്ഞു ദൈവാനുഗ്രഹങ്ങൾ സമ്പാദിച്ചിരിക്കുന്നു. പ്രസാദവരത്തിൻെറ ആ വററാത്ത ഉറവ എല്ലാ മനുഷ്യഹൃദയങ്ങളിലേക്കും പ്രവഹിക്കുന്നതു് സൂര്യോദയംമുതൽ സൂര്യാസ്തമനംവരെ ലോ

കത്തിൻെറ നാനാഭാഗങ്ങളിലുമായി അർപ്പിക്കപ്പെടുന്ന ദിവ്യബലിവഴിയാണ്. എല്ലാവർക്കും മതിവരുവോളം കോരിക്കുടിക്കാവുന്ന ജീവൻെറ നീരുറവയാണ് അൾത്താരയിലെ ബലി. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ടു തദനുസരണം പ്രസാദവരങ്ങൾ വർഷിക്കുവാൻ വേണ്ടിയത്രേ രാപകൽ ഇടവിടാതെ നമ്മുടെ മദ്ധ്യേ വി. കുർബാനയിൽ അവിടുന്നു വസിക്കുന്നതു്. വിശുദ്ധിയുടെ ഈ ഈടുററ കലവറയെ വിശ്വാസപൂർവ്വം സമീപിക്കുന്നവരിൽ ജീവിതനൈർമ്മല്യവും ആദ്ധ്യാത്മികശക്തിയും അധികമായി പ്രകടമാകുമെന്നതിൽ സംശയമില്ല. അവരുടെ പ്രവൎത്തനങ്ങളിൽ അതിസ്വാഭാവികതയും ക്രിസ്തീയതത്വവും തെളിഞ്ഞുകാണാം. "ആരെന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും." ഈശോയുടെ മേല്പറഞ്ഞ വാക്കുകൾ അവരിൽ അർത്ഥവത്താകും. മറിച്ചു്, ജീവൻെറ ഈ നീരുറവയിൽനിന്നകന്നു ജീവിക്കുന്നവർ ജീവരസം ലഭിക്കാത്ത ഉണങ്ങിയ കൊമ്പുകൾക്കു് സമമായിരിക്കും. ആദ്ധ്യാത്മികവരൾച്ചയും മന്ദോഷ്ണതയും അവരിൽ പ്രബലപ്പെടും. എന്തുകൊണ്ടെന്നാൽ, മുന്തിരിയിൽനിന്നു വേർപെട്ടുനില്ക്കുന്ന ശാഖകൾ നിർജ്ജീവങ്ങളാണ്.

## വി. കുർബാന വിശ്വാസത്തിൻെറ വിളനിലം

ക്രിസ്തീയജീവിതം, വിശ്വാസം ശരണം ഉപവി

എന്നീ ദൈവികപുണ്യങ്ങളിൽ വളർച്ച പ്രാപിക്കുകയാണെന്നു പറയാം. നമ്മുടെ നീതീകരണത്തിന്റെ ആരംഭവും അടിസ്ഥാനവുമാണ് വിശ്വാസം. ക്രിസ്തീയജീവിതമാകുന്ന ആദ്ധ്യാത്മികസൗധം കെട്ടിപ്പടുക്കേണ്ടതു വിശ്വാസത്തിന്മേലാണ്. സവിശേഷമായ ഈ ദൈവികദാനത്തിന്റെ വിളനിലമാണ് വി. കുർബാന. ഇതു മറെറല്ലാക്കൂദാശകളെക്കാൾ വിശ്വാസത്തിന്റെ കൂദാശ എന്നപേരിന്നർഹമാണ്. ഇതു സാക്ഷാൽ വിശ്വാസത്തിന്റെ രഹസ്യമാണ്. പ. ത്രിത്വം, മനുഷ്യാവതാരം, മനുഷ്യപരിത്രാണം, തിരുസ്സഭ, നിത്യജീവൻ എന്നീ വിശ്വാസസത്യങ്ങളെല്ലാം ഈ ദിവ്യരഹസ്യത്തിൽ സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. കാരണം, മനുഷ്യനെ സമുദ്ധരിക്കുവാനും അവനു നിത്യജീവൻ നേടിക്കൊടുക്കുവാനും വേണ്ടി മനുഷ്യനായവതരിച്ച ത്രിത്വത്തിലേ രണ്ടാമാളായ ദൈവകുമാരൻ ദിവ്യകാരുണ്യത്തിൽ വാണരുളുന്നുവെന്നതാണു ദിവ്യകാരുണ്യവിശ്വാസം. വീണ്ടും, മനുഷ്യരക്ഷാർത്ഥം ഗാഗുൽത്തായിൽ ക്രിസ്തു സമർപ്പിച്ച സ്നേഹബലിയുടെ ആവർത്തനമാണ് അൾത്താരയിലേ ദിവ്യബലി. തന്മൂലം അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ ക്രിസ്തു ബലിയായി അർപ്പിക്കപ്പെടുകയും അൾത്താരയിൽ സന്നിഹിതനായിരിക്കുകയും ചെയ്യുന്നുവെന്നു വിശ്വസിക്കുന്നവൻ പരിപൂർണ്ണമായും കത്തോലിക്കാവിശ്വാസത്തെയാണ് പ്രകടമാക്കുന്നതു്.

ഇനിയും നമ്മുടെ വിശ്വാസം അതിന്റെ പൂർണ്ണത

യിലെത്തുന്നതു് വി. കുർബാനയിലാണ്. അബദ്ധത്തി ലകപ്പെടുവാനും അകപ്പെടുത്തുവാനും കഴിയാത്ത സ ത്യസ്വരൂപനായ ദൈവം അസ്പഷ്ടമായ ഒരു സത്യ ത്തെ വെളിപ്പെടുത്തി എന്ന കാരണത്താൽമാത്രം സ്വീകരിക്കുന്നതാണു വിശ്വാസം. വിശ്വസിക്കുന്ന വൻ ദൈവത്തിൻെറ അനന്തജ്ഞാനത്തെയും സത്യസ ന്ധതയെയും ഏററു പറയുകയാണ്. സർവ്വവ്യാപിയാ യ ദൈവം ചെറിയ ഒരു അപ്പക്കണത്തിൽ മറഞ്ഞിരി ക്കുന്നു! സർവ്വശക്തനും സകല പ്രവൎത്തനങ്ങളുടെയും ആദികൎത്താവുമായിരിക്കുന്നവൻ നിർജ്ജീവമായ അപ്പ ത്തിൽ! മനുഷ്യബുദ്ധിക്കു് അചിന്ത്യവും അഗ്രാഹ്യ വുമാണിവയെല്ലാം. എന്നാൽ, വി. കുർബാനയിൽ വി ശ്വസിക്കുന്നവൻ ഈ സത്യങ്ങളെല്ലാം സർവാത്മനാ സ്വീകരിക്കുന്നു. അന്തിമഭോജനത്തിൽവച്ചു് അപ്പം വാഴ്ത്തിക്കൊണ്ടു് "ഇതെൻെറ ശരീരമാകുന്നു"വെന്ന നിത്യസത്യങ്ങളായ വാക്കുകൾ മാത്രമാണ് അവൻെറ ഈ വിശ്വാസത്തിനു പ്രേരകം. ദൈവത്തി ൻെറ അനന്തവിജ്ഞാനം, കരകാണാത്ത കാരുണ്യം, അ നന്തശക്തി ഇവയിലുള്ള വിശ്വാസം നാം പ്രസ്പഷ്ടമാ ക്കുകയാണ് വി. കുർബാനയിലുള്ള യഥാർത്ഥവിശ്വാ സംവഴി. മനുഷ്യരിൽനിന്നു വേർപിരിഞ്ഞിട്ടും അവ രോടൊന്നിച്ചു വസിക്കുവാൻ അവിടുത്തെ അനന്ത വി ജ്ഞാനം കണ്ടെത്തിയ മാൎഗ്ഗമാണ് ഈ ദിവ്യകൂദാശ.

അനുദിനം വിശ്വാസത്തിൽ വളർച്ച പ്രാപിക്കു ന്നതിനുള്ള സുകരമാർഗ്ഗവും ഈ ദിവ്യരഹസ്യംതന്നെ.

വിശ്വാസം പ്രവൃത്തിവഴി പ്രകടമാക്കണം. പ്രവൃത്തികൂടാതെയുള്ള വിശ്വാസം ചത്തതാണു്. വിശ്വാസത്തിന്നനുസരണം പ്രവർത്തിക്കുന്നതിനു് ഈ ദിവ്യകൂദാശ നല്കുന്ന അവസരങ്ങൾ അനവധിയാണു്. ദൈവാലയത്തിൽ ഭക്ത്യാദരപുരസ്സരം പെരുമാറുക, ദിവ്യനാഥൻെറ വാസസ്ഥലം അലംകൃതമാക്കുവാൻ, മനോഹരമായ ദൈവാലയം പണിയുവാൻ ത്യാഗം സഹിക്കുക, പള്ളിപ്പരിസരങ്ങളിലൂടെ പോകുമ്പോൾ സക്രാരിയിൽ പള്ളികൊള്ളുന്ന ക്രിസ്തുവിനോടു സ്വല്പനേരം സംഭാഷിക്കുക എന്നിങ്ങനെ എത്ര അവസരങ്ങളാണു് അനുദിനം നമുക്കു ലഭിക്കുക.

## VI. കുർബാന ശരണത്തിൻെറ പ്രേരകശക്തി

വാഗ്ദാനനാടായ കാനൻദേശം കരസ്ഥമാക്കുന്നതിനുള്ള ദീർഘയാത്രയിലും ഘോരസമരങ്ങളിലും ഇസ്രായേൽ ജനത്തിൻെറ ആശ്രയസ്ഥാനമായി വർത്തിച്ച ഒന്നാണു വാഗ്ദാനത്തിൻെറ പെട്ടകം. മൂശവഴി ദൈവം നല്കിയ പ്രമാണപ്പലകയും മന്നയും മററും സൂക്ഷിക്കപ്പെട്ടിരുന്ന ആ പേടകം ഇസ്രായേലിൻെറ ശക്തികേന്ദ്രമായിരുന്നു. ആപൽഘട്ടങ്ങളിലും ബലഹീന നിമിഷങ്ങളിലും അവർ അതിൻെറടുത്തു അഭയം തേടി. ശക്തരായ ശത്രുക്കളെ കീഴ്പെടുത്താൻ വേണ്ട കരുത്തു് അതിൽനിന്നു് അവർ സമ്പാദിച്ചു.

ഇസ്രായേൽജനം വാഗ്ദാനഭൂമിയായ ജറീക്കോ

പട്ടണത്തോടടുത്തു. തങ്ങളുടെ സൈന്യശക്തികൊണ്ടു നഗരം പിടിക്കുക അസാദ്ധ്യമെന്നവർക്കു് മനസ്സിലായി. നഷ്ടധൈര്യരായി നഗരസമീപേ അവർ പാളയമടിച്ചു. "നിങ്ങൾ ആർപ്പുവിളിച്ചും കാഹളമൂതിയും ആഘോഷപൂർവ്വം വാഗ്ദാനപെട്ടകം വഹിച്ചുകൊണ്ടു് ഏഴുദിവസം നഗരത്തിനുചുററും പ്രദക്ഷിണം വയ്ക്കുവിൻ." എന്ന തങ്ങളുടെ നായകൻെറ നിർദ്ദേശമനുസരിച്ചുപ്രവർത്തിച്ചു ഇസ്രായേൽജനം. ദിവസത്തിൽ ഓരോ തവണവീതം ആറുദിവസം അവർ നഗരം ചുററി. ഏഴാം ദിവസം ഏഴു പ്രാവശ്യം തുടർച്ചയായി നഗരത്തെ പ്രദക്ഷിണംവച്ചു. വാഗ്ദാനപെട്ടകവുമായി ഏഴാംപ്രാവശ്യം ചുററിക്കഴിഞ്ഞയുടൻ ഇതാ, ആ നഗരത്തിൻെറ ബലിഷ്ഠമായ കോട്ടമതിലുകൾ താനെ ഇടിഞ്ഞുവീണു. ഇസ്രായേൽക്കാർ ജരിക്കോയിൽ പ്രവേശിച്ചു നഗരം പിടിച്ചെടുത്തു. മററു പലേ അവസരങ്ങളിലും വാഗ്ദാനപെട്ടകം ഇസ്രായേലിനു ദൈവത്തിലുള്ള ശരണത്തിൻെറ പ്രതീകമായി പ്രത്യക്ഷപ്പെടുന്നുണ്ടു്.

എന്നാലിതാ, വാഗ്ദാനപെട്ടകത്തേക്കാൾ ശക്തിയേറിയ ദൈവികപേടകം നമ്മുടെ അൾത്താരയിൽ. ദൈവത്തിൽ നമുക്കുണ്ടാകേണ്ട ശരണത്തെ സുശക്തമാക്കുന്നതിനു ഇതിലുപരിയായ മറെറാരു മാർഗ്ഗമില്ല. ദൈവികകല്പനകളും അവിടുത്തെ അത്ഭുതഫലമായ മന്നായുമാണു പെട്ടകത്തിൻെറ മാഹാത്മ്യത്തിനു നിദാനമായിരുന്നതു്. എന്നാൽ, കല്പനകളടങ്ങിയ കല്പലകയല്ല പ്രമാണദാതാവുതന്നെയാണു് അൾത്താരയിലേ

സക്രാരിയിൽ. അത്ഭുതപ്രവൃത്തിയുടെ ഫലമല്ല പ്രത്യുത, അത്ഭുതപ്രവത്തകൻതന്നെയാണു് അവിടെ വാണരുളുന്നതു്. തൻെറ പ്രവത്തനഫലത്തെ വിലമതിക്കുകയും വിശ്വാസത്തോടെ അതിൽ അഭയം പ്രാപിക്കുകയും ചെയ്ത ഇസ്രായേലിനെ ദൈവം അത്ഭുതം പ്രവത്തിച്ചുപോലും സഹായിച്ചുവെങ്കിൽ, ദിവ്യകാരുണ്യഈശോയെപ്രതി നാം യാചിക്കുന്ന അനുഗ്രഹങ്ങൾ അവിടുന്നെങ്ങനെ നിഷേധിക്കും. വി. പൗലോസു ശ്ലീഹാ ചോദിക്കുന്നു: "ദൈവം തൻെറ ഏകസുതനെപ്പോലും നമുക്കു തന്നിരിക്കെ അവിടുന്നു നമുക്കു നിഷേധിക്കാവുന്ന വേറെ ഏതു നന്മയാണുള്ളതു്. യാതൊരു ദാനത്തിലും പോരായമ്യില്ലാത്തവിധം അവൻവഴി സകലത്തിലും നിങ്ങൾ സമൃദ്ധി പ്രാപിച്ചിരിക്കുന്നു." "എൻെറ നാമത്തിൽ നിങ്ങൾ പിതാവിനോടു യാചിക്കുന്നതെന്തോ അതു് അവിടുന്നു നിങ്ങൾക്കു തരും". നിത്യസത്യങ്ങളായ ഈശോയുടെ വാക്കുകൾതന്നെ നമുക്കുറപ്പു തരുന്നു. ദിവ്യകാരുണ്യത്തിലെ ഈശോയുടെ സാന്നിദ്ധ്യം ദൈവത്തിൻെറ അനന്തസ്നേഹത്തിൻേറയും കരുണയുടേയും ബഹിസ്ഫുരണമാണു്. അതേ കാരണത്താൽ ഈ ദിവ്യരഹസ്യം നമ്മുടെ ശരണത്തിനു നിദാനവും.

## പ. കുർബാന—സ്നേഹരഹസ്യം

സ്നേഹംവഴി ദൈവവുമായി ഐക്യം പ്രാപിക്കുക. അതാണു് ക്രിസ്തീയ പരിപൂർണ്ണതയുടെ സാരാ

ശം. പ്രസ്തുത ഐക്യത്തിനു നമ്മെ സഹായിക്കുന്ന ഉത്തമമായ ഉപാധിയാണു് പരി. കുർബാന. സ്നേഹരഹസ്യം, സ്നേഹത്തിൻെറ ക്രൂദാശ, സ്നേഹവിരുന്നു് മുതലായ വി. കുർബാനയുടെ അപരനാമങ്ങൾ ഈ വസ്തുതയെയാണു വിളിച്ചറിയിക്കുന്നതു്. ആത്മാവും ദൈവവുമായുള്ള ഐക്യം ഇഹലോകത്തിൽ അതിൻെറ പരമാന്ത്യത്തിലെത്തുന്നതു വി. കുർബാനയിലൂടെയാണു്.

സ്നേഹം സഹവാസമന്വേഷിക്കുന്നു. പരസ്പരമുള്ള സഹവാസവും സംഭാഷണവും സ്നേഹിതർ തമ്മിലുള്ള ഐക്യത്തെ അരക്കിട്ടുറപ്പിക്കുന്ന കരുക്കളാണു്. നമ്മുടെ സ്നേഹവിഷയമായ ദൈവത്തോടു സഹവസിക്കുന്നതിനും സംഭാഷിക്കുന്നതിനുമുള്ള മാർഗ്ഗം വി. കുർബാനയിലാണു നാം കണ്ടെത്തുക. മനുഷ്യപുത്രരോടുകൂടെ വസിക്കുന്നതാണു് തൻെറ ആനന്ദമെന്നരുൾചെയ്ത ദൈവസുതൻതന്നെയാണു് സ്നേഹത്തിൻെറ ഈ ക്രൂദാശയിൽ ലോകാവസാനത്തോളം സന്നിഹിതനായിരിക്കുക. മകനേ, മകളേ നിൻെറ ഹൃദയം എനിക്കു തരിക എന്ന സ്നേഹയാചനയുമായി അവിടുന്നു നമ്മുടെ അൾത്താരയിൽ നമ്മെ കാത്തിരിക്കുകയാണു്. രാവും പകലുമെന്ന വ്യത്യാസമില്ലാതെ സദാ അഭിഗമ്യനായിരിക്കുന്ന അവിടുത്തോടൊന്നിച്ചു കുറച്ചുസമയം എങ്കിലും ചെലവഴിക്കുന്നതിൽ നാം ദത്തശ്രദ്ധരായിരിക്കണം. അപ്പോൾ ദൈവസ്നേഹാഗ്നിയാൽ ജ്വലിക്കുന്ന അവിടു

ത്തെ ഹൃദയം നമ്മുടെ ഹൃദയങ്ങളെയും അതേ സ്നേഹത്താൽ ജ്വലിപ്പിക്കും.

സ്നേഹത്തിന്റെ മറെറാരു ബഹിസ്ഫുരണമാണു് പരസ്പരം സമ്മാനങ്ങൾ കൈമാറുകയെന്നതു്. അനന്തസ്നേഹംതന്നെയായ ദൈവത്തിനു സമർപ്പിക്കാനായി അവിടുത്തേക്കു് ഏററം പ്രീതിജനകമായ സമ്മാനവസ്തുവാണു് വി. കുർബാനയിൽ നാം കണ്ടെത്തുക. ഇവനെന്റെ പ്രിയ പുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നുവെന്നു് നിത്യപിതാവു് ആരെപ്പററി പ്രഖ്യാപിച്ചുവോ ആ അരുമസുതനെത്തന്നെയാണു ദിവ്യബലിയിൽ നമുക്കു സമർപ്പണവസ്തുവായി ലഭിക്കുന്നതു്. നമുക്കാവശ്യമുള്ളപ്പോഴെല്ലാം സുകരമായി ഈ സമ്മാനം ലഭിക്കാവുന്നതുകൊണ്ടു് അതുമൂലം ദൈവവുമായുള്ള ഐക്യത്തിൽ വളരുക സുസാധമായിത്തീരുന്നു. എപ്പോഴെല്ലാം അൾത്താരയിൽ ബലിയർപ്പിക്കപ്പെടുന്നുവോ, അപ്പോഴെല്ലാം ഈ വിശിഷ്ടദാനം നമ്മുടെ കരങ്ങളിൽ ഏല്പിക്കപ്പെടുകയാണു്.

സ്നേഹം നിർവൃതിപ്രാപിക്കുന്നതു പരസ്പരമുള്ള ഐക്യംവഴിയാണു്. ക്രിസ്തുവും ആത്മാവും തമ്മിലുള്ള സ്നേഹബന്ധം ഇഹലോകത്തിൽ അതിന്റെ പരമാന്ത്യത്തിലെത്തുന്നതു ദിവ്യകാരുണ്യസ്വീകരണംവഴിയാണു്. നമ്മുടെ സന്തതസഹവാസിയും ആത്മസുഹൃത്തുമായിത്തീർന്നതുകൊണ്ടു് തൃപ്തനാകുവാൻ സ്നേഹം അവിടുത്തെ അനുവദിച്ചില്ല. വീണ്ടും നമുക്കുവേണ്ടി അവിടുന്നു ബലിവസ്തുവായിത്തീർന്നു. എന്നിട്ടും അവിടുത്തേ സ്നേ

ഹം സംതൃപ്തി കണ്ടെത്തിയില്ല. രണ്ടു വസ്തുക്കൾത മ്മിൽ ലയിച്ചുചേരാവുന്നതിൽ ഏററം സുദൃഢ മായ ഐക്യത്തെ, ഭക്ഷണം ഭക്ഷിക്കുന്നവനോടു യോജിച്ചു ശരീരത്തിൻെറ ഭാഗമായിത്തീരുന്ന ആ സു ദൃഢബന്ധത്തെ ആത്മാവുമായി സ്ഥാപിക്കുവാൻ അ വിടുന്നാഗ്രഹിച്ചു. തന്മൂലം അനന്തനും അപരിമേയനു മായ അവിടുന്നു നിർജ്ജീവമായ അപ്പത്തിൻേറയും വീ ഞ്ഞിൻേറയും സാദൃശ്യങ്ങളിൽ തന്നെത്തന്നെ നമുക്കു് ആത്മീയഭക്ഷണമായിത്തന്നു. എല്ലാ മതാനുഷ്ഠാനങ്ങളും ദൈവവുമായുള്ള ഐക്യത്തിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാ ണു്. എന്നാൽ, പ. കുർബാനസ്വീകരണത്തിൽനി ന്നുൽഭൂതമാകുന്ന ദൈവികൈക്യത്തെക്കാൾ ഗാഢമായ ഐക്യം മറെറാരിടത്തും നാം കണ്ടെത്തുകയില്ല.

## പ. കുർബാന—ആദ്ധ്യാത്മികചൈതന്യത്തിൻെറ ഉറവിടം

പഴയനിയമത്തിലേ രാജാക്കന്മാർ എന്ന പുസ്ത കം ഏലിയാസ് ദീർഘദർശിയുടെ ജീവിതത്തിലേ ഒരു സംഭവം വിവരിക്കുന്നുണ്ടു്. രാജ്ഞി ജെസബെൽ തന്നെ അപായപ്പെടുത്തുവാൻ ശ്രമിക്ക യാണെന്നു് ഏലയാസ് ഗ്രഹിച്ചു. അദ്ദേഹം ഉ ടൻ നാടുവിട്ടോടി. ക്രൂരയായ രാജ്ഞിയുടെ പിടിയിൽ നിന്നും വിമുക്തനാകുന്നതിനു ദൈവത്തിൻെറ ഹോറ ബുമലയിലേക്കു് അദ്ദേഹം ഓടി. മരുഭൂമിയിൽക്കൂടെ

ദീർഘിച്ച യാത്ര കഴിക്കേണ്ടിയിരുന്നു. യാത്രയുടെ ആരംഭഘട്ടത്തിൽത്തന്നെ അതിൽനിന്നും വിരമിക്കത്തക്കവിധം ക്ഷീണിതനും ബലഹീനനുമായിരുന്നു ഏലിയാസ്. കുറച്ചുദിവസത്തെ യാത്ര കഴിഞ്ഞപ്പോഴേയ്ക്കു് ക്ലേശത്താൽ വിവശനും തനിക്കേല്പിക്കപ്പെട്ടിരിക്കുന്ന യഹൂദജനതയുടെ കൃതഘ്നതയാൽ നിരാശനുമായി അദ്ദേഹം ഒരു ജൂനിപ്പർ വൃക്ഷത്തണലിൽ ഇരുന്നു. വിഷമങ്ങൾക്കെല്ലാം ഒരറുതി വരുത്തുവാൻ തന്നെ മരിപ്പിക്കണമെന്നു് അദ്ദേഹം ദൈവത്തോടപേക്ഷിച്ചു. വൃക്ഷച്ചുവട്ടിൽ കിടന്നുറങ്ങുകയിൽ ദൈവദൂതൻ പ്രത്യക്ഷനായി അപ്പവും വെള്ളവും നല്കിക്കൊണ്ടു പറഞ്ഞു: എഴുന്നേററു ഭക്ഷിക്കുക. നിനക്കു കുറെ ദൂരംകൂടി സഞ്ചരിക്കാനുണ്ടു്. ആ അപ്പം ഭക്ഷിച്ചതുമൂലം യാത്ര തുടരുന്നതിനും വിജയകരമായി ദൈവത്തിൻെറ മലയിൽ എത്തി ആശ്വസിക്കുന്നതിനും അദ്ദേഹത്തിനു കരുത്തു ലഭിച്ചു.

നമ്മുടെ ഭാഗധേയവും ഏലിയാസിൻേറതുപോലെ തന്നെ. ദൈവത്തിൻെറ മലയായ സ്വൎഗ്ഗീയ സീയോനിലേയ്ക്കു കയറുന്നവരാണു് നാമെല്ലാം. വിശുദ്ധിയുടെ കൊടുമുടി അതാണു നമ്മുടെ ഉന്നം. നിരന്തരം നമ്മെ പിന്തുടരുന്ന സുഖാസക്തിയോടും ബഹുമാനേഛയോടുമുള്ള സമരം നമ്മെ വിവശരാക്കുന്നു. തന്മൂലം പരിപൂർണ്ണതയുടെ പൎവ്വതാരോഹണം വേണ്ടെന്നു വയ്ക്കാൻ തുടർച്ചയായി നാം പ്രേരിപ്പിക്കപ്പെടുന്നു. സുഖസന്തോഷങ്ങളും സ്ഥാനമാനങ്ങളുമാകുന്ന ജൂനിപ്പർ മര

ത്തിൻ കീഴേ ആശ്വാസത്തിനായി നാമിരുന്നേക്കാം. അത്തരമവസരങ്ങളിൽ നഷ്ടധൈര്യരാകാതെ ആരോഹണം തുടരുവാൻ നമുക്ക് ഉത്തേജനവും ഉന്മേഷവും അനിർവ്വാര്യമാണ്. എവിടെനിന്നു കിട്ടും നമുക്കു വേണ്ട ശക്തിയും ഉന്മേഷവും?

ഏലിയാസിന് ദൈവദൂതൻവഴി അപ്പവും വെള്ളവും ലഭിച്ചു. നമുക്കോ എന്നാൽ, ദൈവസുതൻ തന്നെ തൻെറ തിരുശരീരവും അമൂല്യരക്തവും നല്കിക്കൊണ്ടു പറയുന്നു: നിങ്ങൾ എടുത്തു ഭക്ഷിക്കുവിൻ. ഇതെൻെറ ശരീരവും രക്തവുമാകുന്നു. രണ്ടുപ്രാവശ്യമല്ല. നമുക്കാവശ്യമുള്ളപ്പോഴെല്ലാം സഭയുടെ നിയമങ്ങൾക്കനുസൃതമായി ദൈവികമായ ഈ ഭക്ഷ്യപാനീയങ്ങൾ നമുക്കു സ്വീകരിക്കാവുന്നതാണ്. ദുർഗ്ഗുണങ്ങളും ദുഷ്പ്രവണതകളും ജഡികമായവയിലേക്ക് നമ്മെ വലിച്ചുതാഴ്ത്തുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്വർഗ്ഗീയവും ആത്മീയവുമായവയിലേക്കു നമ്മുടെ ആഗ്രഹങ്ങളെ ഉയർത്തുവാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവൻെറ ഈ അപ്പം നമുക്കു ഭക്ഷിക്കാം. അങ്ങനെ വിശുദ്ധി പ്രാപിക്കുന്നതിനുള്ള പരിശ്രമം നമുക്കു നിരന്തരം തുടരാം.

## പരിത്യാഗത്തിൻെറ പ്രേരകശക്തി

ക്രിസ്തീയപരിപൂർണ്ണതയുടെ സാരാംശം സ്നേഹമാണെന്നു പറഞ്ഞല്ലോ. ഇഹത്തിൽ അധഃപതിച്ച നമ്മുടെ

അവസ്ഥയിൽ ദൈവത്തിനുവേണ്ടി നമ്മെത്തന്നെ പരിത്യജിച്ചുകൊണ്ടല്ലാതെ അവിടുത്തെ യഥാർത്ഥമായി സ്നേഹിക്കുക സാദ്ധ്യമല്ല. അതായത്, സമുദ്ധരിക്കപ്പെട്ട മനുഷ്യനിൽ അവശേഷിച്ചിരിക്കുന്ന ദുരാശകളോടു നിരന്തരം പോരാടി നിയന്ത്രണം സാധിക്കാതെ, ദൈവത്തെ സ്നേഹിക്കുക അസാദ്ധ്യമാണ്. അതുകൊണ്ടുതന്നെയാണ് 'ആരെങ്കിലും എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ചു തൻെറ കുരിശും വഹിച്ചുകൊണ്ട് എൻെറ പിന്നാലെ വരട്ടെ" (മത്തായി. 16, 24) എന്നു് ഈശോ അരുൾചെയ്തതു്. സ്നേഹവും ത്യാഗവും തമ്മിൽ വേർതിരിക്കുക അസാദ്ധ്യമാണ്. കാരണം, ത്യാഗം സ്നേഹത്തിൻെറ ഉരകല്ലാണ്. സ്നേഹം ത്യാഗത്തിൻെറ ഞെട്ടിൽ വിരിയുന്ന പുഷ്പവും. സ്നേഹം ത്യാഗത്തെ സുകരമാക്കുമെങ്കിലും അതിനു ത്യാഗംകൂടാതെ നിലനില്ക്കുക സാദ്ധ്യമല്ല. പരിപൂർണ്ണതയ്ക്കു് ഇതുകൊണ്ട് അപരിത്യാജ്യമായ പരിത്യാഗത്തിൻെറ മാതൃകയും പ്രേരകശക്തിയും വി. കുർബാനയിൽത്തന്നെയാണു നാം കണ്ടെത്തുക.

നമുക്കു പരിപൂർണ്ണതയുടെ മാർഗ്ഗം കാണിച്ചു തരുവാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന അവിടുന്നു കുരിശിനെയാണ്, പരിത്യാഗത്തെയാണു തൻെറ രാജപാതയായി സ്വീകരിച്ചതു്. ആരുടെ ജീവിതം തുടർച്ചയായ കുരിശും രക്തസാക്ഷിത്വവുമായിരുന്നുവോ ആ ക്രിസ്തു

തന്നെയാണ് വി കുർബാനയിൽ വാണരുളുന്നതു്. അവിടുത്തെ സാന്നിദ്ധ്യം കുരിശിൻെറ പാതയിൽ ചരിക്കുവാൻ നമുക്കു പ്രേരണ നല്കണം. ക്രിസ്തു നമുക്കുവേണ്ടി പീഡകഠം സഹിച്ചുകൊണ്ടു്, "നിങ്ങഠം അവിടുത്തെ കാലടികളെ പിഞ്ചെല്ലുവാൻവേണ്ടി നിങ്ങഠംക്കു് ഒരു ദൃഷ്ടാന്തം നല്കിയിരിക്കുന്നു." അവിടുത്തെ പരിത്യാഗത്തിൻെറ ആവർത്തനവും അനുസ്മരണവുമാണു് അഠംത്താരയിലെ ബലി. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാഠം മഹത്തരമായ സ്നേഹം മറെറാന്നില്ലെന്നു പ്രഖ്യാപിക്കുകയും കാണിച്ചുകൊടുക്കുകയും ചെയ്ത ഈശോയുടെ പ്രവൃത്തിവഴി ആത്മസമർപ്പണത്തിൽ 'പങ്കുകൊള്ളുന്നതു് പരിത്യാഗത്തിനു നമ്മെ പ്രേരിപ്പിക്കാതിരിക്കുമോ.

ക്രിസ്തുനാഥൻ വി. കുർബ്ബാന സ്ഥാപിച്ചതു തൻെറ പീഡാനുഭവത്തിൻെറ സ്മരണയ്ക്കുവേണ്ടികൂടിയാണു്. അപ്പസ്തോലൻ കൊറീന്ത്യർക്കുള്ള ലേഖനത്തിൽ എഴുതുന്നു "ഈ അപ്പം ഭക്ഷിക്കുമ്പോഴും ഈ കാസായിൽ നിന്നു കുടിക്കുമ്പോഴും നിങ്ങഠം കർത്താവിൻെറ മരണത്തെയാണു് പ്രഖ്യാപിക്കുന്നതു്." ആദ്ധ്യാത്മികപിതാക്കന്മാരുടെ അഭിപ്രായത്തിൽ ഈ ദിവ്യരഹസ്യത്തിലുപയോഗിക്കുന്ന കർമ്മസാധനങ്ങളായ അപ്പവും വീഞ്ഞും ഈശോനാഥൻെറ പീഡാനുഭവങ്ങളെ അനുസ്മരിപ്പിക്കത്തക്കവയാണു്. പല ഗോതമ്പുമണികഠം ഇടിച്ചുപൊടിച്ചാണല്ലോ അപ്പമുണ്ടാക്കുന്നതു്. പല മുന്തിരി

പ്പഴങ്ങഠം ഇടിച്ചുപിഴിഞ്ഞ് എടുക്കുന്നതാണ വീഞ്ഞു്. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ വി. കുർബ്ബാനയെ ശാരീരിക നേത്രങ്ങഠംകൊണ്ടു ദർശിക്കുന്ന മനുഷ്യൻ ഓർമ്മിക്കണം, ഗോതമ്പുമണികഠം ഇടിച്ചു പൊടിക്കുന്നതുപോലെ നമ്മെപ്രതി ദിവ്യനാഥന്റെ ശരീരം നുറുക്കപ്പെട്ടുവെന്നും മുന്തിരിപ്പഴങ്ങളുടെ നീരെടുക്കുന്നതുപോലെ അവിടുത്തെ തിരുരക്തം നമുക്കുവേണ്ടി ചിന്തപ്പെട്ടുവെന്നും.

# X

# ദിവ്യകാരുണ്യം സാമൂഹ്യജീവിതത്തിൽ

## ദിവ്യകാരുണ്യം, ലോകത്തിൻെറ ജീവൻ

പാപംമൂലം അതിസ്വാഭാവികജീവൻ നഷ്ടപ്പെട്ട ലോകത്തിനു, ദൈവപുത്രൻെറ മനുഷ്യാവതാരവും പീഡാസഹനവുംവഴിയായി അതു വീണ്ടും ലഭ്യമായി. ഇനിമേൽ, അവതരിച്ച ദൈവമായ ക്രിസ്തുവാണു ലോകത്തിൻെറ ജീവൻ. ക്രിസ്തുനാഥൻതന്നെ ആവത്തിച്ചാവത്തിച്ചു വിശദമാക്കിയതാണ് ഈ യാഥാത്ഥ്യം.

ലാസറിൻെറ കുഴിമാടത്തിങ്കൽവച്ച് അവിടുന്നു പ്രഖ്യാപിച്ചു: "പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിക്കയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഒരു

ത്തനും നിത്യമായി മരിക്കുകയില്ല"(1). മരിച്ച് അഴിഞ്ഞുതുടങ്ങിയിരുന്ന ലാസറിനെ ഉയിർപ്പിച്ചുകൊണ്ട് അവിടുന്നു തൻെറ സാക്ഷ്യം സത്യമാണെന്നു തെളിയിച്ചു.

യാക്കോബിൻെറ കിണററിങ്കൽ വെള്ളം കോരുവാൻവന്ന സമറിയാക്കാരിയോട് അവിടുന്നു ജീവജലത്തെപ്പററി സംസാരിക്കുന്നു: "നീ ദൈവത്തിൻെറ ദാനവും, എനിക്കു കുടിക്കുവാൻ തരിക എന്നു നിന്നോടു ചോദിച്ചവൻ ആരാകുന്നുവെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ തന്നെ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവൻെറ ജലം തരുകയും ചെയ്യുമായിരുന്നു... ...ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കുന്നു. എന്നാൽ, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്ന ഒരുത്തനും ഒരിക്കലും ദാഹിക്കുകയില്ല. പ്രത്യുത, ഞാൻ അവനു കൊടുക്കുന്ന വെള്ളം അവനിൽ, നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന വെള്ളത്തിൻെറ ഉറവയായിത്തീരും"(2).

സകല പൂർണ്ണതയും ജീവിക്കുന്ന ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാകുന്നു. സകല അറിവും വിജ്ഞാനവും, പരിശുദ്ധിയും ജീവനും, സത്യവും സ്നേഹവും, സൗന്ദര്യവും — സർവ്വനന്മയും അവിടുത്തെപ്പക്കലാണു്. വിജയം വരിച്ചതും സമരം ചെയ്യുന്നതും സഹിക്കു

(1) യോഹ: 11-25, 26.
(2) യോഹ: 4-13, 14.

ന്നതുമായ സാർവ്വത്രികസഭയിലേക്കും അതിന്റെ ഓരോ അവയവത്തിലേക്കും ജീവജലം സമൃദ്ധിയായി ഒഴുകുന്ന തു വററാത്ത ഈ നീരുറവയിൽനിന്നത്രേ. അതിസ്വാ ഭാവികമായ എല്ലാ ദാനങ്ങളും സഹായങ്ങളും ക്രിസ്തു വിൽനിന്നും ക്രിസ്തുവഴിയും ലഭിക്കേണ്ടിയിരിക്കുന്നു.

ഈ ജീവജലം — വരപ്രസാദദാനം — എങ്ങനെ യാണു നാം പ്രാപിക്കുക? പീഡാനുഭവത്താൽ ക്രിസ്തു നാഥൻ നമുക്കായി നേടിയ അനന്തമായ കൃപാവരനി ക്ഷേപത്തിൽ ഭാഗഭാക്കുകളാകുമ്പോളാണ് കൂദാശകൾ വഴിയാണ്—അതു നമ്മിലേക്കു നിർഗ്ഗളിക്കുക. കൂദാശക ളിൽ ഏററവും വരപ്രസാദദായകമായതു ദിവ്യകാരുണ്യ മാണ്. ദിവ്യകാരുണ്യംവഴി വരപ്രസാദത്തിന്റെ— അതിസ്വാഭാവികജീവന്റെ — നാഥനെത്തന്നെ നാം സ്വീകരിക്കുന്നു. അതു ക്രിസ്തുവിന്റെ മൗതികശരീര ത്തിന്റെ ഭക്ഷണവും, മൗതികശരീരത്തിന്റെ ശിരസ്സാ യ ക്രിസ്തുവുമായി അവയവങ്ങളെ ഒന്നിപ്പിക്കുന്ന അതി സ്വാഭാവികശക്തിയുടെ ഉറവിടവുമാകുന്നു. കാർത്തേ ജിലേ ക്രൈസ്തവർ ദിവ്യകാരുണ്യത്തെ "ജീവൻ" എ ന്നു വിളിച്ചിരുന്നതിനെ സെൻറ് അഗസ്റ്റിൽ പ്രശം സിച്ചതു് അതുകൊണ്ടാണ്.

അന്നു നിത്യജീവൻ തന്റെ ദൈവികത്വത്തെ മനുഷ്യത്വത്തിൽ മറച്ചു. ഇന്നാകട്ടെ, തന്റെ ദൈവ ത്വംമാത്രമല്ല മനുഷ്യത്വംകൂടി ഗോപനം ചെയ്തിരിക്ക യാണ്, അപ്പത്തിന്റേയും വീഞ്ഞിന്റേയും ആഗന്തു കങ്ങളിൽ. ഈ ദിവ്യഅപ്പം യോഗ്യതയോടുകൂടി

ഭക്ഷിക്കുന്നവൻ നിത്യജീവൻ കൈക്കൊള്ളുന്നു. ക്രിസ്തുനാഥൻ ഈ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതു നോക്കുക: "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടി കൊടുക്കുന്ന എൻെറ ശരീരമാകുന്നു"(1). "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മൂശ സ്വർഗ്ഗത്തിൽനിന്നു നിങ്ങൾക്കു് അപ്പം തന്നില്ല. എന്നാൽ, എൻെറ പിതാവു് സ്വർഗ്ഗത്തിൽനിന്നു സത്യമായ അപ്പം നിങ്ങൾക്കു തരുന്നു. ദൈവത്തിൻെറ അപ്പം സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നു് ലോകത്തിനു ജീവൻ നല്കുന്ന അപ്പമാകുന്നു"(2)

ദിവ്യകാരുണ്യത്തിൽ വസിച്ചുകൊണ്ടു് അവിടുന്നു ലോകത്തോടു പറയുകയാണു്: "എന്നെ അനുഗമിക്കുക. എന്തുകൊണ്ടെന്നാൽ, വഴിയും സത്യവും ജീവനും ഞാനാകുന്നു, വഴികൂടാതെ യാത്രയില്ല; സത്യംകൂടാതെ യഥാർത്ഥജ്ഞാനമില്ല; ജീവനില്ലാതെ ജീവിക്കലുമില്ല. ആകയാൽ, നിങ്ങൾ ചരിക്കേണ്ട വഴിയും, അറിയേണ്ട സത്യവും, പ്രതീക്ഷിക്കുകയും കൈക്കൊള്ളുകയും ചെയ്യേണ്ട ജീവനും ഞാനാകുന്നു."

"എന്നെ കണ്ടെത്തുന്നവർ ജീവനെ കണ്ടെത്തുന്നു, കർത്താവിൽനിന്നു് അവനു രക്ഷയുണ്ടാകും. എ

(1) യോഹ: 6-51.
(2) Ibid 32, 33.

ന്നാൽ, എനിക്കെതിരായി പാപം ചെയ്യുന്നവൻ, അവ ൻെറ ആത്മാവിനെ ഉപദ്രവിക്കുന്നു. എന്നെ ദ്വേഷിക്കു ന്ന സകലരും മരണത്തെ സ്നേഹിക്കുന്നു”(3).

ആകയാൽ, “നാഥാ, ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവൻെറ വചനങ്ങൾ നിനക്കുണ്ട്”(4). എന്നു പത്രോസിനോടുകൂടി ഓരോ വ്യക്തിയും, ലോകം മുഴുവനും ഏററു പറയുകയും, ദിവ്യകാരുണ്യംവഴി അവി ടുത്തോടു നിരന്തരമായ സഹവാസത്തിൽ കഴിയുകയും ചെയ്യട്ടെ.

## ദിവ്യകാരുണ്യം—ലോകത്തിൻെറ പ്രകാശം

പാപം ചെയ്യുന്നതോടുകൂടി ആത്മാവിൻെറ വര പ്രസാദവെളിച്ചം അണഞ്ഞുപോകുന്നു. ആത്മശക്തി കൾ അന്ധകാരത്തിലാഴുകയും ചെയ്യുന്നു. ഈ അവസ്ഥ യിൽ, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തി ൻെറയും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തി ൻെറയും യഥാർത്ഥസ്വഭാവത്തെപ്പററിയുള്ള വ്യക്തമായ ബോധം പാപിക്കുണ്ടായെന്നു വരുകയില്ല. പാപത്തിൽ തഴങ്ങുന്നതോടെ വികാരങ്ങളും ദുഷ്പ്രവണതകളും കൂ ടുതൽ തീവ്രവും അനിയന്ത്രിതവുമായിത്തീർന്നുകൊണ്ടി രിക്കും. അഹങ്കാരം, അസൂയ, അത്യാഗ്രഹം, കോപം തുടങ്ങിയ ദുർഗ്ഗുണങ്ങൾ ആത്മാവിൽ പരത്തുന്ന അന്ധ

---

(3) സുഭാഷി: 8-36.
(4) യോഹ: 6-69.

കാരത്തിൽ അവൻ സ്വയം മുങ്ങുകയും, തന്നിലെ നാരകീയ അന്തരീക്ഷം ചുററുപാടും പരത്തുവാൻ അവൻ സ്വാഭാവികമായി പ്രേരിതനാകുകയും ചെയ്യും.

നിത്യപ്രകാശമായ ക്രിസ്തുവിൻെറ ആഗമനത്തിനുമുമ്പ് ലോകം പൊതുവിൽ ഇത്തരമൊരവസ്ഥയിലായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു. ഇസ്രായേൽ വംശം മാത്രം ഇതിനൊരല്പം അപവാദമായിരുന്നു. അതു ദൈവത്തിൻെറ പ്രത്യേകപരിപാലനകൊണ്ടുമാത്രമാണു്. പുറത്തു്, വിഗ്രഹാരാധനയും അധർമ്മപൂജയുമാണുനടമാടിയിരുന്നതു്. മനുഷ്യത്വം വിലമതിക്കപ്പെട്ടിരുന്നില്ല. സ്ത്രീത്വം മാനിക്കപ്പെട്ടിരുന്നില്ല. ശത്രുസ്നേഹം തികച്ചും അചിന്തനീയമായിരുന്നു. ഗ്രീക്കു തത്വചിന്തയും കലകളും റോമൻനിയമവും പ്രബലപ്പെട്ടുകയും, ഭൗതികൈശ്വര്യം അത്യുച്ചിയിലെത്തുകയും ചെയ്തിരുന്ന ആ ചരിത്രകാലഘട്ടം ആത്മീയമായ അതൃപ്തിയുടേയും അസ്വസ്ഥതയുടേയും കാലമായിരുന്നു. നൂറു നൂറു മതവിഭാഗങ്ങളുടെ ആചാര്യന്മാർക്കോ, ആയിരക്കണക്കിനു വിഗ്രഹങ്ങൾകൊണ്ടു നിറഞ്ഞ അമ്പലസ്ഥലങ്ങൾക്കോ മനുഷ്യൻെറ ഉള്ളിൻെറ ഉള്ളിൽ അനുഭവപ്പെട്ടുന്ന ഉൽക്കടമായ അന്തർദാഹത്തെ ശമിപ്പിക്കാൻ കഴിയാതെപോയി. ഇസ്രായേലിൽപ്പോലും യഥാർത്ഥദൈവസ്നേഹവും സഹോദരസ്നേഹവും ഒരുപിടി ആചാരങ്ങളുടേയും മാമൂലുകളുടേയും മുറുക്കത്തിൽ ശ്വാസംമുട്ടിക്കഴിയുകയായിരുന്നു. ഈ ആത്മീയാന്ധകാരത്തിൽ വെളിച്ചം വീശുവാൻ ഒരാത്മീയസൂര്യ

ൻെറ ഉദയം അത്യാവശ്യകമായി സകലർക്കും അനുഭവപ്പെട്ടു. 'ഇരുളിൽ ചരിച്ചിരുന്ന ജനങ്ങൾ കണ്ട വലിയ പ്രകാശവും മരണത്തിൻെറ നിഴലിൽകഴിഞ്ഞവർക്കുദിച്ച വെളിച്ചവും' എന്ന് ആരെക്കുറിച്ച് ഐസയാസ് ദീർഘദർശി പ്രവചിച്ചിരുന്നുവോ ആ നിത്യപ്രകാശമായ നാഥൻ മനുഷ്യാവതാരംവഴി ലോകത്തിൽ പ്രവേശിച്ചു. ഇനിമേൽ ക്രിസ്തുവാണു ലോകത്തിൻെറ പ്രകാശം. "ലോകത്തിലേക്കു വരുന്ന ഏതുമനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം"(1) ആകുന്നു അവിടുന്ന്. "ഞാൻ, ലോകത്തിൻെറ ദീപമാകുന്നു. എന്നെ അനുഗമിക്കുന്നവൻഅന്ധകാരത്തിൽ നടക്കുന്നില്ല, പ്രത്യുത, ജീവൻെറപ്രകാശം അവനുണ്ടാകും"(2) 'മുമ്പേ ഇരുളായിരുന്നവർ ക്രിസ്തുവിൽ വെളിച്ചമായിത്തീർന്നു'(3).

"അവിടുന്നാണ് വിശ്വാസികളുടെമേൽ വിശ്വാസത്തിൻെറ പ്രകാശം അയക്കുന്നത്; വിശ്വാസനിക്ഷേപത്തെ ജാഗ്രതയോടേ കാക്കുവാനും, തീക്ഷ്ണതയോടേ സംരക്ഷിക്കുവാനും, ഭക്തിയോടേ പഠിപ്പിക്കുവാനും, സകല സൂക്ഷ്മതയോടെയും അതിനെ ശക്തിപ്പെടുത്തുവാനുംവേണ്ടി ഇടയന്മാരേയും അധ്യാപകന്മാരേയും, പ്രത്യേകമായി ഭൂമിയിൽ അവിടുത്തെ വികാരിയേയും, അറിവിൻേറയും ബോധത്തിൻേറയും വിജ്ഞാ

---

(1) യോഹ. 1, 9.
(2) യോഹ. 8, 12.
(3) എഫേ. 5, 8.

നത്തിന്റേറയും അതിസ്വാഭാവികദാനങ്ങളാൽ പ്രകാശിപ്പിക്കുന്നതും അവിടുന്നാണ്. സഭയുടെ സാർവ്വത്രിക സൂനഹദോസുകളെ അദൃശ്യമായി നയിക്കുകയും അവയുടെമേൽ വെളിച്ചം വീശുകയും ചെയ്യുന്നതും അവിടുന്നത്രേ”(1).

സകലതിനേയും പ്രകാശിപ്പിക്കുന്ന ആ നിത്യപ്രകാശത്തോടു കാർഡിനൽ ന്യൂമൻ പ്രാർത്ഥിക്കുകയാണ്: “എന്റെ ദൈവമേ, സത്യവും ഏകവുമായ വെളിച്ചമായി നിന്നെ ഞാൻ ആരാധിക്കുന്നു. നിത്യതമുതൽ നിത്യതവരെ ഏതൊരു സൃഷ്ടിക്കും മുമ്പ്, നീ ഏകൻ മാത്രം ഉണ്ടായിരുന്നപ്പോൾ......അനന്തമായ വെളിച്ചം നീയായിരുന്നു. നിന്നെ ദർശിക്കുവാൻ നീയൊഴികെ ആരും അന്ന് അസ്തിത്വത്തിൽ ഇല്ലായിരുന്നു. പിതാവ് ആ പ്രകാശം പുത്രനിലും പുത്രൻ പിതാവിലും കണ്ടു. ആദിയിലായിരുന്നതുപോലെതന്നെ നീ ഇന്നും ആകുന്നു. നിന്റെ അസ്പൃഷ്ടമായ ശോഭയിൽ സകല സൃഷ്ടികളെയും നീ വെല്ലുന്നു. ഏററം പ്രഭാവവാനും, ഏററം മനോഹരനും നീയാകുന്നു . . . സൃഷ്ടിക്കപ്പെട്ടിട്ടുള്ളതൊന്നും നിന്റെ നിഴലിനോടുപോലും പ്രകാശത്തിൽ തുലനം ചെയ്യപ്പെടാൻ അർഹമല്ല. പ്രഭാമയന്മാരാണു മാലാഖമാരെങ്കിലും, അവർ നിസാരരും നിന്റെ

(1) Pius XII, Mystical Body of Christ.

നിഴലുകളോടുപോലും കിടപിടിക്കാൻ സാധിക്കാത്തവരും ആകുന്നു... നിന്നിൽനിന്നു് അകലെയായിരിക്കുവാൻ എനിക്കെങ്ങനെ സാധിക്കും? എന്തുകൊണ്ടെന്നാൽ, മാലാഖമാരുടെ പ്രകാശമായ നീയത്രേ എൻെറ ആത്മാവിൻേറയും പ്രകാശം. ലോകത്തിലേക്കുവരുന്ന സകലരേയും നീ പ്രകാശിപ്പിക്കുന്നു. നിൻെറ പ്രകാശമില്ലെങ്കിൽ, ഞാൻ ഇരുളാകുന്നു; നരകത്തെപ്പോലെ അന്ധകാരംനിറഞ്ഞവനുമാകുന്നു. നീ അകന്നിരിക്കുമ്പോൾ ഞാൻ മരിച്ചവനെപ്പോലെയായിത്തീരുന്നു. നീ എൻെറമേൽ ഉദിക്കുന്നതിനനുസരിച്ചുമാത്രം ഞാൻ പുനർജ്ജീവൻകൊള്ളുകയും ചെയ്യുന്നു. ഒരിക്കലും അണയാത്തതും സദാ എരിയുന്നതുമായ അല്ലയോ അഗ്നിയേ, നീ എൻെറമേൽ പ്രകാശിക്കണമേ(1). നിൻെറ വെളിച്ചത്തിലൂടെ പ്രകാശത്തെ കാണുവാനും പ്രകാശത്തിൻെറ ഉറവിടമായി നിന്നെ അറിയുവാനും ഞാൻ ആരംഭിക്കട്ടെ. മാധുര്യവാനായ ഈശോയെ, ഞങ്ങളോടുകൂടി എന്നുമെന്നേക്കും വസിക്കണമേ' പ്രകൃതിയുടെ ഈ അധഃപതനാവസ്ഥയിൽ കൂടുതൽ പ്രസാദവരവെളിച്ചം നല്കണമേ"

ലോകത്തിൻെറ പ്രകാശമായ ക്രിസ്തു, ആത്മാവിൻെറ സൂര്യനായ നിത്യപ്രകാശം, തൻെറ ഉൽക്കടശോ

---

(1) Meditations and Devotions of the Late Cardinal Newman" pp. 497, 500.

ഭയെ മറച്ചുകൊണ്ടു് ദിവ്യകാരുണ്യത്തിൽ വസിക്കുക യാണു്. ലോകാവസാനത്തോളം അവിടുന്നു നമ്മോടു കൂടിയുണ്ടു്. അവിടുത്തെ സമീപിക്കുകയും കൈക്കൊള്ളുകയും ചെയ്യുന്നവരെല്ലാം ആ പ്രകാശത്തിൽ വസിക്കും. കൃപാവരവെളിച്ചത്തിൻെറ ഉത്ഭവകേന്ദ്രമായ ദിവ്യകാരുണ്യം ലോകത്തിൻെറ പ്രകാശമാകുന്നു.

## ഉപവിയുടെ ഉറവിടം

നാം ഒരു വ്യക്തിയെ ആത്മാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, ആ വ്യക്തിയോടു ബന്ധപ്പെട്ട സകലതിനോടും ഒരു പ്രത്യേക മമത നമുക്കനുഭവപ്പെടാതിരിക്കുകയില്ല. അതുവരെ നമ്മുടെ ദൃഷ്ടിയിൽപ്പെടാതിരുന്ന, ശ്രദ്ധക്കു വിഷയീഭവിക്കാതിരുന്ന വ്യക്തികളും സ്നേഹവിഷയമായ വ്യക്തിവഴി നമ്മുടെ പ്രത്യേക സ്നേഹത്തിനു പാത്രമായിത്തീരുന്നു. സ്നേഹിതൻ ആഗ്രഹിക്കുന്നവ ആഗ്രഹിക്കുവാനും സ്നേഹിക്കുന്നവ സ്നേഹിക്കുവാനും നാം പ്രചോദിതരായിത്തീരുകയും ചെയ്യുന്നു. സ്നേഹം സ്നേഹിതൻെറ ഹൃദയവുമായി ഒരളവോളം നമ്മെ യോജിപ്പിക്കുന്നതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതു്.

നമ്മുടെ ഉത്തമസ്നേഹിതൻ ആരാണു്? നിസ്വാർത്ഥവും നിർമ്മലവും സുസ്ഥിരവും യഥാർത്ഥവും ത്യാഗനിർഭരവുമായ സ്നേഹത്താൽ നമ്മെ സ്നേഹിക്കുന്ന ആ

വ്യക്തി ഏതാണ്? അതു ക്രിസ്തുവല്ലാതെ മററാരുമല്ല. കാരണം, ഇത്രമാത്രം തീക്ഷ്ണമായും ഉൽക്കടമായും മററാരും നമ്മെ സ്നേഹിച്ചിട്ടില്ല. മററാരും നമുക്കുവേണ്ടിമാത്രം ജീവിച്ചിട്ടില്ല. മററാരും നമുക്കുവേണ്ടി ആത്മബലിയർപ്പിച്ചിട്ടില്ല. മരിച്ചിട്ടും സ്നേഹദാഹത്താൽ ഉയിർത്തെഴുന്നേല്ക്കുകയും എന്നാളും നമ്മോടുകൂടി വസിക്കുവാൻ ആഗ്രഹിക്കുകയും ചെയ്ത അവിടുത്തേക്കാൾ നമ്മുടെ ഹൃദയപൂജയ്ക്കർഹനായി മററാരുമില്ല. ആകയാൽ, അവിടുന്നാണു നമ്മുടെ ആത്മാവിൻെറ ഉത്തമസ്നേഹിതൻ.

നാം അവിടുത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, അവിടുന്ന് ആഗ്രഹിക്കുന്നവ നാം ആഗ്രഹിക്കും. അവിടുന്നു സ്നേഹിക്കുന്നവ നാം സ്നേഹിക്കും. അവിടുത്തെ കല്പനകൾ നാം അനുസരിക്കും. "എന്നെ സ്നേഹിക്കുന്നവൻ എൻെറ കല്പന കാക്കുന്നു"(1). എന്താണ് അവിടുത്തെ കല്പന? "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം എന്നതാണ് എൻെറ കല്പന"(2). "മനുഷ്യർ നിങ്ങളോട് എങ്ങനെ ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ അവരോടും ചെയ്യുവിൻ"(3). "ഞാൻ

---

(1) യോഹ. 14, 23.
(2) യോഹ. 15, 12.
(3) ലൂക്കാ 6, 31.

നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവനെ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൽ. നിങ്ങളെ ബലത്താൽ കൊണ്ടുപോകുകയും പീഡിപ്പിക്കുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാത്ഥിക്കുവിൻ"(1).

നോക്കുക, എത്ര വ്യാപകമാണു ക്രിസ്തു നമ്മോടാവശ്യപ്പെടുന്ന സ്നേഹം! ആ സ്നേഹത്തിൻെറ തീക്ഷ്ണതയോ: "ഒരു മൈൽദൂരം ചെല്ലുവാൻ നിന്നെ നിർബന്ധിക്കുന്നവനോടുകൂടി രണ്ടു മൈൽ പോകുക!"(2).

ആകയാൽ, ദിവ്യകാരുണ്യംവഴിയായി നമ്മുടെ മദ്ധ്യത്തിൽ വസിക്കുന്ന സ്നേഹരാജനായ ക്രിസ്തുവിനെ നാം ആത്മാത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, നമ്മുടെ ഉപവി വ്യാപകവും സംശുദ്ധവും ത്യാഗനിർഭരവും തീക്ഷ്ണതരവുമാകാതിരിക്കുകയില്ല. അവിടുന്നു് ഉപവിയുടെ ഉറവിടമാണു്.

## ദിവ്യകാരുണ്യം സാമൂഹികൈക്യത്തെ ദൃഢതരമാക്കുന്നു

ക്രിസ്തുനാഥൻ അരുൾചെയ്തു: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു"(3). ഒരു ചെടിയുടെ തായ്ത്തണ്ടും അതിൻെറ ശിഖരങ്ങളും തമ്മിൽ എ

---

(1) മത്താ. 5, 44.
(2) മത്താ. 5, 41.
(3) യോഹ. 15, 5.

ത്ത ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാം. വി. അപ്പസ്തോലന്റെ വാക്കുകളിൽ, "അവയവങ്ങൾ പലതുണ്ട്, എങ്കിലും ശരീരം ഒന്നുതന്നെയാകുന്നു"(1). ഒരു ചെടിയുടെ തായ്ത്തണ്ടും ശാഖകളുംതമ്മിലുള്ള ബന്ധമാണ്, ഒരു ശരീരത്തിലെ അവയവങ്ങളും ശിരസ്സും തമ്മിലുള്ള ഐക്യമാണ് ക്രിസ്തുവും ക്രിസ്ത്വാനുയായികളും തമ്മിലുള്ളത്. അവയവങ്ങളും പരസ്പരം ദൃഢതരം ഐക്യപ്പെട്ടിരിക്കുന്നു.

എന്നാൽ, "ഈ ഐക്യം ഒരു ദിവ്യകാരുണ്യ ഐക്യമാണ്; ദിവ്യകാരുണ്യം ദ്യോതിപ്പിക്കുന്ന ഒരു ഐക്യം, ദിവ്യകാരുണ്യം ഉളവാക്കുന്ന ഒരു ഐക്യം, ദിവ്യകാരുണ്യത്തിൽ നിർമ്മാണം ചെയ്യപ്പെടുന്ന ഒരു ഐക്യം. ഈ ഐക്യത്തെ പരിശുദ്ധ ത്രിത്വത്തിലെ പരമരഹസ്യമായ ആ ഐക്യത്തോടുപോലും ഉപമിക്കുവാൻ ക്രിസ്തുനാഥൻ മടിച്ചില്ല. കാരണം, അതു് അത്രയ്ക്കു് ഉൽകൃഷ്ടവും ദൃഢതരവുമായ ഒരു ഐക്യമത്രേ. ദിവ്യകാരുണ്യത്തിൽനിന്നു വ്യതിരിക്തമായി ക്രിസ്തുവിലുള്ള ഒരൈക്യത്തെപ്പററി ചിന്തിക്കുവാൻപോലും സാധ്യമല്ല; ഈ ഐക്യത്തെ ദിവ്യകാരുണ്യത്തിന്റെ ഏകലക്ഷ്യവും നേട്ടവുമായി കാണാൻ കഴിയാത്ത, ദിവ്യകാരുണ്യരഹസ്യത്തെപ്പററിയുള്ള ഏതൊരു സിദ്ധാന്തവും വികലവും അപൂർണ്ണവുമായിരിക്കും".

വിശ്വാസികളുടെ സമൂഹം ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തുതന്നെയാണ് സഭ—മൗതിക ക്രിസ്തു. സക

(1) 1 കൊറി. 12, 20.

ലവിശ്വാസികളും ക്രിസ്തുവിൽദിവ്യകാരുണ്യംവഴി ഒന്നായിപ്പരിണമിക്കുന്നു. അത്ഭുതകരമാണു് ഈ ഐക്യത്തിന്റെ രഹസ്യം(1). ഒരത്ഥത്തിൽ, ഓരോ വിശ്വാസിയും ഓരോ ക്രിസ്തുവത്രേ. ക്രിസ്തുവിന്റെ നിരവധിസാന്നിധ്യങ്ങൾ! ക്രിസ്തീയൈക്യത്തിന്റെ ദൃഢതയും ഔൽകൃഷ്ട്യവും ക്രിസ്തീയസാമൂഹ്യവീക്ഷണത്തിന്റെ അടിസ്ഥാനവും, ഇവിടെയാണു നാം കാണുക. ആകയാൽ, യഥാത്ഥമായ ഐക്യവും സാഹോദര്യബന്ധവും നാം നമ്മുടെ പ്രായോഗികജീവിതത്തിലേക്കു പകൎത്തുന്നില്ലെങ്കിൽ, ദിവ്യകാരുണ്യരഹസ്യം നമ്മെ സംബന്ധിച്ചിടത്തോളം നിഷ്ഫലവും നിരർത്ഥകവുമായിപ്പരിണമിക്കും. കാരണം, ദിവ്യകാരുണ്യം ഐക്യത്തിന്റെ കൂദാശയാണു്. നമ്മെ തമ്മിൽത്തമ്മിലും ക്രിസ്തുവുമായും ഒന്നിപ്പിക്കുന്ന ദിവ്യരഹസ്യമാണതു്.

## ദിവ്യകാരുണ്യം സമൂഹത്തെ ഉയർച്ചയിലേക്കു നയിക്കുന്നു.

ദിവ്യബലിയിൽ അപ്പവും വീഞ്ഞും ദിവ്യശരീരരക്തങ്ങളായിത്തീരുന്നതുപോലെ, തന്നെത്തന്നെ ബലിവസ്തുവിനോടുചേൎത്തു സമർപ്പിക്കുമ്പോൾ, സമർപ്പകനായ വ്യക്തിയിലും ദിവ്യമായ ചില പരിവത്തനങ്ങൾ ഉണ്ടാകുക സ്വാഭാവികമാണു്. സമൂഹത്തിലെ ഇതര അംഗങ്ങളുമായുള്ള ബന്ധത്തിൽ, പെരുമാററരീതികളിൽ എല്ലാം ഈ മാററം പ്രകടിതമാകും. കേവലം സ്വാഭാവിക

മായ ഇഷ്ടാനിഷ്ടങ്ങൾക്കും ആഗ്രഹാഭിരുചികൾക്കും അതീതമായി ചിന്തിക്കുവാനും ജീവിക്കുവാനും നാം പ്രേരിതരാകും. അയല്ക്കാരനിൽ ക്രിസ്തുവിനെത്തന്നെ ദർശിക്കുന്നു. അതിസ്വാഭാവികവീക്ഷണം, മിത്രത്തേയും ഒപ്പം ശത്രുവിനേയും സ്നേഹിക്കുവാൻ നമ്മെ നിർബ്ബന്ധിക്കാതിരിക്കുകയില്ല. സാമൂഹികവ്യവസ്ഥിതിയിൽ സാധാരണ കണ്ടുവരുന്ന ഉച്ചനീചത്വങ്ങൾ ഒന്നും അയല്ക്കാരനെ നമ്മിൽനിന്നകററുവാനോ, നാം അയല്ക്കാരനിൽനിന്നകലുവാനോ ഇടയാക്കുകയില്ല. ചെങ്കോലിനു പകരം, സ്നേഹവും സൗഹാർദ്ദവും ഭരണം നടത്തുന്ന ഒരു സാമൂഹികാവസ്ഥ സ്വർഗ്ഗസമാനം സുന്ദരമായിരിക്കും.

ACHARYA PALACKAL JEEVASS KENDRAM LIBRARY 2576